


# DEVAMATHA 92

# SUPERLATIVE ; NOT COMPARATIVE



# TRINITY COLLEGE
## KURUPPANTHARA


**Tuition Classes: School & College going**
**(English & All Subjects)**

**Session: S. S. L. C. and P. D. C.**

Principal: Sabu Kalariparambil.

കുറവിലങ്ങാട്
ദേവമാതയുടെ
ഇരുപത്തിയെട്ടാമത്
മാഗസിൻ
'ദേവമാതാ'
'92

Cover:
Mrithyorma Amritham Gamaya



"MRUTHIUMJAYAYANTHRAM"



Our Patron
**H. E. Rt. Rev. Dr. JOSEPH PALLICKAPARAMPIL**



our Manager
**Very Rev. Fr. George Mulangattil**



**He Guides us**
**Prof. T. M. Devasia**

മീനനാൾ മഴയ്ക്കും വർഷകാല വെയിലിനും
ആ സാദ്ധ്യതയ്ക്കും ഏറെ കാത്തിരിപ്പും പ്രതീക്ഷയും
അവയ്ക്കു പിന്നിലുണ്ട്.
വിശന്നുവലയുമ്പോൾ ലഭിയ്ക്കുന്ന ഭക്ഷണത്തിനും
വിയർത്തുപണിയെടുത്തിട്ടു വാങ്ങുന്നവേതനത്തിനും
സ്വാദേറും ഏറെ കണ്ണീരും കിനാവും
അവയ്ക്കുപിന്നിലുണ്ട്.
വിശക്കാതെ ഭക്ഷിക്കുന്നവൻ രോഗി.
വിയർക്കാതെ വേതനംപറ്റുന്നവൻ മോഷ്ടാവ്.
ഇരുവരും സമൂഹത്തിലെ പരാദങ്ങൾ.
വിയർപ്പിന്റെ വിലയറിയാത്തവൻ മൂഢൻ.
തനിയ്ക്കുവേണ്ടിമാത്രം വിയർക്കുന്നവൻ സ്വാർത്ഥൻ.
അന്യനുവേണ്ടിക്കൂടി വിയർക്കുന്നവൻ ജ്ഞാനി.
അന്യനുവേണ്ടിമാത്രം വിയർക്കുന്നവൻ ത്യാഗി.
മൂഢനെ ജ്ഞാനിയാക്കുകയും സ്വാർത്ഥനെ
ത്യാഗിയാക്കുകയും ചെയ്യുന്ന ആ ദിവ്യസ്പർശം
ഏതാണ്?
അറിവ്.
തിരിച്ചറിവ്.
അക്ഷരങ്ങളിലൂടെ, ഗുരുവച
നങ്ങളിലൂടെ, സതീർത്ഥ്യ സംസർഗ്ഗത്തിലൂടെ,
സമൂഹസംവാദത്തിലൂടെ അത് ആത്മാ
വിനെ പ്രദീപ്തമാക്കുന്നു.
ആ ദിവ്യസ്പർശം തേടിയെത്തിയ
രണ്ടരസഹസ്രം കുമാരന്മാരുകൾ ഈ
സരസ്വതീ മന്ദിരത്തിലുണ്ട്.
ഉപാസനയുടെ ഒരുവർഷം അവർ പൂർത്തിയാക്കിയിരിയ്ക്കുന്നു.
ഓരോരുത്തരും നേടിയതെന്ത്? നഷ്ടമാക്കിയതെന്ത്?

വിലയിരുത്തലിനുള്ള സമയമാണിപ്പോൾ.
അവരുടെ എല്ലാനേട്ടങ്ങളുടെയും ഒരു
ദർപ്പണമാകുന്നില്ല ഈ സ്മരണിക.
എങ്കിലും ഏറെപ്പേരുടെ വിയർപ്പിന്റെ ലവണരസവും
സമർപ്പണത്തിന്റെ സാഹസികതയും കണ്ടെ
ത്തലുകളുടെ വിജയാഹ്ലാദവും അല്ലലി
ല്ലായ്മയുടെ പൊട്ടിച്ചിരികളും ഈ താളു
കളെ ചൈതന്യവത്താക്കുന്നു.
മീനമഴയുടെ ഭൂമിഗന്ധവും,
കർക്കടകവെയിലിന്റെ കാഞ്ചനശോഭയും,
ഈ താളുകളിൽ നിങ്ങൾക്കനുഭവപ്പെട്ടു
ന്നുവെങ്കിൽ ഞങ്ങൾ സംതൃപ്തരായി.




പ്രൊഫ: കെ. എം. ചാക്കോ
സ്റ്റാഫ് എഡിറ്റർ.

ദേവമാതാ,
ഏറെ പ്രതീക്ഷകളുമായി ഇതാ ഒരു ബാക്കിപത്രം
പടികൾ ആർക്കൊക്കെ അന്യമാവുന്നുവോ
ആ വേർപാടുകാരുടെ സ്മൃതികളായി
പടികൾ ആർക്കൊക്കെ സ്വന്തമാവുന്നുവോ
ആ തുടക്കക്കാരുടെ സ്വപ്നങ്ങളായി
ചുവരുകൾ സാക്ഷ്യം വഹിച്ച കോലാഹലങ്ങൾക്കും
നിശ്വാസങ്ങൾക്കും പൊട്ടിച്ചിരികൾക്കും
നൂപുരധ്വനികൾക്കും സ്വന്തം.

വരും നാളുകളിൽ അക്ഷരങ്ങൾ മാത്രമല്ല
അക്ഷരങ്ങൾക്ക് പിന്നിലുള്ളതും
വായിച്ചറിയാൻ നമുക്കാവട്ടെ

ഇതളുകൾ വിടരുമ്പോൾ ഈ വനപുഷ്പം
ഹൃദ്യമായ് തോന്നുമെങ്കിൽ സന്തോഷമത്രയെനിക്ക്
അസ്തമയ സൂര്യൻ ചോദിച്ചു
"എന്റെ ജോലി ആരാണ് ഏറ്റെടുക്കുക"
എന്നാലായത് ഞാൻ ചെയ്യാം
കൊച്ചു മൺവിളക്ക് മറുപടി നൽകി
ഈ കൊച്ചു മൺവിളക്കിന്റെ ദീപ്തിയിൽ
ഏറെ പ്രതീക്ഷകളോടെ
സ്ഫുരിക്കുന്ന സ്വപ്നങ്ങളോടെ
കൃതാർത്ഥനായി



സസ്നേഹം നിങ്ങളുടെ
എഡിറ്റർ
സജി. വിജു.

## Editorial Members


| | |
|---|---|
| Ex - Officio President | Prof. T. M. Devasi |
| Ex - Officio Members | Jomon Joseph<br>Bastin |
| Associate Staff Editors | Mr. Philip John<br>Mrs. Rosily |
| Sub Editors | Shaji K. E.<br>Sreekumar S.<br>Santy Paul |
| Staff Editor | Prof. K. M. Chacko |
| Student Editor | Saji V. U. |




## എഡിറ്റോറിയൽ ബോർഡ്

ഹരീഷ് എസ്.,
ഫോട്ടോ – ലേ – ഔട്ട്,
ഇലസ്ട്രേഷൻസ്,
ടൈറ്റിൽസ്,
മാഗസിൻകവർ.

മാസ്മീഡിയ സംഘടിപ്പിച്ച
ഇന്റർ കോളേജിയറ്റ്
സ്ലൈഡ് ആർട്ട്
മത്സരത്തിൽ വിജയി-





ശോഭരാജ്
ഫോട്ടോ – ലേ – ഔട്ട്




ബോബി ജോസ്
ഒന്നാം വർഷ ധനശാസ്ത്രം

" ഭാരതമെന്ന പേർ കേട്ടാലഭിമാന പൂരിതമാകണമന്തരംഗം,
കേരളമെന്നു കേട്ടാലോ, തിളയ്ക്കണം ചോരനമുക്ക് ഞരമ്പുകളിൽ "

**ഈ** വരികൾ മലയാളത്തിനു സമ്മാനിച്ച മഹാകവിയുടെ ഉദ്ദേശശുദ്ധിയെ ഒരുവിധത്തിലും സംശയിക്കാതെ തന്നെ, ചിലകാര്യങ്ങൾ ഇതു സംബന്ധിയായി കുറിക്കുന്നതിന് ഇന്നാടിന്റെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളും ചില സമകാലീന സംഭവങ്ങളും പ്രേരിപ്പിക്കുന്നു. പ്രസംഗവേദികളിൽ നിന്നും പാഠപുസ്തകങ്ങളിൽ നിന്നും നമുക്ക് ചിരപരിചിതങ്ങളായ ഈ വരികൾ വ്യക്തമായ രണ്ട് സന്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നുണ്ട്.

1. ഭാരതമെന്നു പേര് ശ്രവിച്ചാലുടൻ നമ്മുടെ മനസ്സ് അഭിമാനംകൊണ്ട് വിജൃംഭിക്കണം.
2. കേരളമെന്നു കേട്ടാൽ നമ്മുടെ ഞരമ്പുകളിൽ ചോരയുണ്ടെങ്കിൽ, അത് കിടന്ന് തിളച്ചു മറിയണം.

തികഞ്ഞ രാഷ്ട്രീയ പക്വതയോടെ, സ്വതന്ത്രമായ ചരിത്രവീക്ഷണത്തോടെ, മേൽപറഞ്ഞ രണ്ടുകാര്യങ്ങളും വിശകലനം ചെയ്ത് ഒരഭിപ്രായം രൂപീകരിക്കുക എന്നത് ശ്രമകരമായ ഒരു ഉദ്യമമാണ്.

## ദേശീയ ദുരഭിമാനം

ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ആരെങ്കിലും അതിയായി അഭിമാനം കൊള്ളുന്നുണ്ടെന്ന് പറഞ്ഞാൽ അത് ദുരഭിമാനമാണ്, കാപട്യമാണ്, അല്ലെങ്കിൽ വസ്തുതകളെ അതായി കാണുവാനുള്ള അകലങ്ങൾ മനസ്സിൽ സൃഷ്ടിക്കുവാൻ കഴിയാതെ പോയതിൽ നിന്നുണ്ടാകുന്ന യാഥാർത്ഥ്യ വിരുദ്ധമായ അഭിമാനബോധമാണ്.

വളരുന്ന തലമുറയ്ക്കുമുമ്പിൽ പാഠപുസ്തകങ്ങൾ അവതരിപ്പിക്കുന്ന ഭൂതകാല ചിത്രങ്ങൾ നിരാശാജനകവും അപമാനകരവുമായാൽ അത് സൃഷ്ടിക്കുന്ന വീക്ഷണ വൈകല്യങ്ങളുടെ ദൃഷ്ടാന്തകണക്കിലെടുത്ത് മാത്രം നമുക്ക് എല്ലാ അസത്യങ്ങളും പഠിപ്പിക്കാതിരിക്കാം. പരസ്യമായി മിണ്ടാതിരിക്കാം— പ്രത്യേകിച്ചും ഇന്നലെകളുടെ അപ്രിയങ്ങളായ യാഥാർത്ഥ്യങ്ങൾ. മഹത്തെന്നും ആരാധനീയമെന്നും അനുകരണീയമെന്നും പറഞ്ഞുറപ്പിച്ച് നാം വിശ്വസിച്ചുവരുന്ന പലകാര്യങ്ങളും യഥാർത്ഥത്തിൽ അത്രയൊന്നും മഹത്വം ഉൾക്കൊള്ളുന്നില്ല എന്നുവരുമ്പോൾ പലർക്കും വല്ലായ്മ തോന്നുക സ്വാഭാവികമാണ്. നമുക്ക് നീതീകരിക്കാനാവാത്തത്ര പരസ്പര വിരുദ്ധങ്ങളായ ദർശനങ്ങൾ നമ്മുടെ വേദങ്ങളുടെ വ്യാഖ്യാനങ്ങളും മഹാപുരാണങ്ങളും ഉൾക്കൊള്ളുന്നു. ആ വൈരുദ്ധ്യങ്ങൾ ഭാരതീയ സാമൂഹ്യവ്യവസ്ഥയ്ക്ക് സമ്മാനിച്ച പരാജയങ്ങൾ ഏറെയാണ്. അത് അംഗീകരിക്കുന്നത് പാരമ്പര്യ നിഷേധമല്ല.

ഇന്നലെകളെപ്പറ്റിയുള്ള ദുരഭിമാനം തൽക്കാലമവിടെ നിൽക്കട്ടെ; ഇന്നുകളുടെ കാര്യമെടുക്കുക. സ്വാതന്ത്ര്യത്തിന്റെ 45-ം ജന്മദിനത്തിലേക്ക് നാളുകളെണ്ണി നാം കാത്തിരിക്കെ, ഇന്നു നാം ആയിരിക്കേണ്ടിടത്താണോ ആയിരിക്കുന്നത് എന്നൊരു ചോദ്യം നമുക്കഭിമുഖമായുണ്ട്. കണക്കുകൂട്ടലുകളും യാഥാർത്ഥ്യങ്ങളും തമ്മിലുള്ള ദൂരങ്ങൾ അതിദീർഘങ്ങളായിരിക്കുമ്പോൾ, അത് അഭിമാനകരമല്ലെന്നു മാത്രമല്ല അപമാനകരവുമാണ്. ദേശസ്വാതന്ത്ര്യത്തിനായി ഒട്ടേറെ ചോരയും വിയർപ്പും കണ്ണീരും ചിന്തിയ ദേശസ്നേഹികൾക്കും, സ്വന്തം ജീവൻ അതിനായി ബലിനൽകിയ ധീര ദേശാഭിമാനികൾക്കും ഒരു സങ്കല്പമുണ്ടായിരുന്നു. ഒരു സ്വപ്നമുണ്ടായിരുന്നു — അവരുടെ നാടിനെപ്പറ്റി — നമ്മുടെ ഭാരതത്തെപ്പറ്റി. ഇന്ത്യയുടെ സ്വാതന്ത്ര്യം കൊണ്ട് അവരർത്ഥമാക്കിയിരുന്നത്, അധികാരക്കൈമാറ്റമോ, ആഡംബര കൈമാറ്റമോ ആയിരുന്നില്ല;

വ്യക്തി – സമൂഹ താത്പര്യങ്ങളുടെ സന്തുലിതാവസ്ഥ മായ സമ്മേളനമായിരുന്നു. ജനാധിപത്യം, സ്ഥിതി സമത്വം, മതേതര റിപ്പബ്ലിക്കിലേക്കുള്ള മാർഗ്ഗമായിരുന്നു അത്. ഗാന്ധിജിയുടെ വാക്കുകളിൽ, ഇന്ത്യയുടെ ആത്മാവുറങ്ങുന്ന ലക്ഷക്കണക്കായ ഗ്രാമങ്ങളുടെ സ്വാതന്ത്ര്യം — അവസാനത്തെ ദരിദ്രന്റെ അവസാനത്തെ കണ്ണുനീർത്തുള്ളിയും ഒപ്പാതെ കടന്നു പോകരുതാത്ത സ്വാതന്ത്ര്യം.

സ്വാതന്ത്ര്യത്തിന്റെ നീണ്ട 44 വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ ദരിദ്രനാരായണന്റെ കണ്ണീർ ഇത്തിരി കുറഞ്ഞുവോ? കുറയ്ക്കുവാൻ നമുക്കു കഴിഞ്ഞോ?–ഇല്ല ഭാരതത്തിലെ മാധ്യമങ്ങൾക്ക് പട്ടിണിമരണങ്ങൾ റിപ്പോർട്ടു ചെയ്യേണ്ട ഗതികേട് ഇന്നും തുടരുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യയും ഇത്രയേറെ വളർന്നിട്ടുമെന്തേ വിശപ്പിന്റെ വിളിക്കുത്തരം കൊടുക്കാൻ നമുക്ക് കഴിഞ്ഞില്ല? അർദ്ധപട്ടിണിക്കാരായ മുപ്പതു ശതമാനത്തിലേറെ ജനങ്ങളെയും, മുഴുപ്പട്ടിണിക്കാരും നിത്യദരിദ്രരുമായ മൂന്നരക്കോടി മനുഷ്യപ്പുഴുക്കളുടെയും ചിത്രം ഭാരതത്തിന് നൽകുന്നത് എന്തുമാത്രം അപമാനമാണ് എന്നതാണ് മനസ്സിലാകാത്തത്.

ഒരു ശരാശരി ഭാരതീയന്റെ വ്യഥകൾ അവന്റെ ജനനത്തോടെ ആരംഭിക്കുകയായി. റിപ്പോർട്ടുകളനുസരിച്ച് ഭാരതത്തിൽ ശിശുമരണനിരക്കും ശിശുഹത്യാനിരക്കും വളരെ ഉയർന്നതാണ്. വിദ്യാഭ്യാസ പ്രശ്നങ്ങളും തൊഴിലില്ലായ്മയുടെ പ്രതിസന്ധികളും നമുക്ക് മുമ്പിൽ കീറാമുട്ടികളായി അവശേഷിക്കുന്നു. ധനപരമായ പ്രശ്നങ്ങളുടെ രൂക്ഷത, അവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ തേടിക്കൊണ്ടുള്ള 'ചർച്ചകൾ' പുരോഗമിക്കെത്തന്നെ, കൂടുതൽ കൂടുതൽ വർദ്ധിക്കുന്നു. അതിരുകവിഞ്ഞ വിദേശാശ്രയത്വം 'കൊള്ളപ്പലിശയിലെ മുതലിന്റെ' അവസ്ഥയിലെത്തിച്ചിരിക്കുന്നു ഭാരതത്തെ. ഈ ഉലകത്തിലെവിടെ രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ചുറ്റിക വീണാലും ( സോവിയറ്റ് യൂണിയൻ മുതൽ I M F വരെ ) നമ്മൾ ഞെട്ടിത്തരിക്കുകയായി. ആത്മാഭിമാനം കൂടി നാം പണയപ്പെടുത്തിയിരിക്കുന്നു.

ഭരണകൂടങ്ങളുടെ ധൂർത്തും, അധമങ്ങളായ രാഷ്ട്രീയ പകപോക്കലുകളും ചേർന്ന് വരുത്തിവയ്ക്കുന്ന ധൂർത്തച്ചെലവുകളെത്ര ; ഊർജ്ജ പ്രതിസന്ധിക്കിടയിലും കാർ റാലികൾ; വൈദ്യുതക്ഷാമത്തിനിടയിലും ദീപാലങ്കാരങ്ങൾ. ജലദോഷത്തിന് അമേരിക്കയിൽ ചെന്ന് ചികിത്സ നടത്തുന്ന മന്ത്രിപുംഗവന്മാർ, ഇത്തരം കാര്യങ്ങളിൽ മന്ത്രിശ്രേഷ്ഠരെ കടത്തിവെട്ടുന്ന പൊതുമേഖലാസ്ഥാപന മേധാവികൾ, കടത്തിണ്ണകളിൽ നിന്ന് രണ്ടു നാല് ദിനംകൊണ്ട് A. C. മുറികളിലേയ്ക്ക് കിടപ്പുമാറ്റിയ സാമൂഹ്യ പ്രവർത്തകർ, ചൂഷണയജ്ഞം നിർബാധം തുടരുന്ന ബ്യൂറോക്രാറ്റുകൾ........ഹാ! എന്തൊരു അഭിമാനാർഹങ്ങളായ കാഴ്ചകൾ ! !മഹാ

ഭൂരിപക്ഷത്തിന് അന്നം വാങ്ങാൻ പണമില്ല. ചിലർക്ക് മഹാസത്രം നടത്താൻ ലക്ഷക്കണക്കിന് പണം. കഷ്ടപ്പാടുകൊണ്ട് ജനം നട്ടം തിരിയുമ്പോഴും, സൈനികസംസ്കാരം, പാശ്ചാത്യസംസ്കാരം ....... ഇത്യാദി സംസ്കാരങ്ങളുടെ വികസിതമായ ഒരു ശ്രേണിതന്നെ നാം പടുത്തുയർത്തുന്നു. എന്തിന് വേണ്ടി? എവിടെപ്പോയി നമ്മുടെയൊക്കെ വിവേകവും വിവേചന ബുദ്ധിയും ? ....

സർവ്വവും രാഷ്ട്രത്തിനായി ത്യജിച്ച്, രാഷ്ട്രീയ ജീവിതം നയിച്ച മഹാന്മാരുടെ കാലം പോയി; രാഷ്ട്രീയം ഉപജീവന മാർഗ്ഗമാക്കി മാറ്റിയ, വയറ്റിപ്പിഴപ്പുകാരുടെ കാലവും പോയി ഇന്ന് രാഷ്ട്രീയ പ്രവർത്തനം വൻ വരുമാനമാർഗ്ഗമാക്കിമാറ്റിയ പ്രസ്തുതസത്യം പൊതുജനമറിഞ്ഞാലും യാതൊരു 'ഉളുപ്പും' തോന്നാത്ത ചില വൻതോക്കുകളുടെ ആവാസക്കളരിയായിരിക്കുന്നു. പൊതുമണ്ഡലം ശർക്കരഭരണിയിൽ കൈയിട്ടാൽ നക്കാത്തവർ കുറവാണ് എന്ന പ്രമാണം വിളിച്ചുകൂവി അതിനെ ന്യായീകരിക്കുകകൂടി ചെയ്യുന്ന "നക്കികളും" ഇല്ലാതില്ല.

ഇന്ത്യൻ പ്രജായത്തത്തെ ഇത്രമേൽ അധഃപതിപ്പിച്ചത് ഈ ഒരു കൂട്ടരാണ് — യാതൊരു നേരും നെറിയുമില്ലാത്ത രാഷ്ട്രീയക്കാർ. പാർലമെന്ററി സിസ്റ്റം ഒരു തരം കോമാളിക്കളിയായും വാഗ്ദാനങ്ങൾ ജലരേഖകളായും അവശേഷിക്കുമ്പോൾ, ജനാധിപത്യം വിഫലമായ ഒരു ആവേശമല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നൂറ്റാണ്ടുകൾ നീണ്ട ഒരു സമരത്തിന്റെ നിഷ്ഫലത അങ്ങനെ നാമനുഭവിക്കുന്നു — എന്തു ചെയ്യാം, വിധിയാൽ വരുവതു പരിഹാരമില്ലാത്തതല്ലോ ....

മൂല്യാധിഷ്ഠിത രാഷ്ട്രീയ ദർശനങ്ങളെ അമ്പേ പിന്തള്ളിക്കൊണ്ട്, സമരാത്മകമായ ദർശനങ്ങൾ " രാഷ്ട്രീയ വിജയ യാത്രകൾ " നടത്തുന്നു. ജാതിയുടെയോ, മതത്തിന്റെയോ, ഭാഷയുടെയോ പേരിൽ ജനങ്ങളെ കൊലയ്ക്ക്കൊടുക്കാൻ മടിക്കാത്ത കശ്മലന്മാരുടെ രാഷ്ട്രീയം പലപ്പോഴും വിജയിക്കുന്നു — താൽക്കാലികമായിട്ടെങ്കിലും. മസ്ജിദുകളെയും ക്ഷേത്രങ്ങളേയും ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലേയ്ക്ക് വലിച്ചിഴച്ച്, മതനിരപേക്ഷതഎന്ന സമഗ്രസിദ്ധാന്തത്തെ പിന്തള്ളി, മത പ്രീണനമെന്ന അബദ്ധ സിദ്ധാന്തത്തിലേക്ക് രാഷ്ട്രത്തെ നയിച്ച ഏകദേശീയതയുടെ കപട പ്രവാചകരോട് ഒരു ചോദ്യം .... മതവിശ്വാസത്തെ വെറും വികാരമായി അധഃപതിപ്പിച്ച്, ജനപദങ്ങളെ കളങ്ങളിലാക്കിത്തിരിച്ച്, തമ്മിൽ വെറുപ്പിച്ച്, പടവെട്ടിച്ച് നിങ്ങളീ മണ്ണിലൊഴുക്കിയ കുരുതിച്ചോരയുടെ പാപക്കറ ഏത് പുണ്യ നദീജലംകൊണ്ട് കഴുകാനാവും ? .... വർഗ്ഗീയതയുടെ (ന്യൂനപക്ഷ ഭൂരിപക്ഷ വ്യത്യാസമില്ലാതെ) ഈ മുഖങ്ങൾ ഭാരതത്തിന് എന്തു ദേശീയതാബോധമാണ് തരുക ........അന്തരാഷ്ട്ര രംഗത്ത് മാനക്കേടല്ലാതെ.

# പ്രാദേശിക ഞരമ്പുരോഗം

കേരളമെന്നുകേട്ടാലുടൻ കേരളീയരുടെ ഞരമ്പുകളിലെ ചോര തിളച്ചു മറിയണം എന്നതാണ് കൈരളീ തനയനായ കവിയുടെ അഭിലാഷം. തമിഴകത്തിന്റെ കവി – ഇതേപോലെ എഴുതിയാൽ — 'തമിഴകമെന്നു കേട്ടാലുടൻ, തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ—' എന്നാകും വാക്യങ്ങൾ. പഞ്ചാബ്, ആസ്സാം, കാശ്മീർ .... ഇങ്ങനെ വിവിധങ്ങളായ സംസ്ഥാനങ്ങളിലെ കവികളും രാഷ്ട്രീയ ഉദ്ബോധകരും അവരവരുടെ സംസ്ഥാനത്തിന്റെ പേര് കേട്ടാൽ, തദ്ദേശീയ പ്രജകളുടെ ഞരമ്പുകളിൽ തിളപ്പുണ്ടാകണം എന്ന് എഴുതിയേക്കും.

സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഉടലെടുക്കുന്ന . അപകടകാരികളായ 'കൊച്ചുദേശീയതകൾ' സൃഷ്ടിക്കുന്ന അതിസങ്കീർണ്ണവും രാജ്യ വിരുദ്ധവുമായ പ്രതിസന്ധികളുടെ രൂക്ഷത വളരെ വ്യക്തമായി വാർത്താമാദ്ധ്യമങ്ങളിൽ നിന്നറിഞ്ഞിട്ടും, സ്വന്തം സംസ്ഥാനത്തിന്റെ പേര് കേട്ടാൽ ഞരമ്പുകളിൽ ചോര കിടന്ന് തിളച്ചുമറിയാൻ നാമെന്താ പ്രാദേശിക ഞരമ്പുരോഗികളോ ? ...

തത്വമിതാണ്, നാനാത്വത്തിൽ ഏകത്വം (Unity in diversity). ഒരു കുഴപ്പം മാത്രം — ഇതിൽ നാനാത്വം സത്യമായും ഏകത്വം സ്വപ്നമായും നിലനിൽക്കുന്നിവിടെ. സ്വതന്ത്രമായ ഒരു ഹിതപരിശോധനക്കു വിധേയമാക്കിയാൽ, ഇന്ത്യയുടെ മുഖ്യ ദേശീയധാരയിൽ നിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം ഭീതികരമാം വിധം വർദ്ധിച്ചതായിരിക്കും. എത്രനാളിങ്ങനെ മുമ്പോട്ട് പോകും ? ഇത് മിണ്ടിക്കൂടാത്ത സത്യമാണ്.

A house divided against itself — എന്ന ബൈബിൾ പരാമർശം അന്വർത്ഥമാക്കുമാറ് പ്രാദേശികതയുടെ വെല്ലുവിളികൾ ശക്തമാണിന്ന്. ബീഹാറിൽ യാദവരും രജപുത്രരും തമ്മിൽ പോരാണ്. വിവിധ ആസ്സാമി ഗോത്രങ്ങളും മിസോറാം– നാഗാലാന്റ് ഇവിടങ്ങളിലെ വിവിധ ഗോത്രവിഭാഗങ്ങളും രാഷ്ട്രതാൽപര്യ വിരുദ്ധങ്ങളായ ഭാരതീയേതര പ്രാദേശികഭാവം ഉൾക്കൊണ്ടവയാണ്.

രാഷ്ട്രീയ മുതലെടുപ്പിനായി പഞ്ചാബിൽ ചിലർ വളർത്തിവലുതാക്കിയ പ്രശ്നം, കുടംപൊട്ടിച്ച ഭൂതമായി , ഖാലിസ്ഥാൻ വാദമായി മാറിയപ്പോൾ അതിനുകൊടുക്കേണ്ടിവന്ന, കൊടുത്തുകൊണ്ടിരിക്കുന്ന വില വളരെ കൂടിപ്പോയി. പഞ്ചാബ് ഭീകരർ ഇതര സംസ്ഥാനങ്ങളിലും 'മികവു തെളിയിക്കാൻ' തുടങ്ങിയിരിക്കുന്നു. കൂടാതെ വധവേളകളിൽ പഞ്ചാബികളല്ലാത്തവരെ മാറ്റിനിർത്തി, നിഷ്കരുണം വധിയ്ക്കുന്ന ഭീകര നടപടികൾ അതീവഗുരുതരങ്ങളായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കും. 1991 നവംബർ മാസത്തെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സുരക്ഷാ സൈനികരടക്കം 6,091 പേർ പഞ്ചാബിലും 1,133 പേർ കാശ്മീരിലും ഭീകര പ്രവർത്തകരാൽ വധിക്കപ്പെട്ടു. എഴുതിക്കൂട്ടാനാവാത്ത നഷ്ടങ്ങൾ എത്രയാണ്. ഭൂമിയിലെ പറുദീസ എന്ന് വിളിക്കപ്പെട്ടിരുന്ന കാശ്മീരിൽ A. K. 47 നും കലാഷ്നിക്കോവ് തോക്കുകളും തംബുരുമീട്ടുന്നു. സ്വന്തം രക്തത്തിനെതിരെ ഉന്നമാക്കുന്ന ഭീകരർക്കും വിഘടനവാദികൾക്കും — "ഇത് ഹത്യയല്ലാത്മഹത്യയാണെന്ന്" അറിയാനുള്ള വിവേകം എന്നാണാവോ ഉണ്ടാകുക.? ........

ആസാമിൽ ഉൾഫ ചോരക്കൊതികാണിയ്ക്കുന്നു. മണിപ്പൂർ, നാഗാലാന്റ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിലായി ചിതറിക്കിടക്കുന്ന റോംഗ്മി സെമി, ലിയാംഗ്മി, എന്നീ നാഗവിഭാഗങ്ങൾ ഒന്നിച്ചു സെലൻഗ്രോംഗ് സംസ്ഥാന രൂപീകരണത്തിനായി ശ്രമിക്കുന്നു. ബീഹാറിൽ, ഝാർഖണ്ഡ് പ്രശ്നം, ബംഗാളിൽ ഗൂർഖാലാന്റ് പ്രശ്നം, ആന്ധ്രയിൽ നക്സൽ ബാരിപ്രശ്നം, തമിഴ്നാട്ടിൽ പുലിപ്രശ്നം ........ പ്രശ്ന പട്ടിക നീളുന്നു.

എന്തിന് പുണ്യനദിയും പ്രശ്നനദിയായിരിക്കുന്നു. ദക്ഷിണഗംഗയായ കാവേരിയിലെ വെള്ളത്തെപ്പറ്റിയുള്ള തർക്കത്തെക്കാൾ, അതുസംബന്ധിച്ച് തീർപ്പുണ്ടാക്കാൻ കേന്ദ്രസർക്കാർ നിയമിച്ച ട്രൈബ്യൂണലിന്റെ ഇടക്കാലവിധിയാണ് കുഴപ്പത്തിനു കാരണമായത്. സംസ്ഥാന ഗവൺമെന്റുകളുടെ ആശീർവാദത്തോടെ കർണ്ണാടക – തമിഴ്നാട് സംസ്ഥാനങ്ങളിൽ നടന്ന ബന്ദും അക്രമപ്രവർത്തനങ്ങളും ഒരു ലക്ഷത്തിലേറെ ആഭ്യന്തര അഭയാർത്ഥികളെയാണ് സൃഷ്ടിച്ചത്. അവരുടെ കണ്ണുനീരാരു കാണാൻ ? ........

രണ്ടുകൂട്ടരും അവരുടെ നിലനിൽപിനുവേണ്ട വോട്ടുകൾക്കായി അതതുസംസ്ഥാനങ്ങൾക്കുള്ളിൽ സമർത്ഥമായി വളർത്തുന്ന അപകടകാരിയായ സമരാത്മക പ്രാദേശിക വാദം, മണ്ണിന്റെ മക്കൾ വാദത്തിന്റെ മറ്റൊരു ഭാവമാണ്. ഈ 'ബാൾട്ടിക് രോഗം' ഒരു പകർച്ചവ്യാധിയായി പടർന്നു പിടിക്കാതിരിക്കാൻ രാഷ്ട്രതന്ത്രത്തിന്റെ ഞരമ്പുകളിൽ പ്രതിരോധ കുത്തിവെപ്പുകൾ നൽകാനാണ് നാം ശ്രമിക്കേണ്ടത്, അല്ലാതെ ഞരമ്പുകളിലെ ചോര തിളപ്പിക്കാനല്ല. ഇനിയും നാം താമസിച്ചുപോയാൽ ഫെഡറലിസത്തിലുണ്ടാകുന്ന ശൈഥില്യം രാഷ്ട്രത്തിന്റെ അസ്തിത്വത്തെ തന്നെ തകർത്തുകളഞ്ഞേക്കും.

ഒരു ധാർമ്മിക രോഷത്തിന്റെയും പ്രായത്തിന്റെ അപക്വതയുടേയും പേരിൽ നിരത്തിയ വിവരണങ്ങൾ നമ്മുടെ 'മഹാദേശീയതക്കു' വിരുദ്ധമായെങ്കിൽ സദയം ക്ഷമിക്കുക. സ്വതന്ത്രരാഷ്ട്രതന്ത്ര വീക്ഷണത്തോടെ ഇന്ത്യയുടെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ മുമ്പിൽ തെളിയുക പ്രതീക്ഷകളുണർത്താൻ പര്യാപ്തമായ ചിത്രങ്ങളല്ല എന്ന അപ്രിയമായ സത്യം പൂർണ്ണമായും ഉൾക്കൊണ്ടു തന്നെ, ഈ രാഷ്ട്രത്തിന്റെ നാളെകളെപ്പറ്റി നമുക്ക് സ്വപ്നങ്ങൾ കാണാം – പ്രിയമുള്ള വായനക്കാരേ, ദേശീയ ദുരഭിമാനവും പ്രാദേശിക ഞരമ്പുരോഗവുമില്ലാത്ത ഒരു നാളെയെപ്പറ്റിയുള്ള സ്വപ്നങ്ങൾ.



# കളിവീട്

കാട്ടു മുറിച്ചതിൻ കാര്യം പഠിപ്പിക്കു –
　　മറിവിന്റെ പുസ്തകംതാളിലേറി
ഏറിയാലെത്താത്ത ദൂരങ്ങളേന്തിയു –
　　മേറെക്കിതച്ചും നടന്നു നീങ്ങെ,
പരിചയത്താളു മറിച്ചും ചിരിച്ചുമെൻ–
　　പഴയചങ്ങാതി തിരക്കിടുന്നു :

" കാണാക്കനിമലത്ര കാതം നടന്നു നീ?
　　കതിരൊന്നും കണ്ടീല കൊയ്തെടുക്കാൻ
ഒരുവേള കിട്ടുന്നതൊരു പിടിപ്പതിരാകാം –
　　മതിലൊരു മണി കാണാൻ കണ്ണു വേണം. "

ഇനിയെത്ര ചോദ്യങ്ങളിതിനൊന്നുമുത്തര –
　　മറിയില്ല,തൊന്നും തിരക്കിയില്ല.

പിരിയുമ്പോ,ളൊരുപാടു വിരിയുമെന്നോതി നീ –
　　യൊരു പീലിതന്നിരുന്നു പൂകി വയ്ക്കാൻ.
അതുപോൽ നാം കണ്ട കിനാവിന്നുമീരില–
　　യ്ക്കൊരു കാല്യം കാക്കുന്ന കൗതുകങ്ങൾ.

ഒരു കളിപാവ, യൊരുമ്മ, താരാട്ടോല –
　　പ്പീപ്പി,യിലക്കീറിലോണവട്ടം
ഒരുമിച്ചു വെച്ചും വിളമ്പിയുണ്ടും വാഴും
　　കളിവീടീ ലോകമെന്നോർത്തുപോയ് ഞാൻ.

ഓലയൊരാൾ, പിന്നെക്കമ്പൊരാ, ളൊക്കെയും
　　കോതി മുറുക്കുവാൻ മറ്റൊരാളും
ഒന്നായ് പണിഞ്ഞതിലെല്ലാമൊരുമ തൻ–
　　മൺചിരാ തെറ്റിച്ചിരിച്ചു നിൽക്കെ ,
എങ്ങുമാഹ്ലാദത്തിമർപ്പു കേറക്കെ,കണി –
　　ക്കൊന്നയെൻ നെഞ്ചിലും പൂവുലുർക്കെ,
ആരിലും കണ്ടു ഞാൻ കൈനീട്ടം നേടുമൊ –
　　രുണ്ണിയെ മണ്ണിൻ മനസിനേയും.

ഇനിയെത്രകാര്യങ്ങളിതിലൊന്നും സത്യത്തിൻ –
　　നിറമില്ലതൊന്നും തിരക്കിയില്ല.

ഒരു മുറിപ്പാടിന്റെ നോവുമായന്തിക –
　　ത്തോരോ പ്രഭാതവും വന്നുപോകെ,
ഓടിക്കളിക്കും കിടാങ്ങ, ളിരുപുറം
　　വേലിക്കലക്ഷമം വേദനിക്കെ ,
അങ്ങേതിലേക്കിളി പാടും സമൃദ്ധിക –
　　ളങ്ങേതിലേതെന്നറിഞ്ഞ നേരം ,

ഒരു കാറ്റിലൊരു ചാറൽമഴയിലെൻ നിനവെല്ലാ –
　　മുടയുമ്പോളറിവൂ ഞാൻ കൂട്ടുകാരാ –
ഒപ്പത്തിനൊപ്പം നടക്കേണെ,മപ്പുറ –
　　മൊക്കെക്കിനാവുകൾ ഗദ്ഗദങ്ങൾ.

എങ്കിലുമെൻ കിനാവെന്നുമെത്രയോ
　　തങ്കക്കുരുന്നുകൾ താലോലിപ്പൂ.
എങ്ങുമവർ തീർക്കും മൺകുടിൽ മായുന്നു
　　പൊൻവിളക്കേന്തുന്നു വീണ്ടും വീണ്ടും.
ആ മൺചുവരുകൾ കത്തിച്ചുകാണിയ്ക്കു –
　　മാത്മവിശുദ്ധിതൻ ദീപ്തിയിൽ ഞാൻ
കാണുന്നു, ചങ്ങാതീ കൈതവം ചേരാത്ത
　　സാഫല്യം ; കതിരാമോ കനവുതാനോ ...............?

സോമദാസൻ കെ. എൻ.
രണ്ടാംവർഷ മലയാളം

“സമൂഹത്തിലെ അംഗമാണ് ഓരോ വ്യക്തിയും
ഈ അംഗത്വം അവന്റെ അവകാശവുമാണ്.
എന്നാൽ ഈ അവകാശം നിഷേധിക്കപ്പെട്ട
സമൂഹത്തിന്റെ തണലും സംരക്ഷണവും
നഷ്ടപ്പെട്ട ഏറെ തിരസ്കൃതരെ
നാം അനുദിനം കണ്ടുമുട്ടുന്നില്ലേ?
അവരിൽ കുട്ടികളുണ്ട്, യുവജനങ്ങ
ളുണ്ട്, വൃദ്ധരുണ്ട്. അവരുടെ
അവഗണിക്കപ്പെട്ട ജീവിത
ത്തിലേക്കൊരെത്തിനോട്ടം.”



അനാഥികപ്പരായ ജന്മം ശാപമായി ഏററുവാങ്ങി ആർക്കും വേണ്ടാതെ, അല്ലെങ്കിൽ മററാർക്കൊക്കെയോ വേണ്ടി കാലം കഴിക്കുന്ന സമൂഹത്തിലെ തിരസ്കൃതരായ കുഞ്ഞുങ്ങൾക്കുമുമ്പിൽ ഒരുനിമിഷം നമുക്ക് മൗനമായി മാപ്പുപറയാം. അവർ ശപിക്കാതിരിക്കട്ടെ. അവരിൽ പലരുടേയും ജീവിതം നമുക്ക് മനസ്സിലാക്കാനാവാത്തത്ര ദുരിതപൂർണ്ണമാണ്. പോഷകാഹാരമെന്നല്ല വിശപ്പടക്കാനുള്ള ആഹാരംപോലും ഇന്ന് ലക്ഷക്കണക്കിന് കുട്ടികൾക്ക് സ്വപ്നമാണ്. തുമ്പിയെ പിടിക്കേണ്ട പ്രായത്തിൽ കളിയിൽനിന്നും പഠനത്തിൽനിന്നും മാറി അവർ ജോലി ചെയ്യുന്നു. ചുമടുചുമക്കുന്നു. അദ്ധ്വാനം ചെയ്യുന്നു. ടി. വി. യിലെ വർണ്ണപ്പൊലിമയാർന്ന പരസ്യലോകത്ത് നമ്മുടെ കണ്ണിന് കുളിരാകി മിന്നിമറയുന്ന സുന്ദരക്കുട്ടന്മാരേയും കുസൃതിക്കുടുക്കകളേയും കണ്ട് നാം ആഹ്ളാദിക്കുമ്പോൾ, ആഹ്ളാദത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ട ബാല്യത്തെപ്പററിയുള്ള അസുഖകരമായ ചിന്തകൾ നമ്മെ ശല്യപ്പെടുത്താറുണ്ടോ? തീർച്ചയായും ഇല്ല. ആ സുന്ദരക്കുട്ടന്മാരുടെ സമപ്രായക്കാർ ശിവകാശിയിലെ തീപ്പെട്ടിക്കമ്പനികളിൽ ആസിഡ്പുരണ്ട് പൊള്ളിയ കൈകാലുകളുമായി കേരളത്തിലെ കടകളിലും, തീവണ്ടി സ്റ്റേഷനുകളിലും, ഏറെ ദുരിതങ്ങളുമായി പല സംസ്ഥാനങ്ങളിലും അടിമപ്പണിക്കാരായി ജീവിക്കുന്നു. അവരിൽ ചിലർ ബാല്യത്തിലെ തീരാരോഗികളാവുന്നു. ചിലർ കുററവാളികളാവുന്നു, ചിലർ വേശ്യാവൃത്തിയിലേക്ക് തിരിയുന്നു.

കുടുംബങ്ങളിലെ പ്രശ്നങ്ങളും മാതാപിതാക്കൾ തമ്മിലുള്ള കലഹങ്ങളും മാറിയാത്ത ദാരിദ്ര്യവും കുട്ടികളെ പലപ്പോഴും അനാഥത്വത്തിന്റെ പെരുവഴിയിലേക്കു വലിച്ചെറിയുന്നു. അവരെ തിരസ്കൃതരാക്കുന്ന ഘടകങ്ങൾ ഏറെയാണ്. ബാബുവിന്റെ (17) കാര്യമെടുക്കുക. എറണാകുളത്തുവച്ചാണ് ഞങ്ങൾ ബാബുവിനെ കണ്ടുമുട്ടിയത്. സ്വദേശം മലബാർ. ഏറെ കഥകളൊന്നുംപറയാനുണ്ട്. 'പെങ്ങളും ചേട്ടനും അച്ഛനുമുണ്ട്. എനിക്കുമാത്രം അച്ഛനില്ല'. എന്ന് പരിതപിക്കുന്ന ബാബു ആരുടെയൊക്കെയോ മോഹഭംഗങ്ങളുടെ പാർശ്വഫലങ്ങളായി തെരുവുകളിൽ അലയേണ്ടി വരുന്ന എണ്ണമററ കുട്ടികളുടെ പ്രതിനിധിയാണ്. വീട്ടിൽ തലയ്ക്ക് സ്ഥിരതയില്ലാത്ത അമ്മ ഇപ്പോഴും ജീവിക്കുന്നു. പിന്നെ ഭർത്താവിനെ ഒഴിവാക്കി 'വാഴുന്ന' പെങ്ങളും അവരുടെ കുട്ടിയും. ഒരാളയ്ക്ക് കാണാവുന്ന കാര്യങ്ങളുടെ പരിധി ലംഘിക്കപ്പെട്ടപ്പോൾ, പെങ്ങളുടെ കുട്ടിയെ ഓർത്തുമാത്രം അവിവേകം കാണിക്കാതെ നാടുവിട്ടോടിയ ബാബു എന്ന കൗമാരൻ കുറേനാൾ ഹോട്ടലുകളിൽ ജോലിനോക്കി. പിന്നെ വീടുകളിൽ ജോലിക്കു നിന്നു. ഇടയ്ക്ക് കുറച്ചുനാൾ അനാഥാലയത്തിലായിരുന്നു. തെരുവുവാസം സമ്മാനിച്ച ബീഡിവലി എന്നശീലം അനാഥാലയത്തിലെ നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ബാബുവിന് അനാഥാലയവാസം അവസാനിപ്പിക്കേണ്ടിവന്നു.

'കാട്ടുപോലെ വളർന്നു, എഴുത്തും വായനയും അറിയില്ല' എന്നുപരിതപിക്കുന്ന ബാബു അവയുടെ വിലയെപ്പററി തികച്ചും ബോധവാനാണ്. പക്ഷേ, എന്തുചെയ്യാൻ? ബാബുവിന് സഹിക്കാൻ കഴിയാത്തത് മറെറാന്നാണ് പോലീസിന്റെ ഇടി. ഇടയ്ക്ക് പോലീസുകാർ സ്റ്റേഷനിലാക്കി എന്തെങ്കിലും കേസിന്റെ പേരിൽ എല്ലൊടിയും വരെ ചളുക്കും. എന്തൊക്കെയായാലും ഇന്ന് ബാബു ഒരു പരിധിവരെ സ്വയം പര്യാപ്തനാണ്. കുപ്പി, പാട്ട, പഴയ സാധനങ്ങൾ ഇവയുടെ കച്ചവടത്തിലൂടെ 20 മുതൽ 60 രൂപ വരെ അവൻ സമ്പാദിക്കുന്നു. എന്നാലും ബാബു ഏകനാണ്; സുഹൃത്തുക്കളില്ല. വീടോ കുടുംബമോ അവന് ആശാകേന്ദ്രമല്ല.

ബാബുവിന്റേതിൽ നിന്ന് വ്യത്യസ്തമാണ് രജീഷി (9) ന്റെ കഥ. ബാബുവിന് കടപ്പാടുകളില്ല. ഉത്തരവാദിത്തങ്ങളുമില്ല. പക്ഷേ ഏഴാം വയസ്സിൽ ചുമതലകൾ ഏറെറടുക്കേണ്ടിവന്ന ബാലനാണ് രജീഷ്. ബാപ്പ വേറെ പെണ്ണു കെട്ടിയപ്പോൾ, രജീഷ് 3-ാം ക്ലാസ്സിൽ പഠിപ്പു നിർത്തി ലോട്ടറിക്കച്ചവടം തുടങ്ങി. രാവിലെ 6 മണി മുതൽ രാത്രി 9 മണി വരെ അവൻ നാടു നീളെ നടക്കുന്നു. ഇടയ്ക്ക് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ ടി. വി. കാണാൻ വന്നപ്പോഴാണ് രജീഷിനെ ഞങ്ങൾ പരിചയപ്പെട്ടത്.

പ്ളാററ്ഫോമിലെ കുട്ടികളെപ്പററി പോലീസ് ഓഫീസർ സത്യപാലൻ പറഞ്ഞത് പുതിയൊരു കഥയാണ്. മട്ടാഞ്ചേരിയിലെ ചേരികളിൽ നാട്ടുനടപ്പനുസരിച്ച് പെൺകുട്ടിക്ക് 15 വയസ്സോടെ 'നിക്കാഹ്' ആണ്. മൂന്നുപ്രസവിച്ചാലും അമ്മയ്ക്ക് വയസ്സ് 18 ആകുകയുള്ളൂ. 3 കുട്ടികളുമായി ജീവിതം പ്രാരാബ്ധമാകുമ്പോൾ ഭർത്താവ് അയാളുടെ വഴിക്കുപോകും. നല്ല പ്രായത്തിലെത്തി നിൽക്കുന്ന സ്ത്രീ, കുട്ടികളെ വാപ്പയേയും ഉമ്മയേയും ഏൽപ്പിച്ച് വേറെ വിവാഹം കഴിക്കുന്നു. രണ്ടോ മൂന്നോ കുട്ടികളാകുമ്പോൾ വീണ്ടും പഴയപടി അങ്ങനെ ഓരോ ബന്ധത്തിലും രണ്ടും മൂന്നും കുട്ടികൾ വീതം അനാഥരാകുന്നു. വീട്ടിലെ പ്രായമായവരേയും പോറേറണ്ട ചുമതല ഈ കുട്ടികൾക്കാവുന്നു. തെരുവുകളിൽ അദ്ധ്വാനം ചെയ്ത്, ചുമടുചുമന്ന്, ചെരുപ്പുതുടച്ച്, ലോട്ടറി വിററ് ജീവിതം തള്ളിനീക്കുവാനാണ് ഈ രജീഷുമാരുടെ വിധി.



ജയന്തി-പ്ളാസ്ററർ ഓഫ് പാരീസുകൊണ്ട് പ്രതിമകളുണ്ടാക്കി വിൽക്കുന്ന ഒരു സംഘത്തിന്റെ പാലായിലെ താല്ക്കാലിക താവളത്തിൽ നിന്നാണ് ഈ 11 വയസുകാരിയെ കണ്ടത്. ഇരുളിന്റെ മറവിൽ അമ്മയെ തേടിവന്ന ആരുടെയോ മകൾ. ജീവിതത്തിന്റെ തുടക്കത്തിൽത്തന്നെ ഏറെ പുകമഞ്ഞിറങ്ങിയ ശപ്തമായ ഒരു ബാല്യം. ആ കണ്ണുകളിൽ പ്രകാശമില്ലായിരുന്നു. ജയന്തിചിരിക്കാൻ മറന്നുപോയിരിക്കുന്നു. കടകൾതോറും കയറിയിറങ്ങി നീതിദേവതയുടെ പ്രതിമ വിൽക്കുന്ന ഈ കൊച്ചു തിരസ്കൃതയോട് സമൂഹം നീതി കാണിയ്ക്കുന്നുവോ?



തെരുവുകളിലേയ്ക്കും സമൂഹത്തിന്റെ പുറംപോക്കുകളിലേക്കും വലിച്ചെറിയപ്പെടുന്ന കുട്ടികളിൽ കുറേപ്പേർക്കെങ്കിലും അനാഥമന്ദിരങ്ങൾ അഭയം നൽകുന്നുണ്ട്. പക്ഷേ ആ ഭാഗ്യം ലഭിക്കാത്തവരുടെ സംഖ്യ അത് ലഭിച്ചവരുടേതിനേക്കാൾ എത്രയോ വലുത്?

14 വയസുവരെ പ്രായമുള്ള എല്ലാവർക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നമ്മുടെ ഭരണഘടന ഉറപ്പാക്കുന്നുണ്ടല്ലോ. എന്നിട്ടും ബാബുവിനും രജീഷിനും ജയന്തിക്കും അവരെപ്പോലുള്ള ആയിരങ്ങൾക്കും ആ അവകാശം നിഷേധിക്കപ്പെടുന്നു. നമ്മുടെ ദേശീയപദ്ധതികളിലും, ആസൂത്രണപരിപാടികളിലും ഒന്നിലും ഇത്തരം 'തെണ്ടിക്കുട്ടികൾ' കടന്നുവരാറില്ലല്ലോ. അവഗണനയുടേയും നിന്ദയുടേയും ബാല്യങ്ങൾ താളംതെററിയ ജീവിതങ്ങളായി വഴിമാറുമ്പോൾ ദുഷിച്ച സാമൂഹിക വ്യവസ്ഥിതിയെപ്പററിയും ധാർമ്മികാധഃപതനത്തെപ്പററിയും നമുക്ക് സെമിനാർ നടത്താം. സിനിമാപിടിക്കാം. ചിലർക്കെങ്കിലും പഠനം നടത്തി ഡോക്ടറേററ് സമ്പാദിക്കാം. അത്രതന്നെ.

കുടുംബത്തെപ്പററിയുള്ള നമ്മുടെ സങ്കല്പങ്ങൾക്ക് മാററമേറെ വന്നിരിക്കുന്നു. ആധുനിക ജീവിതത്തിന്റെപ്രശ്നങ്ങളെ അതിജീവിക്കുവാനുള്ള ശ്രമത്തിൽ തനിയെ നിൽക്കാൻ ത്രാണിയില്ലാത്തവർ തിരസ്കൃതരാകുന്നു. നമ്മുടെ വൃദ്ധജനങ്ങളെപ്പററിയാണ് പരാമർശം. 'കാൽകാശിന്റെ ഉപകാരമില്ലാത്ത ഈ വകകൾ നമ്മുടെ വീടുകളിലുണ്ട്, തെരുവുകളിലും, ബസ്സ്ററാൻറുകളിലും, തീർത്ഥാടനകേന്ദ്രങ്ങളിലും ഉണ്ട്. കുറേപ്പേർക്കെങ്കിലും അനാഥാലയങ്ങളും ആശാകേന്ദ്രങ്ങളും അഭയം നൽകുന്നു. അവിടെ ഭക്ഷണവും വസ്ത്രവും ഒരു പരിധിവരെ ശുശ്രൂഷയും കിട്ടുമെങ്കിലും അവരും തിരസ്കൃതരല്ലാതാകുന്നില്ല.



അവശതയെ അതിജീവിക്കാൻ കാട്ടിക്കൂട്ടുന്ന അധികമായ ശുണ്ഠിയും വാശിയും അവഗണനയുടെ അസഹനീയതയെ നിരാകരിക്കാനുള്ള വഴക്കും വക്കാണവും വൃദ്ധജനങ്ങളുടെ മാനസിക ദൗർബല്യങ്ങളാണ്. ആ ദൗർബല്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നവർക്കറിയാം., ഈ വൃദ്ധന്മാരും വൃദ്ധകളും വഴക്കും പിടിവാശിയും കാണിക്കുന്നത് വളരെ മിതമായ ആവശ്യങ്ങൾക്ക് വേണ്ടിയാണെന്ന് അഥവാ മക്കൾക്ക് ഭാരമായ ജീവിതങ്ങളല്ല അവരാഗ്രഹിക്കുക എന്ന്. അതുതിരിച്ചറിയാൻ, വാർദ്ധക്യത്തിന്റെ കല്പനയിൽ സ്നേഹത്തിന്റെ ചിത്രങ്ങൾ വരച്ചുചേർക്കാൻ, അവരുടെ മക്കൾക്കും കൊച്ചുമക്കൾക്കും കഴിയുമോ ?

പലപ്പോഴും കഴിയുന്നില്ല. എന്ന സത്യമാണ് മുണ്ടക്കയംകാരൻ പാപ്പുക്കുട്ടിച്ചേട്ടന്റെ ജീവിതാനുഭവങ്ങൾ തെളിയിക്കുന്നത്. കുടുംബത്തിനുവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച, ഇൻഡ്യൻ ആർമി സോൾജിയറായിരുന്നു പാപ്പുക്കുട്ടി രോഗാതുരയായ മാതാവിനും ഇളയവരായ മററേഴുപേർക്കുംവേണ്ടി തന്റെ വരുമാനം മുഴുവൻ ചിലവാക്കി. ഏഴുപേരേയും കരയ്ക്കെത്തിച്ച പാപ്പുക്കുട്ടിച്ചേട്ടന് ഒടുവിൽ കിട്ടിയത് നിന്ദയും അവജ്ഞയും മാത്രം. കൂടെ കാലം കനിഞ്ഞരുളിയ ഒരു സമ്മാനവും വലിവ്. ഇന്ന് പാപ്പുക്കുട്ടിച്ചേട്ടൻ ഒരു വൃദ്ധ മന്ദിരത്തിലെ കട്ടിലിലിരുന്ന്, മററ് അന്തേവാസികൾക്കായി പട്ടാളത്തിലായിരുന്ന കാലത്തെ കഥകൾ പറഞ്ഞുകാലം കഴിക്കുന്നു. സ്വന്തം പേരക്കിടാങ്ങളോടു പറയേണ്ടിയിരുന്ന കഥകൾ !

ഹരിപ്പാട്ടുകാരി കമലാക്ഷിയമ്മ നേരാങ്ങളയാൽ തിരസ്കരിക്കപ്പെട്ട ഹതഭാഗ്യയാണ്. അവിവാഹിതയായ ആ സ്ത്രീയെ, വേലചെയ്യാൻ വയ്യാതായപ്പോൾ സഹോദരൻതന്നെ ആട്ടിപ്പുറത്താക്കി. ഈ 65 വയസുകാരിക്ക് കുടുംബത്തിനപ്പുറം മറെറാരു ലോകമില്ലാത്തതിനാൽ സ്വകുടുംബത്തിൽ നിന്നുള്ള തിരസ്ക്കരണം, സമൂഹത്തിൽനിന്നുതന്നെയുള്ള തിരസ്കരണമായി അനുഭവപ്പെടുന്നു. നിന്ദയുടേയും അവഗണനയുടേയും കയ്പുനീർ ഏറെ കുടിക്കേണ്ടിവരുന്ന സ്ത്രീകളുടെ ഒരു പ്രതിനിധി മാത്രമാണ് കമലാക്ഷിയമ്മ. ശാപവചനങ്ങൾ ഏറെ കേട്ട്, നാശംപിടിച്ച ഒരു ഭാരമായി നാലു ചുമരുകൾക്കുള്ളിൽ കഴിയുന്ന തിരസ്കൃതമായ സ്ത്രീത്വത്തിന്റെ ദീനമായ ഒരു മുഖം മാത്രം.

എന്റെഗതി ഈ ലോകത്തിലാർക്കും ഉണ്ടാവരുതേ ! മൈക്കിളുചേട്ടന്റെ പ്രാർത്ഥന. തൊടുപുഴക്കാരൻ മൈക്കിളുചേട്ടന് ഒരു നല്ലകാലമുണ്ടായിരുന്നു. ഏറെ




സ്വത്തു സ്വന്തമായി ഉണ്ടായിരുന്ന ഒരു കാലം. മുഴുവൻ സമ്പാദ്യവും അളിയൻ കബളിപ്പിച്ചു വാങ്ങിയപ്പോഴാണ് മൈക്കിളു ചേട്ടൻ തളർന്നുപോയി. അവസാനം 'ഈ വീട്ടിൽനിന്നും വല്ലതും തിന്നണമെങ്കിൽ പോയി കയ്യീന്ന് കാശുകൊടുത്ത് അരി വാങ്ങിക്കൊണ്ടുവാ' എന്ന് അളിയൻ പറഞ്ഞപ്പോൾ മൈക്കിളുചേട്ടൻ പിന്നവിടെ നിന്നില്ല. നേരെ ഒരു വൃദ്ധമന്ദിരത്തിലേക്ക് വിട്ടു. നാട്ടിൽ പ്രമാണിയായി, നൂറുഷീറ് കിട്ടുന്ന മുതലാളിയായി വാഴുന്ന അളിയനെപ്പറ്റി പറയുമ്പോൾ, വഞ്ചനയുടെ കഥകളോർക്കുമ്പോൾ മൈക്കിളുചേട്ടന്റെ മുഖം ചുവക്കുന്നു. തൊണ്ടയിടറുന്നു, കൈകൾ വിറയ്ക്കുന്നു.

അല്ലാഹുവിന്റെ കാരുണ്യത്തിൽ ഷാഹുലിന് സംശയം. തിരുവനന്തപുരത്തെ തിരക്കുപിടിച്ച ഒരു റോഡുവക്കിൽ വച്ചാണ് പഴയന്നാടിക്കാരൻ ഷാഹുലിനെ പരിചയപ്പെട്ടത്. മീൻ കച്ചവടമായിരുന്നു പണി. മീൻപാത്രംവീണ് കാലൊടിഞ്ഞതിനെത്തുടർന്ന്, നടന്ന്ജോലി ചെയ്യാൻ വയ്യാതായി. ഇന്ന് പള്ളികൾതോറും കയറിയിറങ്ങി സഹായംവാങ്ങികഴിക്കുന്നു. സമൂഹത്തിന്റെ തിരസ്കരണത്തേക്കാൾ, പടച്ചവൻ തന്നെ തിരസ്കരിച്ചതിലാണ് ഷാഹുലിന് ഏറെ ദുഃഖം.

'ഞാനുംകൂടി മരിച്ചാൽ പിന്നെ എന്റെ വീട്ടിൽ എല്ലാവർക്കും ഇംഗ്ലീഷിൽ പ്രാർത്ഥന ചൊല്ലാം', എന്നുതമാശ പറഞ്ഞുതുടങ്ങിയ കുഞ്ഞുകുട്ടിച്ചേട്ടൻ ഏറെ പേരുടെ പ്രതിനിധിയാണ്. ഉയർന്ന ജീവിത നിലവാരത്തിൽ കഴിയുന്ന 'ഉന്നത കുടുംബങ്ങളുടെ സ്റ്റാറ്റസിന് ചേരാത്ത പാവങ്ങളുടെ പ്രതിനിധി. നല്ല മരണത്തിനായ് പ്രാർത്ഥിച്ചുകൊണ്ട് ഈ 74കാരൻ നാളുകളെണ്ണി കഴിയുന്നു. കൂട്ടിന് വേദപുസ്തകം മാത്രം.

തിരസ്കൃതരിൽ ഇറക്കിവിടപ്പെട്ടവർ മാത്രമല്ല, ഇറങ്ങിപ്പോന്നവരുമുണ്ട്. തന്റെ മക്കളെയൊക്കെ നല്ലനിലയിലാക്കിയ കാഞ്ഞിരപ്പള്ളിക്കാരൻ കുഞ്ഞൂഞ്ഞുചേട്ടന്റെ (70) കഥയങ്ങനെയാണ്. ഇളയമകൻ പോലീസ് ഇൻസ്പെക്ടർ ആയ കാലത്താണ് അദ്ദേഹം പൂർണ്ണ അന്ധനായത്. 'മക്കളൊക്കെ വെല്ല്യ ആൾക്കാര്. അവരുടെകൂട്ടുകാരൊക്കെ വീട്ടില് വരുമ്പം ഞാനിങ്ങനെ തപ്പീം തടഞ്ഞുമൊക്കെ നടന്നാ അവർക്കല്ലേ നാണക്കേട്, അതോണ്ട് ഞാൻ വീടുവിട്ടിങ്ങുപോന്നു'. മക്കളും അതുതന്നെയാണ് ആഗ്രഹിച്ചിരുന്നത് എന്നുവ്യക്തം. മക്കൾ വല്ലകാലത്തുമൊരിക്കൽ അപ്പനെകാണാൻ വരും. അവരുടെ കടമ തീർക്കാൻ മാത്രം. മുതുക്കനുചോറും മുറ്റത്തിന് ചാണകവും' അത്രയേവേണ്ടൂ. അതായിരിക്കണം അവരുടെ മതം.

പാലാക്കാരി മേരി ജോസഫ് (78) മുഴുക്കുടിയന്മാരായ മക്കളാൽ തിരസ്കരിക്കപ്പെട്ട മാതാവാണ്. പുതുപ്പള്ളി സ്വദേശിനി മറിയാമ്മ അമ്മായിഅമ്മ മരുമകൾ പോരിന്റെ ഒടുവിൽ അങ്കക്കളം വിട്ടിറങ്ങേണ്ടി വന്ന നിർഭാഗ്യവതിയാണ്. ഇരുവരും ഇന്ന് പാലായിലെ ഒരു വൃദ്ധമന്ദിരത്തിൽ കഴിയുന്നു.

വൃദ്ധരുടെ ജീവിതകഥകൾ തൽക്കാലം ഇവിടെ നിർത്താം. മറ്റുള്ളവരുടെ ജീവിതാനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ പഠിക്കാൻ നമുക്ക് കഴിയുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. ഒരു കഥയുണ്ട്, തന്റെ അപ്പൻ ഭക്ഷണവും ശുശ്രൂഷയും കൊടുക്കാതിരുന്നതിനാൽ വീടിന്റെ പുറംചായ്പിൽ കിടന്ന് നരകിച്ച് ചാകേണ്ടിവന്ന വല്യപ്പന്റെ പായും, തലയിണയും ചോറിട്ടുകൊടുത്തിരുന്ന കിണ്ണവുമൊക്കെ എടുത്തു സൂക്ഷിച്ച കൊച്ചുമകൻ അപ്പനോടു പറഞ്ഞു. 'വല്യപ്പനെപ്പോലെ അപ്പന് വയസാകുമ്പോൾ തരാനായി ഇതൊക്കെ ഞാൻ സൂക്ഷിച്ചു വച്ചുകൊള്ളാം'. നാം നിഷേധിക്കുന്ന സ്നേഹവും വാത്സല്യവും കരുണയും നമുക്കും നിഷേധിക്കപ്പെടും എന്നതാണ് അനുഭവം. ഇതൊക്കെ മനസ്സിൽ വയ്ക്കാൻ തിരക്കിനിടയിൽ നമുക്കെവിടെ നേരം ?

ഈ ഫീച്ചറിൽ പരിചയപ്പെടുത്തിയ മുഖങ്ങളേറെയും വൃദ്ധമന്ദിരവാസികളാണ്. എന്നാൽ അനാഥാലയങ്ങളിലും സ്നേഹമന്ദിരങ്ങളിലുമൊന്നും എത്തിപ്പെടാത്ത ആയിരക്കണക്കിനു വൃദ്ധജനങ്ങൾ ജീവിക്കുന്നു. അവരിൽ ഏറെപ്പേർ സ്വന്തം വീടുകളിൽത്തന്നെ തിരസ്കൃതരായി കഴിയുന്ന ഹതഭാഗ്യരാണ്. മക്കൾ കനിഞ്ഞുനൽകുന്ന അന്നവും തിന്ന് കൊച്ചുമക്കളുടെ ശാപവാക്കുകളും കേട്ട് നാമവും ജപിച്ച്, കൊന്തയും ചൊല്ലി സ്വയം സാന്ത്വനപ്പെടുത്തി ഭാരമായജീവിതം തള്ളി നീക്കുന്ന കുറെ മനുഷ്യർ. അവർക്ക് വീട് ഒരു അഭയസ്ഥാനമല്ല.

എന്നാൽ വീടെന്നത് ഒരു സ്വപ്നം പോലുമല്ലാത്ത ഏറെപ്പേരുണ്ട്. അവരുടെ കാര്യമാണ് ഏറ്റവും പരിതാപകരം. വടിയും കുത്തി ഭാണ്ഡവും പേറി തെരുവുകളിലൂടെ വിറച്ചു വിറച്ചു നടക്കുന്ന വാർദ്ധക്യങ്ങൾ. അവർക്ക് മുന്നിൽ മൂകമായ ചക്രവാളവും പിന്നിൽ ശൂന്യമായ അന്ധകാരവും മാത്രം.

**ഫീച്ചർ തയ്യാറാക്കിയവർ**

ബോബിപോൾ, ജീവൻചാണ്ടി

P. I. ജയകുമാർ,

ആൽബിബേബി

“ നമ്മുടെ നാട്ടിലെ പാവങ്ങളെ രക്ഷിക്കാനാവശ്യമായ സമ്പത്ത് ഇന്നാട്ടിലെ ബാക്കിയുള്ളവർക്ക് തന്നുതീരാൻ കൊടുത്തിട്ടുണ്ട്. അവരതൊന്നുതന്നുവച്ചാൽ എല്ലാവർക്കും സുഖമായി കഴിയാം” പാലായിലെ ദേവദാൻ സെന്ററിന്റെ സ്ഥാപകനായ ഫാദർ കൈപ്പൻപ്ലാക്കലിന്റെ ഈ വാക്കുകൾ ഉൾക്കൊള്ളാൻ നമുക്കാകുന്നുണ്ടോ? കഴിയുക. ........സമൂഹവുമായി അന്യവൽക്കരണം സംഭവിച്ച് സ്വകാര്യതയുടെ തുരുത്തുകളിൽ ജീവിക്കുന്ന പുതിയ തലമുറയ്ക്ക് സാമൂഹിക നീതിനിഷേധിക്കപ്പെടുന്ന ബാല്യത്തേയും വാർദ്ധക്യത്തേയും സഹാനുഭൂതിയോടെ നോക്കിക്കാണാൻ കഴിയുമോ?



സമൂഹത്തിന്റെ മറ്റുമേഖലകളിൽ എത്ര തലങ്ങളിൽ തിരസ്കൃതരാകുന്ന എത്ര മനുഷ്യരുടെ കഥകൾ കണക്കിലെടുക്കാതെയാണ് ബാല്യത്തിന്റെയും വാർദ്ധക്യത്തിന്റെയും മാത്രം കാര്യം നാം ഇവിടെ പരിഗണിച്ചത്. തിരസ്കരിക്കപ്പെടുന്ന എല്ലാ നിസ്സഹായർക്കുമായി വിശക്കുന്ന, വിശന്നു കരയുന്ന നിരാലംബരായ അഗതികൾക്കായി ഈ ഫീച്ചർ സമർപ്പിക്കുന്നു. സി. ആർ. പരമേശ്വരന്റെ പ്രകൃതി നിയമത്തിൽനിന്ന്—

“ പുറത്ത് ഉച്ഛിഷ്ടങ്ങൾക്കായി ആരും കാത്തുനിൽക്കാത്തതിനാൽ, അപരാധചിന്തകൾ ഇല്ലാതെ, ആർത്തും, ആഹ്ലാദിച്ചു ചിരിച്ചും, സ്വാദിഷ്ട വിഭവങ്ങൾ നിറഞ്ഞു കവിയുന്ന ഒരു തീൻമേശയ്ക്ക് ചുറ്റും ഒരു പാടു മനുഷ്യരൊന്നിച്ചിരുന്ന് ഉണ്ണുന്ന ആ വിരുന്ന് എന്നാണ്........?

---




ജന്മാന്തരങ്ങളുടെ താളുകൾക്കിടയിൽ മാനം കാണാതെ സൂക്ഷിച്ചുവയ്ക്കാൻ ഒരു മയിൽപ്പീലിതുണ്ടുകൂടി.

1992 ജനുവരി 23 ബുധൻ
സമയം രാവിലെ 5 മണി.

ദേവമാതാകോളേജിലെ എൻ. എസ്. എസ്. യൂണിററിന്റെ ആഭിമുഖ്യത്തിൽ ഉള്ള ദേവമാതാ നേച്ചർ ക്ലബ്ബിലെ അംഗങ്ങൾ കോളേജിന്റെ പടിക്കൽ ബസ്സുകാത്തു നില്ക്കുന്നു. പരിസ്ഥിതി പഠനത്തിനായി ഇടുക്കിയിലുള്ള മുല്ലക്കുടിയിൽ എത്തുകയായിരുന്നു ഉദ്ദേശം.

തലേദിവസം പകൽ എരിഞ്ഞടങ്ങുന്നതിനുമുമ്പായി കുട്ടികൾ കോളേജിലെത്തിച്ചേർന്നിരുന്നു. അല്പനേരത്തെ മൗന പ്രാർത്ഥനയ്ക്കുശേഷം ഒരു പഠനയാത്രയെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങളുടെ നിറക്കൂട്ടുകൾപേറി ഞങ്ങൾ യാത്രയ്ക്കൊരുങ്ങി

5.25 ആയപ്പോൾ കോട്ടയത്തേക്കുള്ള ഓർഡിനറി ബസ്സിൽകയറി. കഥകളോടും ഗാനങ്ങളോടുമൊപ്പം രസകരമായ യാത്ര. പതിമൂന്ന് ആൺകുട്ടികളും പന്ത്രണ്ട് പെൺകുട്ടികളും അടങ്ങുന്ന യാത്ര സംഘം നയിച്ചിരുന്നത് ശ്രീ. ററി. ററി. തോമസ്, ബാബു ജോസഫ്, സിറിയക് സെബാസ്ററ്യൻ എന്നീ അദ്ധ്യാപകരായിരുന്നു.

6 മണിയായപ്പോൾ കോട്ടയത്തുനിന്നും തേക്കടി ഫാസ്ററിൽ കയറി. പല സ്ഥലത്തും അല്പനേരം വിശ്രമിച്ചതിനുശേഷം വീണ്ടും ഞങ്ങളുടെ യാത്ര തുടർന്നു. യാത്രാമദ്ധ്യേ ചെങ്കുത്തായ കുന്നുകൾ മൂടൽമഞ്ഞിനാൽ ആവരണം ചെയ്യപ്പെട്ടു കിടക്കുന്ന കാട്ടുപ്രദേശങ്ങൾ ആകാശം മുട്ടെ വളർന്നുനില്ക്കുന്ന മരങ്ങൾ ഇവയെല്ലാം ഞങ്ങളിൽ അത്ഭുതമുണർത്തി. കിഴക്കൻ മലമടക്കുകളിൽ ഒരു സിന്ദൂരപ്പൊട്ടുപോലെ കാണപ്പെട്ട മൊട്ടക്കുന്നുകളും അവയ്ക്കുതാഴെ കാണുന്ന ഭൂരുഹങ്ങളും പാമ്പനാർ തേയിലത്തോട്ടവും ഏവരുടേയും മനസ്സിനെ കുളിരണിയിച്ചു. ചൂളം വിളിച്ചെത്തുന്ന കാററിന്റെകാതിൽ ഇക്കിളിയോടെ കിന്നാരം പറയുന്ന കിളികളുടെ മധുരശബ്ദം കാടിന്റെ

വിജനതയ്ക്കു ഭംഗം കുറിച്ചു.

അങ്ങനെ ദീർഘനേരത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ തേക്കടിയിലെത്തി. റെയ്ഞ്ചർ ആഫീസർ ശിവദാസൻസാറും മറ്റും ഞങ്ങളെ ഹാർദ്ദമായി സ്വീകരിച്ചു. ഉച്ചഭക്ഷണത്തിനുവേണ്ടി ഞങ്ങൾ ഗസ്റ്റ് ഹൗസിലേക്കു തിരിച്ചു.

ഊണിനുശേഷം രണ്ടുമണിയോടുകൂടി ഞങ്ങൾ വീണ്ടും തേക്കടിയിലെത്തി. രണ്ടു മണിക്കൂർ നേരത്തെ ബോട്ടുയാത്രയ്ക്കിടയിൽ പ്രകൃതിയുടെ അഭൗമമായ സൗന്ദര്യം ആസ്വദിക്കാൻ കഴിഞ്ഞു. വെള്ളം കെട്ടിനിർത്തി ഡാം ( Mullakkudy ) പണിതതിനാൽ 'നൂറ്റാണ്ടുകൾ തടവിൽ കഴിയേണ്ടിവന്ന' പാവം മരങ്ങൾ ബോട്ടുയാത്രയിൽ ഞങ്ങളുടെ മനസ്സിൽ ദുഃഖത്തിന്റെ കണികവിതറി

മലമടക്കുകൾക്കിടയിൽ നീണ്ടു പരന്നതും ഇടുങ്ങിയതുമായ താഴ്വരകൾ. അകലെക്കാണുന്ന നീലമലകൾ അടുത്തുവരുന്തോറും കൂടുതൽ വ്യക്തമായിത്തുടങ്ങി. കറുത്തനിറവും കഴുത്തിൽമാത്രം വെളുപ്പു നിറവുമുള്ള പക്ഷികൾ അവിടെ സാധാരണമാണ്. ഇനിയും മരിച്ചിട്ടും മറിയ്ക്കാതെ നില്ക്കുന്ന കൂറ്റൻ മരങ്ങളുടെ ചോടുകൾ ഈ പക്ഷികളുടെ ഇടത്താവളങ്ങൾ ആണ്.

ബോട്ട് തീരമണഞ്ഞപ്പോൾ സമയം അഞ്ചുമണിയോടടുത്തിരുന്നു മുല്ലക്കുടി റെയ്ഞ്ച് ക്വാർട്ടേഴ്സിൽ ഞങ്ങൾക്കു താമസിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിരുന്നു. 7 മണിയോടുകൂടി ശിവദാസൻ സാറിന്റെ വിജ്ഞാനപ്രദമായ ക്ലാസ്സിൽ വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളെപ്പറ്റിയും അതിലൊന്നായ തേക്കടിയിലെ Periyar tiger reserve wild life ലെ മൃഗങ്ങളെപ്പറ്റിയും അദ്ദേഹം വിശദീകരിച്ചു. റെയ്ഞ്ചർ ആഫീസിലെ ഗാർഡ്മാരായ രവീന്ദ്രൻ സാറിനേയും ശങ്കരൻപിള്ള സാറിനേയും പരിചയപ്പെടാൻ കഴിഞ്ഞു ഊണിനുശേഷം സിനിമാപ്രദർശനം ഉണ്ടായിരുന്നു. കാടിന്റെ മക്കളുടെ വികൃതികളും ക്രൂരതകളും കാണുവാൻ കഴിഞ്ഞു.

സൂര്യകിരണങ്ങൾ ഭൂമിയിലെത്തും മുമ്പേ ഞങ്ങൾ ഉണർന്നു. ഏകദേശം 9 മണിയോടെ ഞങ്ങൾ കാടുകാണാൻ പുറപ്പെട്ടു. കാടിന്റെ വിജനതയ്ക്ക് ഭംഗംവരുത്താതിരിക്കാൻ ഞങ്ങൾ ആവുന്നത്ര ശ്രമിച്ചു. നാനാവിധത്തിലുള്ള പക്ഷികളേയും ചെറുജന്തുക്കളേയും കാണാൻ ബൈനോക്കുലർ സഹായിച്ചു. ശത്രുക്കളുടെ വരവ് അറിയിക്കുന്നതിനുള്ള ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് കരിങ്കുരങ്ങ്, മലയണ്ണാൻ തുടങ്ങിയ മൃഗങ്ങൾ വനാന്തർ ഭാഗങ്ങളിലേയ്ക്ക് ഓടി മറയുന്നുണ്ടായിരുന്നു. ആനക്കൂട്ടം ഇറങ്ങിയിട്ടുണ്ടെന്നറിഞ്ഞ് ഞങ്ങൾ മുന്നിൽക്കണ്ട തെളിഞ്ഞ പാതയിലൂടെ നടന്നു. ഈ യാത്ര ഞങ്ങളിൽ ആവേശവും സന്തോഷവും പകർന്നു. ഓരോ മൃഗത്തെപ്പറ്റിയും അവയുടെ ശബ്ദങ്ങളെക്കുറിച്ചും ശിവദാസൻ സാർ വിശദീകരിച്ചുതന്നു. കാടിന്റെ മധ്യഭാഗത്തുള്ള ഒബ്സർവേഷൻ പോസ്റ്റിൽ നിന്നുകൊണ്ട് ഞങ്ങൾ കാനനഭംഗി വീക്ഷിച്ചു. വളഞ്ഞു കിടക്കുന്ന ഊടുവഴിയിലൂടെ ഞങ്ങൾ സഞ്ചരിക്കുമ്പോൾ അനേകം പക്ഷികളെ കാണാനിടയായി. ഒരു പക്ഷേ അവ ദേശാടന പക്ഷികൾ ആയിരുന്നിരിക്കാം. കുറെ ദൂരം സഞ്ചരിച്ച് ഞങ്ങൾ പെരിയാറിന്റെ തീരത്തെത്തി. നീർനായ്, കാട്ടുനായ്, കാട്ടുപന്നി മുതലായ വന്യജന്തുക്കളെ കാണാൻ കഴിഞ്ഞെങ്കിലും ഈ യാത്ര വളരെ ദുർഘടം പിടിച്ചതായിരുന്നു. ഊണിനു സമയമായപ്പോൾ ഞങ്ങൾ ക്വാർട്ടേഴ്സിൽ തിരിച്ചെത്തി. ഊണിനുശേഷം ശിവദാസൻ സാറിന്റെ ക്ലാസ്സും ഫിലിം ഷോയും ഉണ്ടായിരുന്നു.

രാത്രിയിൽ ഫോറസ്റ്റ് അധികൃതരുടെ അഭ്യർത്ഥന പ്രകാരം അധ്യാപകരും കുട്ടികളും ഓരോരോ കലാപരിപാടികൾ അവതരിപ്പിച്ചു. കാടിന്റെ സൗന്ദര്യം എല്ലാവരുടേയും കൺകോണുകളിൽ തങ്ങിനിൽക്കുന്നതു കൊണ്ടാവാം ആർക്കും ഉറങ്ങാൻ കഴിഞ്ഞില്ല. പിറേറന്ന് രാവിലെ കാപ്പിക്കു ശേഷം മടക്കയാത്രയ്ക്കൊരുങ്ങി. ശങ്കരപ്പിള്ള സാറിനേയും രവീന്ദ്രൻ സാറിനേയും തീരത്തു നിർത്തികൊണ്ട് ആ വെള്ളിയോടം ഞങ്ങളേയും വഹിച്ചുകൊണ്ട് യാത്രയായി. നിശബ്ദമായി യാത്രാമൊഴികൾ നേരുമ്പോൾ പെരിയാറിന്റെ ഓളങ്ങൾ പിൻവിളി വിളിച്ചുവോ ? പിന്നിട്ട ദൂരങ്ങളെ അനുഗമിച്ച് മുന്നിലുള്ള ദൂരവും കടന്നു പോയി. അങ്ങനെ ഞങ്ങൾ തേക്കടിയിലെത്തിച്ചേർന്നു

അജ്ഞതയുടെ കൗതുകവുമായി എല്ലാം കണ്ടറിയുവാൻ എത്തിയ ദേശാടന പക്ഷികൾ മടക്കയാത്രയ്ക്കൊരുങ്ങുന്നു. പിൻവിളി വിളിയ്ക്കാൻ ഇനി ഓർമ്മകൾ മാത്രം.

ബാബുമോൻ പി. എസ്
I D C English

# A SHAKESPEAREAN COMEDY

There were two young lovers......'ROMEO AND JULIET'. They lived in a 'Hamlet'. Their marriage was fixed for the 'TWELFTH NIGHT'. The 'TWO GENTLE MEN OF VERONA' were the best men. They bought the wedding – ring from 'THE MERCHANT OF VENICE' The wedding banquet was cooked by the 'MERRY WIVES OF WINDSOR'. Among the royal guestes were 'KING LEAR' and 'JULIUS CAESAR', and the distinguished couple 'ANTONY AND CLEOPATRA' Their wedded life was as rosy as 'MIDSUMMER NIGHT'S DREAM', till the bride began to show her true colours and the groom found himself faced with the problem of 'THE TAMING OF THE SHREW'. There was a 'TEMPEST' of lovers' quarrels. Finally due to the good advice of the bride's brother 'OTHELLO' the two young lovers were made to see that they were making 'MUCH ADO ABOUT NOTHING' and were happily united. And 'ALL'S WELL THAT ENDS WELL'

Collected by:
N. K. Sunny.
II D. C. English Literature.





# HUMAN BONDAGE

Born somewhere, to be brought up somewhere else
Burdeneb life ever haunts us everywhere;
Inevitable Human Bondage to bind us.
The Iron-like thread to intertwine us!
Heaven and Hell exist on the good Earth!
'Haves and Havenot's Live on the good Earth!

We love to live, live to love, and vice versa
Jove gives us pains and gains
Human bondage, full of sorrows and Happiness!

'Cardle–stage sets on the Bondage
Then, stage after stage, we cross
All states of Unavoidable bondage!!
Like oveanic waves our minds' waves.
Heaven to Earth we scarch for peace
In explicable, how such a unique life has no peace!

Aby Varghese,
III D. C. English.



നരസിംഹറാവു ഗവൺമെൻറ് ഇന്ത്യൻ സാമ്പത്തികരംഗത്ത് വിപ്ലവകരമായ മാററങ്ങൾക്ക് തുടക്കം കുറിച്ചിരിയ്ക്കയാണല്ലോ. 40 വർഷത്തിലേറെക്കാലം നെഹ്രുവിയൻ സോഷ്യലിസത്തിലൂടെയും മിശ്ര സമ്പദ്‌വ്യവസ്ഥയിലൂടെയും സ്വയം പര്യാപ്തതനേടുവാൻ ശ്രമിച്ച ഭാരതം ഇപ്പോൾ കമ്പോള സമ്പദ് വ്യവസ്ഥയിലേയ്ക്ക് ചുവട് മാററി ചവിട്ടുകയാണ്. ഇന്നലെകളിൽ നമ്മുടെ സാമ്പത്തിക, വ്യാവസായിക, ഖനന, കരകൗശല മേഖലകളിൽ നിലനിന്നിരുന്ന സർക്കാരിൻെറ സമ്പൂർണ്ണാധിപത്യം അവസാനിക്കുകയാണ്. പൊതുമേഖലയുടെ അമിതപ്രാധാന്യം അവസാനിപ്പിക്കാനും സ്വകാര്യ മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകുവാനും ഗവൺമെൻറ് തീരുമാനിച്ചിരിയ്ക്കുന്നു.

ഇന്നലെകളിൽനിന്നുള്ള ഈ കൂതറിമാററം ആവശ്യമായിരുന്നോ, അഭിലഷണീയമാണോ, എന്നതിനെപ്പററി സാമ്പത്തിക വിദഗ്ധർക്കിടയിലും സാധാരണക്കാർക്കിടയിലും അഭിപ്രായ ഐക്യമില്ല. സൃഷ്ടിപരമായ ഒരു വിവാദവും ചർച്ചയും ഈ വിഷയത്തിൽ ആവശ്യമാണിന്ന്. വിഷയത്തിൻെറ കാലിക പ്രാധാന്യം കണക്കിലെടുത്ത് രണ്ട് വ്യത്യസ്ത വീക്ഷണങ്ങൾ ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു.

(പത്രാധിപർ)

# ഇന്ത്യ പുരോഗതിയുടെ പാതയിലേക്ക്



നരസിംഹറാവു ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയം ഒട്ടേറെ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും അവസരമൊരുക്കിയിരിക്കയാണ്. വ്യക്തിയുടെയായാലും സമൂഹത്തിന്റെയായാലും വളർച്ചയുടെ പ്രധാനഘട്ടങ്ങളിൽ മാറ്റങ്ങൾ ആവശ്യമായിവരാറുണ്ട്. പക്ഷേ മാറ്റങ്ങൾ ഉൾക്കൊള്ളാൻ പലർക്കും ബുദ്ധിമുട്ടാണ്. ശീലിച്ചുപോയ കാര്യങ്ങൾ, അവ നിഷ്പ്രയോജനമാണെങ്കിൽ പോലും, പരിത്യജിക്കുക അവർക്കുവിഷമമാണ്.

പുതിയ സാമ്പത്തികനയത്തെ എതിർക്കുന്നവർ ഉന്നയിക്കുന്ന പ്രധാന വാദങ്ങൾ നോക്കാം. കമ്പോളസമ്പദ് വ്യവസ്ഥയിലേക്കുള്ള മാറ്റം സമ്പന്നവിഭാഗത്തിനു മാത്രമേ ഗുണം ചെയ്യുകയുള്ളൂ; I. M. F. വായ്പ ഇന്ത്യയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ അപകടപ്പെടുത്തും; ഇറക്കുമതി നിയന്ത്രണങ്ങൾ മയപ്പെടുത്തുന്നത് ഇന്ത്യൻ വ്യവസായരംഗത്തെ തളർത്തും; വ്യവസായത്തിൽ 51% വിദേശമൂലധനം അനുവദിക്കുന്നത് ഇന്ത്യയെ വീണ്ടും വിദേശശക്തികളുടെ ഒരു കോളനിയാക്കും. പൊതുമേഖലയുടെ പ്രാധാന്യം കുറയ്ക്കുന്നതും സ്വകാര്യമേഖലയ്ക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നതും വിലക്കയറ്റം വർദ്ധിപ്പിക്കും; ഇങ്ങനെ പോകുന്നു അവരുടെ വാദങ്ങൾ. പക്ഷേ പകരമൊരു പോംവഴിനിർദ്ദേശിക്കുവാൻ അവർക്കൊട്ടില്ലതാനും.

സോവിയറ്റുയൂണിയനിലും പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസ്റ്റ് സ്വപ്നം തകരുകയും ലോകരാഷ്ട്രങ്ങൾ മിക്കതും, ചൈനയുൾപ്പെടെ, കമ്പോള സമ്പദ് വ്യവസ്ഥയിലേക്ക് മാറുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഇന്ത്യ എന്തുചെയ്യണം ? കാലഹരണപ്പെട്ട പ്രത്യയശാസ്ത്രങ്ങളുടെ നാലുകെട്ടിനുള്ളിൽ വാതിലുകൾ കൊട്ടിയടച്ച് കഴിഞ്ഞുകൂടണമോ ? അതോ നിലനിൽപിനും വളർച്ചയ്ക്കും വേണ്ടിയുള്ള ധീരമായ പുതിയ പരീക്ഷണങ്ങൾ ഏറ്റെടുക്കണമോ ?

സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യദശകങ്ങളിൽ നെഹ്റുവിയൻ സാമ്പത്തികനയം ഇന്ത്യയുടെ പുരോഗതിക്ക് ശക്തമായ അടിത്തറയിട്ടുവെങ്കിലും നെഹ്റുവിനുശേഷം ആ നയത്തിൽ ധാരാളം വെള്ളംചേർക്കൽ നടന്നു. അഴിമതിയും കെടുകാര്യസ്ഥതയും പൊതുമേഖലയെ തളർത്തി. ഉൽപാദനമാന്ദ്യവും വിലക്കയറ്റവും അപകടരേഖകടന്നു. ഈ ദശകത്തിന്റെ ആരംഭമായപ്പോഴേക്കും ഒരാഴ്ചത്തേക്കുള്ള ഇറക്കുമതിക്കുപോലും പണം കൈയ്യില്ലാത്ത അവസ്ഥയിലായിരുന്നു. അടവുശിഷ്ട നിലയിലെ ഭീകരമായ അന്തരം വലിയ സാമ്പത്തികപ്രതിസന്ധി സൃഷ്ടിച്ചു. IMF വായ്പയുടെ പലിശ തിരിച്ചടക്കാൻ പോലും വഴിയില്ലാതെ നാം കുഴങ്ങി. തൽക്കാലം പിടിച്ചുനിൽക്കുവാൻ കൂടുതൽ IMF വായ്പയല്ലാതെ മറ്റു പോംവഴികൾ ഇല്ലാതായി.

180,000 കോടിരൂപാ വിദേശകടവും 200000 കോടിരൂപാ ആഭ്യന്തരകടവും നമുക്കുണ്ട്. മൊത്തം ദേശീയ ഉൽപാദനനിരക്ക് (GDP) 5 മുതൽ 10 വരെ ശതമാനംമാത്രമാണ്. ചെലവുകളാകട്ടെ വൻ വർദ്ധനവിലേക്ക് കുതിക്കുകയുമാണ്. 1980 മുതൽ 1991 വരെ പല മേഖലകളിൽ സർക്കാരിന്റെ ചെലവ് വർദ്ധനവ് താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു വ്യക്തമാവുന്നതാണ്.

| മേഖല | 80-81 | 84-85/ 85-86 | 90-91 |
|---|---|---|---|
| വികസനാനന്തര ചെലവുകൾ | 1241 | 30560 | 73795 |
| ഭരണ ചെലവ് | 1603 | 2781 | 12748 |
| പ്രതിരോധം | 3867 | 7136 | (88-89) 14797 |
| പലിശ | 2057 | 6863 | (91-92) 27000 |
| സബ്സിഡി | 1912 | 6070 | 13050 |

(രൂപ കോടിയിൽ)

വരവു ചെലവുകളിലെ ഭീമമായ അന്തരം, കുതിച്ചുയരുന്ന വിലകൾ, ഉയർന്ന തോതിലുള്ള നാണയപ്പെരുപ്പം, അടവുശിഷ്ട നിലയിലെ കടുത്ത വ്യതിയാനം തുടങ്ങിയ ഭീഷണികളുടെ വെളിച്ചത്തിൽ വേണം പുതിയ സാമ്പത്തികനയങ്ങളുടെ മൂല്യം പരിശോധിക്കുവാൻ.

കർശന നടപടികളിലൂടെ മാത്രമേ ഇന്ത്യൻ സമ്പദ്ഘടനയെ രക്ഷിക്കാനാകൂ എന്നുബോദ്ധ്യമായതുകൊണ്ടാണ് ധനകാര്യമന്ത്രി ഡോ. മൻമോഹൻസിംഗ് മാറ്റങ്ങൾക്കു തുടക്കം കുറിച്ചത്. പുതിയ സാമ്പത്തിക നയത്തെ നാലുപ്രധാന ഘടകങ്ങളായിതിരിയ്ക്കാം.

1. സാമ്പത്തിക ഉദാരവത്ക്കരണം.
2. ഉദാരമായ വാണിജ്യ ക്രമം.
3. ആഭ്യന്തര മത്സരത്തിന്റെ തടസ്സം നീക്കൽ.
4. നാണയപ്പെരുപ്പം കുറയ്ക്കൽ.

അത്തരമൊരു വിപ്ലവാത്മകമായ ഒരുനടപടിയാണ് സാമ്പത്തിക ഉദാരവൽക്കരണം. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ മൊത്തം ചലനവും നിയന്ത്രിച്ചിരുന്ന റിസർവ് ബാങ്ക് ഇനിമേൽ നിർദ്ദേശങ്ങളിലും നയങ്ങളിലും ഒതുങ്ങി നിൽക്കുകയാണ്. നികുതികൾ, താരിഫുകൾ, രൂപയുടെ വിനിമയ സംവിധാനം, പലിശ, ബാങ്കിങ് റേറ്റ് തുടങ്ങിയ എല്ലാ പണനിക്ഷേപങ്ങളിലും റിസർവ്ബാങ്ക് മറ്റു ബാങ്കുകൾക്കും സ്ഥാപനങ്ങൾക്കും ഉദാരമായ നിയന്ത്രണ വ്യവസ്ഥകളനുവദിച്ചു. ഇറക്കുമതി ചുങ്കം 300 ശതമാനത്തിൽ നിന്നു 110 ശതമാനമായി കുറച്ചു. രൂപയുടെ മൂല്യം അതിന്റെ ആവശ്യകതയും ലഭ്യതയുമനുസരിച്ച് നിർണ്ണയിക്കപ്പെടുന്നു അതായത് രൂപ സ്വതന്ത്ര വിനിമയ കറൻസിയാകുന്നു. ഇതിലൂടെ വൻവിദേശ മുതൽ മുടക്കു, സാങ്കേതിക വിദ്യയും ഇന്ത്യയ്ക്കു ലഭിക്കും. (1991 ജൂണിൽ 2600 കോടി രൂപയായിരുന്ന വിദേശനിക്ഷേപം 1992-ൽ 9600 കോടിരൂപയായി വർദ്ധിച്ചു) സബ്സിഡികൾ എടുത്തു കളയുകയോ ഭാഗികമായി നിർത്തലാക്കുകയോ ചെയ്യുന്നതിലൂടെ ഗവൺമെന്റിന് 4000 കോടിയിലേറെ രൂപാ വരുമാനമുണ്ടാകുന്നു. സർക്കാർ സർവ്വീസിലെ ഒഴിവു ചുരുക്കലിലൂടെ ലാഭം 3500 കോടി രൂപാ. പ്രതിരോധ ബജറ്റിൽ ആനുപാതിക വർദ്ധനവില്ലാത്തതുകൊണ്ട് ലാഭം 3000 കോടി രൂപാ.

വ്യാവസായിക, കാർഷിക മേഖലകളിൽ ഉദാരവത്ക്കരണം നടപ്പാക്കുന്നതിലൂടെ, ലൈസൻസുകളും പെർമിറ്റുകളും നീക്കം ചെയ്യുന്നതിലൂടെ, വിപണിയിലെ നിയന്ത്രണങ്ങൾ എടുത്തുകളയുന്നതിലൂടെ, വ്യവസായ കാർഷിക രംഗങ്ങളിൽ പുത്തൻ കുതിച്ചുകയറ്റത്തിനു കളമൊരുങ്ങുകയാണ്. വിദേശ സാങ്കേതിക വിദ്യയും മുതൽ മുടക്കും, ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ മേന്മ വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി ഉയർത്തുന്നതിനും ഇടയാക്കും. പൊതുമേഖലയിൽ 51 ശതമാനംവരെ സ്വകാര്യ, വിദേശ മുതൽ മുടക്ക് അനുവദിക്കുന്നത് പൊതുമേഖലയുടെ ആലസ്യമകറ്റുവാനും ഉൽപാദനവർദ്ധനവിനും വഴിതെളിക്കും. സ്ഥിരമായി നഷ്ടം വരുത്തുന്ന സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്കു കൈമാറുന്നതിലൂടെ സർക്കാരിന്റെ മുതൽ മുടക്ക് നഷ്ടമാവുന്നത് തടയാനും സാധിക്കുന്നു.

നാണയപ്പെരുപ്പം നിയന്ത്രിക്കുകയാണ് ശ്രദ്ധേയവും പ്രധാനവുമായ നടപടി. 1991 ൽ 16ശതമാനത്തിലേറെയായിരുന്നനാണയപ്പെരുപ്പം 11 ശതമാനത്തിലെത്തിക്കുവാൻ പുതിയനയങ്ങൾക്കു സാധിച്ചിട്ടുണ്ട്. അത് 6 ശതമാനത്തിൽ നിർത്തുകയാണ്



ആത്യന്തികലക്ഷ്യം. ബജറ്റ് കമ്മി കുറച്ചുകൊണ്ടും സമൂഹത്തിൻ പണത്തിന്റെ ലഭ്യത കുറച്ചുകൊണ്ടും നാണയപ്പെരുപ്പം കുറയ്ക്കുവാൻ ഗവൺമെന്റു ശ്രമിക്കുകയാണ്.

കാർഷിക മേഖലയിലും കരകൗശലമേഖലയിലും പുത്തൻ സാങ്കേതിക വിദ്യ എത്തിക്കുന്നതിന് സഹായകമാണ് പുതിയ സാമ്പത്തികനയം. കാർഷിക മേഖലയെ വ്യാവസായികാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാനാണ് ശ്രമിക്കുന്നത്.

കാർഷിക, വ്യാവസായിക, വാണിജ്യമേഖലകളിൽ ഒരു പുതിയ ഉണർവാണ് ഇന്ത്യയ്ക്കിന്നാവശ്യം. അലസതയും നിരുത്തരവാദമനോഭാവത്തിന്റെയും നാളുകൾ അവസാനിക്കേണ്ടിയിരിക്കുന്നു. വികസനോന്മുഖമായ പദ്ധതികളും അവയ്ക്കുവേണ്ടി മുതൽ മുടക്കാനുള്ള പ്രോത്സാഹനങ്ങളും ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. പ്രത്യയശാസ്ത്രങ്ങളും മുദ്രാവാക്യങ്ങളുമല്ല പ്രായോഗികവും പ്രവർത്തനക്ഷമവും ആയ നടപടികളാണ് ഇന്ന് രാജ്യത്തിനാവശ്യം. ആ ദിശയിലുള്ള ധീരമായ ഒരു കാൽവയ്പാണ് പുതിയസാമ്പത്തിക നയം എന്ന് നിസ്സംശയം പറയാം.

# മലർപ്പൊടിക്കാരന്റെ സ്വപ്നങ്ങൾ

**സ്വാ**തന്ത്ര്യാനന്തരം നീണ്ടനാല്പതിറ്റാണ്ടുകൾപിന്നിട്ട സമ്മിശ്രസമ്പദ്‌വ്യവസ്ഥയിൽനിന്ന് ഭാരതത്തെ ഒരു കമ്പോളസമ്പദ്‌വ്യവസ്ഥയിലേയ്ക്ക് (Market Economy) മാറ്റുന്നതിനുദ്ദേശിച്ചുള്ള പുതിയൊരു സാമ്പത്തിക നയമാണല്ലോ ധനകാര്യമന്ത്രി ഡോ: മൻമോഹൻസിംഗ് മുന്നോട്ടുവച്ചിട്ടുള്ളത്. പുരോഗതിയിലേക്ക് ഒരു കുതിച്ചു ചാട്ടമാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. പ്രതീക്ഷകളും സ്വപ്നങ്ങളും നല്ലതുതന്നെ. പക്ഷേ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത സ്വപ്നങ്ങൾ സമ്മാനിക്കുക കടുത്ത മോഹഭംഗങ്ങൾ മാത്രമായിരിക്കും.

കാര്യമായ നിയന്ത്രണങ്ങളില്ലാത്ത ഒരു മത്സരവേദിയാണ് കമ്പോളസമ്പദ്‌വ്യവസ്ഥ. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ. ഈ സമ്പദ്‌വ്യവസ്ഥസ്വീകരിയ്ക്കാവുന്ന അവസ്ഥയിലെത്തിയിട്ടുണ്ടോ നമ്മുടെ രാജ്യം എന്ന് ആദ്യം തന്നെപരിശോധിക്കേണ്ടിയിരിക്കുന്നു. ജനസംഖ്യയിൽ ഗണ്യമായ ഒരുഭാഗം ഇന്നും ദാരിദ്ര്യത്തിലും നിരക്ഷരതയിലും കഴിയുന്ന നാടാണ് നമ്മുടേത്. ഇവിടത്തെ ഒരു ന്യൂനപക്ഷമായ ഉപരിവർഗ്ഗത്തിനു മാത്രമേ കമ്പോളവ്യവസ്ഥിതി ഗുണം ചെയ്യുകയുള്ളൂ. അവർക്കു മാത്രമേ കമ്പോളത്തിൽ മത്സരിക്കാൻ ശക്തിയുള്ളൂ. സമൂഹത്തിന്റെ മുകളിലത്തെതലങ്ങളിൽ നിന്ന് പുരോഗതിയുടെ പ്രയോജനം താഴേക്ക് ഊർന്നിറങ്ങുമെന്നാണ് ധനകാര്യ മന്ത്രിയുടെ പ്രതീക്ഷ. ഇത് ഒരു ഭംഗിവാക്കിൽ കവിഞ്ഞ് ഒന്നുമാകുന്നില്ല.

അന്തർദ്ദേശീയ നാണ്യനിധി (I. M. F.)യിൽ നിന്ന് വാങ്ങിയിരുന്ന കടത്തിന്റെ പലിശ

വേണ്ടി വീണ്ടും കടമെടുത്തതും, നമ്മുടെ വ്യവസായ വാണിജ്യനയങ്ങളിൽ I. M. F. ന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്തിയതും, ദീർഘവീക്ഷണമില്ലാത്ത നടപടികളായിപ്പോയി. പണക്കാരനോടു കടം വാങ്ങി ഫ്രിഡ്ജും, ടി. വി. യുമൊക്കെ വാങ്ങിക്കുന്ന പാവപ്പെട്ടവൻ അവസാനം തന്റെ പറമ്പും പുരയിടവും പണയപ്പെടുത്തേണ്ടിവരും. ഇന്ത്യയും വൻതോതിൽ കടം വാങ്ങുന്ന പണം ഉപയോഗിക്കുന്നത് അടിസ്ഥാനാവശ്യങ്ങൾക്കല്ല ആഡംബരങ്ങൾക്കും ആർഭാടങ്ങൾക്കുമാണ്. ഉപഭോഗസംസ്കാരത്തിന്റെ പുറം മോടിയിൽ നാം, മയങ്ങിപ്പോയിരിക്കുന്നു. ഈ പോക്ക് അപകടത്തിലേക്കല്ലാതെ എങ്ങോട്ടാണ്?

വിദേശ മുതൽ മുടക്കിനെ സ്വാഗതം ചെയ്യുന്ന പുതിയ വ്യവസായനയം. 51 ശതമാനം വരെ വിദേശമൂലധന നിക്ഷേപം അനുവദിക്കും. വിദേശമൂലധനം ഇങ്ങോട്ടൊഴുകുകയും ഇവിടെ വ്യവസായങ്ങൾ തഴച്ചുവളരുകയും അതിന്റെ ഫലമായി നമുക്ക് വൻപുരോഗതിയുണ്ടാവുകയും ചെയ്യുമെന്നാണ് ഗവൺമെന്റ് അവകാശപ്പെടുന്നത്. പക്ഷെ മൂലധനം നിക്ഷേപിക്കുന്ന വിദേശ കുത്തകകളുടെ ലക്ഷ്യം ലാഭമാണ്. ഇന്ത്യയുടെ മണ്ണിൽ ഇവിടത്തെ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചും ഇവിടത്തെ തൊഴിലാളികളെ ഉപയോഗിച്ചും കുറഞ്ഞ ചെലവിൽ സാധനങ്ങൾ ഉൽപാദിപ്പിക്കാനും അവ ഇവിടെ വിററ് ലാഭം കൊയ്യാനുമാണ് അവർ വരുന്നത്. അങ്ങനെ നാം വീണ്ടും, സമ്പന്നരാജ്യങ്ങളുടെ ഒരു കമ്പോളമാവുകയും അവരുൽപാദിപ്പിക്കുന്ന സാധനങ്ങൾ അവർ നിശ്ചയിക്കുന്ന വിലയ്ക്കുവാങ്ങേണ്ട സ്ഥിതിയിലെത്തുകയുമായിരിക്കും പുതിയ വ്യവസായനയത്തിന്റെ ആത്യന്തിക ഫലം.

വ്യവസായമേഖലയിലെ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതും, പൊതുമേഖലാവ്യവസായങ്ങളുടെ പരിധി കുറച്ചതും M. R. T. P. ചട്ടങ്ങൾ പൊളിച്ചെഴുതിയതുമൊക്കെ കുത്തകവ്യവസായികൾക്കു ഗുണം ചെയ്യുമെങ്കിലും രാജ്യത്തിന്റെ പൊതുനന്മയ്ക്ക് പ്രയോജനപ്പെടുകയില്ല.

രൂപയുടെ മൂല്യശോഷണവും കയറ്റുമതി ഇറക്കുമതി നിയമങ്ങളിലെ ഉദാരവത്ക്കരണവും ഗവൺമെന്റ് കൊട്ടിഘോഷിയ്ക്കുന്ന ഗുണം ചെയ്യുമോ എന്ന് സംശയമാണ്. രൂപയുടെ മൂല്യം 25 ശതമാനത്തോളം കുറച്ചത് കയറ്റുമതി വർദ്ധിയ്ക്കുമെന്ന പ്രതീക്ഷയിലാണ്. പക്ഷേ വില കുറച്ചതുകൊണ്ട് മാത്രം വിൽപന നടക്കുകയില്ല. സാധനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തണം അതോടൊപ്പം. രൂപയുടെ മൂല്യശോഷണം മൂലം ഇറക്കുമതി വസ്തുക്കളുടെ വില വർദ്ധിയ്ക്കും. അവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾക്കും വിലവർദ്ധിയ്ക്കും. ഇവ വാങ്ങേണ്ടി വരുന്ന നമുക്ക് സാമ്പത്തിക ഭാരം വർദ്ധിക്കുകയും ചെയ്യും. ആഭ്യന്തര ആവശ്യമായിരിയ്ക്കണം കയറ്റുമതി ഇറക്കുമതി നയത്തെ നിയന്ത്രിയ്ക്കുന്ന ഘടകം. അതു കണക്കിലെടുത്തുള്ള വാണിജ്യനയം ഗുണത്തേക്കാളേറെ [illegible] ഇറക്കുമതി സാധനങ്ങൾക്കു വിദേശവ്യവസായങ്ങളെ മാത്രമായി ആശ്രയിക്കും. ഇന്ത്യൻ വ്യവസായരംഗം തളരുകയായിരിയ്ക്കും അതിന്റെ അനിവാര്യമായ ഫലം.

സബ്സിഡികളോടുള്ള പുതിയ സമീപനവും ഒരു സമ്പന്നരാഷ്ട്രത്തിനു മാത്രം യോജിച്ചതാണ്. ഭക്ഷ്യസബ്സിഡി വെട്ടിക്കുറച്ചതും രാസവള സബ്സിഡി എടുത്തുകളഞ്ഞതും ഗവൺമെന്റിന് വലിയ ലാഭമുണ്ടാക്കിയെന്ന് പറയുന്നു. പക്ഷെ ക്ലേശമനുഭവിക്കുന്ന പാവപ്പെട്ടവന്റെ ചെലവിലാണ് ഈ ലാഭമെന്നോർക്കണം. അതുപോലെ വളങ്ങൾക്കുവിലകൂടുമ്പോൾ കാർഷികമേഖല തളരും. കൃഷി കൂടുതൽ നഷ്ടമാകും. കാർഷികോൽപന്നങ്ങൾക്ക് വില വർദ്ധിപ്പിച്ച് നഷ്ടം നികത്തുവാൻ കർഷകർക്ക് സാധ്യമല്ലാത്തതു കൊണ്ട് കാർഷികരംഗം തകരും. ഭക്ഷ്യവസ്തുക്കൾ, ധാന്യവിളകൾ ഇതെല്ലാം മണ്ണിൽ നിന്നാണ് ഉൽപ്പാദിപ്പിക്കേണ്ടത് എന്നും അവ വ്യവസായ വാണിജ്യങ്ങളുടെയെല്ലാം അടിസ്ഥാനമെന്നും ഗവൺമെന്റ് മനസ്സിലാക്കുമ്പോഴേയ്ക്കും കാലം വൈകിപ്പോയിരിയ്ക്കും.

സാമൂഹ്യ മേഖലയിൽ വരുത്തിയ പരിഷ്കാരങ്ങളും വില വർദ്ധനവിന് കാരണമാകും. ബാങ്കുകൾ മൊത്തം വായ്പയുടെ 40 ശതമാനം മുൻഗണനാമേഖലയ്ക്ക് കുറഞ്ഞ പലിശയ്ക്ക് നൽകിയിരുന്നത് 10 ശതമാനം ആക്കി കുറച്ചിരിയ്ക്കുന്നു. ഇതിന്റെ ഫലമായി കർഷകർക്കും ദുർബല വിഭാഗങ്ങൾക്കുമുള്ള വായ്പാലഭ്യത കുറയും. പലിശനിരക്ക് കൂട്ടുകയും ചെയ്യും. വ്യവസായികളും വായ്പയ്ക്ക് വലിയ പലിശ നൽകണം. ഉൽപാദനച്ചെലവിന്റെ വർദ്ധനവും വിലവർദ്ധനവും ആയിരിയ്ക്കും ഇതിന്റെ ഫലം.

നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസേർച്ചിന്റെ കണക്കുകൾ കാണിക്കുന്നത്, ഒരു വർഷം പിന്നിട്ട പുതിയ സാമ്പത്തിക നയം നേട്ടങ്ങളേക്കാൾ കോട്ടങ്ങൾ സമ്മാനിച്ചിരിക്കുന്നു എന്നാണ്. 8 ശതമാനം ആയിരുന്ന വ്യവസായ വളർച്ചനിരക്ക് 1 ശതമാനം ആയികുറഞ്ഞു. G. D. P. യിലും കുറവുണ്ടായിട്ടുണ്ട്.

പുതിയ സാമ്പത്തിക നയങ്ങളുടെ സ്വഭാവത്തിൽ മാത്രമല്ല അവ നടപ്പാക്കിയ രീതിയിലും, വിമർശന വിധേയമായ പലതുമുണ്ട്. അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളുടെ കരങ്ങൾ ഈ നയങ്ങൾക്കുപിന്നിൽ വ്യക്തമായി കാണാം. അഭിപ്രായസമന്വയത്തിനവസരം നൽകാതെ വളരെ തിടുക്കത്തിലാണ് ഈ നയങ്ങൾ നടപ്പാക്കിയത് എന്നതും മറന്നുകൂടാ. I. M. F. ന്റെ അധീനതയിലായ പല രാജ്യങ്ങൾക്കുമുണ്ടായ സാമ്പത്തികത്തകർച്ചയും നാം വിസ്മരിച്ചുകൂടാ.

മലർപ്പൊടിക്കച്ചവടത്തിലൂടെ ലഭിയ്ക്കാൻ പോകുന്ന സുഖസമൃദ്ധിയെപ്പററി സ്വപ്നം കണ്ട് ശ്രദ്ധതിരിക്കാതെ തന്റെ കൈവശമുണ്ടായിരുന്ന മലർപ്പൊടി കൂടി കളഞ്ഞു കുളിച്ച കഥ നമുക്കറിയാം. മൻമോഹൻ സിംഗിന്റെ സ്വപ്നങ്ങൾ മലർപ്പൊടിക്കാരന്റേതിൽ നിന്നു വ്യത്യസ്തമാണെന്നു വിശ്വസിക്കുവാൻ യാഥാർത്ഥ്യ ബോധം തന്നെ അനുവദിക്കുന്നില്ല.

ജിമ്മോ ലൂക്കോസ്,
(I. P. D. C.)

DID YOU KNOW THAT ?

3 x 37 = 111
6 x 37 = 222
9 x 37 = 333
12 x 37 = 444
15 x 37 = 555
18 x 37 = 666
21 x 37 = 777
24 x 37 = 888
27 x 37 = 999

0 x 9 + 8 = 8
9 x 9 + 7 = 88
98 x 9 + 6 = 888
987 x 9 + 5 = 8888
9876 x 9 + 4 = 88888
98765 x 9 + 3 = 888888
987654 x 9 + 2 = 8888888
9876543 x 9 + 1 = 88888888
98765432 x 9 + 0 = 888888888

Collected by JIJO MATHEW
Ist D C Maths

# വെറുമൊരുതമാശയ്ക്ക് ബലി കൊടുത്ത സാഹിത്യാഭിമാനം

നാഴികകൾക്കകലെ ബോംബെയിലെ
തന്റെ വസതിയിലിരുന്ന് എം. പി.
നാരായണപിള്ള പടച്ചുവിട്ട ഒരു തമാശ
സാഹിത്യത്തിലെ ഗോത്രകലഹങ്ങൾക്ക്
വഴിവച്ചു. സ്വന്തം നോവലായ 'പരിണാമ'-
ത്തിന് അവാർഡ് നൽകിയ കേരള
സാഹിത്യ അക്കാദമിയെ – കുഷ്‌വന്ത്സിംഗ്
മുതൽ കെ. കരുണാകരനെവരെ കളിയാക്കി
യിട്ടുള്ള നാരായണപിള്ള വെറുതെവിട്ടില്ല.
കേരളത്തിലെ നികുതിദായകരായ ജനങ്ങളിൽ
ഒരു ശതമാനം പോലും 'പരിണാമം' വായിച്ചിരിക്കാൻ
ഇടയില്ലാത്തതുകൊണ്ട് അവാർഡായി
ഖജനാവിലെ പണം സ്വീകരിക്കാൻ തടസ്സമുണ്ടത്രെ
നാരായണപിള്ളയെ നേരിടാൻ അക്കാദമി രണ്ടും
കൽപ്പിച്ചിറങ്ങിയതോടെ ഈ ഫലിതം സാഹിത്യാ
ഭിമാനം ബലികഴിച്ച വിവാദത്തിന് കളമൊരുക്കി
കൂടുതൽ എഴുത്തുകാർ ഈ വിവാദത്തിൽ
കക്ഷിചേർന്നതോടെ പത്രമാസികകളിൽ ഇത്
ചൂടാറാത്ത ചർച്ചാവിഷയമായി.
അക്കാദമിയ്ക്കെതിരെ, സാഹിത്യഅക്കാദമി വിശിഷ്ട
അംഗംകൂടിയായഅഴീക്കോട് രംഗത്ത്വന്നതോടെസാഹിത്യ
ലോകമാകെ ഇളകിമറിഞ്ഞു
ഒരു ഫലിതത്തിന്റെ തമാശ
മനസ്സിലാക്കാതെ പുലഭ്യം പറച്ചിലിലും
അവാർഡുകളുടെയും വിശിഷ്ടാംഗത്വത്തിന്റെയും
തിരിച്ചേൽപിക്കലിലും സമാപിച്ച ഈ
അസംബന്ധം മലയാള സാഹിത്യത്തിന്
ചേർന്നതാണോ ?

പ്രശസ്ത സാഹിത്യകാരനായ ഒ. വി. വിജയൻ പറഞ്ഞത് തന്നെ കുറിക്കട്ടെ " ഇത് നാണപ്പന്റെ ഒരു തമാശയാണ്. കമ്മ്യൂണിസം തകർന്നതിൽപ്പിന്നെ മറ്റൊരു വിഷയം കിട്ടാതെ മുഷിഞ്ഞിരുന്ന മലയാളികൾ ഇതിനെ വലിയൊരു പ്രശ്നമാക്കിത്തീർത്തുവെന്ന് മാത്രം "

എൻ. മുരളീധരൻപിള്ള,
മൂന്നാംവർഷ ഇംഗ്ലീഷ്








ജോമോൻ ജോസഫ്
ചെയർമാൻ

ബിനി ജോൺ
വൈസ് ചെയർമാൻ







സജ്ജി. വിയു.
എഡിറ്റർ

ബോസ്കിൻ
ജന: സെക്രട്ടറി


ഹരീഷ്. എസ്
ആർട്സ് ക്ലബ്ബ്
സെക്രട്ടറി



കൗൺസിലേഴ്സ്

സോണി. പി. എസ്

ജോസഫ് അഗസ്റ്റിൻ



# പ്രതിനിധികൾ

വനിതാപ്രതിനിധികൾ


ഗീതാറോയ് കെ. പി.


സിംപിൾ സിറിയക്


## യൂണിറ്റ് അംഗങ്ങൾ


ജീവൻ ഷ



റോയി പി. സ്കറിയ
ഒന്നാംവർഷ പ്രീഡിഗ്രി


അനോഷ് ജോർജ്
രണ്ടാം വർഷപ്രീഡിഗ്രി


ജയകുമ
വി. ജെ


സജിത്ത് ഇമ്മാനുവൽ
ഒന്നാം വർഷഡിഗ്രി


ജയ്സൺ ജോസഫ്
രണ്ടാം വർഷഡിഗ്രി


ഷാജി കുര്യൻ
മൂന്നാം വർഷഡിഗ്രി



ആൽ
ബേബി



ശ്രീകുമാർ
ഒന്നാം വർഷ പി. ജി


അജിത്ത്
രണ്ടാം വർഷ പി. ജി.

## സബ് എഡിറ്റേഴ്സ്




ശ്രീകുമാർ എസ് സാന്റി പോൾ ഷാജി കെ. ജി.




**ജീ**വിതത്തിലെ ഒരു നാഴികക്കല്ലുകൂടി കാഴ്ചയിൽനിന്ന് മറയുമ്പോൾ അകതാരിൽ വാക്കുകൾക്കതീതമായ ഒരു നൊമ്പരം. അറിയിപ്പോടുകൂടി അനിവാര്യമായത് സംഭവിക്കുന്നതാണെങ്കിലും നേരിടാനുള്ള ഒരു തയ്യാറെടുപ്പ് ബോധപൂർവ്വം വേണ്ടെന്നുവെച്ചു.

സ്റ്റഡിലീവിനുള്ള കൗണ്ട്ഡൗൺ ആരംഭിച്ചപ്പോൾ ഓരോ ദിവസവും ഓരോ നക്ഷത്രങ്ങളാകുവാൻ വെമ്പുകയായിരുന്നു. ഇനിയും ഒരു വർഷം കൂടി മുന്നിലുണ്ടായിരുന്നെങ്കിൽ !

ദേശാടനപ്പക്ഷി മിഴിനീർ തൂകിയതായി കേട്ടുകേൾവിയില്ല. അതുകൊണ്ട് തന്നെ തിരിഞ്ഞു നോക്കുമ്പോൾ.......

നൈരാശ്യത്തിന്റെ അമർഷമാണോ
നഷ്ടബോധത്തിന്റെ ദുഃഖഗാനമാണോ
സ്വപ്നങ്ങളുടെ ദുരന്തഗീതമാണോ
മനസ്സിനെ മഥിക്കുന്നത്?

നീലവിശാലതയെ തൊട്ടുഴിയുന്ന സ്വർണ്ണവർണ്ണച്ചിറകുള്ള കിളിയായിരുന്നില്ല ആഗ്രഹങ്ങൾ. അതുകൊണ്ടുതന്നെ മനസ്സിൽ തരംഗങ്ങളുണർത്തുന്നത് നഷ്ടബോധമാണെന്ന് തോന്നുന്നു.

പുതിയ ചക്രവാളങ്ങളിലേയ്ക്ക് നോക്കുമ്പോൾ ഈ ക്ഷേത്രാങ്കണത്തിൽനിന്നും ഒരുണർത്തുപാട്ടു കേൾക്കുന്നു. അനുഭവങ്ങളെ തുയിലുണർത്തുന്ന ഒരു മൃദു മർമ്മരം.

എന്നിലെ സ്വഭാവങ്ങൾക്ക് പൂർണ്ണത പകർന്ന, സ്പന്ദനങ്ങൾക്ക് ചാരുത നൽകിയ, വീക്ഷണങ്ങൾക്ക് ഉൾക്കാഴ്ചയേകിയ ഈ തിരുമുറ്റത്ത്നിന്ന് തന്നെ തുടങ്ങാം. കവി പാടിയ ത്യാഗത്തിന്റെ മണിദീപം പ്രശോഭിക്കുന്ന സ്നേഹത്തിൻ ആനന്ദക്ഷേത്രം എന്നുമെന്റെ ജീവിത പന്ഥാവിലെ അച്ഛനും അമ്മയും ഗുരുനാഥനുമാണ്.

**ഒന്ന്**

മൂന്ന് വർഷങ്ങൾക്കുമുമ്പ് ഞങ്ങളിവിടെ ഒത്തുചേർന്നു. നഗരത്തിലെ യാന്ത്രികജീവിതത്തിന്റെ പോറലുകൾ ഏൽക്കാത്ത ഇവിടെ ഗ്രാമത്തിന്റെ ശാലീന സൗന്ദര്യം പൂത്തുലഞ്ഞു നിൽക്കുന്നത് ഞങ്ങൾ കണ്ടു.

പടികൾ കയറി പോർട്ടിക്കോയിൽ എത്തിയപ്പോൾ ക്ഷേത്ര ഗോപുരങ്ങളെയാണ് ഓർമ്മവന്നത്. മൂന്നാം നിലയിലെ ക്ലാസ്സുമുറിയിലേക്ക് നീങ്ങിയപ്പോൾ വിദ്യാർത്ഥികളുടെ ആരവത്തിലേയ്ക്ക് അലിയുന്നതുപോലെ; ഒരു വിശാല മണ്ഡലം മുമ്പിൽ പാളികൾ തുറക്കുന്നതുപോലെ; അവയിലേയ്ക്ക് വിടർത്താൻ ആവാത്തവിധം ബന്ധപ്പെടുന്നതുപോലെ, എനിക്ക് തോന്നി.

പിന്നെയേതോ ദിനപ്രക്രമണങ്ങളിൽ ഞങ്ങൾ പരസ്പരം കണ്ടു, കണ്ടറിഞ്ഞു. ഞങ്ങൾ ഒന്നായി. പിന്നെ മുൻപിലുള്ളതെന്തും ഞങ്ങൾക്ക് നിസ്സാരങ്ങളായി.

**രണ്ട്**

വിനോദവേളകൾ ആസ്വദിക്കാൻ, വേണ്ടത്ര വിശാലമായിരുന്നില്ല കോളേജങ്കണം. മഠത്തിന്റെ അതിരുതിരിക്കുന്ന വരിക്കപ്ലാവിന്റെ തണൽവീഴുന്ന റോഡിലും, പൂവരശിന്റെ ചുവട്ടിലും, കുന്നേപ്പള്ളിയിലും, റബ്ബർതോട്ടത്തിലും, കാന്റീനിലും ഞങ്ങൾ കളികൾ പറഞ്ഞിരുന്നു. കാന്റീനിന്റെ എതിർവശത്തുള്ള മതിലിൽ ചാരിയിരുന്ന് ഞങ്ങൾ യൗവ്വനത്തിന്റേതായ പ്രസരിപ്പ് വെളിപ്പെടുത്തി.

**മൂന്ന്**

ചില പെൺകുട്ടികൾ ഞങ്ങളെ നോക്കി ചിരിച്ചു. ചിരിച്ചവരെല്ലാം പ്രേമപാത്രങ്ങളാണെന്ന് ഞങ്ങൾ കരുതി. വിശ്വം ജയിച്ചുവന്ന അലക്സാണ്ടറെപ്പോലെ ഞങ്ങൾ തെളിഞ്ഞുനിന്നു.

(അടുത്തുചെന്ന് ചോദ്യംചോദിച്ചപ്പോഴാണ് ആ പെൺകുട്ടിയുടെ പല്ലുകൾ പൊങ്ങിയിരിക്കുന്നതാണെന്ന് മനസ്സിലായത്).

പോരാട്ടങ്ങളുടെ ആരവം കൊണ്ടായിരിക്കാം പ്രണയജോടികൾ കലാലയത്തിൽ കുറവായിരുന്നു. എങ്കിലും ലൈബ്രറിയുടെ മറവിലും, മെയിൻ ബ്ലോക്കിലെ വിജനമായ ഇടനാഴികളിലും അവർ സൈ്വര്യവിഹാരം നടത്തിയിരുന്നു. നിശബ്ദത തൂവൽ വിരിച്ചു നിൽക്കുന്ന, മരച്ചുവട്ടിൽ ഉൻമേഷം പകരുന്ന പള്ളിയങ്കണം ഇക്കൂട്ടരിൽ പലർക്കും ഒരിടത്താവളമാണ്. പള്ളിയുടെ പിന്നിലുള്ള സെമിത്തേരിയിൽനിന്നും ചിലപ്പോൾ പരേതാത്മാക്കളുടെ നിഗൂഢ നിശ്വാസങ്ങൾക്കൊപ്പം കിട്ടിയെന്നുവരും. ശൂന്യമായ ക്ലാസ്സ് മുറികളും കോണുകളും, വിജനമായ വഴിത്താരകളും, ചില വിദ്യാർത്ഥികളുടെ 'കാവ്യകൃതിക്ക്' മൂകസാക്ഷിയായി നിലകൊള്ളുന്നു.

## നാല്

കെമിസ്ട്രി ലാബിൽനിന്നും ഇപ്പോഴും ഹൈഡ്രജൻ സൾഫൈഡിന്റെ ഗന്ധം ഉയരുന്നു. ബോട്ടണി വകുപ്പിൽ പേരറിയാത്ത ഒട്ടേറെ ചെടി ഇലകളും തണ്ടുകളും കീറിമുറിക്കപ്പെടുന്നു. സുവോളജി മ്യൂസിയത്തിലെ ചിമ്പൻസിയുടെ രൂപത്തോടു ചേർന്നുനിന്ന് ചിലർ ആത്മസംതൃപ്തി നേടുന്നു. '0+0=0' എന്നാൽ '0+0=8' എന്നുകൂട്ടുവാൻ പോലും വിഷമിക്കുകയാണ്, ഗണിതശാസ്ത്രജ്ഞൻമാർ.

കൊമേഴ്സ് ബ്ലോക്കിൽ ബി. കോം. കാർ എപ്പോഴും കൂവിവിളിച്ചുകൊണ്ടിരിക്കും. സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ പരീക്ഷണശാലയിൽ 'ആഡംസ്മിത്തി'നെ മലർത്തിക്കിടത്തി ഉറക്കുന്നു. മലയാളം വകുപ്പിന് പുതിയ താവളമായെങ്കിലും പഴമയുടെ ഹൃദയഹാരിയായ ഗന്ധം ഇപ്പോഴുമുണ്ട്.

മൂന്നാം നിലയിലെ ആംഗലേയ സാഹിത്യകാരൻമാരുടെ പ്രവർത്തനമണ്ഡലത്തിൽ റോമിയോയും ജൂലിയറ്റും നാടകമാടുകയാണ്. ഷൈലോക്കിന്റെയും ഇയാഗോയുടെയും വേഷമിടാനാണ് യുവകലാകാരൻമാർക്ക് താല്പര്യം. ജീവിതം മുഴുവൻ ആഹ്ളാദം നല്കുന്ന സൗന്ദര്യം തേടി നിത്യവുമലയുന്ന കീറ്റ്സി (Keats)ന്റെ അനുയായികളും കുറവല്ല.

സെക്കന്റ് പി. ഡി. സി. ക്കാർക്ക് മാർക്ക്ലിസ്റ്റ്, പുസ്തകം, വി. സി., വാഴ്സിറ്റി, സസ്പെൻഷൻ, അടിപിടി, പ്രേമം തുടങ്ങി സമരം ചെയ്യാൻ കാരണങ്ങൾ ഏറെയാണ്. ഫസ്റ്റ് പി. ഡി. സി. ക്കാർ അത്ഭുത ലോകത്തിലെത്തിയ ആലീസിനെപ്പോലെ മിഴിച്ചുനോക്കുന്നു.

## അഞ്ച്

രാവിലെ 10.35 ആകുമ്പോൾ കാന്റീന്റെ ഭാഗത്തുനിന്നും ഒരു കൂട്ടയോട്ടം തുടങ്ങുന്നു- അറ്റൻഡൻസ് മാർക്ക് ചെയ്യുന്നതിനുമുമ്പ് പലരും അണച്ചാണെങ്കിലും ഫീൽഡിൽ എത്തുന്നു. പിന്നെ ചെറിയൊരാരവം-ചിരി. ഉടൻതന്നെ മണി മുഴങ്ങുന്നു. സംഗതികൾ അങ്ങനെ ബഹുജോറാവുന്നു. ഞങ്ങൾ ലൈബ്രറിയിലേക്ക് നടക്കുന്നു. പുസ്തകങ്ങളിൽ അടിഞ്ഞുകൂടിയ പൊടി തട്ടിക്കളയുമ്പോൾ പഴമയുടെ ഗന്ധം. ഇനിയും ഉയരുന്നു. പലതിനും പഴമയുടെ ഗന്ധം. പൊടിമാറ്റാൻ വിധിക്കപ്പെട്ടിട്ടില്ലാത്ത നിരവധി പുസ്തകങ്ങൾ, അവയ്ക്കു ശാപമോക്ഷം നൽകാൻ ഞങ്ങൾക്കു സമയമില്ലാതെ പോയല്ലോ !

ഞങ്ങൾക്കു സ്വന്തമാക്കുവാൻ ഒരുപിടി അനുഭവങ്ങൾ തന്ന, ഓർമ്മിക്കുവാൻ ഒരുപിടി സുന്ദരനിമിഷങ്ങളേകിയ, താലോലിക്കുവാൻ സ്വപ്നങ്ങളുടെ കുന്നുമച്ചിമിഴു ലഭ്യമാക്കിയ, മുറുകെപ്പിടിക്കുവാൻ ആദർശങ്ങളുടെ ശിലാഫലകങ്ങൾ നൽകിയ, പഠിക്കുവാൻ അറിവിന്റെ അക്ഷയപാത്രം വച്ചുനീട്ടിയ, കലാലയമേ,
ഞങ്ങൾ യാത്രചോദിക്കുകയാണ് ..........

ഇവിടം വിട്ടാലും തിരികെയെത്താനുള്ള ആഗ്രഹം അത് ഞങ്ങളിൽ തരംഗങ്ങളുണർത്തുന്നു.
പോയ കാലത്ത്
ഞങ്ങൾക്ക് ഇടംനൽകിയ
അമ്മേ,
ഞങ്ങൾ വിടചോദിക്കുകയാണ്,..........
നഷ്ടപ്പെട്ട കൗമാരത്തിന്റെ ചാപല്യം
ഞങ്ങളുടെ മിഴികളിൽ നീർ പൊടിക്കുന്നു.
ഇനിവരവേൽക്കുന്ന,
യൗവനത്തിലേക്ക്
ഞങ്ങൾ നടകൊള്ളട്ടെ......
ഞങ്ങളുടെ കാലടികൾക്ക് ശക്തി പകരണമേ....
അമ്മേ..........വിട.

രമേഷ് ടി. വർഗീസ്
മൂന്നാംവർഷ ബി. എ.
ഇംഗ്ലീഷ് ലിറ്ററേച്ചർ

# സോവിയറ്റ് യൂണിയന്റെ തകർച്ച

# സിമ്പോസിയം

## സോവിയറ്റ് യൂണിയൻ പ്രധാന സംഭവങ്ങൾ

| | |
|---|---|
| 1848 | മാർക്സും ഏംഗൽസും കൂടി രൂപപ്പെടുത്തിയ 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' പുറത്തുവന്നു. |
| 1917 മാർച്ച് 12 | ഒന്നാംഘട്ട വിപ്ലവം. |
| 1917 മാർച്ച് 15 | റഷ്യൻ ചക്രവർത്തി സർ നിക്കോളാസ് II സ്ഥാനത്യാഗം ചെയ്തു. അലക്സാണ്ടർ കെറൻസ്കി ഗവൺമെന്റ് നിലവിൽ വന്നു. |
| 1917 നവംബർ 6 | സൈനിക വിപ്ലവത്തിലൂടെ കെറൻസ്കിഗവൺമെന്റിനെ അട്ടിമറിച്ച് ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക് പാർട്ടി അധികാരം പിടിച്ചെടുത്തു. |
| 1922 | U. S. S. R. നിലവിൽ വന്നു. |
| 1924 ജനുവരി 21 | ലെനിന്റെ മരണം സ്റ്റാലിൻ നേതാവ്. |
| 1931 മാർച്ച് 2 | ഗോർബച്ചേവിന്റെ ജനനം. |
| 1940 | സ്റ്റാലിൻ–ഹിറ്റ്ലർ ഉടമ്പടിപ്രകാരം ബാൾട്ടിക് റിപ്പബ്ലിക്കുകൾ (ലാത്‌വിയ എസ്തോണിയ, ലിത്വാനിയ) സോവിയറ്റ് യൂണിയനോടുകൂട്ടിച്ചേർക്കപ്പെട്ടു. |
| 1953 മാർച്ച് 5 | സ്റ്റാലിന്റെ മരണം. ക്രൂഷ്ചേവ് നേതാവ്. |
| 1964–85 | ബ്രഷ്നേവ്, ആന്ദ്രോപോവ്, ചെർണെങ്കോ എന്നിവരുടെ ഭരണകാലം. |
| 1985 മാർച്ച് 11 | ഗോർബച്ചേവ് സോവ്യറ്റുനേതാവും പാർട്ടി തലവനുമായി. |
| 1986 Feb: 26 | സോവ്യറ്റുയൂണിയനിലും പാർട്ടിയിലും 'പെരിസ്ട്രോയിക്ക' (അഴിച്ചുപണി) വേണമെന്ന് കേന്ദ്രക്കമ്മറ്റിയോഗത്തിൽ ഗോർബച്ചേവ്. |
| 1988 മാർച്ച് 15 | അഫ്ഗാനിസ്ഥാനിൽനിന്ന് സോവ്യറ്റുപിൻമാറ്റം തുടങ്ങി ശീതയുദ്ധത്തിന്റെ പരിസമാപ്തിയ്ക്ക് നാന്ദികുറിച്ചു. |
| 1988 ഒക്ടോ: 1 | ഗോർബി സോവ്യറ്റ് പ്രസിഡന്റ്. |
| 1990 മാർച്ച് | ലിത്വാനിയ, ലാത്‌വിയ, എസ്തോണിയാ എന്നീറിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. |
| 1990 ഒക്ടോബർ | ഗോർബിയ്ക്ക് സമാധാനത്തിനുള്ള നോബൽസമ്മാനം. |
| 1991 ജൂൺ 12 | ബോറിസ് യെൽട്സിൻ റഷ്യൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. |
| 1991 ജൂലൈ 26 | കമ്മ്യൂണിസ്റ്റുപാർട്ടി സർവ്വാധിപത്യം അവസാനിപ്പിക്കാൻ കേന്ദ്രക്കമ്മറ്റി തീരുമാനിച്ചു. |
| 1991 ആഗ: 19 | യാഥാസ്ഥിതിക കമ്മ്യൂണിസ്റ്റുകൾ ഗോർബച്ചേവിനെ അട്ടിമറിയ്ക്കുന്നു. |
| 1991 ആഗ: 21 | 'മൂന്നുദിവസ' അട്ടിമറി പരാജയപ്പെടുന്നു. അട്ടിമറിയ്ക്കു നേതൃത്വം നൽകിയ ഗെന്നഡിയാനയേവ് അടക്കമുള്ളവർ അറസ്റ്റിൽ |
| 1991 ആഗ: 24 | ഗോർബി പാർട്ടിനേതൃത്വം രാജിവയ്ക്കുന്നു. |
| 1991 സെപ്റ്റം: 2 | ബാൾട്ടിക് റിപ്പബ്ലിക്കുകൾ സ്വതന്ത്രമാകുന്നു. |
| 1991 ഡിസം: 9 | റഷ്യ, ബൈലോറഷ്യ, ഉക്രയ്ൻ റിപ്പബ്ലിക്കുകൾ ചേർന്ന് കോമൺവെൽത്ത് രൂപീകരിക്കുന്നു. |
| 1991 ഡിസം: 21 | 'റിപ്പബ്ലിക്കുകൾചേർന്ന്' സ്വതന്ത്രസോവിയറ്റുരാഷ്ട്രങ്ങളുടെ കോമൺവെൽത്ത് രൂപീകരിക്കുന്നു. |
| 1991 ഡിസം: 25 | ക്രെംലിനിൽ ചെങ്കൊടിതാണു. സോവിയറ്റുയൂണിയൻ ഇല്ലാതായി. |

# അനിവാര്യമായ ചരിത്ര പരിസ്ഥിതി

ജോർജ് ജോൺ

വ്യക്തികളെപ്പോലെ പ്രസ്ഥാനങ്ങളും വിധിനിർണ്ണയത്തിനായി ആനയിക്കപ്പെടുന്ന ഒരു മുഹൂർത്തം എല്ലാ സമൂഹങ്ങളുടെയും ചരിത്രത്തിൽ സമാഗതമാകും. സോവിയറ്റ് യൂണിയനിലും അതുതന്നെ സംഭവിച്ചിരിക്കുന്നു. മുതലാളിത്തം തകർന്ന് സോഷ്യലിസം സ്ഥാപിക്കപ്പെടും എന്നുള്ളത് ഒരു ചരിത്ര നിയമമായി ഉദ്ഘോഷിച്ചു. മാർക്സിസ്റ്റ് ചിന്താഗതി ഇന്ന് പരാജയം ഏറ്റുവാങ്ങിയിരിക്കുകയാണ്. 1991 ഡിസംബർ 25ന് ക്രെംലിൻ ഗോപുരത്തിലെ ചെങ്കൊടി താഴ്ത്തി പകരം റഷ്യൻ ഫെഡറേഷന്റെ നീലയും ചുവപ്പും ചേർന്ന കൊടി ഉയർന്നു. ഏഴു പതിറ്റാണ്ടുകാലമായി നടന്നുവന്ന പുതിയ സാമൂഹ്യക്രമത്തിനുള്ള കമ്യൂണിസ്റ്റ് പരീക്ഷണം സോവിയറ്റ് യൂണിയനിൽ പരാജയപ്പെട്ടു. ഗ്ലാസ്നോസ്റ്റ് പെരിസ്ട്രോയിക്ക എന്നിവയിലൂടെ വിപ്ലവകരങ്ങളായ പരിവർത്തനങ്ങൾക്ക് വഴിതെളിച്ച ഗോർബച്ചേവ് ചരിത്രപുരുഷൻ എന്ന നിലയിൽ തിരശ്ശീലയ്ക്ക് പിന്നിലേയ്ക്ക് മറയുകയും യെൽട്സിനെപ്പോലുള്ളവർ അരങ്ങ് കൈയടക്കുകയും ചെയ്തിരിക്കുന്നു.

'സർവ്വരാജ്യ തൊഴിലാളികളേ സംഘടിക്കുവിൻ' എന്ന വിപ്ലവാഹ്വാനത്തോടെ കടന്നുവന്ന മാർക്സിന് ഒരു ചരിത്രദൗത്യമുണ്ടായിരുന്നു. വ്യവസായ വിപ്ലവത്തെത്തുടർന്ന് സമ്പത്ത് ഒരു ന്യൂനപക്ഷത്തിൽ കേന്ദ്രീകരിക്കുകയും ഈ വരേണ്യവർഗ്ഗം കൂടുതൽ സമയം തൊഴിലെടുപ്പിച്ചും കുറഞ്ഞ വേതനം നൽകിയും തൊഴിലാളികളെ ചൂഷണം ചെയ്യുകയും ചെയ്തിരുന്ന കാലഘട്ടത്തിലാണ് തൊഴിലാളി വർഗ്ഗത്തിന് ആകമാനം പ്രത്യാശയുടെയും വിമോചനത്തിന്റെയും സന്ദേശവുമായി മാർക്സ് കടന്നുവന്നത്. വൈരുദ്ധ്യാത്മക ഭൗതിക വാദത്തിലധിഷ്ഠിതമായ ഒരു കമ്യൂണിസ്റ്റ് വ്യവസ്ഥിതിയാണ് മാർക്സ് മുമ്പോട്ടു വെച്ചത്. സാർചക്രവർത്തിമാരുടെ ക്രൂരതകളാലാണ് പൊറുതിമുട്ടിയ റഷ്യയിലെ തൊഴിലാളിവർഗ്ഗം ലെനിന്റെ പിന്നിൽ അടിയുറച്ചു നിന്ന് വിപ്ലവത്തിന് കളമൊരുക്കുകയും ചെയ്തു. കമ്യൂണിസ്റ്റ് ആശയങ്ങളിലധിഷ്ഠിതമായി ഒരു സോഷ്യലിസ്റ്റ് രാഷ്ട്രം ആദ്യമായി ലോകത്തിൽ നിലവിൽ വന്നു.

പക്ഷെ, കമ്യൂണിസത്തിന് പ്രായോഗികതയിലും ബുദ്ധിപരമായ സ്വഭാവത്തിലും വന്നു പെട്ട അപഭ്രംശങ്ങൾ ഈ ആശയത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ പരാജയത്തിന് വഴിയൊരുക്കി. മനുഷ്യവർഗ്ഗത്തെ രണ്ടു വർഗ്ഗങ്ങളുടെ സംഘട്ടന ഭൂമിയായി മാത്രം കണ്ടതും, ആ സംഘട്ടനത്തിന്റെ വിജയം ഹിംസയിലൂടെ നേടാമെന്ന് കരുതിയതും, അതിന്റെ നേതൃത്വം ഒരു കക്ഷിയിലും അതിന്റെ തലപ്പത്തിരിക്കുന്ന ഏതാനും വ്യക്തികളിലും ഒതുക്കിയതും, ഇതത്രം അപഭ്രംശങ്ങളാണ്. മാർക്സിന്റെ തൊഴിലാളി വർഗ്ഗസർവ്വാധിപത്യം ഒരു മിഥ്യയും ജനാധിപത്യ കേന്ദ്രീകരണം (Democratic Centralisation) അപ്രായോഗികവുമാണെന്ന് കാലം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. സ്വകാര്യസ്വത്തിന്റെ അഭാവം ഉൽപാദനം വർദ്ധിപ്പിക്കാൻ കർഷകനു ഭൗതികമായി യാതൊരു പ്രേരണയും നൽകിയില്ല. ഫലത്തിൽ ''ജോലിചെയ്യുന്നതായി ഞങ്ങൾ (ജനങ്ങൾ) ഭാവിക്കുന്നു. ശമ്പളം തരുന്നതായി അവരും (സ്റ്റേറ്റ്) നടിക്കുന്നു'' എന്ന അവസ്ഥാവിശേഷത്തിലെത്തി കാര്യങ്ങൾ.

1917 ൽ 'കമ്യൂണിസ്റ്റ്' എന്നുപറഞ്ഞാൽ ഉത്പതിഷ്ണുത്വത്തിന്റെ പ്രതീകമായിരുന്നു. എന്നാൽ ഈ 1992 ൽ കമ്യൂണിസ്റ്റ് എന്നുപറഞ്ഞാൽ വാർദ്ധക്യത്തിന്റെയും യാഥാസ്ഥിതികത്വത്തിന്റെയും പ്രതീകമായി മാറി. എന്തുകൊണ്ട്?

കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുവാനോ പരിവർത്തനങ്ങൾക്ക് വിധേയമാകാനോ കമ്യൂണിസ്റ്റ് പരീക്ഷണത്തിനു സാധിച്ചില്ല. മാർക്സിയൻ തത്വങ്ങളുടെ അടിസ്ഥാനം തന്നെ സംവാദാത്മക ഭൗതികവാദം (Dialectical materialism) ആണ്. എന്നാൽ സിദ്ധാന്തങ്ങളെ വിശ്വാസ സംപ്രദായങ്ങളാക്കി മാറ്റികൊണ്ട് പരിവർത്തനങ്ങൾക്ക് നേരെ വാതിൽ കൊട്ടിയടച്ചത് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശവക്കുഴി തോണ്ടി.

ലെനിനെത്തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടിയുടെ നിയന്ത്രണം ഏറ്റെടുത്ത സ്റ്റാലിൻ മാർക്സിസത്തിന്റെ പ്രായോഗികമാക്കുന്നതിന്റെ പേരിൽ അനുവർത്തിച്ച മനുഷ്യത്വരഹിതമായ ധ്വംസനങ്ങളും, സ്വേച്ഛാധിപത്യ മനോഭാവവും സോഷ്യലിസത്തിന്റെ ശിഥിലീകരണത്തിന് പിന്നീട് വഴിയൊരുക്കി. ലെനിന്റെ കാലത്ത് പോളിറ്റ് ബ്യൂറോയിലുണ്ടായിരുന്ന ഏഴു മെമ്പർമാരിൽ ആറുപേരെയും സ്റ്റാലിൻ വധിച്ചു. തന്നെ എതിർത്തവരെ വർഗ്ഗവഞ്ചകരും സാമ്രാജ്യത്വ ഏജന്റുമാരുമായി മുദ്രകുത്തി. 1930 നു ശേഷം നടപ്പിലാക്കിയ വമ്പിച്ച ശുദ്ധീകരണങ്ങളിൽ സ്റ്റാലിന്റെ എല്ലാ എതിരാളികളും നശിപ്പിക്കപ്പെട്ടു.

സ്റ്റാലിൻ പല ദേശീയ ന്യൂനപക്ഷങ്ങളെയും അടിച്ചമർത്തുകയും ഇക്കാര്യത്തിൽ ലെനിനുമായി അഭിപ്രായവ്യത്യാസം വെച്ചുപുലർത്തുകയും ചെയ്തു. ചെറിയ ദേശീയതകൾക്കും വൻദേശീയതക്കെതിരെ പോരാടാനും വിട്ടുപോകാനും ഉള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നായിരുന്നു ലെനിന്റെ അഭിപ്രായം. എന്നാൽ സ്റ്റാലിന്റെ ജന്മനാടായ ജോർജിയയിലെ മെൻഷെവിക് ഗവ

മെന്റിനെ അട്ടിമറിച്ചു. റുമേനിയയുടെ അധീനതയിൽനിന്ന് ബെസ്സറാബ്യ വീണ്ടെടുത്തു. ഉക്രെയ്ൻ, അർമീനിയ, അസർബൈജാൻ എന്നീ റിപ്പബ്ലിക്കുകൾ ജർമനിയുടെ കൈയ്യിൽ നിന്നും ചെമ്പട വീണ്ടെടുത്തതാണ്.

സോവിയറ്റ് യൂണിയന്റെ തകർച്ച (സിമ്പോസിയം) രണ്ടാം ലോകമഹായുദ്ധത്തിനു തൊട്ടുമുമ്പ് ഹിറ്റ്ലറുടെ മൗനാനുവാദത്തോടെ ലാറ്റ്വിയ, ലിത്വാനിയ, എസ്റ്റോണിയ എന്നിവയുൾപ്പെടുന്ന ബാൾട്ടിക്ക് റിപ്പബ്ലിക്കുകൾ വ്യാജഹിത പരിശോധനയിലൂടെ സ്റ്റാലിൻ സോവിയറ്റ് യൂണിയനോട് കൂട്ടിച്ചേർത്തു. റുമേനിയയുടെ അധീനതയിലായിരുന്ന മൊൾഡാവിയ രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ സോവിയറ്റ്സേന പിടിച്ചെടുക്കുകയായിരുന്നു. ഇങ്ങനെ വ്യത്യസ്ത ദേശീയതകളും സംസ്കാരവും പുലർത്തുന്ന റിപ്പബ്ലിക്കുകൾ തങ്ങളുടെമേൽ അമർന്നിരുന്ന 'ഉരുക്കുമുഷ്ടി' അയഞ്ഞപാടെ സ്വന്തം നിലനിൽപിന് തിടുക്കം കൂട്ടുകയും ചെയ്തു.

സമത്വമെന്ന അടിസ്ഥാന സങ്കല്പത്തിന്റെ സാക്ഷാത്കാരം നേടിയെടുക്കാൻ സാധിക്കാത്തത് കമ്മ്യൂണിസത്തിന്റെ മറ്റൊരു പരാജയകാരണമായി ചൂണ്ടിക്കാണിക്കാൻ സാധിയ്ക്കും. സ്റ്റാലിന്റെ കാലത്തുതന്നെ മേലേക്കിടയിലുള്ള ഉദ്യോഗസ്ഥൻമാർക്ക് ശമ്പളത്തിലുപരിയായി ഒരു പ്രത്യേക അലവൻസ് നൽകുന്ന സമ്പ്രദായം നിലവിൽവന്നതാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ജനങ്ങളെ നാലു വിഭാഗങ്ങളായി തരംതിരിച്ചുകൊണ്ട് നടത്തിയ റേഷൻ വിതരണം ഇതിലും പക്ഷപാതപരമായിരുന്നു. വ്യവസായ തൊഴിലാളികളുടേതിൽനിന്ന് വളരെ താഴ്ന്നജീവിതനിലവാരം മാത്രമേ കർഷകതൊഴിലാളികൾക്ക് കൈവരിക്കാൻ സാധിച്ചിരുന്നുള്ളൂ. സത്യത്തിൽ സോവിയറ്റ്യൂണിയനിൽ നിലവിലിരുന്ന സമത്വം "All are equal but some one more equal than the others" എന്ന രീതിയിലുള്ളതായിരുന്നു. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി സോഷ്യലിസ്റ്റ് രീതിയിലുള്ള ആസൂത്രണം അവലംബമാക്കിയപ്പോൾ സാമ്പത്തികവികസനം മുരടിച്ചു. സ്റ്റാലിന്റെ കാലത്തുമാത്രമേ ഉൽപാദനരംഗത്ത് അൽപമെങ്കിലും പുരോഗതി നേടാൻ സോവിയറ്റ് യൂണിയനു കഴിഞ്ഞുള്ളു. അതാകട്ടെ ലക്ഷക്കണക്കിനാൾക്കാരെ തടങ്കൽപ്പാളയങ്ങളിലും, തൊഴിൽ ക്യാമ്പുകളിലും മർദ്ദിച്ചവശരാക്കിയും നിർബന്ധിതതൊഴിലിനു വിധേയമാക്കിയും സാധിച്ചതാണ്.

സ്റ്റാലിന്റെ സർവാധിപത്യ ഭരണത്തിന്റെ തിരോധാനത്തോടെ ഉല്പാദന രംഗത്ത് മാന്ദ്യത അനുഭവപ്പെടാൻ തുടങ്ങി. എഴുപതുകളുടെ തുടക്കംമുതൽ ദേശീയോൽപാദന വളർച്ചാനിരക്ക് കുറയുകയും എഴുപതുകളുടെ അന്ത്യത്തോടെ അത് ഏതാണ്ട് പൂജ്യമാവുകയും ചെയ്തു. ഉന്നതരംഗങ്ങളിലെ കെടുകാര്യസ്ഥതയും അഴിമതിയും സാധാരണക്കാരായ ജനങ്ങളിൽ അസംതൃപ്തിയ്ക്ക് വഴിതെളിയിച്ചു. പാർട്ടിനേതാക്കൾ രാജകീയ സുഖഭോഗങ്ങൾ അനുഭവിച്ചപ്പോൾ സാധാരണ ജനങ്ങൾ പാർട്ടിയെ വെറുത്തുതുടങ്ങി.

1985-ൽ കോൺസ്റ്റാന്റിൻ ചെർന്നേങ്കോയെത്തുടർന്ന് സോവിയറ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി സെക്രട്ടറിയായി നിയമിതനായ ഗോർബച്ചേവിന് അസംതൃപ്തിയിലും അസ്വാതന്ത്ര്യത്തിലും കഴിയുന്ന ഒരു ജനതയെയാണ് മുന്നിൽ കാണുവാൻ സാധിച്ചത്. തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ അദ്ദേഹം പ്രശ്നങ്ങളെ മനസ്സിലാക്കുകയും മുമ്പൊരു നേതാവും ധൈര്യപ്പെടാതിരുന്ന ജനസമ്പർക്കത്തിലൂടെ അവരുടെ കഷ്ടപ്പാടിന്റെ ചൂട് തൊട്ടറിയുവാൻ മുതിരുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ഇതിന് അടിസ്ഥാനകാരണമെന്ന് കണ്ടെത്തിയ ഗോർബച്ചേവ് രാഷ്ട്രീയമേഖലയിൽ അഴിച്ചുപണിയ്ക്ക് ആരംഭമിട്ടു. വിപ്ലവകരമായ ഈ വ്യതിയാനം ജനങ്ങൾക്ക് പ്രതിഷേധിക്കുവാനും തങ്ങൾക്കിഷ്ടപ്പെട്ട സൗകര്യങ്ങൾക്കുവേണ്ടി മുറവിളി കൂട്ടുവാനുമുള്ള ധൈര്യം പകർന്നു. വിലക്കയറ്റവും ക്ഷാമവും ദൗർലഭ്യവും ജനങ്ങളെ പ്രകോപിതരാക്കി. സാമ്പത്തിക പരിഷ്ക്കാരങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് രാഷ്ട്രീയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയത് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടി. മാർക്സിന്റെ Materialistic interpretation of History പ്രതിപാദിക്കുന്നതുപോലെ ഇവിടെയും ഒരു പരിധിവരെ സാമൂഹ്യ മാറ്റങ്ങൾക്ക് വഴിതെളിച്ചത് സാമ്പത്തിക രംഗത്തുണ്ടായ അസ്വാസ്ഥ്യജനകമായ പ്രവണതകൾ ചെറുക്കുന്നതിൽ രാഷ്ട്രീയ നേതൃത്വം പരാജയപ്പെട്ടതാണ്.

അന്താരാഷ്ട്രരംഗത്ത് പ്രത്യാശയുടേയും സമാധാനത്തിന്റേയും പുതിയനാളം കൊളുത്തിയ ഗോർബച്ചേവ് ശീതയുദ്ധത്തിനും ആയുധപ്പന്തയത്തിനും അന്ത്യംകുറിച്ചു. അതേസമയം തന്റെ രാജ്യത്തുതന്നെ അദ്ദേഹത്തിന്റെ പിടിയിൽ നിൽക്കാത്തതരത്തിൽ പ്രശ്നങ്ങൾ വലുതാകാൻ തുടങ്ങി. ബാൾട്ടിക്ക് റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. മറ്റുപല ദേശീയതകളും സ്വതന്ത്രമായ നിലനില്പ് ആവശ്യപ്പെട്ടുതുടങ്ങി. അതേസമയം യാഥാസ്ഥിതികരിൽ നിന്നും ഉല്പതിഷ്ണുക്കളിൽ നിന്നും ഭീഷണിനേരിട്ട ഗോർബച്ചേവ് ശിഥിലീകരണത്തെ പ്രതിരോധിക്കാൻ ശ്രമിച്ചു. റിപ്പബ്ലിക്കുകൾക്കു കൂടുതൽ സ്വയംഭരണാവകാശം നൽകുന്ന യൂണിയൻ ഉടമ്പടി ഒപ്പുവെയ്ക്കാനിരുന്നതിന്റെ തലേദിവസം യാഥാസ്ഥിതികരായ തന്റെ സഹപ്രവർത്തകരാൽ ഗോർബച്ചേവ് അട്ടിമറിക്കപ്പെട്ടു. എന്നാൽ ജനപ്രക്ഷോഭണത്തെത്തുടർന്നും പട്ടാളത്തിന്റെ അനുകൂലമല്ലാത്ത ഇടപാടിനെത്തുടർന്നും അട്ടിമറി പരാജയപ്പെട്ടു. ഇതിനെത്തുടർന്ന് ഗോർബച്ചേവിന് അധികാരം വിട്ടൊഴിയേണ്ടിവന്നു. റഷ്യൻ പ്രസിഡന്റ് ബോറിസ് യെൽട്സിനെപ്പോലുള്ളവർ സോ

വിയറ്റ് യൂണിയനിലെ വ്യത്യസ്ത മേഖലകളുടെ സ്വതന്ത്രമായ നിലനില്പിനെ അനുകൂലിക്കുകയും അതിനെത്തുടർന്ന് ഓരോ റിപ്പബ്ലിക്കും ഓരോ പരമാധികാര രാഷ്ട്രമായി മാറുകയും ചെയ്തു. സ്വന്തമായ നിലനില്പ് അവകാശപ്പെടാനുള്ള സോവിയറ്റ് റിപ്പബ്ലിക്കുകളുടെ ഇന്നത്തെ അവസ്ഥ കൂടുതൽ അഭികാമ്യമാണ്. അമേരിക്കയിലെ 13 കോളനികൾ അവയുടെ സ്വാതന്ത്ര്യത്തെത്തുടർന്ന് വ്യത്യസ്തമായി നിലനിന്നതുപോലെ ഈ റിപ്പബ്ലിക്കുകളും നിലനില്ക്കുമെന്ന് പ്രത്യാശിക്കാം.

സോവിയറ്റ് യൂണിയനിലെ മാറ്റങ്ങൾ ലോകത്തിൽ വമ്പിച്ച പരിവർത്തനങ്ങൾക്ക് വഴി തെളിച്ചു. തങ്ങളുടെ സഖ്യ കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ ജനവിരുദ്ധ ഗവൺമെന്റുകൾക്ക് സൈനികമായും സാമ്പത്തികമായും പിന്തുണ നല്കിപ്പോന്നിരുന്നത് ഗോർബി പിൻവലിച്ചു. ആ രാഷ്ട്രങ്ങളിലെ ജനങ്ങൾക്ക് അവരുടെ ഭാവി നിർണയിക്കാനുള്ള അവകാശം കൈവന്നതോടെ കിഴക്കൻ യൂറോപ്പിലെങ്ങും മാറ്റങ്ങളുടെ വേലിയേറ്റമുണ്ടായി. പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഭരണം തകർന്ന് വലേസയുടെ നേതൃത്വത്തിലുള്ള സോളിഡാരിറ്റി അധികാരത്തിൽവന്നതും പൂർവ്വ-പശ്ചിമ ജർമ്മനികൾ ഒന്നിച്ച് ഏകീകൃതജർമ്മനി ഉണ്ടായതും ഇതിന്റെഫലമായാണ്. യൂഗോസ്ലാവിയ, ചെക്കോസ്ലോവാക്യ, റുമേനിയ എന്നിങ്ങനെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ ഒന്നൊന്നായി തകർന്നു. കൂടുതൽ രാഷ്ട്രങ്ങൾ ജനാധിപത്യത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് എത്തിയത് ശുഭസൂചകമാണ്.

കമ്മ്യൂണിസത്തിന്റെ പ്രായോഗികവും സൈദ്ധാന്തികവുമായ പരാജയം ഒരു യാഥാർത്ഥ്യമാണെങ്കിലും അത് ഉയർത്തിപ്പിടിക്കുന്ന സമത്വത്തിന്റെ ദർശനം ഒരു നാളും അസ്തമിക്കില്ല. മനുഷ്യമോചനത്തിന്റെ ആശയവും മരണമടയുന്നില്ല. വ്യതിരിക്തമായ ദേശീയതകളെ അടക്കിഭരിക്കാൻ ശ്രമിച്ച സോവിയറ്റ് യൂണിയന്റെ ശിഥിലീകരണം ചരിത്രത്തിന്റെ ഒരു സ്വാഭാവിക പരിണതി മാത്രമായി കണക്കുകൂട്ടിയാൽ മതി.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം സോവിയറ്റ് യൂണിയന്റെ തകർച്ച നമ്മുടെ വിദേശനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തും. ഒരു രാഷ്ട്രമായുള്ള സോവിയറ്റ് യൂണിയന്റെ നിലനില്പ് നമ്മുടെയൊരാവശ്യമായിരുന്നു. അമേരിക്കൻ മേധാവിത്വത്തിനെതിരെയുള്ള ഒരു സോഷ്യലിസ്റ്റ് വൻശക്തി എന്ന സ്ഥാനം ഏറ്റെടുക്കാൻ പല അഭിപ്രായ വ്യത്യാസങ്ങളും പുലർത്തുന്ന സോവിയറ്റ് കോമൺവെൽത്തിന് സാധിക്കുമെന്ന് തോന്നുന്നില്ല. കമ്മ്യൂണിസ്റ്റ് ചൈന ആ സ്ഥാനം കൈക്കലാക്കാനുള്ള സാധ്യത വർദ്ധിച്ചിരിക്കുന്നു. ''ക്രിസ്തുവിന്റെ ജനനത്തിനു ശേഷമുണ്ടായ ഏറ്റവും പ്രധാനപ്പെട്ട സംഭവം'' എന്ന് ഹാരോൾഡ് ലാസ്കി കമ്മ്യൂണിസത്തെ വിശേഷിപ്പിക്കുകയുണ്ടായി. ആ കമ്മ്യൂണിസത്തിന്റെ തകർച്ച ഇരുപതാം നൂറ്റാണ്ടിന്റെ ... തിമാറായ സുപ്രധാന സംഭവമാണ്. എന്നത് നിസ്സംശയം പറയാൻ സാധിക്കും.

## സർവ്വാധിപത്യത്തിന്റെ തകർച്ച

ജീവൻചാണ്ടി Ist D. C. English

സോവിയറ്റ് യൂണിയന്റെ തകർച്ച ഒരു പ്രത്യയശാസ്ത്രത്തിന്റെ തകർച്ച എന്നതിലുപരിയായി അതു പ്രാവർത്തികമാക്കിയ മാർഗ്ഗത്തിന്റെ പരാജയമായിരുന്നു. ഒക്ടോബർ വിപ്ലവകാലത്ത് ലെനിനും അദ്ദേഹത്തിന്റെ ആശയങ്ങളും റഷ്യക്ക് ആവേശമായിരുന്നു; അതിലുപരി ആവശ്യമായിരുന്നു. ''സർ'' ഭരണത്തിൽ നിന്നുള്ള മോചനം, അവരതു നേടുകയും ചെയ്തു. എന്നാൽ സോവിയറ്റ് യൂണിയന്റെ പതനത്തിന് വഴി തെളിച്ചത് സ്റ്റാലിൻ അധികാരത്തിൽ വന്നതിനു ശേഷമുണ്ടായ സർവ്വാധിപത്യശൈലിയും, അതിന്റെ പരിണതഫലങ്ങളുമാണ്. അധികാരത്തിന്റെ മുരുക്കുമുഷ്ടി കൊണ്ട് സോഷ്യലിസം നടപ്പാക്കുവാൻ ശ്രമിച്ച സ്റ്റാലിൻ എന്ന ഏകാധിപതിയുടെ രണ്ടാം മരണമാണ് സോവിയറ്റ് യൂണിയന്റെ തകർച്ച.

സ്റ്റാലിന്റെ ദുർഭരണത്തിൽ മനം മടുത്ത റഷ്യൻ ജനതയിൽ ഗണ്യമായൊരു വിഭാഗം രണ്ടാം ലോകമഹായുദ്ധ കാലത്ത് ജർമ്മനിയുടെ റഷ്യൻ ആക്രമണത്തെ സ്വാഗതം ചെയ്യുകപോലുമുണ്ടായി. യുദ്ധശേഷം തന്റെ തെറ്റുകൾ തിരുത്തുന്നതിനു പക[രം] കൂടുതൽ പ്രതികാര ബുദ്ധിയോ[ടെ]യാണ് സ്റ്റാലിൻ പ്രശ്ന[ങ്ങളെ] ന്യൂനപക്ഷദേശീയതകളെ നേരി[ട്ടത്]. അവർ ഒന്നാകെ സൈബീരിയാ[യി]ലേക്ക് നാടുകടത്തപ്പെട്ടു. ഇ[ത്] റഷ്യൻ ജനതയുടെ മനസ്സിൽ ... ഉള്ളുന്ന ഓരോർമ്മയായ് [അവശേ]ഷിച്ചു.

ഇവിടെ ഒരു ചോദ്യം ഉ[യരു]ക്കുന്നു. 1953 മാർച്ച് 5-ാം തീയ[തി] സ്റ്റാലിൻ മരിച്ചതിനുശേ[ഷം] സോവിയറ്റ് യൂണിയൻ എന്തു[]കൊണ്ട് തന്റെ ദുഃസ്ഥിതിയിൽ നിന്നു കരകയറിയില്ല? ഉത്തരം

ക്തം – സ്റ്റാലിന്റെ നയ വൈകൃതങ്ങളുടെ ദോഷഫലങ്ങൾ നീക്കാൻ പിന്നീട് അധികാരത്തിലേറിയ ക്രൂഷ്ചേവിനു സാധിച്ചില്ല. ബ്രഷ്നേവ് ശ്രമിച്ചുമില്ല. ഏതാണ്ട് സ്റ്റാലിന്റെ പാതതന്നെ അവരും പിന്തുടർന്നു.

സാമ്പത്തികരംഗത്തും സോവിയറ്റ് യൂണിയൻ തകരുകയായിരുന്നു. വാർഷിക ബജറ്റിന്റെ നല്ലൊരു ശതമാനവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിസം നിലനിർത്തുവാനുള്ള ശ്രമത്തിൽ തുലച്ചപ്പോൾ സോവിയറ്റുയൂണിയനിലെ ജനങ്ങൾ ഒരു കഷണം റൊട്ടിക്കുവേണ്ടി ന്യായവിലഷോപ്പിനുമുമ്പിൽ 'ക്യൂ' നിൽക്കുകയായിരുന്നു. അഫ്ഗാനിസ്ഥാനിലും, കിഴക്കൻ ജർമ്മനിയിലും സൈന്യത്തെ നിലനിർത്തുവാൻ ചെലവഴിച്ച കോടികൾ സ്വന്തം ജനങ്ങളുടെ വിശപ്പു മാറ്റുവാനായി വിനിയോഗിച്ചിരുന്നെങ്കിൽ ഇന്നീ ദുസ്ഥിതി ആ രാജ്യത്തിനുണ്ടാവില്ലായിരുന്നു.

മാറ്റങ്ങളുടെ കാഹളവുമായിട്ടാണ് ഗോർബച്ചേവ് അധികാരത്തിലേക്ക് വന്നത്. ശീതസമരത്തിന്റെ മൂടൽമഞ്ഞിൽ നിന്നും, ആണവയുദ്ധത്തിന്റെ അനിശ്ചിതത്വത്തിൽനിന്നും ഈ ഭൂമിയിലേക്ക്, ശാന്തിയുടെയും സമാധാനത്തിന്റെയും ഒലിവിലകളുമായി പറന്നിറങ്ങിയ ആ വെള്ളപ്രാവിനെ ലോകം ആദരവോടെ എതിരേറ്റു. പക്ഷേ ഗോർബച്ചേവ് അന്താരാഷ്ട്രരംഗത്ത് 'ഷൈൻ' ചെയ്തുന്നത് സോവിയറ്റ് യൂണിയനിലെ യാഥാസ്ഥിതികർക്ക് സുഖിച്ചില്ല. അതിന്റെ ഫലമായിരുന്നു ഇക്കഴിഞ്ഞ ഓഗസ്റ്റിലെ വിപ്ലവശ്രമം. ജനപിന്തുണയുമായി നേതൃത്വനിരയിലേക്ക് തള്ളിക്കയറിവന്ന യെൽസിൻ ഈ വിപ്ലവശ്രമത്തിനു ശേഷം റഷ്യയിലെ ജനങ്ങളുടെ കണ്ണിലുണ്ണിയായി മാറി. ഗോർബിയോടൊപ്പം അന്താരാഷ്ട്രരംഗത്ത് സോവിയറ്റ് യൂണിയനിൽ നിന്നും മറ്റൊരു നേതാവുയർന്നതും, പലപ്പോഴും ഇവരുടെ നയങ്ങൾ പരസ്പര വിരുദ്ധങ്ങളായതും ആ രാഷ്ട്രത്തിന്റെ പതനം കൂടുതൽ എളുപ്പമായി.

ആദ്ധ്യാത്മികതയുടെ ബോധപൂർവ്വകമായ അവഗണന റഷ്യയിലെ യുവജനങ്ങളെ അന്ധകാരത്തിലേക്ക് നടത്തി. ചവറ്റുകൊട്ടയിൽ തള്ളപ്പെട്ട അവരുടെ പ്രത്യയശാസ്ത്രത്തിൽ ആദ്ധ്യാത്മികത മനുഷ്യനെ മയക്കുന്ന കറുപ്പാണ്. പക്ഷെ ഇന്നത്തെ റഷ്യൻ ജനത ആ 'കറുപ്പിന്റെ ലഹരി'യിലേക്ക് മടങ്ങുന്ന കാഴ്ചയാണ് കാണുന്നത്.

ഇരുപതാം നൂറ്റാണ്ടിലുദിച്ച് ഇരുപതാം നൂറ്റാണ്ടിൽ തന്നെ അസ്തമിച്ച സോവിയറ്റ് യൂണിയൻ ഇന്ന് പതിനഞ്ചോളം സ്വതന്ത്രരാഷ്ട്രങ്ങളായി ചിതറിയിരിക്കുകയാണ്. പല സ്വതന്ത്ര റിപ്പബ്ലിക്കുകളിലേയും ക്രമസമാധാനനില അനുദിനം വഷളാവുന്നു. പുരോഗതി ലക്ഷ്യമാക്കി അതിലെ ചില രാഷ്ട്രങ്ങൾ ചേർന്ന് രൂപവൽക്കരിച്ച 'കോമൺവെൽത്തും' തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. എന്തായാലും സോവിയറ്റ് യൂണിയൻ ചരിത്രത്താളുകളിൽ മറയുമ്പോൾ, പുതിയ കോമൺ വെൽത്തിന് പുരോഗതിയിലധിഷ്ഠിതമായ ശോഭനമായൊരു ഭാവി നേരുവാൻ മാത്രമേ നമുക്കാവൂ.

## പതനത്തിനുപിന്നിൽ

ജോസഫ് സി. എം. II D. C. Ecos.

**സോ**വിയറ്റ് യൂണിയനിൽപ്പെട്ട റഷ്യ, ബൈലോറഷ്യ, ഉക്രയിൻ എന്നീ സ്ലാവിക് റിപ്പബ്ലിക്കുകൾ കോമൺ വെൽത്ത് എന്ന പേരിൽ ഒരു പുതിയ സഖ്യത്തിനു രൂപം നൽകിയതോടെ 'ലെനിന്റെ ഭാഷയിൽ രാഷ്ട്രാന്തരീയതലത്തിൽ നിന്നും ഭൂപടത്തിൽ നിന്നും സോവിയറ്റ് യൂണിയൻ എന്ന യാഥാർത്ഥ്യം ഇല്ലാതായിരിക്കുന്നു. 1922 – ൽ ലെനിന്റെ സാന്നിദ്ധ്യത്തിൽ ഒപ്പുവെച്ച റിപ്പബ്ലിക്കുകൾ എന്ന നിലക്ക് പ്രഖ്യാപനങ്ങൾ നടത്താൻ മേലിൽ ഈ അയഞ്ഞ കരാറിൽ ഒപ്പുവെച്ച രാഷ്ട്രങ്ങൾക്കാണധികാരം.

സോവിയറ്റ് യൂണിയന്റെ തകർച്ച ഒരു ദുരന്തമാക്കിമാറ്റിയതിന്റെ പിന്നിൽ പ്രവർത്തിച്ചുകരങ്ങൾ റഷ്യൻ പ്രസിഡന്റ് ബോറിസ് യെൽസിന്റേതാണെന്ന് ഇന്നൊരു പകൽ സത്യമാണ്. 1991 ആഗസ്റ്റിലെ അലസിയ അട്ടിമറിയിൽ ഗോർബച്ചേവിനെ കലവറയില്ലാതെ പിന്തുണച്ച യെൽസിൻ ഗോർബിയെത്തന്നെയുപയോഗിച്ച് സോവിയറ്റ് യൂണിയനെ തച്ചുടച്ചു. ആയുധബലംകൊണ്ടും അംഗബലംകൊണ്ടും മികവ് പുലർത്തുന്ന റഷ്യയ്ക്ക് ഇതര റിപ്പബ്ലിക്കുകളെ സ്വന്തം വരുതിയിൽ നിർത്താനാവുമെന്ന് അദ്ദേഹം കണക്കുകൂട്ടി.

പെരിസ്ട്രോയിക്കയുമായി പരിഷ്കരണത്തിനിറങ്ങിയ ഗോർബച്ചേവ് ഇത്തരമൊരു പരിണാമം മുൻകൂട്ടി കണ്ടിരുന്നുവോ എന്നറിഞ്ഞുകൂടാ.

വമ്പിച്ച രക്തക്കളങ്ങൾ സൃഷ്ടിച്ചശേഷം മാത്രം സംഭവിക്കാറുള്ള പരിണാമങ്ങളാണ് അദ്ദേഹത്തിന്റെ അസാധാരണമായ സംയമനത്തോടുകൂടിയ സമീപനം വഴി

രക്തച്ചൊരിച്ചിലുകളോ ഏറ്റുമുട്ടലുകളോ കൂടാതെ സാധിച്ചിരിക്കുന്നത്. സോവിയറ്റ് യൂണിയന്റെ നിശ്ശേഷമായ തകർച്ച അനിവാര്യമായിരുന്നു. എന്ന് ഗോർബച്ചേവിന്റെ വിലയിരുത്തലനുസരിച്ചാണിതു പറയുന്നത്. മറിച്ച് വിശ്വസിക്കുന്നവരും വിലയിരുത്തുന്നവരുമുണ്ട്. ഉരുക്കുമുഷ്ടികൊണ്ട് വിഘടന ശ്രമങ്ങളെ നേരിടണമെന്നു പറയുന്ന അവർ സ്റ്റാലിന്റെ മേൽമീശയെ ഒന്നുകൂടി നിറംപിടിപ്പിക്കുന്നു. തോക്ക് കൊണ്ടും, മിസൈൽ കൊണ്ടും മാത്രമായില്ലെന്നും ഒരു നേരത്തെ റൊട്ടിക്കുവേണ്ടി ഹിമം വർഷിക്കുന്ന ക്യൂവിൽനിന്ന് കാത്തിരിക്കുന്ന കൊച്ചുകുഞ്ഞുങ്ങളുടെ വിശപ്പടക്കാനെങ്കിലും തങ്ങൾ മുറുകെപ്പിടിക്കുന്ന പ്രത്യയശാസ്ത്രം ഉപേക്ഷിക്കണമെന്നും വിശ്വസിക്കുന്നവരോട് ഗോർബച്ചേവ് യോജിക്കുന്നു.

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം പുരോഗതിക്ക് തടസ്സമെന്ന് കണ്ട് ആ പ്രത്യയശാസ്ത്രത്തെ സോവിയറ്റ് മണ്ണിൽ നിരോധിച്ച ഗോർബിക്ക് സോവിയറ്റ് റിപ്പബ്ലിക്കുകളെ ഒന്നിച്ചു നിർത്താൻ ആവുമെന്ന് പ്രതീക്ഷയുണ്ടായിരുന്നിരിക്കണം. എന്നാൽ കമ്മ്യൂണിസ്റ്റ് നുകത്തിൽനിന്നും പുറത്തുചാടിയ റിപ്പബ്ലിക്കുകൾ കലപ്പ പൊളിച്ചു പാഞ്ഞു കളഞ്ഞു. പാവം കന്നു പൂട്ടുകാരൻ ഗോർബി മലർന്നടിച്ച് വീഴുകയും ചെയ്തു. ലോകം നോബൽ സമ്മാനം നൽകി വാഴ്ത്തിയ നേതാവിന്റെ പരിണിതി ഇങ്ങനെയായി.

ഗോർബച്ചേവിന്റെ 1986-ലെ ഗ്ലാസ്നോസ്തും, പെരിസ്ട്രോയിക്കയും സോവിയറ്റ് സാമ്രാജ്യത്തിലേക്ക് മാത്രമല്ല സ്വാതന്ത്ര്യത്തിന്റെ വായുകടത്തിവിട്ടത്. കിഴക്കൻ യൂറോപ്പിലാകമാനം അത് വീശിയടിച്ചു. ഇങ്ങനെ സ്വന്തം ജനതയെ നുകത്തിൽനിന്നും മോചിപ്പിച്ച ഗോർബച്ചേവിന് എവിടെയാണ് കൈപ്പിഴ സംഭവിച്ചത്. ആഴത്തിലുള്ള വിശകലനം അർഹിക്കുന്നു.

## സോഷ്യലിസത്തിന്റെ പ്രസക്തി

ബിന്ദു വി. II P.D.C.

മർദ്ദിതരുടേയും അവശരുടേയും സ്വപ്നസാക്ഷാൽക്കാരമായിരുന്ന സോവിയറ്റ് യൂണിയൻ സ്വാതന്ത്ര്യമോഹത്തിന്റെ തിരതല്ലലിൽ അലിഞ്ഞില്ലാതായിരിക്കുന്നു. 69 വർഷക്കാല സോഷ്യലിസത്തെ പ്രതിനിധാനം ചെയ്ത ക്രെംലിനിലെ ചെങ്കൊടി താണിരിക്കുന്നു.

സർ ചക്രവർത്തിമാരുടേയും മുതലാളിത്ത ജന്മി ദുഷ്പ്രഭുത്വത്തിന്റെയും കിരാതവാഴ്ചയാണ് ഒക്ടോബർ വിപ്ലവത്തിന് മൂർച്ചയേകിയത്. പക്ഷേ പകരം വന്ന കമ്മ്യൂണിസത്തിനും പാവങ്ങളുടെ കണ്ണീരൊപ്പാനായില്ല. തകർന്ന സമ്പദ്ഘടനയായിരുന്നു. മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ജനങ്ങൾക്ക് നൽകിയ ബാക്കിപത്രം ഭക്ഷണത്തിനും അവശ്യസാധനങ്ങൾക്കും വേണ്ടി കടകൾക്കുമുന്നിലെ നീണ്ടനിര അനുദിനം വർദ്ധിച്ചതല്ലാതെ ഒട്ടും കുറഞ്ഞില്ല.

നൂറ്റാണ്ടുകളോളം ജന്മിത്തം നിലനിന്ന ഒരു രാജ്യമാണ് റഷ്യ. 19-ാം ശതകത്തോടെയാണ് സ്ഥിതിഗതികൾക്ക് മാറ്റംവന്നുതുടങ്ങിയത്. വിദേശത്ത് താമസിച്ചിരുന്നവരും വിദ്യാഭ്യാസം നേടിയവരും നവീന ആശയങ്ങളും പരിഷ്കാരങ്ങളും റഷ്യക്ക് നൽകി. 1896 ജൂണിൽ 30,000 ത്തോളം തൊഴിലാളികളെ സംഘടിപ്പിച്ച് പീറ്റേഴ്സ്ബർഗ്ഗിൽ സമരംനടത്തുന്നതിൽ മാർക്സിസ്റ്റ് സോഷ്യലിസ്റ്റുകൾ വിജയിച്ചു. തുടർന്ന് റഷ്യൻ സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് യൂണിയൻ പാർട്ടി രൂപം കൊണ്ടു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ഒക്ടോബർ വിപ്ലവം തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം റഷ്യയിൽ സ്ഥാപിച്ചു. ഭൂമുഖത്തിന്റെ ആറിലൊരു ഭാഗത്ത്നിന്നും മുതലാളിത്തം തുടച്ചുമാറ്റി സോവിയറ്റ് സ്റ്റേറ്റ് പടുത്തുയർത്തപ്പെട്ടപ്പോൾ അതിന്റെ നായക സ്ഥാനത്ത് വർത്തിച്ചിരുന്നത് മഹാനായ ലെനിൻ ആയിരുന്നു.

1924 ജനുവരി 21-ന് ലെനിൻ മരിച്ചതിനെ തുടർന്ന് കമ്മ്യൂണിസ്റ്റ് മേധാവിത്വം ജെ. വി. സ്റ്റാലിന്റെ കൈകളിലായി. സ്റ്റാലിൻ സോവിയറ്റ് യൂണിയനെന്നല്ല ലോകത്തിനു തന്നെ നല്കിയിട്ടുള്ള സംഭാവനകൾ മഹത്തരമാണ്. ഫാസിസത്തിന്റെ മേൽ ലോകജനത നേടിയ വിജയത്തിന്റെ മുഖ്യശില്പി എന്ന നാമം കൊണ്ടുതന്നെ അദ്ദേഹം മഹാനായിത്തീരുന്നു. എന്നാൽ സ്റ്റാലിന് പറ്റിയ തെറ്റുകൾ ഇതു മൂലം ഇല്ലാതാകുന്നില്ല. സംഘടനയ്ക്കുള്ളിൽ തന്റെ അഭിപ്രായഗതിയുമായി യോജിക്കാത്തവരെ ഭരണയന്ത്രം ഉപയോഗിച്ച് വകവരുത്തിയതായിരുന്നു അദ്ദേഹം ചെയ്ത ഏറ്റവും വലിയ തെറ്റ്. തുടർന്ന് പലരുടേയും കൈകളിലൂടെ ഉരുണ്ടുനീങ്ങിയ ഭരണം 1985 മാർച്ച് 10-ന് 54 കാരനായ ഗോർബച്ചേവിന്റെ കൈകളിൽ എത്തി പുതിയൊരു മാറ്റത്തിനുള്ള വെമ്പ

ലോടെ പരിഷ്കാരങ്ങൾക്ക് അരങ്ങും തുടക്കം കുറിച്ചു. സോവിയറ്റ് സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഗ്ലാസ്നസ്റ്റും പെരിസ്ട്രോയിക്കയും അവതരിപ്പിച്ചു. 1960 വരെ സോവിയറ്റ് സമ്പദ്ഘടനയെ താങ്ങി നിർത്തിയിരുന്ന കേന്ദ്രീകൃത പദ്ധതി ഉടച്ചുവാർക്കേണ്ടത് അനിവാര്യമായി സോഷ്യലിസത്തിന്റെ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് പരിഷ്കാരങ്ങൾ നടപ്പാക്കുകയായിരുന്നു ഗോർബച്ചേവിന്റെ ലക്ഷ്യം. എന്നാൽ കൊട്ടുംകുരവയുമായി തുടങ്ങിയ പരിഷ്കാരങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ തന്നെ ഛിന്നഭിന്നമാക്കുന്നതിലാണ് കലാശിച്ചത്.

## ശിഥിലീകരണത്തിൽ ഗോർബച്ചേവിന്റെ പങ്ക്

ഒക്ടോബർ വിപ്ലവത്തിന്റെ 70-ാം വാർഷികാഘോഷവേളയിൽ തന്നെ ഗോർബച്ചേവ് മാർക്സിയൻ ചിന്താഗതിയിൽ നിന്നുള്ള വ്യതിയാനം പ്രഖ്യാപിച്ചു. സോവിയറ്റ് ഭരണത്തിന്റെ കേന്ദ്രബിന്ദുവായ സി. പി. എസ്. യു. വിന്റെ മുഖച്ഛായ മാററി സാമ്രാജ്യത്വ ചട്ടക്കൂട്ടിനുള്ളിൽ ഞെരുങ്ങികഴിഞ്ഞിരുന്ന റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ഉൾക്കൊണ്ട് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു തുടങ്ങി. ആദ്യമൊന്നും വഴങ്ങാൻ ഗോർബി കൂട്ടാക്കിയില്ലെങ്കിലും 91 ആഗസ്റ്റിൽ ഗെന്നഡി യാനയേവിന്റെ നേതൃത്വത്തിൽ അരങ്ങേറിയ അട്ടിമറിയും അതിന്റെ പരാജയവും സ്ഥിതിഗതികൾ മാററി മറിച്ചു. 'കൂടുതൽ സോഷ്യലിസം കൂടുതൽ ജനാധിപത്യം' എന്ന ഗോർബിയുടെ മുദ്രാവാക്യം കൂടുതൽ 'മുതലാളിത്തം കൂടുതൽഅരാജകത്വം' എന്ന മുദ്രാവാക്യത്തിനു വഴിമാറി കൂടുതൽ അധികാരങ്ങൾ നല്കി റിപ്പബ്ലിക്കുകളെ പിടിച്ചുനിർത്താൻ ഗോർബിശ്രമിച്ചെങ്കിലും നടന്നില്ല. റിപ്പബ്ലിക്കുകൾ ഒന്നൊന്നായി സ്വതന്ത്രമായി.

**തിരുത്തൽ വാദം :-**

സ്റ്റാലിന്റെ തെറ്റുകളെ കുറിച്ച് ആദ്യമായി പരസ്യവിമർശനം നടത്തിയത് 1956-ൽ നടന്ന 20-ാം പാർട്ടി കോൺഗ്രസിലെ ക്രൂഷ്ചേവ് ആണ്. തെററുകളെക്കുറിച്ചുള്ള പരസ്യവിമർശനം ആവശ്യമാണ്. ഭാവിയിൽ അതാവർത്തിക്കാതിരിക്കാനുള്ള മുൻകരുതലാണ്. എന്നാൽ സ്റ്റാലിനെതിരെ ക്രൂഷ്ചേവ് നടത്തിയ കടന്നാക്രമണം സോവിയറ്റ് ജനതയുടെ ആത്മാഭിമാനത്തെ തകർത്തു കളഞ്ഞു. കറുപുരണ്ട ഒരു ഭൂതകാലമായിരുന്നു തങ്ങൾക്കുണ്ടായിരുന്നതെന്നും അതെല്ലാം വ്യവസ്ഥിതിയുടെ ദുരന്ത ഫലമാണെന്നും ചിന്തിക്കാൻ അത് അവരെ പ്രേരിപ്പിച്ചു. കനത്ത അഗ്നിപീഡനമാണ് ഇതുമൂലം സോവിയറ്റ് ജനത ഏററുവാങ്ങിയത്. ഗോർബിയുടെ തുറന്ന സമീപനം സ്ഥിതി കൂടുതൽ വഷളാക്കി. സ്റ്റാലിൻ മാത്രമല്ല ലെനിനും മാർക്സും ശക്താക്രമണത്തിന് വിധേയരായി. ആയുധംകൊണ്ട് കീഴടങ്ങാത്ത സോഷ്യലിസ്റ്റ് വ്യവസ്ഥയെ ആശയത്തിലൂടെ തകർക്കാൻ മുതലാളിത്ത അമേരിക്കയ്ക്ക് സാധിച്ചു. ഇതിന്റെ സന്തതിയാണ് പൊടുന്നനെ തലപൊക്കിയ വംശീയ വിഘടന വാദം.

സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാഷ്ട്രങ്ങളിലും നിലനിന്നഭരണക്രമങ്ങളുടെ തകർച്ച സോഷ്യലിസത്തിന്റെ തകർച്ചയായി വിലയിരുത്തുന്നവർ ന്യായമായും മറുപടി നൽകേണ്ട ഒരു ചോദ്യം ഉണ്ട്. ചൂഷണത്തിലും, അടിമത്വത്തിലും, വ്യവസായിക പിന്നോക്കാവസ്ഥയിലും ആണ്ടുകിടന്ന ഒരു രാഷ്ട്രം കേവലം ഏതാനും പതിററാണ്ടുകൾ കൊണ്ട് ലോകത്തിലെ ഒന്നാംകിട രാഷ്ട്രമായി ഉയർന്നത് അത്ഭുതകരമല്ലെ. സോവിയററ് യൂണിയൻ കാണിച്ചത്? നൂററാണ്ടുകൾ കൊണ്ട് ലോകമുതലാളിത്തരാജ്യങ്ങൾ നേടാതിരുന്നത് ഏതാനും ആണ്ടുകൾ കൊണ്ട് സോഷ്യലിസ്റ്റ് നിർമ്മാണത്തിലൂടെ നേടാൻ കഴിഞ്ഞുവെങ്കിൽ മുതലാളിത്തത്തെക്കാൾ മോശമാണ് സോഷ്യലിസമെന്ന് കണ്ണുമടച്ച് എങ്ങിനെ വിധിയെഴുതാൻ കഴിയും ?

## കമ്മ്യൂണിസത്തെപററി

മനോജ്. ബി. കെ. III D C .മലയാളം

പ്രസ്ഥാനങ്ങൾക്കുണ്ടാകുന്ന അപചയത്തെ ചരിത്രത്തിന്റെ അനിവാര്യതയായി കരുതുക. അപൂർണ്ണരായ മനുഷ്യരാൽ സൃഷ്ടിക്കപ്പെടുന്നവയുടെ ക്രമാനുഗതമായ വളർച്ചയും, തളർച്ചയും ഇന്നും ഇന്നലെയും തുടങ്ങിയതല്ലല്ലോ. എല്ലാ പ്രസ്ഥാനങ്ങൾക്കും ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയാകാൻ പററും, മനുഷ്യസമുദായത്തിന്റെ പ്രതിപുരുഷനാകാനൊഴിച്ച്.

# ഗുരു നിത്യചൈതന്യയതിയുമായ് അല്പനേരം.....



ലോകപ്രസിദ്ധ തത്വചിന്തകനും മനശാസ്ത്രജ്ഞനും മനുഷ്യ സ്നേഹിയും ഗ്രന്ഥകാരനുമായ ഗുരു നിത്യചൈതന്യയതി 1924 നവംബർ 2 ന് പത്തനംതിട്ട താലൂക്കിലെ വകയൂർ എന്ന ഗ്രാമത്തിൽ ജനിച്ചു. 1952 ൽ നടരാജ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചു. കൊല്ലം എസ്. എൻ. കോളേജിലും, മദ്രാസ് വിവേകാനന്ദ കോളേജിലും അദ്ധ്യാപകനായിരുന്നു. 1956 മുതൽ 1959 വരെ ബോംബെ, കാശി, ഹരിദ്വാർ, ഋഷികേശം എന്നിവിടങ്ങളിലെ ആശ്രമങ്ങളിൽ വേദാന്തം, ന്യായം, യോഗം തുടങ്ങിയവ അഭ്യസിച്ചു. 1963 മുതൽ 1967 വരെ ഡൽഹിയിലെ സൈക്കിക്ക് ആൻറ് സ്പിരിച്വൽറിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിറക്ടറും 1969 മുതൽ 1984 വരെ അമേരിക്ക, ആസ്ട്രേലിയ, ഇംഗ്ലണ്ട്, യൂറോപ്പ് ഇവിടങ്ങളിലെ സർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസറുമായിരുന്നു. നാരായണ ഗുരുകുലത്തിന്റെയും ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിറ്റിയുടെയും അധിപനാണ്. സാഹിത്യം, കല, സംസ്കാരം, മനശാസ്ത്രം, തുടങ്ങിയ ഒട്ടേറെ വിഷയങ്ങളെ അധികരിച്ച് നൂറോളം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1984നു ശേഷം ഊട്ടിയിലെ ഫേൺഹിൽ നാരായണ ഗുരുകുലത്തിൽ ഗ്രന്ഥ രചനയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് താമസിക്കുന്നു. ദേവമാതാ കോളേജ് മാഗസിനായി അഭിമുഖം അനുവദിച്ച ആ വലിയ മനസ്സിന് നന്ദിയേകിക്കൊണ്ട്, അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു.

* ഒരു യോഗിവര്യനായ അങ്ങ് സാഹിത്യവിമർശകന്റെ കുപ്പായത്തിൽ എങ്ങനെ കടന്നുകൂടി?

"വിമർശകന്റെ കുപ്പായം" എന്ന പ്രയോഗത്തോട്, എനിക്ക് യോജിക്കാൻ സാധിക്കില്ല. കാരണം, എനിക്ക് സഹജമായ കടപ്പാട് ജനങ്ങളോട് ഉള്ളതുകൊണ്ട് നല്ലതല്ലെന്ന് തോന്നുന്നതിനെ ഞാൻ വിമർശിക്കുന്നു.

* യോഗിയും, സാഹിത്യകാരനും സമൂഹത്തോടുള്ള കടപ്പാട് രണ്ടു രീതിയിലല്ലേ നിറവേററുന്നത്? അങ്ങയിൽ അത് സമന്വയിച്ചു കാണുന്നു. ഇത് എങ്ങനെ സംഭവിച്ചു?

അതെ; ഞാൻ ജീവിതത്തെ അതിന്റെ സമഗ്രഭാവത്തിൽ കാണുന്നു അതാണ് കാരണം.

* ഒരു ഗ്രന്ഥത്തെ വിലയിരുത്തുമ്പോൾ അങ്ങ് സ്വീകരിക്കുന്ന മാനദണ്ഡമേത്? സൗന്ദര്യാത്മകമോ? മനശാസ്ത്രപരമോ?

ഞാൻ ഒരു പുസ്തകം വായിക്കുമ്പോൾ, അതിൽ ജീവിതത്തിന്റെ നല്ല വശങ്ങളെക്കുറിച്ച് എത്രമാത്രം പ്രതിപാദിച്ചിട്ടുണ്ട്, എന്ന് നോക്കാറുണ്ട്. അത് മനശാസ്ത്രപരമായ ഒരു വീക്ഷണകോണിൽ കൂടിയാണ് നോക്കാറുള്ളതും.

* ആധുനിക യുവതലമുറയുടെ പ്രശ്നങ്ങളെ ഒന്നു വിലയിരുത്താമോ?

ആധുനിക യുവതലമുറയുടെ പ്രശ്നങ്ങളെന്നു പറയുന്നത് പലരീതിയിലുണ്ട്. അതിൽ പ്രധാനപ്പെട്ടത് അവർ ഇന്നനുഭവിക്കുന്ന മാനസിക പിരിമുറുക്കം ആണ്.

* ഇതിനെന്താണൊരു പ്രതിവിധി?

ഇതിനു പ്രതിവിധി, അവർ സ്വയം ചിന്തിച്ച് ജീവിതത്തിന്റെ നല്ല വശങ്ങളെ ക്രോഡീകരിച്ചെടുക്കുവാൻ ശ്രമിക്കുക എന്നതാണ്.

* 'ഉന്മാദിയുടെ ലോക'ത്തെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണ്?

യോഗീന്ദ്രന്മാരുടെയും ദാർശനികന്മാരുടെയും ലോകത്തേക്കാൾ വലുതാണ് 'ഉന്മാദിയുടെ ലോകം' എന്നാണ് എനിക്ക് പറയുവാനുള്ളത്.

* അങ്ങയുടെ പുസ്തകങ്ങൾ പ്രധാനമായും ഏതൊക്കെ ശാഖകളിൽപ്പെടുന്നു?

എന്റെ പുസ്തകങ്ങൾ മൂന്ന് ശാഖകളിൽപ്പെടുന്നു പ്രധാനമായും. ആദ്ധ്യാത്മികം, സാഹിത്യം, മനഃശാസ്ത്രം.



* മനസ്സും, രോഗവും തമ്മിലുള്ള ബന്ധമെന്ത്?

രോഗത്തെ ഒരു ശക്തമായ മനസ്സുകൊണ്ട് ജയിക്കാം.

* ഇതിനു കാരണമെന്താണ്?

ശരീരത്തിനുണ്ടാകുന്ന രോഗങ്ങളെക്കാളധികം നമ്മെ പീഡിപ്പിക്കുന്നത് 'മാനസികവും ആദ്ധ്യാത്മികവുമായ' രോഗങ്ങളാണ്. ഈ രോഗത്തിനു കാരണം അറിവില്ലായ്മയാണ്.

* മനുഷ്യ ജീവിതത്തെ തീ നരകത്തിൽ തള്ളിവിടാതിരിക്കാൻ എന്താണൊരു മാർഗ്ഗം?

സത്സംഗവും, സ്വാധ്യായവും വേണം. ഇതിനെക്കുറിച്ച് ഞാൻ "അപൂർവ്വ വൈദ്യന്മാർ" എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

* കലയോടുള്ള അങ്ങയുടെ സമീപനം എന്താണ്?

ചിത്രകല, സംഗീതം, ഇവയോട് എനിക്ക് വളരെ താൽപര്യമാണ്.

* ഞങ്ങൾക്കായി എന്തെങ്കിലും സന്ദേശം അങ്ങേയ്ക്ക് തരുവാനുണ്ടോ?


ഒരോ സുഹൃത്തും ജീവിതത്തെ ഹൃദ്യവും, ധന്യവും ആക്കുന്ന ഒരനുഗ്രഹമാണ്.

# പവിഴദ്വീപുകളിലൂടെ..........

ഇന്ത്യയിലെ ഏക Coral Island ആയ ലക്ഷദ്വീപിലേയ്ക്ക് മഹാത്മാഗാന്ധി സർവ്വകലാശാല സംഘടിപ്പിച്ച സാംസ്കാരിക പഠനയാത്രയുടെ ഉദ്ഘാടനം 1991 ഡിസം: 6-ാം തീയതി സെന്റ് തെരേസാസ് കോളേജിൽ വെച്ച് കേന്ദ്രപ്ലാനിംഗ് ബോർഡ് സെക്രട്ടറി Sri. Jayaram Ramesh നിർവ്വഹിച്ചു. വിവിധ കോളേജുകളിൽ നിന്നായി 150ഓളം അംഗങ്ങളാണ് സംഘത്തിലുണ്ടായിരുന്നത്. ദേവമാതാ കോളേജിൽ നിന്ന് ഞങ്ങൾ 3 പേർ. (ബോബി പോൾ, ജിജോ ലൂക്കോസ്, ജോർജ്ജ് ജോൺ) ഡി: 7-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിയോട് കൂടി എം. വി. ടിപ്പുസുൽത്താൻ എന്ന കപ്പൽ ഞങ്ങളേയും കൊണ്ട് കൊച്ചിയിൽ നിന്ന് യാത്ര തിരിച്ചു.

ഒരു യൂണിയൻ ഭരണ പ്രദേശമായി 1956 നവംബർ 1-ാം തീയതി സംഘടിപ്പിക്കപ്പെട്ട ലക്ഷദ്വീപ് സമൂഹങ്ങളുടെ ആസ്ഥാനം കവരത്തിയാണ്. 36 ചെറുദ്വീപുകൾ അടങ്ങുന്ന ലക്ഷദ്വീപ് സമൂഹത്തിൽ കവരത്തി, മിനിക്കോയ്, കടമത്ത്, കൽപേനി, കിൽട്ടാൻ, ബിത്ര, അഗത്തി, അമേനി, അന്ത്രോത്ത്, ചെറിയത്ത് എന്നീദ്വീപുകളിലേ ജനവാസമുള്ളു. ഇവിടെ എല്ലാദ്വീപുകളിലും ടൂറിസ്റ്റുകളെ അനുവദിക്കാറില്ല. സുന്ദരമായ ഈ ദ്വീപുകളുടെ പരിസ്ഥിതി കണക്കിലെടുത്ത് കവരത്തി, മിനിക്കോയ്, കൽപേനി, കടമത്ത് എന്നിവ ആഭ്യന്തര ടൂറിസ്റ്റുകൾക്കും ബംഗാരം വിദേശ ടൂറിസ്റ്റുകൾക്കും തുറന്നു കൊടുത്തിരിക്കുന്നു. ഇതിലെ ആദ്യത്തെ 3 ദ്വീപുകളാണ് ഞങ്ങളുടെ Package Tour ൽ ഉൾപ്പെട്ടിരുന്നത്

അറബിക്കടലിന്റെ തിരമാലകളെ കീറിമുറിച്ച് മുങ്ങിയും പൊങ്ങിയും മുന്നേറിയ 'ടിപ്പു' ഏകദേശം 14മണിക്കൂർ നേരത്തെ യാത്രയ്ക്ക് ശേഷം ഡിസംബർ 8-ാം തീയതി വെളുപ്പിന് കൽപേനി ദ്വീപിൽനിന്ന് ഒന്നരകി.മീ. മാറിനങ്കൂരമിട്ടു. ലഗൂണിനുള്ളിലെ വെള്ളത്തിന് ആഴം കുറവായതിനാൽ കപ്പൽ തീരത്തോടടുക്കുകയില്ല. (ദ്വീപിനുചുറ്റും പവിഴപ്പുറ്റുകളുടെ വലയത്തിനുള്ളിൽ കിടക്കുന്ന ആഴം കുറഞ്ഞ ജലാശയമാണ് ലഗൂൺ. മനോഹരമായ ദൃശ്യങ്ങളാണ് ലഗൂണുകൾ) കപ്പലിൽ നിന്ന് ബോട്ടിൽ കയറി രാവിലെ 8 മണിയോടെ ഞങ്ങൾ കൽപേനിയിലെത്തി. 'മിലാൻറു കാർ' എന്ന അഭിസംബോധനയോടെ അവർ ഞങ്ങളെ ഹൃദ്യമായി സ്വാഗതം ചെയ്തു. (മെയിൻലാന്റ്- വൻകരക്കാർ) കൽപേനി ഗവൺമെന്റ് സ്കൂൾ മാഡിറോറിയത്തിലെ കലാപരിപാടികൾക്ക് ശേഷം സംഘാംഗങ്ങൾ ദ്വീപ് ചുറ്റാൻ ഇറങ്ങി. ആ സ്കൂളിലെ അറബി ഭാഷാ അദ്ധ്യാപകൻ ഷെയ്ഖ്കോയ ദ്വീപിന്റെ ചരിത്രം വിവരിച്ചു തന്നു. രണ്ടാം ഖലീഫ അബൂബക്കറിന്റെ പുത്രൻ ഉബൈദുള്ള, താൻകണ്ട ഒരു സ്വപ്നത്തിലെനിർദ്ദേശപ്രകാരം കപ്പൽയാത്ര ആരംഭിക്കുകയും ലക്ഷദ്വീപ് സമൂഹങ്ങളുടെ അടുത്ത് വച്ച് കപ്പൽ തകരുകയും ചെയ്തു. അമേനി ദ്വീപിൽ രക്ഷപ്പെട്ടെത്തിയ ഉബൈദുള്ളയാണ് ഇവിടെ ഇസ്ലാമതമെത്തിച്ചത്. ചേരമാൻപെരുമാൾ മെക്കയിലേയ്ക്ക് യാത്രതിരിച്ച് എത്തിയത് അഗത്തിയിലാണ് എന്ന ഐതിഹ്യവും നിലവിലുണ്ട്.



(ടിപ്പുസുൽത്താൻ)

കൽപേനി ലൈറ്റ്ഹൗസാണ് ഇവിടുത്തെ ആകർഷണം. ഒരു വശത്ത് ശാന്തമായലഗൂണും മറുവശത്ത് അലറുന്നു അലകടലും കല്പ വൃക്ഷങ്ങളും തിങ്ങി നിറഞ്ഞ ദ്വീപും ലൈറ്റ് ഹൗസിന്റെ മുകളിൽ നിന്ന് വീക്ഷിക്കുമ്പോൾ ചേതോഹരമാണ്. ആറായിരത്തോളം ആൾക്കാർ നിവസിക്കുന്ന ഈ ദ്വീപിന് ഏഴു കിലോമീറ്റർ നീളമുണ്ട്. തെങ്ങും മീൻപിടിത്തവുമാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ.

വൈകുന്നേരം അഞ്ചുമണിയോടെ ഞങ്ങൾ ബോട്ടിൽ കയറി കപ്പലിലേയ്ക്ക് യാത്രതിരിച്ചു. ഞങ്ങളെ രാവിലെ കൽപ്പേനിയിൽ ഇറക്കിയശേഷം കപ്പൽ അടുത്ത ദ്വീപായ അന്ത്രോത്തിലേയ്ക്ക് പോയി വൈകുന്നേരത്തോടെ കൽപേനിയിൽ മടങ്ങിയെത്തിയിരുന്നു അന്ത്രോത്താണ് ഈ ദ്വീപ്സമൂഹങ്ങളിൽവെച്ച് ഏറ്റവും വലുത്- Mahatma Gandhi College സ്ഥിതിചെയ്യുന്നതും അന്ത്രോത്തിലാണ് അന്ത്രോത്തിലെ ആദിമ നിവാസികൾ ബുദ്ധ മതക്കാരായിരുന്നു എന്നുകാണിക്കുന്ന ചില തെളിവുകൾ കോളേജിന്റെ നിർമ്മാണത്തിനുവേണ്ടി മണ്ണ് കുഴിച്ചപ്പോൾ കണ്ടെത്തുകയുണ്ടായി. ബുദ്ധമത വിഗ്രഹങ്ങളുടെ കണ്ടെടുക്കൽ ഇവിടെ ഇനിയും ഗവേഷണങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകതവിളിച്ചോതുന്നു. മാർക്കോ പോളയുടെയും ഇബ്ൻബത്തൂത്തായുടെയും യാത്രാ വിവരണങ്ങളിൽ വരെ സ്ഥാനം പിടിച്ചിട്ടുള്ള ഈ ദ്വീപുകൾ ചരിത്ര ഗവേഷണത്തിൽ സവിശേഷ സ്ഥാനം അർഹിക്കുന്നു.

കേരളത്തിന്റെ തന്നെ കാലാവസ്ഥ പുലർത്തുന്ന ഈ ദ്വീപുകളെകുറിച്ച് പൊതുവായി പറയാവുന്ന പ്രത്യേകതകളാണ് ഇവിടെ പട്ടിയോ, പാമ്പോ ഇല്ലെന്നുള്ളത്. പട്ടി വളർത്തുന്നത് അനാട്ടിലെ മുസ്ലീം ശാസനമനുസരിച്ച് നിഷിദ്ധവുമാണ്. നൂറു ശതമാനവും മുസ്ലീം ജനത അധിവസിക്കുന്ന ഈ ദ്വീപുകളിൽ ഒഴിവ് മറെല്ലാ

മേഖലകളും മറ്റു നിരോധനമേഖലയാണ്.

സൗജന്യ വിദ്യാഭ്യാസവും സ്കോളർഷിപ്പും പരീക്ഷകൾക്ക് ഗവൺമെന്റിൽനിന്ന് ലഭിക്കും. ദ്വീപ് നിവാസികളെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗമായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകുന്നു. നിത്യോപയോഗസാധനങ്ങൾ സബ്സിഡി റേറ്റിൽ ലഭിക്കും. ഇത്രയും സൗജന്യങ്ങൾ കേന്ദ്രഭരണ പ്രദേശമായതുകൊണ്ടാണ് ലഭിക്കുന്നത്. എന്നാൽ പുറത്തുനിന്നുള്ളവർക്ക് ഇവിടെ ഭൂമി വാങ്ങുവാനോ Landing permit കൂടാതെ ദ്വീപുകൾ സന്ദർശിക്കുവാനോ സാദ്ധ്യമല്ല.

അടുത്തദിവസം (ഡിസം:9) ഞങ്ങൾ പോയത് മിനിക്കോയ് ദ്വീപിലേയ്ക്കാണ്. കൽപേനിയിൽ നിന്ന് മിനിക്കോയ് ദ്വീപിലെത്തിച്ചേരാൻ ഏകദേശം ഒമ്പത് മണിക്കൂർ യാത്രയുണ്ട്. ആ യാത്രയിൽ കപ്പലിലെ ചീഫ് ഓഫീസർ (ഇദ്ദേഹം മാവേലിക്കര സ്വദേശിയാണ്.) കപ്പലിലെ യന്ത്ര സംവിധാനങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരുകയും പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. കപ്പലിലെ റഡാർസ്ക്രീനിൽ മിനിക്കോയ് ദ്വീപ് തെളിയുന്നതും ലൈറ്റ് ഹൗസിൽ നിന്നുള്ള Radio Signals സ്ക്രീനിൽ മിന്നുന്നതും കൗതുകകരമായ കാഴ്ചയായിരുന്നു. എട്ടുമണിയോടെ കപ്പലിൽ നിന്ന് ബോട്ടിൽക്കയറി ഞങ്ങൾ മിനിക്കോയ് ദ്വീപിലേയ്ക്ക് തിരിച്ചു.

അരമണിക്കൂർ നേരത്തെ ബോട്ട് യാത്രയ്ക്ക് ശേഷം ഞങ്ങൾ മിനിക്കോയിലെത്തി. മറ്റ് ദ്വീപുകളിൽനിന്ന് വ്യത്യസ്തമായ ഒരു പാരമ്പര്യവുംസംസ്കാരവുമാണ് മിനിക്കോയി പുലർത്തുന്നത്. മറ്റു ദ്വീപുകളിൽ സംസാര ഭാഷ മലയാളമാണെങ്കിൽ മിനിക്കോയിൽ അത് 'മഹൽ' ആണ്. എന്നാൽ ഇവർക്ക് മലയാളം പരിചിതമായതിനാൽ ഇവരുമായി ആശയ വിനി-



മയം നടത്താൻ പ്രയാസം നേരിട്ടില്ല. സ്കൂളിൽ മലയാളം നിർബന്ധിത ഭാഷയാണ്.

നല്ല സാമ്പത്തിക സ്ഥിതിയാണ് ഇവിടെയുള്ളവർക്ക്. മിക്കവീടുകളിലും ടി. വി. യും വീഡിയോയുമുണ്ട്. ഇതിനൊരു കാരണവുമുണ്ട്. ഈ ദ്വീപിലെ പ്രായപൂർത്തിയായവരിൽ ഭൂരിഭാഗവും Merchant Navy യിൽ Sea-man മാരായി ജോലി നോക്കുന്നവരാണ്. മിനിക്കോയ് ദ്വീപ് നിവാസിയാണെന്ന കാരണത്താൽ ബ്രിട്ടീഷ് മർച്ചന്റ് നേവിയിലും മറ്റും ഇവർക്ക് ജോലി ലഭിക്കുമെന്ന് ഒരു 'സീമാൻ' കൂടിയായ ഇബ്രാഹിം കൊല്ലുഗൊത്തി പറഞ്ഞു. ഇവരുടെ കഠിനാദ്ധ്വാനവും ജോലിയിലുള്ള വൈഭവവും അത്രയ്ക്ക് പേരുകേട്ടതാണത്രേ.

ഈ ദ്വീപിലെ പ്രധാന ആകർഷണം 1885-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് പണികഴിപ്പിച്ച മിനിക്കോയ് ലൈറ്റ്ഹൗസാണ്. അന്താരാഷ്ട്ര കപ്പൽ ചാനലിൽപ്പെട്ട ഈ ലൈറ്റ്ഹൗസിന് 50 മീറ്റർ ഉയരമുണ്ട്. 1966-ൽ പുതുക്കിപ്പണിത ആദ്യകാല വിളക്ക് ഇപ്പോൾ മദ്രാസ് മ്യൂസിയത്തിൽ കാണുവാൻ സാധിക്കും. കപ്പലുകൾക്ക് ദിശയറിയുവാൻ radio signals അയക്കുന്ന സ്റ്റേഷനും ഇതിനടുത്തുണ്ട്. Indian Meterological Department Office, Central Marine Research Institute, Sattliearth Station തുടങ്ങിയ മിക്ക ഓഫീസുകളുടേയും പ്രവർത്തനം ദ്വീപിലുണ്ട്.

5 മുതൽ 35വരെ വയസ്സിനിടയിലുള്ളവർ 100 % സാക്ഷരത നേടിയിട്ടുള്ള പ്രദേശമാണ് മിനിക്കോയ്. ഇവരുടെ ഇടയിൽ കളവും അക്രമവും കുറവാണ്. കൊലപാതകം ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ ദ്വീപുകളിലെ വിവാഹരീതി നമ്മുടേതിൽനിന്ന് വ്യത്യസ്തമാണ്. ഇവിടെ പുരുഷധനമാണ് നൽകേണ്ടത്. വധുവിന്റെ വീട്ടുകാർക്ക് ഒരു തുക നൽകിയാലേ വരന് വിവാഹം കഴിക്കാൻ സാധിക്കൂ.

പുറം കടലിൽ നങ്കൂരമിട്ടിരുന്ന കപ്പലിൽ വൈകുന്നേരം അഞ്ചുമണിയോടെ ഞങ്ങൾ തിരിച്ചെത്തി. അടുത്ത ദ്വീപ്, ലക്ഷദ്വീപ് സമൂഹങ്ങളുടെ ഭരണ തലസ്ഥാനം കൂടിയായ കവരത്തിയാണ്. ഡിസംബർ 10-ാം തീയതി വെളുപ്പിന് ഞങ്ങൾ കവരത്തിയിലെത്തിച്ചേർന്നു. പുരോഗതിയുടെ എത്തിനോട്ടം കവരത്തിയിൽ അങ്ങോളമിങ്ങോളം കാണുവാൻ സാധിക്കും. കോൺക്രീറ്റ് കെട്ടിടങ്ങളും നിരവധി സർക്കാർ ഓഫീസുകളും ദ്വീപിനുവേണ്ട വൈദ്യുതി ഉൽപാദിപ്പിക്കുന്ന ജനറേറ്റർ ഹൗസും ദൃശ്യമാണ്. കവരത്തിയിലെ ജവഹർലാൽ നെഹ്റു കോളേജിലെ N. S. S. വോളന്റിയർമാർ ഞങ്ങളെ സ്വീകരിക്കുകയും ദ്വീപിനെ സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുതരുകയും ചെയ്തു. കവരത്തിയിൽ കാക്കകൾ ഇല്ല എന്നത് ആശ്ചര്യജനകമായി തോന്നി.

കവരത്തിയിലെ ഫിഷറീസ് മ്യൂസിയം, മറൈൻ അക്വേറിയം എന്നീ സ്ഥാപനങ്ങൾ കടൽ ജീവികളെ നേരിൽ കാണുവാനും അവയുടെ ജീവിതരീതി മനസ്സിലാക്കുവാനും സഹായിക്കുന്നു. മറൈൻ അക്വേറിയത്തിൽ Octopus, Scor-pion fish, Eel, തിരണ്ടി, Gold fish പലതരത്തിൽപ്പെട്ട കടൽമത്സ്യങ്ങളെയും, ജീവികളെയും കാണാം. മറൈൻ മ്യൂസിയത്തിൽ കടമത്ത്

ദ്വീപിൽ നിന്ന് ലഭിച്ച 60 മീറ്റർ നീളം വരുന്ന ഒരു ഭീമാകാരനായ തിമിംഗലത്തിന്റെ അസ്ഥികൂടം വച്ചിട്ടുണ്ട്. ദ്വീപിലെ 'കപ്പലത്തി' എന്ന ആദ്യത്തെ ബോട്ടും അവിടെ പ്രദർശനത്തിന് വച്ചിട്ടുണ്ട്. നിരവധി കടൽ ജീവികളുടെ കൗതുകകരങ്ങളായ പുറന്തോടുകളും, കുപ്പികളിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന കടൽപ്പാമ്പുകളും തുടങ്ങിയവയും മ്യൂസിയത്തിലെ പ്രത്യേക കാഴ്ചകളാണ്. ദ്വീപിലെ ഏക പത്രമായ 'ലക്ഷദ്വീപ് ടൈംസ്' ഗവൺമെന്റ് ചെലവിൽ അച്ചടിച്ച് ദ്വീപ് നിവാസികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നു.

സംഘാംഗങ്ങൾ വിവിധ കലാപരിപാടികൾ ദ്വീപിൽ അവതരിപ്പിച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കോച്ച് ഗോപിനാഥിന്റെ നേതൃത്വത്തിലുള്ള വോളിബോൾ ടീം ദ്വീപിലെ ടീമുമായി പ്രദർശന മത്സരം നടത്തുകയും ചെയ്തു.

വേലിയിറക്കത്തിന് മുമ്പ് കപ്പലിൽ തിരിച്ചെത്തിയ ഞങ്ങൾ അന്നുതന്നെ ( ഡിസംബർ 10 ) ആരംഭിച്ചു. പ്രകൃതിസൗന്ദര്യം ആവോളമുള്ള ഒരു പ്രദേശമാണ് ഈ ദ്വീപ് സമൂഹങ്ങളെങ്കിലും കുറെക്കൂടി സൗകര്യങ്ങൾ ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. എന്തൊക്കെയായാലും ഈ കോറൽ ഐലൻറുകളുടെ മനോഹാരിതയും ദ്വീപ് നിവാസികളുടെ ഹൃദ്യമായ പെരുമാറ്റവും എന്നെന്നും ഓർമ്മയിൽ തങ്ങിനിൽക്കും.

തയ്യാറാക്കിയത്,
ജോർജ് ജോൺ,
Ist D.C. Maths.

# കാവേരി

ഈ രാത്രി
ഈ ധരിത്രിയിലിനിയുമുണ്ടാകുമോ?
ആർക്കുനേരേ തൊടുത്തതീ ചോദ്യം?
ആർക്കുത്തരം കഥിക്കുവാൻ കഴിയും
രാവേറെ കഴിഞ്ഞിട്ടുമിന്നു ഞാൻ
രാത്രിയെ പുണരാതെ, ധാത്രിയെ കാണാതെ
ഉത്തരം തേടിയുഴലുന്നു 'കാവേരി'
നീണ്ടൊരോർമ്മയിൽ നീളവേ പരതി ഞാൻ
തീരമണയാത്ത നൗകയിലൊരേ—
കാന്തപഥികനെന്നപോലിന്നും.

പ്രാണൻ വിടാത്ത പാവം തമിഴന്റെ
പ്രാണനിശ്വാസങ്ങൾ പകുത്തീടവേ
ചോദ്യമുയരുന്നു കൂട്ടമണിപോലെ
വെള്ളത്തിനായ് മർത്ത്യനെ ഹരിച്ച
മാനവ സംസ്ക്കാര മിതെന്തു സംസ്ക്കാരം?
ആർഷസംസ്ക്കാരം വിടർന്നുല്ലസിച്ചൊരാ—
രാമഭൂവിൽ

പണ്ടു 'ഭഗീരഥൻ' ഗംഗയെ കൊണ്ടുപോയ്
നന്നായ് നനച്ചൊരീ പുണ്യഭൂവിൽ
'ഇല്ലകൊടുക്കില്ല വെള്ളംകൊടുക്കില്ല'
പാണ്ടിക്ക് ഞാനെന്നു കല്പിക്കുവാൻ
എന്തധികാരം കന്നട പുത്രന്
വീരനാം 'ടിപ്പു' തൻ പിൻമുറക്കാരെങ്കിലും
ഈ പണി നിങ്ങൾക്കുചിതമല്ല.

കല്പാന്തകാലം വരുന്നുനാളെ
കല്പിച്ചതെല്ലാം വെറും പാഴ്കിനാവാകിലും
കാവേരി നിൻ തീരമിതിന്നുവെറും
കാർക്കോട ദംശമിയന്നവളായ് തീർന്നല്ലോ?

Joseph T. M.
III D. C. English

# ജൂനിയർ ഉദ്ഘാടനം



ഈശ്വര പ്രാർത്ഥന



[illegible]
പ്രൊഫ: ജോർജ്ജ് ജോൺ [illegible]



ഉദ്ഘാടകൻ
ശ്രീ. സി.വി. ശ്രീധരൻ



ഉദ്ഘാടന
പ്രസംഗം



ഉദ്ഘാടനകർമ്മം
ശ്രീ. സി.വി. ശ്രീധരൻ
നിർവ്വഹിക്കുന്നു.



അദ്ധ്യക്ഷ പ്രസംഗം:
[illegible]

# അക്ഷരങ്ങൾക്ക് പിന്നിൽ...



അനശ്വരനായ

# രാജീവ് ഗാന്ധി



**1991 മെയ് 22**-ാം തീയതി.........

ത്രിവർണ്ണപതാകയിൽപൊതിഞ്ഞ് ചന്ദനച്ചിതയിലേക്കുള്ള യാത്രയുംകാത്ത് ഒരു ഇളംമേനി അവിടെ വിശ്രമിക്കുന്നു.———

അവസാനമായി ആ മേനിയൊന്ന് കണ്ട് അശ്രുപൂജയർപ്പിക്കാൻ നിറഞ്ഞകണ്ണുകളും വിതുമ്പുന്ന അധരങ്ങളുമായി പതിനായിരക്കണക്കിനാളുകൾ അവിടെ തിങ്ങിക്കൂടിയിരിക്കുന്നു.......

അവർ ഇടറിക്കരഞ്ഞുകൊണ്ട് ആർത്തുവിളിക്കുന്നു. ——
"രാജീവ്ഗാന്ധി അമർ രഹേ, ജബ്തക് സൂരജ്ചാന്ദ് രഹേഗാ, തബ്തക് തേരാ നാം രഹേഗാ"—— (രാജീവ് അനശ്വരനാകട്ടെ സൂര്യനും ചന്ദ്രനും നിൽക്കുന്നകാലം വരെ അങ്ങയുടെ നാമവും നിലനിൽക്കും.....)

ഹൃദയഭേദകമായ ആ വിളികേട്ട് തീൻമൂർത്തിഭവനും വിതുമ്പിപ്പോകുന്നു. മൂകമായി——

മുത്തച്ഛന്റെ കൈപിടിച്ച് രാജീവ് പിച്ചവച്ചുനടക്കാൻ തുടങ്ങിയത് ഇവിടെയാണ് ഈ രാജീവ് ഇന്ത്യയുടെ പ്രിയപുത്രനായിമാറും——ഭാരതത്തിന്റെ മഹനീയമായ സംസ്കാരവും ധർമ്മബോധവും ഇവൻ ആയുധമാക്കിമാറ്റും.........
ഇവന്റെ കർമ്മധീരതയെ ലോകരാഷ്ട്രങ്ങൾ പ്രകീർത്തിക്കും......

ഇവന്റെ നാമം ചരിത്രത്തിൽ അഗ്നിനക്ഷത്രംപോലെ ജ്വലിച്ചുനിൽക്കും...... ആ സങ്കല്പങ്ങളെല്ലാം സത്യമായിഭവിച്ചു. ലോകരാഷ്ട്രങ്ങളുടെയിടയിലും രാജീവ് ആരാധ്യപുരുഷനായിമാറി. അക്രമരാഹിത്യവും നിത്യസമാധാനവും ലക്ഷ്യമാക്കി അദ്ദേഹം പടവെട്ടിക്കയറി .......നമീബിയായിലും. ശ്രീലങ്കയിലും മറ്റും സമാധാനം ആടിയുലഞ്ഞപ്പോഴും കാവൽമാലാഖയുടെ ദൗത്യവുമായി ഈ മനുഷ്യസ്നേഹി പറന്നുചെന്നു.........എല്ലാം തീൻമൂർത്തിഭവന്റെ സ്വപ്നംപോലെതന്നെ———എന്നാൽ—...

കരളലയിക്കുന്ന ദാരുണമായഅന്ത്യം.........തീൻമൂർത്തിഭവൻ പ്രതീക്ഷിച്ചതല്ല...... ബാല്യത്തിനു കളിത്തട്ടുതീർത്ത് ഒടുവിൽ ഒരിക്കലും വരാത്ത കണ്ണീരോടെ മരണശയ്യയും....

യമുനയുടെതീരം—നെഹ്റുവും ഇന്ദിരയുമുറങ്ങുന്ന ശാന്തിവനവും ശക്തിസ്ഥലിയും വഹിക്കുന്ന യമുനയുടെ പുണ്യതീരം ഇന്ത്യയുടെ പ്രിയമകൻ രാജീവ്ഗാന്ധിയുടെ മൃതദേഹവും ഏറ്റുവാങ്ങി——

ഭാരതത്തിന്റെ ദുഃഖങ്ങൾ നീക്കുവാൻവന്ന ദിവ്യകുഞ്ഞാട് ഇതാ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരുവർഷം കഴിയുന്നു.

**എഡിറ്റർ**

ആത്മാവിന്നാരാധനാലയത്തിൽ,
പൂജിച്ചു ഞാൻവച്ച പൂവായിന്നിൻ
തുറക്കാത്ത മണിവാതിൽ,
പ്പടിയിലേകാകിനിയായ് നില്പൂ
നീറുന്ന സ്വപ്നങ്ങൾ കണിവയ്ക്കാം,
ഇന്നിൻെറ വേദന ഗാനമാക്കാം,
കണ്ണീരിൻഗദ്ഗദം താളമാക്കാം,
പഴകിയ കീർത്തനമേററുചൊല്ലാൻ
പാപങ്ങൾപേറുമീ ജീഹ്വമാത്രം
അഗ്രഹാരപ്പടി കടന്നിറങ്ങുമ്പോൾ
ആത്മാവിലായിരം പൊൻകിരണം
അറിയാതെ വേദന വിടപറഞ്ഞൊഴിയു-
മ്പോളശ്രുബിന്ദുക്കളടർന്നിടുന്നു.


രജനി എസ്.
ഒന്നാംവർഷ ബോട്ടണി

ലോകം മനുഷ്യൻെറ ലോകം !
ലോകം മനുഷ്യൻെറ ലോകം !
വർഗ്ഗ സമരങ്ങൾതൻ ലോകം !
വിപ്ലവങ്ങൾ പ്രതിവിപ്ലവങ്ങൾ
അതുതന്നെയല്ലയോ ഇതുവരെയും.

ഒരുവിഭാഗം തിന്നുകൂത്താടിടുന്നു,
മറുഭാഗമോ വിശന്നാർത്തനാദത്തോടെ,
പ്രത്യാശയററൊരാ പ്രാണവേദനയോടെ,
അനാഥപ്രേതമായ് ഇവിടെത്തലയുന്നു.

ആരുകാണാൻ അവയാരുകാണാൻ?
അവയൊക്കെ ലോകത്തിലുള്ളതെന്നും,
അതുതന്നെ ജീവിത യാഥാർത്ഥ്യമെന്നും.
കരുതിനാം മുന്നോട്ടുപോയിടുന്നു. ! !

ഗോപി സി. കെ
II D. C English Literature



ജോൺസൺ ജോൺ,
രണ്ടാം വർഷ ബോട്ടണി.

വിജയമ്മ എം. വി.
I D C Economics

നെരിപ്പോടുകളിൽ ജീവിതമെരിയുന്നു —
കാററിൻെറ കൈകളിൽ
ചാവുമണി പാടിയ ഗീതങ്ങൾ
എനിക്കിനിയുറങ്ങുവാൻ മുഹൂർത്തം
കുറിക്കുന്നു.
മഞ്ഞിൻ ഈറൻ പൂന്തുകിൽ ചുററിയ
മരങ്ങളിൽ നിന്നും നിണമൊലിക്കുന്നു.
പാടുന്നു, ഞാനെൻെറയന്ത്യം കുറിക്കുമീ
വേദിയിൽ, താളമേളങ്ങളില്ലാതെ ....—
എൻെറ മുന്നിൽ കറുത്തചിറകുകൾ വീശി
ബലിക്കാക്കകൾ, കർക്കിടകത്തിൻെറ
യാത്മാക്കൾ
ഒരുതരി വററിനായ് മണ്ണിലലയുന്നു.
തൊണ്ടയിൽ മുറിയുന്ന ശബ്ദവുമായി
കോഴികൾ കൂവുന്നു കുരുതിക്കളങ്ങളിൽ
ലോകമുറങ്ങട്ടെ സ്വച്ഛന്ദമായിനി,
പുലരി പ്പൂനാളുകൾ സൂര്യൻകറുത്തുപോയ്
അകലുന്നവധൂതൻ ജടപിടിച്ച ചിന്തയിൽ
പാപത്തിൻ തീർത്ഥം ഫലനംവച്ച് തൂങ്ങുന്നു
ചതുരംഗക്കളങ്ങളിൽ തോക്കുകൾ
ഗർജിക്കുന്നു
കാലാൾപ്പടകൾ കുഴിമാടങ്ങളിൽ
മുരളിയൂതട്ടെ ഞാനെൻെറ ജീവനിൽ
എന്നോമുറിഞ്ഞു തൂങ്ങിയവിരലുകൾ
കൊണ്ടിനി — — —

എന്നാരാമത്തിന്നരഞ്ഞാൺ ചാർത്തും
ഹൃദയത്തുടിപ്പുകൾ ചൊല്ലുമോ
എന്നോടിന്ന്
എന്തേ നീ വിളറുന്നു എന്തേ നീ ഞരങ്ങുന്നു
എങ്ങുപോയ് മറഞ്ഞു നിൻ മുഗ്ദ്ധമാം
കിളിക്കൊഞ്ചൽ
നിൻെറ ചാരത്തായ് നിൽക്കും
ഞങ്ങണത്തയ്യും
നീലക്കടമ്പും നീളെ വിരിയും നെയ്യാമ്പലും
നിന്നെത്തഴുകുന്ന കുഞ്ഞിളം കാററുപോലും
നിന്നോടൊത്തെന്തേ മൗനമായ് വിതുമ്പുന്നു
നദീ — —
നീ പൊട്ടിച്ചിരിക്കൂ അതിൽ പുളകം
കൈക്കൊള്ളട്ടെ
ഞാനും പിന്നെയീ ഗ്രാമീണ കന്യയും
വേഴാമ്പൽ മുകിലിനെ കൊതിക്കും
പോലവേ
നീയും നിൻ കാന്തനാം വർഷത്തെ
കാക്കുകയോ?
കാന്തൻെറ ചാരെ നീ സംഹാരതാണ്ഡവം
കൊണ്ടീ ധരണിയെ പ്രക്ഷുബ്ധമാക്കാ—
റില്ലേ?
പിന്നെ—
നീയൊരുവിധം ശാന്തയായ് മാറുന്നതും
നാണത്താൽ നീ പിന്നെക്കുണുങ്ങിയോടു-
ന്നതും
അറിയുന്നു ഞാൻ നിന്നെയറിയുന്നെന്നേ
മുതൽ
അറിയാതെൻെറയുള്ളിൽ വിരിയും നിൻ
ചാപല്യം.

DEVA MATHA COLLEGE

**Employees' Co-operative Society Ltd.,**

No. K. 384, KURAVILANGAD KERALA STATE

നിക്ഷേപങ്ങൾക്ക് ഏററവും കൂടുതൽ പലിശ നൽകുന്ന

ഏകസ്ഥാപനം

---

The Economics Day was celebrated on 17th February, 1992. Mr. P. M. Mathew M. L. A. former student of this college, was our Chief Guest. He gave a very useful talk on the occasion. Mr. John, Manager, S.B. T. Kozhancheri also spoke on the occasion

We thank the principal, our beloved Professer Sri. V. I. George, Director, Sri. T. T. Michael our teachers and benefactare for their help and co-operation in our activities.

GEORGE VETTOOR — Secretary,

BINOY B. S. — Secretary


ആശംസകൾ !

**മഞ്ജു ട്രേഡേഴ്സ് & ഏജൻസീസ്**

പോലീസ് സ്റ്റേഷന് മുൻവശം

**കടുത്തുരുത്തി**

AUTHORISED DEALERS OF;

**KURL-ON MATRESSES**

**KURLO PILLOWS**

INDIA'S LARGEST SELLING MATRESSES

സ്റ്റീൽ അലമാര, സോഫാ സെറ്റ്,
പഞ്ഞിക്കിടക്കകൾ, വിവിധയിനം കസേരകൾ
മുതലായവ മിതമായ വിലയ്ക്ക് ലഭിക്കുന്ന സ്ഥാപനം.



# മരിച്ച പിതാവ് പറയുന്നു

എന്നെ നീ പച്ചമണ്ണിൽ കുഴിച്ചു മൂടുക.
എന്നെ നീ വെറുതെ വിടുകയെൻ ശാന്തിക്കായ്
ആറു നൊന്തുണ്ടായനീ, ആദ്യംപിറന്നൊരാൺ
കുഞ്ഞ് നീ

താഴെ വയ്ക്കാതെ തലയിൽ വയ്ക്കാതെ
കൈകളിൽ പോററി വളർത്തി ഞാൻ നിന്നെ.
തൊണ്ണുകാട്ടിച്ചിരിച്ചുകൊണ്ടന്നൊക്കെ നീയെന്റെ
കരണത്തു തല്ലിക്കളിക്കുമ്പോഴും ഞാൻ ചിരിക്കും.

അന്നൊക്കെ ആയിരം കൈകളിൽ ആയിര
മായിരം മുത്തങ്ങൾ നൽകിടും ഞാൻ-
ആയിരം കൈകൾ വളർന്നു മുഴുത്ത്
കരുത്തുററ, ബലമുള്ള കൈകൾ എന്റെ
പെടലിയിൽ പതിച്ച നേരത്തു ഞാൻ കരഞ്ഞു.
ഇന്നുഞാൻ ചത്തു കട്ടിലിൽ കിടക്കുന്നു;
കോൺക്രീററ് വീടിൻ മെടിപ്പിനായിന്ന്
കോലായിൽ കൊണ്ട് കിടത്തി നീ എന്നെ
അപ്പോഴും നിന്റെ അൾസേഷ്യൻ നായ
വെടിപ്പുള്ള കൂട്ടിൽ കിടന്നു കൊണ്ടെന്നെ
നോക്കികുരച്ചു.

കാലം കഴിഞ്ഞു മരിച്ചു പോയെന്നനീ
പഴകട്ടിലിൽ കേററി പൊതിഞ്ഞു കിടത്തുന്നു.
എന്റെ കീററത്തുണി അലക്കുവാൻ മടിച്ച നീ
എന്നെ വെള്ളത്തുണിയിൽ പൊതിഞ്ഞു
കിടത്തുന്നു.

വയറു കാഞ്ഞപ്പോഴും കഞ്ഞിതരാത്ത നീ
വായ്ക്കരിയിടുവാനെന്തിനെൻ ചത്ത വായിൽ
കണ്ണീർ പൊഴിക്കുന്നു; പൂക്കളെറിയുന്നു
ചന്ദനത്തിരി കത്തിക്കുന്നു.
സാമ്പ്രാണി പുകയ്ക്കുന്നു.
എന്തിനീ പാഴ്‌വേലകളൊക്കെയും.
എന്തിനീ നിലവിളക്കെൻ മുമ്പിലിപ്പോഴും
തൊഴുത്തിലെ ദുർഗന്ധം ശ്വസിച്ച ഞാൻ
സുഗന്ധമെന്നേ മറന്നു പോയി പുത്രാ!
ചായകുടിക്കുവാൻ കാശൊന്നു നീട്ടാത്ത നീ
യെന്തിനെൻ തലെക്കെട്ടിൽ നാണയം തിരുകുന്നു
എന്നെ നീ വെറുതെ വിടുകയെൻ മകനെ,
എന്നെ നീ വെറുതെ പച്ചമണ്ണിൽ കുഴിച്ചു മൂടുക.

സുജി വി. ജോസഫ്
രണ്ടാം വർഷ ബി. കോം.

# ഗ്രാമഭംഗി

നൂറിതൾ വിടർത്തിയ
താമരപ്പുഷ്പം പോലെ
നൂറുകൈത്തിരി കത്തി
നിൽക്കുന്ന ദീപം പോലെ
നൂറുപൂഞ്ചിരി പൂത്ത
മാധവീലത പോലെ
നൂറുതാരകൾ ചേർന്നൊ-
രാകാശഖണ്ഡം പോലെ
നൂറുശാഖകളാർന്നൊര
ശാത്ഥ വൃക്ഷം പോലെ
നൂറുപൂങ്കുയിൽ പാടും
മാകന്ദമരം പോലെ
നൂറുവർഷവും കൊടി
യേറിയുത്സവത്തിന്റെ
ചാരുമേളങ്ങൾ കണ്ട
ക്ഷേത്ര ഗോപുരം പോലെ
നൂറുനെയ്യാമ്പൽ പൂത്തു
നിൽക്കുന്ന കുളം പോലെ
നൂറുകേരങ്ങൾ പീലി
വിരിക്കും കരപോലെ
നൂററുവികളൊന്നായ്
ചേർന്നൊരുപുഴപോൽ
നൂറ് പെൺകൊടിമാർ തൻ
കൈകൊട്ടിക്കളി പോലെ
നൂറ് വീണകൾ പാടും
മഞ്ജുള നാദം പോലെ
നൂറ് കേകികൾ കൂടി
യാടിടും ലാസ്യം പോലെ
ഇമ്മലയാളത്തിന്റെ മാനസ്സരോവ
രമൃതയിനിയേറെ നൂറുകൾ വിടർത്തട്ടെ.

എൽബി മോൻ എ. സി.
ഒന്നാം വർഷ പ്രീ. ഡിഗ്രി.

# കാത്തലിക് സ്ററുഡൻറ്സ് മൂവ്മെൻറ്

കാമ്പസിൽ സമാധാനവും സഹകരണവും വളർത്തുവാനും യുവജനങ്ങൾക്ക് ആത്മീയ ചൈതന്യം പകരുവാനുമാണ് C. S. M. പ്രവർത്തിക്കുന്നത്. ബന്ധങ്ങളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. മനുഷ്യനെ സമൂഹജീവിയായി കണ്ട് മനുഷ്യബന്ധങ്ങൾക്ക് ഊന്നൽ നൽകുന്ന കർമ്മപരിപാടിയിലാണ് ഈ വർഷം C. S. M. ശ്രദ്ധിച്ചത്.

ക്രിസ്തുവിന്റെ വചനങ്ങൾ മാതൃകയാക്കി ജീവിതത്തെ നവീകരിക്കുവാനാണ് II P. D. C കുട്ടികൾക്ക് ജൂൺ 24, 25, 26 ദിവസങ്ങളിൽ ബോധവത്കരണ ധ്യാനം നടത്തിയത്. ഈ നവീകരണ ധ്യാനത്തോടെയാണ് സംഘടന ഈ വർഷത്തെ പരിപാടികൾ ആരംഭിച്ചത്. ഏററുമാനൂർ 'കാരിസ് ഭവനി'ലെ അസി. ഡയറക്ടർ ഫാ: ജോസ് പാപ്പള്ളിയും സഹപ്രവർത്തകരും ധ്യാനപരിപാടികൾക്ക് നേതൃത്വം നല്കി. 'മനുഷ്യബന്ധങ്ങൾ' എന്ന വിഷയത്തെയടിസ്ഥാനമാക്കി ശ്രീ. C. H. ജോസഫ് നയിച്ച ഏകദിന സെമിനാറോടുകൂടിയാണ് യൂണിററ് I D C വിദ്യാർത്ഥികളെ സ്വാഗതം ചെയ്തത്.

സുദൃഢമായ ഈശ്വരബന്ധമാണ് മനുഷ്യനെ ബലവാനാക്കുന്നത്. സി. എസ്. എം. പ്രവർത്തകർ എല്ലാ ബുധനാഴ്ചകളിലും പ്രാർത്ഥനയിലൂടെ ക്രിസ്തുവിനോട് സംഭാഷണം നടത്തി മനസ്സിനെ ഏകാഗ്രമാക്കുന്നതിന് ശ്രദ്ധിച്ചു.

സംഘടനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ **Nov**. 8, 9, 10 ദിവസങ്ങളിൽ ഈ കോളേജിൽ നടന്ന റീജിയണൽ ക്യാമ്പ് സവിശേഷശ്രദ്ധയർഹിക്കുന്നു. ഇതിൽ പതിനൊന്ന് കോളേജുകളിൽ നിന്നായി അൻപത്തിനാലു കുട്ടികൾ പങ്കെടുത്തു. Psychology of Human Relations എന്നതായിരുന്നു ക്യാമ്പിന്റെ വിഷയം 8-ാം തീയതി വൈകുന്നേരം നാലിന് ആരംഭിച്ച ക്യാമ്പ് 10-ാംതീയതി ഉച്ചകഴിഞ്ഞ് 3 ന് അവസാനിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം മാനേജർ വെരി റവ. ഫാ: ജോർജ് മുളങ്ങാട്ടിൽ ഭദ്രദീപംകൊളുത്തി നിർവ്വഹിച്ചു. പ്രിൻസിപ്പാൾ പ്രൊഫ: **T. M.** ദേവസ്യാ ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. പ്രൊഫ: **M. V.** പീററർ **(Back to Nature )** പ്രൊ: **K. M.** ചാക്കോ **(Esse est Co-esse)** **C. H.** ജോസഫ് **(Human Relations)** ഫാ: ജോർജ് മുളങ്ങാട്ടിൽ (To the Heights) എന്നിവർ ക്ലാസ്സുകൾ നയിച്ചു. മനുഷ്യബന്ധങ്ങളുടെ വൈവിധ്യവും ആഴവുമുൾക്കൊള്ളുവാൻ ക്ലാസ്സുകളോടൊപ്പം പഠനവേദികളും സഹായകമായി ശ്രീ.സിറിയക് പററാനിയുടെ **Screen Time Evaluation** യഹോവയുടെ സ്നേഹത്തിന്റെ വിവിധ തലങ്ങൾ കാണിച്ചുതന്നു. കോട്ടയം റീജിയൺ സംഘടിപ്പിച്ച ക്യാമ്പുകളിൽ ഈ ക്യാമ്പാണ് ഉന്നതനിലവാരം പുലർത്തിയതെന്ന് ആദ്യന്തം ക്യാമ്പിൽ പങ്കെടുത്ത റീജിയണൽ പ്രസിഡന്റ് ജോസ് തോമസ് അഭിപ്രായപ്പെട്ടു. നമ്മുടെ അദ്ധ്യാപകരുടെ സജീവ സാന്നിദ്ധ്യം മററ് കോളേജുകളിൽ നിന്നെത്തിയവരുടെ സവിശേഷശ്രദ്ധയ്ക്കും പ്രശംസയ്ക്കും വിഷയീഭവിച്ചു. ഐസിമോൾ പി. ഐസക്ക് സ്വാഗതവും യൂണിററ് പ്രസിഡന്റ് ഷാജൻ സി. മാത്യു ക്യാമ്പംഗങ്ങൾക്ക് നന്ദിയും പറഞ്ഞു.

നമ്മുടെ കോളേജിലെ 'ഫാക്കൽററി ഓഫ് റിലിജിയ'ന്റെ സഹകരണത്തോടെ ഈ യൂണിററ് പാലാരൂപതയിലെ കോളേജുകളിൽ ജീവിത ദർശനപഠന കളരികൾ സംഘടിപ്പിച്ചു പാലാ സെന്റ്: തോമസ് (1992 ജനുവരി 4) അൽഫോൻസാ (1992 ജനുവരി 18) എന്നീ കോളേജുകളിലാണ് പ്രസ്തുത പരിപാടികൾ നടന്നത്. ഡോ: ജെയിംസ് ജോസഫ്, ഫാ: തോമസ് പാറയ്ക്കൽ, ഡോ: **P. K.** ജോസ് പത്തിൽ, ശ്രീ. **C. H.** ജോസഫ് എന്നിവരാണ് ക്ലാസ്സുകൾ നയിച്ചത്.

മാനസികവും ബൗദ്ധികവും ആദ്ധ്യാത്മികവുമായ പക്വത സി. എസ്. എം. പ്രവർത്തകരുടെ മുഖമുദ്രയാകേണ്ടതാണ്. ഈ ലക്ഷ്യം മുന്നിൽക്കണ്ട് കോട്ടയം റീജിയണിലെ മററ് പല കോളേജുകളും ക്യാമ്പുകൾ സംഘടിപ്പിച്ചു. ഈ കോളേജിലെ അറുപത് കുട്ടികൾക്ക് ഈ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ സാധിച്ചു. ക്യാമ്പുകളിലെ ഭാഗഭാഗിത്വം അംഗങ്ങൾക്ക് നവചൈതന്യം നൽകി.

സി. എസ്. എം. അംഗങ്ങളുടെ കലാവാസനയെ പരിപോഷിപ്പിക്കുന്നതിന് എല്ലാവർഷവും കലാമേള നടത്താറുണ്ട്. 1991 Nov. 27, 30 ദിവസങ്ങളിൽ പാലായിൽ നടന്ന കലാമേളയിൽ ഈ യൂണിറ്റിലെ ഇരുപത്പേർ പങ്കെടുക്കുകയും പ്രശംസനീയമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. സിബി ജോസഫ്, ജിജോ സിറിയക്, ജിജോ ലൂക്കോസ് എന്നിവർ ഒന്നാം സ്ഥാനങ്ങൾ തന്നെ നേടി. പാലാ സെൻറ്. തോമസ് കോളേജ് സി. എസ്. എം. യൂണിറ്റ് സംഘടിപ്പിച്ച ബൈബിൾ പ്രസംഗമത്സരത്തിലും ഡിബേറ്റിലും ഒന്നാം സ്ഥാനം നമ്മുടെ യൂണിറ്റ് നേടി.

ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നല്കിയ എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

സെക്രട്ടറി.

## ക്വിസ് ക്ലബ് റിപ്പോർട്ട് 91 - 92

കഴിഞ്ഞ അദ്ധ്യയന വർഷത്തെ ക്വിസ് ക്ലബ്ബ് പ്രവർത്തനങ്ങൾ 1991 ആഗസ്റ്റ് മാസം 8-ാം തീയതി ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ പ്രൊഫ: T. M. ദേവസ്യ ഉത്ഘാടനം ചെയ്തു. തുടർന്ന് എല്ലാ വെള്ളിയാഴ്ചകളിലും ക്വിസ് ക്ലബ്ബ് യോഗം ചേർന്നു.

ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ, പൊതുവിജ്ഞാനം, സിനിമ, സയൻസ്, ഇംഗ്ലീഷ് സാഹിത്യം, രാഷ്ട്രതന്ത്രം, തുടങ്ങി വിവിധ വിഷയങ്ങളിലായി ക്ലബ്ബിൽ പ്രശ്നോത്തരി നടത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളിൽ കോളേജിനും ക്ലബ്ബിനും അഭിമാനത്തിനു വകനൽകുന്ന ഒട്ടേറെ പുതുമകൾ ഉണ്ടായിരുന്നു.

ഇദംപ്രഥമമായി ഒരു ഇൻറർ കോളേജിയറ്റ് ക്വിസ് മത്സരം 1991 നവംബർ മാസം 28-ാം തീയതി ക്ലബ്ബ് സംഘടിപ്പിക്കുകയുണ്ടായി. മത്സര വിജയികൾക്ക് ദേവമാതാ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡുകളും സമ്മാനിച്ചു. ദേവമാതാ കോളേജ് ഒന്നാം സ്ഥാനവും കൊച്ചിൻ മോഡൽ എഞ്ചിനീയറിംഗ് കോളേജ് രണ്ടാംസ്ഥാനവും നേടി.

കോളേജിലെ കെമിസ്ട്രി വിഭാഗവും, ക്വിസ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച ഇൻറർകോളേജിയറ്റ് കെമിക്വിസ്, സംഗീതം, സ്പോർട്ട്സ്, കേരളം എന്നീ വിഷയങ്ങളിൽ നടത്തിയ പ്രത്യേക ക്വിസ് പ്രോഗ്രാമുകൾ പോയവർഷത്തെ പ്രവർത്തനങ്ങൾക്ക് നിറം പകർന്നു.

കോളേജ് ക്വിസ് ടീം ഈ അദ്ധ്യയന വർഷം അഭിമാനാർഹമായ നേട്ടം കൈവരിക്കുകയുണ്ടായി. U. V. ജോൺ മെമ്മോറിയൽ ക്വിസ് മത്സരം (ന്യൂമാൻ കോളേജ്, തൊടുപുഴ), P. O. ജോൺമെമ്മോറിയൽ ക്വിസ് മത്സരം (മർത്തോമ കോളേജ്, തിരുവല്ല), ഇൻറർ കോളേജിയറ്റ് ഇക്കണോമിക്സ് ക്വിസ് (അരുവിത്തുറ സെൻറ് ജോർജ് കോളേജ്) എന്നീ മത്സരങ്ങളിൽ നമ്മുടെ ടീം വിജയിക്കുകയുണ്ടായി.

ഈ വർഷത്തെ നേട്ടങ്ങളുടെ തിളക്കം ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലേക്കും വ്യാപിച്ചു. ആകാശവാണി സംഘടിപ്പിച്ച പൊതുവിജ്ഞാന ക്വിസിൽ ഒന്നാംസ്ഥാനം നമ്മുടെ ടീം നേടുകയുണ്ടായി. അഖില കേരളാടിസ്ഥാനത്തിൽ ആകാശവാണി നടത്തിയ 'റേഡിയോ സ്പോർട്ട്സ് ക്ലബ്ബ് 92'-ൽ കേരളത്തിലെ ഏററവും മികച്ച നാലുടീമുകളുടെ ഫൈനൽ റൗണ്ടിൽ പങ്കെടുക്കുവാൻ നമ്മുടെ ടീം യോഗ്യതനേടി. ഒട്ടാകെ അഞ്ചു തവണ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്ത ക്വിസ് പരിപാടിയിൽ നമ്മുടെ ക്വിസ് ടീം കഴിഞ്ഞ വർഷം പങ്കെടുക്കുകയുണ്ടായി. കൂടാതെ ദൂരദർശന്റെ ക്വിസ് പരിപാടിയിലേക്കും നമ്മുടെ ക്വിസ് ടീം യോഗ്യത നേടിയിട്ടുണ്ട്.

നേട്ടങ്ങളുടെ തിളക്കം മുഴുവൻ ക്വിസ് ടീം അംഗങ്ങളായ ജോർജ് ജോണിനും (I D. C. Maths.). കെ. നന്ദകുമാറിനും (I D. C. Physics) അവകാശപ്പെട്ടതാണ്. അവരെ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു. സമ്മാനാർഹരായില്ലെങ്കിലും ക്വിസ് ക്ലബ്ബിന്റെ ഭാവി വാഗ്ദാനങ്ങൾ തങ്ങളാണെന്ന് ക്വിസ് ടീമിലെ മററംഗങ്ങളായ ബിനോജ് ജി. യും (I D. C. Maths) സാജൻ M. V. യും (I. P. D. C.) തെളിയിച്ചു.

താരതമ്യേന നേട്ടങ്ങളുടെ വർഷമായിരുന്നു കടന്നുപോയത്. കുററങ്ങളും കുറവുകളുമുണ്ടായിരുന്നെങ്കിലും പല പുതിയ പരിപാടികൾക്കും തുടക്കം കുറിക്കാൻ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു എന്നുള്ളത് അഭിമാനം ജനിപ്പിക്കുന്നു.

പോയ വർഷത്തെ ക്വിസ് ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും, പ്രോത്സാഹനവും തന്ന ബഹു: പ്രിൻസിപ്പാൾ പ്രൊഫ. T. M. ദേവസ്യ സാറിനോടും ബഹു: വൈസ് പ്രിൻസിപ്പാൾ ഫാ: ജോസഫ് പുതുമനയോടും ക്ലബ്ബിനുള്ള നന്ദി സീമാതീതമാണ്. ക്വിസ് ക്ലബിന് എല്ലാവിധ സഹായ സഹകരണങ്ങളും നൽകിയ കെമസ്ട്രി വിഭാഗത്തിലെ ശ്രീ. പ്രസാദ് പോൾ, മലയാളം വിഭാഗത്തിലെ ശ്രീ. ബാബു ജോസഫ് ഇംഗ്ലീഷ് വിഭാഗത്തിലെ ശ്രീ. M. S. മൈക്കിൾ എന്നീ അദ്ധ്യാപകരോടും ക്വിസ് ക്ലബ്ബിനുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് പരിപാടികൾ സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും തന്നത് ക്ലബ്ബ് ഡയറക്ടറായ ബഹു: T. K തോമസ് സാർ (കെമിസ്ട്രി വിഭാഗം) ആണ്. കഴിഞ്ഞ മൂന്ന് വർഷവും ക്ലബിന്റെ ഡയറക്ടറായി പ്രവർത്തിച്ച അദ്ദേഹത്തെ ക്വിസ് ക്ലബ്ബ് അംഗങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു.

സെക്രട്ടറി,
രാജേഷ് T. വർഗീസ്
III B. A. English.

---

# മേളകം – '92

## കലയുടെ ഒരായിരം മുഖങ്ങൾകണ്ട ഒരാഴ്ച.

'മേളകം92' ഒരു ശിശിരകാല സ്വപ്നമായിരുന്നു. ആർട്ട്സ് ഫെസ്ററിവൽ കലാമത്സരങ്ങൾ മാത്രമായി ഒതുക്കാതെ കൂടുതൽ പരിപാടികളോടുകൂടി നടത്തുക എന്നസ്വപ്നം. സ്വപ്നത്തിന്റെ എല്ലാകണികകളും ഞങ്ങൾക്ക് പൂർത്തിയാക്കാൻ കഴിയാതെ പോയി. കഴിയാതെ പോകുവാൻ കാരണം–വരണ്ടുവററിയ നമ്മുടെ മനസ്സുകളാണെന്നറിയുക. സ്വപ്നത്തിന്റെ ആദ്യകണികകൾ കുറിയ്ക്കട്ടെ.

1991–'92 വർഷത്തെ ആർട്ട്സ് ഫെസ്ററിവൽ 'മേളകം92' എന്നപേരിൽ ജനുവരി 16 മുതൽ 22 വരെ നടത്തുകയുണ്ടായി. ഫെസ്ററിവലിന്റെ

ഔദ്യോഗികമായ ഉദ്ഘാടനം പ്രസിദ്ധ
സിനിമാനടൻ എം. എസ്. തൃപ്പൂണിത്തുറ
നിർവ്വഹിച്ചു.

ഫെസ്റ്റിവലിന്റെ ആദ്യത്തെ പരിപാടിയായ
ഗാന നിർഝരി തിങ്ങിനിറഞ്ഞ സദസ്സിൽ
കൊച്ചിൻ ബീറേഴ്സ് അവതരിപ്പിച്ചു.
ജനുവരി 17 ന് പ്രസിദ്ധ ശില്പി
P. S. ശെൽവരാജിന്റെ ഏകാംഗ ശില്പ
പ്രദർശനം ആരംഭിച്ചു.

ജനുവരി 17, 18 തീയതികളിൽ 'ചിത്രദേവതം'
എന്ന പേരിൽ ഫിലിം എക്സിബിഷൻ മിനി-
ആഡിറ്റോറിയത്തിൽ നടത്തി. മൂന്ന് ജനകീയ ചിത്രങ്ങൾ
(പ്രിയദർശന്റെ 'ചിത്രം', എം. ടി യുടെ 'നഖക്ഷതങ്ങൾ'
പത്മരാജന്റെ 'ജനുവരി ഒരു ഓർമ്മ')
പ്രദർശിപ്പിച്ചു.

29 കലാസാഹിത്യ മത്സര ഇനങ്ങൾ
TORRID TIMES, DELICACIES, MELODIES, MUDRAS ACTS
എന്നീ പേരുകളിൽ അഞ്ചായി
തിരിച്ച് നടത്തി. ദേവമാതാ കോളേജിൽ
ആദ്യമായി നടത്തിയ 'മൈം' ഇനത്തിൽ
8 ടീമുകൾ പങ്കെടുത്തു. 4 വേദി-
കളിലായി നടത്തിയ മത്സരങ്ങളിൽ
നാനൂറോളം വിദ്യാർത്ഥികൾ മാറ്റുരച്ചു.
മൂന്ന് ദിവസം നീണ്ടുനിന്ന മത്സരങ്ങളിൽ
ഏറ്റവുമധികം പോയിന്റുകൾ കരസ്ഥമാക്കിയ
ബോബിപോൾ ആർട്ട്സ് ചാമ്പ്യനായി.

ആർട്ട്സ് ഫെസ്റ്റിവൽ വിജയകരമായി
നടത്തുന്നതിന് സഹകരിച്ച ബഹു: പ്രിൻസിപ്പാൾ
Prof: T. M. ദേവസ്യാ സാറിനും Staff advisor
Prof: മാത്യു സെബാസ്റ്റ്യൻ സാറിനും
ട്രഷറർ Prof: C. P. ജോയിസാറിനും
മറ്റ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും
യൂണിയൻ ഭാരവാഹികൾക്കും നന്ദി
പ്രകാശിപ്പിക്കുന്നു. ഫെസ്റ്റിവലിൽ സമ്മാനർഹരായ
പ്രതിഭകളേയും നിരവധി ഇന്റർ കോളേജിയറ്റ്
മത്സരങ്ങളിൽ വിജയിച്ച ബോബിപോൾ,
ജിജോ ലൂക്കോസ്, പ്രകാശ് മാത്യു, ജോർജ്ജ്
ജോൺ, നന്ദകുമാർ എന്നിവരേയും
അനുമോദിക്കുന്നു.

ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി.
ഹരീഷ് എസ്,
III DC Zoology.

# ഓററ്ററി ക്ലബ്

വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ചിന്തിയ്ക്കുവാനും ആശയങ്ങൾ പങ്കുവെയ്ക്കുവാനും ഒരു സമൂഹത്തിന്റെ മുമ്പിൽ ആത്മവിശ്വാസത്തോടെ അവ അവതരിപ്പിയ്ക്കാനുമുള്ള പരിശീലനം നൽകുകയാണ് ഓററ്ററി ക്ലബ്ബിന്റെ ലക്ഷ്യം. ഇതിനുതകുന്ന ചർച്ചായോഗങ്ങൾ എല്ലാ വ്യാഴാഴ്ചയും നടത്തിവരുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പ്രസക്തി, സാഹിത്യകാരനും സമൂഹ[illegible]ം, സോഷ്യലിസത്തിന്റെ വർത്തമാനം, ജാതിസംവരണം, സ്ത്രീ പുരുഷസമത്വം, കോളേജുകളിലെ മദ്യപാനം തുടങ്ങിയ കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. അദ്ധ്യാപകരേയും പുറത്തുനിന്നുള്ള അതിഥികളേയും പങ്കെടുപ്പിച്ചുള്ള ചർച്ചകളും നടത്തപ്പെട്ടു. 'പരിസരമലിനീകരണ'ത്തെപ്പററിയുള്ള ചർച്ചയ്ക്ക് Prof: K. V. കുര്യനും 'വികസനം ഗാന്ധിയൻ സമീപനത്തിൽ' എന്ന വിഷയത്തെപ്പററിയുള്ള ചർച്ചയ്ക്ക് Prof. M.V. പീററും, 'കേരളത്തിൽ ആണവ വൈദ്യുതനിലയം ആവശ്യമോ' എന്നവിഷയത്തെപ്പററിയുള്ള സെമിനാറിന് ശ്രീ. A. K. രാമകൃഷ്ണൻ (M. G. യൂണിവേഴ്സിററി), ശ്രീ. എബി ജോർജ് M. A. എന്നിവരും നേതൃത്വം നൽകി. M. S. MiChael M. A. നയിച്ച 'ഒരു നിമിഷം' രസകരമായ ഒരു പരിപാടിയായിരുന്നു. അതിൽ ജീവൻചാണ്ടി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

'സോവിയററ് യൂണിയന്റെ തകർച്ച' കമ്മ്യൂണിസ്ററ് പ്രത്യയശാസ്ത്രത്തിന്റെ അന്ത്യമോ'? എന്നവിഷയത്തെപ്പററി Prof: അബ്രാഹം കാലായിൽ, Prof: N. C. കുര്യാക്കോസ് ഇവരുടെ നേതൃത്വത്തിൽ ഒരു ഡിബേററ് നടത്തപ്പെട്ടു. 'കലാലയ രാഷ്ട്രീയം ആരോഗ്യകരമല്ല' 'സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജുകൾ ആരംഭിയ്ക്കണം'. എന്നീ പ്രമേയങ്ങളിൻമേലും ഡിബേററുകൾ നടത്തപ്പെട്ടു. Prof: K. M. ചാക്കോ മോഡറേററായിരുന്നു.

5-2-91 ൽ ക്ലബ്ബ് ഒരു മോഡൽ പാർലിമെന്റ് വിജയകരമായി അവതരിപ്പിക്കുകയുണ്ടായി. ആഴ്ചകൾ നീണ്ടുനിന്ന പഠനവും പരിശീലനവും ഇതിന് വേണ്ടിവന്നു. രാഷ്ട്രപതിയുടെ നയപ്രഖ്യാപനപ്രസംഗം, പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ, അനുശോചനപ്രമേയം, ചോദ്യോത്തരവേള, ശ്രദ്ധ ക്ഷണിക്കൽപ്രമേയം, അടിയന്തിരപ്രമേയം, ബിൽ ചർച്ച തുടങ്ങിയ നടപടിക്രമങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. Prof: K. M. ചാക്കോ സ്പീക്കറായിരുന്നു. രാഷ്ട്രപതിയായി Prof: M. V. പീററും പ്രധാനമന്ത്രിയായി K. V. ജോർജും പ്രതിപക്ഷനേതാവായി പ്രകാശ് മാത്യുവും വേഷമിട്ടു. പരിപാടിയ്ക്ക് സാമ്പത്തിക സഹായം നൽകിയ കോളേജ് യൂണിയനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ബഹു: N. M. മാത്യു സാർ, ശ്രീ. തോമസ് ചാഴികാടൻ M. L. A., ശ്രീ. P. C. തോമസ് Ex. M. L. A. ഇവർക്കും വോളന്റിയേഴ്സിനെ നൽകിയ N. C. C. യൂണിററിനും ഓററ്ററി ക്ലബ്ബ് നന്ദിയർപ്പിക്കുന്നു.

ഓററ്ററി ക്ലബ്ബിന്റെ ഡിബേററിംഗ് ടീം ഈ വർഷം നിരവധി ഇന്റർകോളേജിയേററ് മത്സരങ്ങളിൽ വിജയം നേടുകയുണ്ടായി. കോളജിൽ ഏററവും കൂടുതൽ ട്രോഫികൾ എത്തിയ വർഷമായിരുന്നു ഇത്. ചാവറ അന്തർ സർവ്വകലാശാലാപ്രസംഗമത്സരം (എറണാകുളം), ഹൈക്കഫ് ഡിബേററ് (സെന്റ്: തോമസ് കോളേജ് പാലാ), സിസ്ററർ സാവിയോ പ്രസംഗമത്സരം (B. C. M. കോളജ് കോട്ടയം), Fr. വള്ളമററം ട്രോഫിഡിബേററ് (നിർമ്മല കോളജ് മൂവാററുപുഴ), C. R. ശങ്കരൻ നായർ ട്രോഫി ഡിബേററ് (സെന്റ്: സ്ററീഫൻസ് കോളജ് ഉഴവൂർ), സെന്റ്: ജോർജ് കോളജ് ഡിബേററ് (അരുവിത്തുറ), Y. M. C. A. പ്രസംഗമത്സരം (തിരുവല്ല) ചെറിയാൻ ജെ. കാപ്പൻ സ്മാരക പ്രസംഗമത്സരം (പാലാ), സഹകരണ വാരാഘോഷ പ്രസംഗമത്സരം (താലൂക്ക്, ജില്ലാതലങ്ങൾ) തുടങ്ങിയവയിൽ ബോബിപോൾ I D C. ഒന്നാം സ്ഥാനവും ജിജോ ലൂക്കോസ് I P D C രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഏററവും നല്ല ടീമിനുള്ള ട്രോഫിയും അവർനേടി. സഹകരണ വാരാഘോഷ സംസ്ഥാനതല പ്രസംഗമത്സരം (പെരിന്തൽമണ്ണ), മദ്യനിരോധന സമിതി പ്രസംഗമത്സരം (എറണാകുളം)

(കണ്ണൂർ). Intellictual Giant
Fr. തോമസ് തെരുതോട്ടം എൻഡോവ്മെൻറ് പ്രസംഗമത്സരം ജോബിപോൾ ഒന്നാമനായി
Award (പനമ്പിള്ളി കോളേജ് ചാലക്കുടി) തുടങ്ങിയവയിലും എറണാകുളം ലോ കോളേജിലും കോട്ടയം ബസേലിയസ് കോളേജിലും നടന്ന ഡിബേറ്റുകളിൽ പ്രകാശ് മാത്യു, ജിജോ ലൂക്കോസ് ടീം വിജയിച്ചു. ഇവയിൽ ജിജോ ലൂക്കോസ് നല്ല ഡിബേറ്ററായി തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു. കോട്ടയംജില്ലാ മാസ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറ് നടത്തിയ പ്രസംഗമത്സരത്തിൽ പ്രകാശ് മാത്യു, ജിജോ സിറിയക്, K. V. ജോർജ് എന്നിവർ സമ്മാനാർഹരായി. ഡിബേറ്റിംഗ് ടീം അംഗങ്ങൾ ക്യാഷ് അവാർഡിനത്തിൽ ഈ വർഷം 12,000 രൂപയ്ക്കുമേൽ നേടുകയുണ്ടായി.

ക്ലബ്ബിന്റെ എല്ലാപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ ബഹു: ക്ലബ്ബ് ഡയറക്ടർ Prof: K. M. ചാക്കോസാറിനും, സ്നേഹവാത്സല്യങ്ങളോടെ പ്രോത്സാഹനങ്ങൾ നൽകിയ ബഹു: പ്രിൻസിപ്പാൾ പ്രൊഫ: T. M. ദേവസ്യാ സാറിനും, ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച ബഹു: അദ്ധ്യാപകർക്കും, എല്ലാപ്രവർത്തനങ്ങളിലും ഉത്സാഹപൂർവ്വം പങ്കെടുത്ത ക്ലബ്ബംഗങ്ങൾക്കും കൃതജ്ഞതയർപ്പിക്കുന്നു.

K. V. ജോർജ് III B. A.
സെക്രട്ടറി.


# സെൻറ് മേരീസ്

## സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

### കുറവിലങ്ങാട്

Govt. Reg. No. K.326/88

കഴിഞ്ഞ 20 വർഷങ്ങളായി കുറവിലങ്ങാട് നടത്തിവരുന്ന പ്രശസ്തമായ സ്ഥാപനത്തിൽ താഴെപറയുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു.

1. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ ( 6 Months / 1 Year )
2. ഫാർമസി ( 6 Months / 1 Year)
3. നേഴ്സിംഗ് & മിഡ്വൈഫറി ( 1 Year )
4. E. C. G. (6 Months)

- ✳ പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം.
- ✳ കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
- ✳ മിനിമം യോഗ്യത S. S. L. C. പ്രോസ്പെക്ടസിനും അപേക്ഷാ ഫാറത്തിനും 10 രൂപ മണിയോർഡർ അയക്കുക.

Director, St. Mary's School of Medical Technology,
Kuravilangad P. O. (686 663) Kottayam (Dt.)

സ്ഥാപിതം : 1972

ഫോൺ : 365.

# നാഷണൽ സർവ്വീസ് സ്കീം പ്രവർത്തന റിപ്പോർട്ട്

1991-92 വർഷം ദേവമാതാ കോളേജിലെ നാഷണൽ സർവ്വീസ് സ്കീം യൂണിററുകൾ പ്രിൻസിപ്പൽ പ്രൊഫ: ററി. എം. ദേവസ്യായുടെ രക്ഷാകർത്തൃത്വത്തിൽ കൂടുതൽ കർമ്മനിരതമായിത്തീർന്നു. പ്രോഗ്രാം ഓഫീസേഴ്സായ ശ്രീ. ററി. ററി. തോമസ് (ഇംഗ്ലീഷ് വിഭാഗം) ശ്രീ. ബാബു ജോസഫ് (മലയാള വിഭാഗം) ശ്രീ. എ. സിറിയക് സെബാസ്ററ്യൻ (ഇംഗ്ളീഷ് വിഭാഗം) എന്നിവരുടെ സജീവ നേതൃത്വം എൻ. എസ്സ്. എസ്സിനെ ഉയരങ്ങളിലേക്ക് നയിച്ചു.

ഈ അദ്ധ്യയന വർഷം ജോർജ്ജ് ജോസഫ് (II D.C Maths) അരുൺ കുമാർ ജി. (III D.C Bot.) ബിന്ദുമോൾ ഇ. പി. (II D.C Zool) എന്നിവരായിരുന്നു വോളന്റിയർ സെക്രട്ടറിമാർ എൻ. എസ്സ്. എസ്സിന്റെ വിവിധ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ബാബുമോൻ പി. എം. (ഉപഭോക്തൃ സംരക്ഷണം) രാജേഷ്കുമാർ കെ. ആർ. (പരിസ്ഥിതി സംരക്ഷണം) സിന്ധു പി. നാരായണൻ (വനിതാക്ഷേമം) ശ്രീകാന്ത് (കൈയെഴുത്തുമാസിക) എന്നിവർ ലീഡർമാരായി നിയോഗിക്കപ്പെട്ടു.

അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ എൻ. എസ്സ്. എസ്സ്. പ്രവർത്തന നിരതമായി കഴിഞ്ഞു. 22-8-91 ൽ കോളേജ് ഓഡിറേറാറിയത്തിൽ N. S. S. സംഘടിപ്പിച്ച അത്തപ്പൂക്കള മത്സരത്തിൽ മുഴുവൻ വിദ്യാർത്ഥികളും സജീവമായി പങ്കെടുത്തു. നവംബർ ഒന്നിന് നടന്ന കേരളപ്പിറവി ദിനാഘോഷത്തിൽ ഡോ. പി. കെ. ജോസ് മുഖ്യ പ്രഭാഷണം നടത്തി.

1992 ജനുവരി 14 വനിതാദിനമായി ആചരിച്ചു മുഖ്യാതിഥിയായിരുന്ന റബർ ബോർഡ് ചെയർ പേഴ്സൺ ശ്രീമതി. ജെ. ലളിതാംബികയുടെ പ്രഭാഷണം വിദ്യാർത്ഥികൾക്ക് പ്രചോദനമായി. ജില്ലാകൗൺസിലർ കുമാരി ലതികയും സമ്മേളനത്തിൽ പങ്കെടുത്തു.

സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ദേശീയയുവജനദിനം, ഉപഭോക്തൃസംരക്ഷണ ദിനം തുടങ്ങിയവയും ഈ അദ്ധ്യയന വർഷം സമുചിതമായി ആചരിക്കുകയുണ്ടായി

**മിനിക്യാമ്പുകൾ :-**

26-10-91 മുതൽ 28-10-91 വരെയും 17-1-92 മുതൽ 19-1-92 വരെയും നടത്തപ്പെട്ട മിനി ക്യാമ്പുകളുടെ മുഖ്യലക്ഷ്യം, ഹെർബൽ ഗാർഡൻ നിർമ്മാണമായിരുന്നു. കോളേജ് കാമ്പസിനുള്ളിൽ N. S. S. ന്റെ നേതൃത്വത്തിൽ നൂറിൽപ്പരം ഔഷധച്ചെടികൾ നട്ടുവളർത്താൻ കഴിഞ്ഞത് ഏറെ അഭിമാനകരമാണ്.

**ദശദിനക്യാമ്പ് :-**

20-12-91 മുതൽ 29-12-91 വരെ കോളേജിൽ നടത്തപ്പെട്ട ദശദിനക്യാമ്പ് എം. ജി. യൂണി. N. S. S. പ്രോഗ്രാം കോ - ഓർഡിനേറർ പ്രൊഫ. സി. തോമസ് എബ്രഹാം ഉൽഘാടനം ചെയ്തു. കോളേജിലെ ഫിസിക്സ് - മലയാളം ബ്ളോക്കുകൾക്ക് മുൻപിലുള്ള ഗ്രൗണ്ട് നിരപ്പാക്കിയെടുത്തത് ദശദിനക്യാമ്പിന്റെ വലിയ നേട്ടമാണ്. ക്യാമ്പിനോടനുബന്ധിച്ചു നടത്തപ്പെട്ട ക്ലാസ്സുകളും ചർച്ചകളും കലാപരിപാടികളും ക്യാമ്പംഗങ്ങൾക്ക് ഉണർവ്വേകി.

'ഇന്ദിരാവികാസ് പത്ര' യുടെ വിതരണ- പ്രചാരണ സംരംഭങ്ങളിൽ ജില്ലാ കളക്ടർ സാജൻ പീറററിനോടൊപ്പം N. S. S. അംഗങ്ങളും പങ്കുചേർന്നു.

**ഇതരസേവനവൃത്തികൾ :-**

മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെയധികം രോഗികൾക്ക് ഈ വർഷം N. S. S. അംഗങ്ങൾ രക്തദാനം നടത്തി. പരിസരശുചീകരണം, സസ്യപരിപാലനം, സാമൂഹിക തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണം ഇവയും ഈ വർഷത്തെ കർമ്മപരിപാടി

കളായിരുന്നു. ഈ കോളേജിലെ ഒരു വിദ്യാർത്ഥിനിയ്ക്ക് ഹൃദയ ശസ്ത്രക്രിയ ആവശ്യമായി വന്നപ്പോൾ 14,000 ത്തോളം രൂപയുടെ സഹായധനം സ്വരൂപിച്ചു നൽകാൻ N. S. S. മുൻകൈയെടുക്കുകയുണ്ടായി.

**നേച്ചർ ക്ലബ്ബ് :-**

N. S. S – ന്റെ ആഭിമുഖ്യത്തിൽ കോളേജിൽ രൂപീകൃതമായ നേച്ചർ ക്ലബ്ബ് ചർച്ചകളും സെമിനാറുകളും പഠന ക്യാമ്പുകളും സംഘടിപ്പിച്ചു. ജനുവരി 23, 24, 25 തീയതികളിൽ തേക്കടിയിൽ നടത്തപ്പെട്ട പ്രകൃതി പഠന ക്യാമ്പ് തികച്ചും അവിസ്മരണീയമായി. ഈ വർഷം രൂപം കൊടുത്ത ഹെർബൽ ഗാർഡന്റെ പരിപാലനം നേച്ചർ ക്ലബ്ബിന്റെ മുഖ്യപ്രവർത്തനമാണ്.

**അക്ഷരമാതാ :-**

സമയ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് 'അക്ഷരമാതാ – 92' എന്ന കൈയെഴുത്തുമാസിക പൂർവ്വാധികം മികവോടെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് N. S. S. ന്റെ മറ്റൊരു നേട്ടമായി എടുത്തു പറയേണ്ടതുണ്ട്. മാസികയുടെ ഔപചാരികമായ പ്രകാശനം, 17-2-92 ൽ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ നിർവ്വഹിക്കുകയുണ്ടായി.

N. S. S. ന്റെ പ്രവർത്തനങ്ങൾക്ക് സഹായവും പ്രചോദനവുമേകിയ എല്ലാവർക്കും നന്ദിയർപ്പിച്ചുകൊണ്ട്,

സവിനയം,

ജോജി ജോസഫ്
അരുൺ കുമാർ ജി.
ബിന്ദു മോൾ ഇ. പി.
(വോളന്റിയർ സെക്രട്ടറിമാർ)

---


# കൊട്ടുകാപ്പള്ളി മെഡിയ്ക്കൽസ്

**(ഇംഗ്ലീഷ് മരുന്ന്കട)**

## പള്ളിക്കവല  കുറവിലങ്ങാട്

എല്ലാവിധ ഇംഗ്ലീഷ്, ആയുർവ്വേദ, ഹെർബോമിനറൽ മരുന്നുകൾക്കും, വളർത്തുമൃഗങ്ങൾക്കാവശ്യമായ ഔഷധങ്ങൾക്കും സമീപിക്കുക :-

**കൊട്ടുകാപ്പള്ളി മെഡിയ്ക്കൽസ്**

**പള്ളിക്കവല കുറവിലങ്ങാട്**

Phone : 432

# COURSES OF GOVERNMENT OF INDIA AND GOVERNMENT OF KERALA

## I T I COURSES

**(NCVT, GOVT. OF INDIA)**

Data Preparation and Computer software

Stenography (English)

Electronic Mechanic

Fitter

Electrician

Secretarial Practice

Plumber

Draughtsman civil

Hair and Skin care (Beautician)

Preservation of Fruits and Vegetables

Photographer

Dress Making

## KGCE COURSES

(REVISED NEW SCHEME)

**GOVT. OF KERALA**

Refrigeration and Air-conditioning

Automobile Engineering

Electironics and Communication Engineering

Radio and Television Engineering

Electrical Engineering

## COURSE FOR COP II CLASS

**RADIO TELEGRAPH OPERATORS' CERTIFICATE**

(Issued by Ministry of Communications Govt. of India)

## DERGEE COURSES

(Recognised by Central & State Govts)

**AMIE**

(Studentship, Section A & B)

Civil Electrical

Mechanical Chemical

Electronic Engg.

**AMIETE** (Electronics)

(Studentship, Section A, Section B)

**AMAeSI**

(Aeronautical Engg.)

(Studentship, Section A, Section B)

## 3 YEAR DIPLOMA COURSES

**Mech. Engineering**

**(T. Engineering)**

(Recognised by Central & State Govts)

**Electronics (DIP IETE)**

(Under recognition by Govt of India)

## OTHER DIPLOMA COURSES

Beautician (for Girls only)

Food Preservation

Photography and Videography

Dress Making- (for Girls only)

Diploma in Automobile Engineering

Diploma in Electronics

Television & Video Servicing With Videography

HOSTEL FACILITIES, RESERVATION FOR GIRLS, DAY AND EVENING BATCHES.
DEGREE/PDC/SSLC (PASSED OR FAILED) STUDENTS/EMPLOYEES CAN APPLY.
REMIT Rs.15/- DIRECTLY OR BY DD/IPO/MO FOR PROSPECTUS.

**SKILTEK** EDUCATIONAL INSTITUTIONS

[An affiliate of Govt. of India and Recognised by Govt. of Kerala]

Sivarama Menon Road, Lisie Junction, KOCHI-682 018.

TEL: 362736 GRAMS: SKILTEK TELEX : 0885-6447 SKIT IN

**ULTIMATE GOAL – EXCELLENCE**

# മേരിമാതാ കോളജ് ( Govt. Reg. K. 233/91 )

## ഓഫ് മെഡിക്കൽസയൻസ്

**പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.**





1. മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ 6 Month / 1 Year
2. ഫാർമസി 6 Month / 1 Year
3. നേഴ്സിംഗ് & മിഡ്വൈഫറി 1, 1/2 Year
4. E. C. G. Course – 3 Months

* പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം * മിനിമം യോഗ്യത S. S. L. C. * കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ സൗകര്യം * അഡ്മിഷൻ ഉടനടി ആരംഭിക്കുന്നു. * സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിശ്ചിത ശതമാനം കുട്ടികൾക്ക് ഫീസിൽ കിഴിവ്.

DIRECTOR
MARY MATHA COLLEGE OF MEDICAL SCIENCES,
KURAVILANGAD, KOTTAYAM DIST.
KERALA 686 633 PHONE : 048223-296

പുതിയ ബാച്ചിലേക്കുള്ള ആപ്ലിക്കേഷൻ ഫോറത്തിനും പ്രോസ്പെക്ടസിനും 10 രൂപാ മണിയോർഡർ/ പോസ്റ്റൽ ഓർഡർ സഹിതം അപേക്ഷിക്കുക.

---

BEST COMPLIMENTS :-

# AUTO SIB

RAMAPURAM JUNCTION

## KOOTHATTUKULAM

**2, 3 വീലറുകളുടെ ഒറിജിനൽ സ്പെയർ പാർട്സുകൾ**

Phone - Res. PPLY. 56144 P. P. 2716 KTKLM



# മേൽവിലാസം നഷ്ടപ്പെട്ടവർ

ഉറങ്ങുന്നു ഞാൻ കൂട്ടിനായ്
കാവൽ മാടങ്ങളിൽ
കണ്ണെച്ചിരുളിൽ സ്വപ്നങ്ങളെ
കൊന്നുതിന്നുന്ന കാവൽക്കാർ
അവരുടെ കൈകളിൽ
എണ്ണവറ്റി പടുതിരി കത്തിയ വിളക്കുകൾ
മൂക ……
വഴിതെറ്റിയലയുന്നവർ
വിളക്കുകാലുകൾ തേടി ഇരുളിലലയുന്നു.
കൂട്ടംതെറ്റി മേയുന്നവർ, അവരുടെ
ഇണയുടെ തണുത്ത ശരീരം മണക്കുന്നു.
മേൽവിലാസം നഷ്ടപ്പെട്ടവരുടെ വീട്
–എന്റെ ഗ്രാമം.
കരളിനെ കീറിമുറിച്ച്
അത്താഴത്തിന് വിളമ്പുന്നവർ
–എന്റെ കൂട്ടുകാർ.
അവരുടെ സിരകളിൽ
ഉന്മാദത്തിൻ കഞ്ചുകമഴിച്ചു.–
ഒരുന്ന മുറിച്ചെണ്ടമേളം,
–നഗരത്തിലെ വേശ്യകൾ.
പൊള്ളയായ തകരവാദ്യം മുഴക്കി
ജീവിതത്തിന്നക്കരയ്ക്ക്
വാരിയെല്ലൂരി തുഴയുന്നവർ
–എന്റെ അച്ഛൻ
ഇരുൾ മൂടിയ മുറിയിൽ
മൗനത്തിന്റെ ദീക്ഷതടവി
യാത്രകഴിഞ്ഞെത്തിയ ചിലന്തി
–ഞാൻ.

സുഗുണൻ പി. ആർ.
രണ്ടാംവർഷ സസ്യശാസ്ത്രം

## WORK INCESSANTLY

"Work incessantly" says the preacher
And also my teacher.
He called me to his office
to know of my sleeping practice.
I said, " I sleep ten hours."
"oh ! do you?"
He put his hands on his forehead
an stared at the wall
and then at my face.
Smiled and mockingly asked me
"Does your father know of this?"
"Please don't tell my dad
He will feel bad
Now I was staring at the wall, shocked
And regaining strength I said
"Sleeping more mekes you fresh
and good and healthy. Sir,
to work incessantly when you wake up"
Though I knew it was not true,
I became the preacher
and he listened – my teacher.

ICEYMOL P. ISSAC
IIIrd D. C. PHYSICS.




What is Love but a chain
That binds down to the earth
A soul that longs to fly abroad
In the golden lights of boundless skies ?
Fool ! who once said : "love is sweet" ?
It is bitter agony: a hellish torment.
What sleepless nights, oh !
What unrelieved sigh, ah !
My heart, a restless rain cloud,
Is loaded and weighed down and down.
What is the plan below ?
Is it a crazy desert or a violent sea ?
The icy tops or the hues of life ?
Or is it any bottomless void ? alas !
I wish I were free myself,
But I find nowhere
To lay my burden down.
Where am I to go ?
What am I to do ?
What can I look for ?
Is there any in search of a burden ?
Who could be hired to unload it ?
It is an artificial world,
The home of all desolations !
What craziness has captured my mind ?
What dragon has subdued my heart ?
What spirits haunt my being ?
Oh ! What woes invest my passions ?
My heart swells, swells, swells,
My heart swells !
It grows heavy, heavy, heavy,
Heavier still !
Honey- sweet pains, pains, pains,
Honey sweet - pains !
It sound bang, bang, bang,
Bangs it still !
Pale !

- Jose K. J. III B. A. English.

*With Best Compliments from:-*

**SEASON**

**PHOTOS**
**&**
**VIDEOS**

KOOTHATTUKULAM Ph: 2966

# സോണിയ ടൂറിസ്റ്റ് ഹോം

കൂത്താട്ടുകുളം

BAR & RESTAURANT

ബോർഡിംഗ്, ലോഡ്ജിംഗ്

കുഴലനാട്ട് ബ്രദേഴ്സിന്റെ ഒരു സഹോദരസ്ഥാപനം.

Phone-2337

# CONTINENTAL AIR TRAVELS

MATTATHIL PRIYA BLDG:

Opp: PRIVATE BUS STAND

PALA

OUR SERVICES

AIR-TICKET, PASSPORT, EMMIGRATION CLEARENCE, POLICE CLEARENCE, TICKET RE-CONFIRMATION Etc.

PHONE-AT 2986

അക്ഷരം അഗ്നിയാണ്:

വിദ്യാഭ്യാസം സംതൃപ്തമായ ഒരു യജ്ഞമാണ്:

ആ വിദ്യാഭ്യാസത്തിന് നിങ്ങൾ അവജ്ഞുതിരിയാതിരിക്കൂ

# പ്രകാശ് കോളേജ്

കുറവിലങ്ങാട്

പ്രീഡിഗ്രി, ബി. കോം. ക്ലാസുകൾക്കു പേരുകേട്ട സ്ഥാപനം

ഇംഗ്ലീഷ്, അക്കൗണ്ടൻസി, സ്റ്റാറ്റിസ്റ്റിക്സ്, കോസ്റ്റിംഗ്, സംസ്കൃതം ഇവയ്ക്കു ട്യൂഷൻ ക്ലാസുകൾ. പ്രിൻസിപ്പൽ

*BEST COMPLIMENTS:*

# ശുശ്രൂഷാ ഹോസ്പിറ്റൽ
# &
# E. N. T. ക്ലിനിക്

പള്ളിക്കവല, കുറവിലങ്ങാട്

COCHIN

## A FAST GROWING CONTAINER PORT

- Cochin port is connected with all major ports of the world by regular shipping services.
- The port is served by regular sailings operated by renowned container fleet operators and has direct links with Inland Container Depots.
- A full fledged container Terminal with sophisticated equipment is fast taking shape at Cochin.

**COCHIN PORT TRUST**
Willingdon Island, Cochin-682 009.

*BEST WISHES :*

## Bharath Matha College of Medical Technology

(Near Govt. Hospital)
**Kuravilangad 686633**
Phone : 294.

*WITH BEST COMPLIMENTS OF :-*

## PONNI GARMENTS

**ELANJI**
PIN : 686 665.
**Reg. No. / SSI / 1340 / 91.**

**റെഡിമെയ്ഡ് ഡ്രസ്സ് ടെയ്‌ലറിംഗ്**
**എംബ്രോയിഡറി & ബ്യൂട്ടിപാർലർ**

**ബ്യൂട്ടീഷൻ, എംബ്രോയിഡറി, ടെയ്‌ലറിംഗ്, ഫ്ളവർ മേക്കിംഗ്**
എന്നിവയ്ക്കുള്ള പരിശീലനവും നല്കിവരുന്നു.





[illegible]

[illegible]



യൂണിയൻ സംഘടിപ്പിച്ച മാതൃകാ
പാർലമെന്റിൽ നിന്ന് ഒരു ദൃശ്യം





[illegible]



[illegible]
ട്രോഫികൾ





[illegible]



[illegible]





[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible]



[illegible] IAS [illegible]





# കായികരംഗം



[illegible]



കബഡി ടീം



[illegible] ടീം



സ്പോർട്സ് സെക്രട്ടറി
[illegible] ജോസ് മാത്യു



[illegible]



സുനിൽ പി [illegible]
[illegible] ചാമ്പ്യൻ
[illegible] ക്ലബ് - I,
[illegible] ക്ലബ് - I



[illegible]



സതീഷ് കുമാർ
[illegible]



സാലിമ[illegible]



രാജേന്ദ്രകുമാർ
[illegible]



[illegible]

# കോളേജ് ദിനം



ഈശ്വര
പ്രാർത്ഥന



സ്വാഗതം
കൗൺസിലർ



ഉദ്ഘാടകൻ
പ്രൊഫ. എം.പി. ചാക്കോ



റിപ്പോർട്ട്:
പ്രിൻസിപ്പാൾ



അദ്ധ്യക്ഷപ്രസംഗം
ചെയർമാൻ



റിപ്പോർട്ട്
സെക്രട്ടറി



ഗാനമേള



ഓട്ടൻതുള്ളൽ



നന്ദി
വൈസ്ചെയർ-
പേഴ്സൺ

# AGAINST DRUG ADDICTION



TAKE

A

DECISION

AND

FIGHT

AGAINST

IT




I was born in Culcutta.
    A handsome black child,
And spent my children in a shop.
    With my companions sleek and thin.

One summer day a man came sweating
    And picked me up for a fair price.
I bade farewell my friends with a heavy heart
    To spread over my master's bald head.

On reaching home I saw his child
    I found a new companion in him;
My master took me to his office every day.
    I danced in the air above his head

When the rain set in I was very busy.
    One day my master's son took me to school
I protected him on that rainy day
    But on his return he forgot to take me home,

The sweeper found me under a desk
    He rejoiced and took me to his home;
I became a plaything for his son
    He broke my ribs and threw me in a corner.

Here I lie, covered with cobwebs and dust.
My youth all gone forever and ever.
And grown tired of my life;
Wotld you come and help me friend ?

Tomy V. D. II B. A. English

# അടൂരും സിനിമാലോകവും...

* താങ്കൾ സിനിമാ രംഗത്തേയ്ക്ക് കടന്നുവന്ന സാഹചര്യം വിശദീകരിക്കാമോ ?

നേരായ മാർഗ്ഗം തന്നെ. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശീലനത്തിനുശേഷം.

* സിനിമാരംഗവുമായി ബന്ധപ്പെട്ട് താങ്കൾക്ക് വ്യക്തിപരമായി അനുഭവം എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ?

ധാരാളമുണ്ട്. ശരിയായ പരിശീലനത്തിനുശേഷം, ചിത്ര നിർമ്മാണത്തിന് മുതിർന്നതുകാരണം ആരുടേയും സഹായിയായി പ്രവർത്തിക്കേണ്ടി വന്നിട്ടില്ലയെന്നുള്ളതാണ് ഏറ്റവും വലിയ അനുഭവം.

* ഈ മാധ്യമം തിരഞ്ഞെടുക്കുവാൻ എന്തെങ്കിലും പ്രത്യേക കാരണങ്ങളുണ്ടോ ?

നേരത്തെ നാടകം എഴുതിയും, അഭിനയിച്ചും, അവതരിപ്പിച്ചും പരിചയമുണ്ട്. പിന്നീട് സിനിമയെപ്പറ്റി ശാസ്ത്രീയമായി പഠിക്കുകയും ചെയ്തല്ലോ.

* സംവിധായകന്റെ കലയാണ് സിനിമയെന്ന് പറയാറുണ്ടല്ലോ. അതിനെപ്പറ്റി താങ്കളുടെ അഭിപ്രായം

ഉത്തമ സിനിമ സംവിധായകന്റെ കല തന്നെയാണ്. എല്ലാത്തരം സിനിമയും അങ്ങനെയാണെന്ന് ഇതിനർത്ഥമില്ല.

* പ്രമേയങ്ങളുടെ ശക്തമായ ആവിഷ്കാരം താങ്കളുടെ 'സ്വയംവരം', 'എലിപ്പത്തായം'. 'കൊടിയേറ്റം' എന്നിവയിലുണ്ടല്ലോ. പക്ഷെ സിനിമയുടെ സാങ്കേതികത്വം 'എലിപ്പത്തായം' മുതലായ സിനിമകളിൽ കൂടുതൽ പ്രയോഗിച്ചു കാണുന്നു. ഇത് മനപൂർവ്വമാണോ ?

പ്രമേയാനുസരണമാണ് സാങ്കേതിക രീതികൾ കൈക്കൊള്ളുന്നത്. ലക്ഷ്യമെപ്പോഴും പ്രമേയത്തിന്റെ ഫലവത്തായ ആവിഷ്കാരമാണല്ലോ. മോശപ്പെട്ട സാങ്കേതികവിദ്യ കൊണ്ട് അത് സാധിക്കുകയില്ല.

* സിനിമ തികച്ചും ജനകീയമാവണം, എന്ന വാദഗതിയോട് ,താങ്കൾ യോജിക്കുന്നുവോ ? 'കൊടിയേറ്റം' ആ ഗണത്തിൽ പെടുത്താമല്ലോ.

ജനകീയമാവുന്നതിൽ തെറ്റൊന്നുമില്ല. പ്രേക്ഷകൻ തിരുമടിയനായി ഇരുന്നിടത്തു നിന്ന് അനങ്ങില്ലയെന്ന് ശാഠ്യം പിടിച്ചാൽ അവതരണരീതികളും സാങ്കേതികവിദ്യകളും അയാൾക്കന്യമായിപ്പോകും.



* താങ്കളുടെ സിനിമകളിൽ താരമൂല്യത്തിന് പ്രാധാന്യം കല്പിക്കാറില്ലല്ലോ. പക്ഷെ 'മതിലുകൾ' എന്ന സിനിമയിൽ മമ്മൂട്ടിയെ ബഷീറായി കാസ്റ്റ് ചെയ്തപ്പോൾ താരമൂല്യത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തതായി തോന്നുന്നു. ഇതിനെക്കുറിച്ച് എന്താണഭിപ്രായം ?

മമ്മൂട്ടി നല്ലൊരു നടനും കൂടിയാണല്ലോ. പോപ്പുലർ ആകുന്നത് ഒരു ദോഷമായി കാണേണ്ടകാര്യമില്ല.

* അന്താരാഷ്ട്രവേദികളിൽ ജി. അരവിന്ദന്റേയും, താങ്കളുടേയും സിനിമകൾ മററുള്ളവയോട് കിട പിടിച്ച് നില്ക്കുന്നുണ്ട്. പക്ഷെ നമ്മുടെ മണ്ണിൽ അവയ്ക്ക് വേണ്ടത്ര 'popularity' ഇല്ലെന്ന് ഒരു പക്ഷമുണ്ട് ഇതെന്തുകൊണ്ടാണ് ? പ്രേക്ഷകന്റെ നിലവാരമില്ലായ്മയാണോ ഇതിനു കാരണം ?

അരവിന്ദന്റേയും എന്റേയും സിനിമകൾ ഒരേതരത്തിൽപെടുത്താവുന്നവയല്ല. എന്റെ സിനിമകളെല്ലാംതന്നെ തീയേററിൽ റിലീസ് ചെയ്തിട്ടുള്ളവയാണ്. അവയ്ക്കെല്ലാം മുതൽമുടക്ക് തിരിച്ചുകിട്ടിയിട്ടുമുണ്ട്. ചെറിയലാഭവും ഉണ്ടായിട്ടുണ്ടെന്നാണ് വാസ്തവം അത് ജനങ്ങൾക്ക് എന്റെ ചിത്രങ്ങൾ ഇഷ്ടപ്പെടുന്നതുകൊണ്ട്തന്നെയാണല്ലോ. എല്ലാ നല്ല പുസ്തകങ്ങളും എല്ലാവരും വായിച്ച് രസിക്കണമെന്നില്ലല്ലോ.

* 'Mainstream' സിനിമകളിൽ താങ്കളുടെ സിനിമകൾ പെടാറില്ല. അതേ സമയം കലാപരമായി എത്രയോ ഉയർന്നതലങ്ങളിലാണ് അവ നിൽക്കുന്നത് ? ഈ പൊരുത്തക്കേട് എന്തുകൊണ്ട് സംഭവിക്കുന്നു. ?

എന്റെ സിനിമ 'മെയിൻസ്ട്രീം' എന്നൊന്നുണ്ടെങ്കിൽ അതിൽതന്നെയാണെന്നാണ് എന്റെ അഭിപ്രായം.

* താങ്കൾ ഒരു സിനിമ നിർമ്മിക്കണമെന്നുദ്ദേശിക്കുമ്പോൾ പ്രാഥമികമായി പ്രാധാന്യം കൊടുക്കുന്ന കാര്യങ്ങൾ ഏവ ?

ആദ്യമായി ഉൾക്കരുത്തും പുതുമയുമുള്ള ഒരു പ്രമേയം കണ്ടെത്തണം. നല്ലൊരുസിനിമ അതിൽനിന്നും വികസിപ്പിച്ചെടുക്കാം എന്ന വിശ്വാസവും, ഉൽസാഹവും അതേപ്പററിതോന്നണം.



* അങ്ങയുടെ സിനിമകളിൽ സംഗീതത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലല്ലോ. ഇതെന്തുകൊണ്ടാണ്. ?

എന്റെ എല്ലാ ചിത്രങ്ങളിലും വളരെ പ്രാധാന്യം നല്കാറുണ്ട്. പശ്ചാത്തല സംഗീതത്തിന്.

* ഈ അടുത്തകാലത്ത് യുവതലമുറയിലെ സംവിധായകർക്ക് ലക്ഷ്യബോധം ഇല്ലായെന്ന് 'സത്യജിത്റേ' പറഞ്ഞുവല്ലോ. അതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്താണ് ?

എന്നല്ല അദ്ദേഹം പറഞ്ഞത്. പുതിയ തലമുറയിലെ പലർക്കും സിനിമയിലെ ക്രാഫ്റ്റ്. നല്ല വശമില്ലെന്നാണ്. സത്യജിത്റേ പറഞ്ഞതിൽ വളരെ സത്യമുണ്ട്.

* അന്താരാഷ്ട്ര ബാലചലച്ചിത്രോത്സവം ഈ അടുത്തകാലത്ത് തിരുവനന്തപുരത്ത് സംഘടിപ്പിക്കുകയുണ്ടായല്ലോ. ആർഭാടപൂർവ്വമായ ഒരു മേള എന്നതിൽക്കവിഞ്ഞ് കുട്ടികൾക്ക് അതിൽനിന്ന് വേണ്ടത്ര പ്രയോജനം ഉണ്ടായില്ലെന്ന് വിമർശനം ഉണ്ടായി. സംഘാടകൻ എന്ന നിലയ്ക്ക് താങ്കൾക്ക് എന്തെങ്കിലും ന്യായീകരണം നല്കാനുണ്ടോ ?

ഞാൻ മേളയുടെ സംഘാടകൻ ആയിരുന്നില്ല. ജൂറിയുടെ അദ്ധ്യക്ഷൻ മാത്രമായിരുന്നു. ചിത്രങ്ങൾ കാണാൻ വന്ന കുട്ടികൾക്ക് മേള ഗുണം ചെയ്തുകാണും. കാണാത്തവരുടെ കാര്യം എന്തുപറയാൻ ?

* ഇന്ന് സിനിമ ഏറ്റവും ശക്തമായ പൊതുജനമാധ്യമമാണല്ലോ. പക്ഷേ ഭരണയന്ത്രം മുതൽ കലാകാരൻമാർ വരെ അതിനെ വെറും ഒരു വിനോദോപാധിയായി മാത്രം കാണുന്നു. ഇതിന് കാരണമെന്ത് ? എന്തെങ്കിലുംപോംവഴി നിർദ്ദേശിക്കാനുണ്ടോ ?

പ്രേക്ഷകരുടെ നിലവാരം ഉയരണം. അതായത് നല്ലതും ചീത്തയുംതിരിച്ചറിയുവാനുള്ള കഴിവ് അവരിൽ വളർന്നുവരണം. യൂണിവേഴ്സിറ്റിയിലും, സ്കൂളുകളിൽപ്പോലും ചലച്ചിത്രസൗന്ദര്യശാസ്ത്രം ഒരു പാഠ്യവിഷയമാക്കേണ്ടിയിരിക്കുന്നു.

* പലപ്പോഴും അവാർഡുകൾ രാഷ്ട്രീയപ്രേരിതമാവാറുണ്ട്. നീതിപൂർവ്വമായ അവാർഡ് നിർണ്ണയത്തിന് എന്താണ് മാനദണ്ഡം ?

സിനിമയെപ്പറ്റി തികഞ്ഞ പരിജ്ഞാനവും, കലാബോധവും ഉള്ളവരെ വിധികർത്താക്കളാക്കുകയും, ബാഹ്യമായ സ്വാധീനങ്ങളിൽനിന്ന് ഈ വക ഏർപ്പാടുകളെ ഒഴിവാക്കി നിർത്തുകയും വേണം.

- " സാങ്കേതിക വികാസത്തിന്റെ പൂർണ്ണതയിലാണ് കലയുടെ ആത്മസ്വാതന്ത്ര്യം " പക്ഷേ ഇന്ന് യന്ത്രവൽകൃതകലയായി സിനിമയെ ഇത് വിലക്ഷണമാക്കുന്നുണ്ട്. [examble: കിലുക്കം] ഇതിൽ നിന്ന് ശുദ്ധ സിനിമയെ വേർതിരിക്കാൻ സാധിക്കുന്നതെങ്ങനെ ?

പറയുന്നത് എന്ത് എന്നതുപോലെ പ്രധാനമാണ് എങ്ങനെയെന്നുള്ളതും. പുതുമയും മൗലികതയും കലയുടെ അടിസ്ഥാനഘടകങ്ങളാണ്.

- സംവിധായകൻ, മാധ്യമം, പ്രേക്ഷകൻ എന്നീ ഘടകങ്ങളിലൂടെയാണല്ലോ സിനിമയുടെ ദൗത്യം പൂർണ്ണമാകുന്നത്. ഇവ തമ്മിലുള്ള ഒരു സന്തുലനം എങ്ങനെ സാദ്ധ്യമാക്കാം ?

പ്രേക്ഷകനുമായുള്ള സംവാദമാണ് സംവിധായകൻ സിനിമയിലൂടെ സാധിക്കേണ്ടത്. അതിന് പ്രേക്ഷകനും, സംവിധായകനും പരസ്പരം ഉള്ളറിയണം.

- 'കൊടിയേറ്റ'ത്തിലെ ബിംബങ്ങളുടെ പ്രയോഗം വളരെ ശ്ലാഘിക്കപ്പെട്ടിട്ടുണ്ടല്ലോ. അവ ബോധപൂർവ്വമായ പ്രയോഗംപോലെതോന്നുന്നു. അതുകൊണ്ട് അവയ്ക്ക് കലാമൂല്യം......

ബോധപൂർവ്വമല്ലാതെ ഒന്നും തന്നെ ഒരു സിനിമയിൽ സംഭവിക്കുകയില്ല.

- താങ്കളുടെ സിനിമയിൽ സംഗീത സന്നിവേശം അകൃത്രിമമാണ്. പക്ഷേ പുതിയ സംവിധായകരിൽ ഈ അംശം പലപ്പോഴും കാണുന്നില്ല. ?

സിനിമയിലെ സംഗീതത്തെ പുറത്ത്കേൾക്കുന്ന സംഗീതവുമായി താരതമ്യപ്പെടുത്തി ആസ്വാദനം നടത്തുന്ന പതിവാണ് നിരൂപകരിൽ പലരും വച്ചുപുലർത്തുന്നത്.

- ശക്തമായ സ്ത്രീ കഥാപാത്രങ്ങളുടെ കുറവ് ആനുകാലിക മലയാള സിനിമകളിൽ കാണുന്നുണ്ട് അത് ഒരു വൈകല്യമായി കണക്കാക്കാമോ ?

സ്ത്രീ കഥാപാത്രങ്ങൾ എല്ലാ സിനിമയിലും ശക്തമായി ഉണ്ടായിരിക്കണമെന്ന് ശാഠ്യം പിടിക്കുന്നത് ന്യായമാണോ ?

- താങ്കളുടെ അടുത്ത സിനിമ എന്തിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ് ? എന്ന് പുറത്ത് വരുമെന്ന് പ്രതീക്ഷിക്കാം. ?

ഒന്നും പറയാറായിട്ടില്ല

- സിനിമയിലേക്ക് കടന്നുവരുന്ന യുവസംവിധായകൻമാർക്ക് നല്കാനുള്ള സന്ദേശം ?

ഒരുങ്ങി മാത്രം ഇറങ്ങുക.

കോളേജ് മാഗസിനുവേണ്ടി ശ്രീ. അടൂർ ഗോപാലകൃഷ്ണനുമായി അഭിമുഖംനടത്താൻഅവസരം ഉണ്ടാക്കിതന്ന ശ്രീ. ഡി. വിനയചന്ദ്രൻ സാറിനും, ചോദ്യങ്ങൾ തയ്യാറാക്കിതന്ന എച്ച്. എസ്. പി. സാറിനും അഭിമുഖവേളയിൽ എന്നോടൊപ്പം ഉണ്ടായിരുന്ന ജോമോൻ ജോസഫ്, ഷാജി എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

– എഡിറ്റർ.




കർക്കിടകമഴയുടെ തുള്ളികൾ ഓലക്കീറുകൾക്കിടയിലൂടെ മുറിയിൽ അങ്ങിങ്ങായി പതിച്ചുകൊണ്ടിരുന്നു. അപ്പുറത്ത് മുറിയിൽ രണ്ട് ഓലക്കീറുകൾ മറച്ചുവച്ച് അതിനടിയിലായി കർക്കിടകവാവിന്റെ വിഭവങ്ങളായ അട, പഴം, അവൽ, ശർക്കര കത്തിച്ചുവച്ച നിലവിളക്ക്, സാമ്പ്രാണി എന്നിവ സജ്ജമാക്കിവച്ചിരിക്കുന്നു. അപ്പുറത്ത് അച്ഛൻ നീട്ടി രാമായണം പാടുന്നു. അടുത്തുതന്നെ അമ്മയും ഇരിക്കുന്നു. എനിക്ക് വളരെയധികം വിശന്നു. ഉച്ചയ്ക്ക് ഭക്ഷണം ഒന്നുംതന്നെ കഴിച്ചിരുന്നില്ല. ഉച്ചയ്ക്ക് കഞ്ഞിവയ്ക്കാൻ വച്ചിരുന്ന അരി ഉപയോഗിച്ചാണ് കാർന്നോൻമാർക്ക്വേണ്ടി അടഉണ്ടാക്കിയത്. എന്ത് കഷ്ടപ്പെട്ടാണ് അന്നന്നേയ്ക്കുവേണ്ടി ഉണ്ടാക്കിയിരുന്നത്. എന്ന് ഞാൻ ആലോചിയ്ക്കുകയായിരുന്നു. അന്ന് ഞാൻ കുറെ നാണയത്തുട്ടുകൾ സമ്പാദിച്ച് അമ്മയുടെ കയ്യിൽ കൊടുത്തു. എങ്ങനെയെന്ന് വച്ചാൽ തെരുവിലിറങ്ങി വയറോൽ കൊട്ടിപ്പാടി. അന്ന് അതുവാങ്ങി അമ്മ എന്നെ കെട്ടിപ്പിടിച്ച് വളരെയധികം തേങ്ങി. ആദ്യം ആദ്യം പാടുമ്പോൾ ഭയം കൊണ്ട് സങ്കടവും പ്പം വിതുമ്പലും അനുഭവപ്പെട്ടിരുന്നു. പിന്നീട് അതുമാറി അടിച്ചുപാടി വയറിൽ ,ഒരു തഴമ്പായി പരിണമിച്ചിരിക്കുന്നു. അന്ന് തനിയ്ക്ക് കിട്ടുന്ന പിരിവ് ഇന്നത്തെ അപേക്ഷിച്ച് കൂടുതലായിരുന്നു. അന്നത്തെ തന്റെ സ്ഥാനത്ത് ഇപ്പോൾ എട്ട് പേരാണ്. പക്ഷേ മററുള്ളവരെ അപേക്ഷിച്ച് തനിക്ക് എപ്പോഴും കൂടുതലാണ്. അതിന്റെ പേരിൽ കൊച്ചുണ്ണിയുടെ അടിവരെ തനിക്ക് കിട്ടിയിരുന്നു. വിശപ്പിന്റെ ആധിക്യം ഓർമ്മയിൽനിന്നും എന്നെ പിന്തിരിപ്പിച്ചു. കതക് തുറന്നുനോക്കിയാലോ എന്ന് ഞാൻ ചിന്തിച്ചപ്പോൾ ഉണ്ണീ തുറക്കണ്ടട്ടോ എന്ന സ്വരം എന്റെ മനസ്സിനെ കടിഞ്ഞാൺ ഇട്ടു. കുറച്ചു കഴിഞ്ഞപ്പോൾ അപ്പുറത്തെ മുറിയിൽനിന്നും എന്തൊക്കെയോ ചടപടാ താഴെവീഴുന്ന സ്വരം കേട്ടു. ഞാൻ മെല്ലെ അകത്തുകയറി. അപ്പോൾ അകത്ത് അയലത്തെ ജിമ്മി പട്ടി. ശ്ശെ പോ പട്ടി എന്ന് അമ്മ കേൾക്കാത്ത സ്വരത്തിൽ പറഞ്ഞ് മുറിവിട്ടിറങ്ങി. അപ്പോഴേയ്ക്കും അച്ഛന്റെ രാമായണം വായന ഏതാണ്ട് സമാപിച്ചിരുന്നു അമ്മ ആ പൂജയ്ക്ക് വച്ചിരിക്കുന്ന സാധനങ്ങൾ എടുത്തോളാൻ ആവശ്യപ്പെട്ടു, ഞാൻ ധൃതിയിൽ അകത്തുകടന്നു. കണ്ണിൽ ഇരുട്ട് പടരുന്നതുപോലെ ഭഗവാനേ ഇതെന്തൊരു പരീക്ഷണം അറിയാതെ പറഞ്ഞുപോയി അപ്പോൾ അച്ഛന്റെ അരുളപ്പാട് ഉണ്ടായി നമുക്ക് മഹാഭാഗ്യമാണ് കൊടുത്തതൊക്കെ ഭഗവാൻ മുഴുവനോടെ തന്നെ സ്വീകരിച്ചല്ലോ എന്ന്. ഞാൻ വളരെ അസ്വസ്ഥനായി ഉറങ്ങാൻ കിടന്നു. വളരെയേറെ സമയം വൈകിയതിനുശേഷം മാത്രമേ എനിക്ക് ഉറങ്ങാൻ സാധിച്ചുള്ളൂ.

സുജമോൾ ടി. എൻ.

I D C Ecos



വി. ശോഭരാജ്,
മൂന്നാം വർഷ ഇംഗ്ലീഷ്

# എന്റെ കുട്ടി

ബന്ധങ്ങളാം തൻ നൂലാമാലയിലായിരുന്നിട്ടും,
ബന്ധങ്ങളാം ബന്ധനങ്ങളാം തച്ചുടച്ചുകൊണ്ടെന്നെ സ്നേഹിച്ച ഞാൻ
സ്നേഹിച്ചയെന്റെ കുട്ടി.
ദൂരങ്ങളിലായിരുന്നിട്ടും, വിദൂരങ്ങളിലായിരുന്നിട്ടുമെന്നെ സ്നേഹിച്ച,
സ്നേഹത്തിന്റെ പരിശുദ്ധിയുമാഴവുമെന്നിൽ മുളപ്പിച്ചയെന്റെ കുട്ടി
സ്നേഹിക്കുവാൻ മാത്രമറിയാവുന്നെന്റെ കുട്ടി.

പൊയ്പ്പോയ കാലങ്ങളെന്റെ കാല്പാടിലൂടെ
യെത്തിനിൽപ്പൂ നിൻ നിഷ്കളങ്ക സ്നേഹമെന്നിൽ.
മഞ്ഞുകണം പോലെ, മഴവിൽ കൊടിപോലെ
നിഷ്കളങ്കമാണ്, നിർവൃതിയാണെന്നിലെ നിൻ സ്നേഹം.

കാട്ടരുവിയും, കാട്ടാറും പോലെയെൻ
കണ്ണിനും, കാതിനും കുളിർമയും നിർവൃതിയുമാണെന്നിലെ നിൻ സ്നേഹം
ഇല്ലയീ ലോകത്തിൽ യന്ത്രമൊന്നും നിന്നിലെയെൻ സ്നേഹമളക്കുവാനെങ്കിലും ;
മാററങ്ങളാം കൊണ്ടെൻ ജീവിതത്തെ വികൃതമാക്കി നിൻ സ്നേഹം.
ശത്രുക്കളില്ലായിരുന്നെൻ ജീവിതത്തെ ശത്രുകണങ്ങളാം കൊണ്ടുനിറച്ചു
നിൻ സ്നേഹമെന്നി-
ലർത്ഥവും വ്യാപ്തിയും കൂടാതെ ദോഷവും, ഭീതിയും വരുത്തിയെന്നിലെ
നിൻ സ്നേഹം.
അററുപോയിബന്ധങ്ങളാം ; നഷ്ടമായിയെന്നിലെയെല്ലാമെനിയ്ക്ക്-
യെങ്കിലും നിന്റെയീ നിഷ്കളങ്കമാം സ്നേഹത്തിന് മുന്നി-
ലൊരു പുൽക്കൊടിയായ ഞാനിന്നു-
നിന്നേയും സ്നേഹിച്ചു പോയി.

എന്നിലെ എല്ലാമറിഞ്ഞുകൊണ്ടെന്നെ സ്നേഹിച്ച നീ-
യെന്തിനെനിക്കിത്രയും സ്നേഹം തന്നുകൊണ്ടെന്തിനു
ദൂരങ്ങളിലായിരുന്നിട്ടുമെന്നെ സ്നേഹിച്ച നീയൊററയ്ക്ക്-
ദൂരങ്ങളിൽ നിന്ന് വിദൂരങ്ങളിലേയ്ക്കേകയായി
പറന്നുപോയെന്നെ സ്നേഹിച്ച ഞാൻ സ്നേഹിച്ചയെന്റെ കുട്ടി-
ഇതാണിതാണ് ഞാൻ സ്നേഹിച്ച
യെന്നെ സ്നേഹിച്ച "എന്റെ കുട്ടി"

ഞാനൊരുകാലം, യെന്നുടെ–
തോളത്തേററിയ നുകവും
കണ്ണിൽ ജാലം കെട്ടിയ വലയും
വലയിൽ കോർത്തൊരു കനവും
ദുഃഖംതിന്നു കൊഴുത്തൊരു കരളിൽ
പുത്തൻ നോവുകൾ വന്നുതറച്ചും
വാടിയ മോഹം കണ്ണീർകൂട്ടി–
ഭുജിച്ചും, കൊണ്ടീ–
പാടത്തൊക്കെ ഇഴഞ്ഞുനടക്കെ,
സ്നേഹമുരുക്കി മിനുക്കിയ സാന്ത്വന–
തൂവലുകൊണ്ടെന്നുള്ളിൽ
തഴുകിയ സോദരനീ, നീ,
പാടത്തിൻ കരയിലെ
മാടത്തിൽ വെട്ടിനുറുങ്ങിയ നിലയിൽ
കാൺകെ, യെന്നിൽ വിഷാദം
നട്ടുവളർത്തിയ
മൂകതവന്നു, തളിർക്കുന്നു.
അറിഞ്ഞതനെന്നുടെ യുററോരൊക്കെ–
യീമാടത്തിൽ കൊത്തിനുറുങ്ങപ്പെട്ടു !
അവരുടെ തേങ്ങലുകേട്ടീ–
പാടത്തെത്തിയ കാററും
ഞെട്ടിവിറച്ചു !
വിധിയുടെ നിഴലി–
ന്നോരം പററി ഞാനീ–
യറവു മരത്തിൻ കീഴിലിരിക്കെ,
ക്ലാവുപിടിച്ചോരെൻ മിഴികളി–
ലിരുളിനനന്തത വന്നണയുന്നു.
മാനവമൃഗമേധ പുരത്തും
കൊടിയ വിഷപ്പുകയുടെ നടുവിൽ
വേവാൻ ജന്മം കൊണ്ടോർ, ഞങ്ങടെ
പീഡകൾ മെഴുകിയ നെഞ്ചും
നെഞ്ചിൽ കാലം തീർത്തൊരു കുഴിയിൽ
ചത്തുകിടക്കും സ്മൃതിയും
സ്മൃതിയുടെ പീളകൾ കെട്ടിയ–
കണ്ണിൽ, പിൻമുറയുടെ ദൈന്യംകണ്ടും
ഞാനെൻ ജ്യേഷ്ഠൻ ചിന്തിയ
ചോരപ്പുഴയിൽ സ്നാനം ചെയ്തും
കൊണ്ടീ, യറവു മരത്തിൻ,
കീഴിലിരിക്കെ, വിധിയുടെ
നിഴലുകൾ വളരുന്നൂ
മമ മുന്നിൽ ശ്യാമ–
വിമൂകത പെരുകുന്നു.




ജിജു ജോസ്. പത്തിൽ,
മൂന്നാം വർഷ മലയാളം.

# ചലച്ചിത്ര ചിന്തകൾ

സിനിമയെക്കുറിച്ച് 'പോരിരോത്ത' ആയിരത്തിൽപരം പേജുകളുള്ള ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്. ആകാലത്ത് എണ്ണത്തിൽ തുച്ഛമാത്രം പുറകിലായിരുന്ന ഭാരത സിനിമയെക്കുറിച്ച് കേവലം പന്ത്രണ്ട് വരികൾ മാത്രമാണ് അതിലുള്ളത്. ഭാരതസിനിമയോടുള്ള അദ്ദേഹത്തിന്റെ അവഗണനയായി ഇതു നിങ്ങൾക്കുതോന്നിയേക്കാം. എന്നാൽ ഇതിന്റെ കാരണങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നന്നായിരിക്കും.

സംഗീതം, സെക്സ്, തമാശ, അടിപിടി മുതലായവയിൽ ഏതിനെങ്കിലും പ്രാധാന്യം നൽകികൊണ്ടും, എല്ലാത്തിനും തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടും നിർമ്മാതാക്കൾ സിനിമകൾ ചമച്ചിരിക്കുന്നു. ഇവയെല്ലാം നമ്മൾകാണുന്നു. ഇവയിൽ ഒന്നെങ്കിലും നമുക്ക് സംതൃപ്തി നൽകുന്നുണ്ടോ? ഇവയിലേതെങ്കിലും നമുക്ക് വ്യത്യസ്തമായ ഒരനുഭവമായി അനുഭവപ്പെടാറുണ്ടോ? ഇല്ലെന്നുള്ളതാണുസത്യം. ഈ സിനിമകളെക്കുറിച്ച് നമുക്കുള്ള അഭിപ്രായമിതായിരിക്കും. "വലിയതെറ്റില്ല" എന്നാലും കണ്ടിരിക്കാം.

ഇത്തരം സിനിമകളിൽ പലതും നൂറും നൂറമ്പതുംദിവസം ഓടിയേക്കാം. പക്ഷേ അതിനപ്പുറത്തേക്കൊരു നിലനിൽപ്പ് ഇവയ്ക്ക് അസാദ്ധ്യമാണ്. ഉദാഹരണത്തിന് കഴിഞ്ഞ ഒന്നോ രണ്ടോ വർഷം മുമ്പിറങ്ങിയ ഒരു ചിത്രം ഇപ്പോൾ കണ്ടുനോക്കൂ. അന്നുനമ്മൾ വാനോളം പുകഴ്ത്തിയ ആ ചിത്രം ഇന്ന് നമുക്കൊട്ടും രസിക്കില്ലെന്നുള്ളത് ഒരു വാസ്തവം. അപ്പോൾ ഒന്നുകൂടിയോർക്കണം ഗ്രിഫിത്തിനേയും, ചാർലിചാപ്ലിനേയും പോലുള്ളവരുടെ നിശബ്ദചിത്രങ്ങൾ ഇന്നും കണ്ടാസ്വദിക്കപ്പെടുന്നു. ഇവരേപോലുള്ള പ്രതിഭാശാലികളുടെ ചിത്രങ്ങൾ ഓരോതവണ കാണുമ്പോഴും പുതുതായി എന്തെങ്കിലും അതിൽ കണ്ടെത്തുവാൻ നമുക്കുസാധിക്കും.

തരംതാണ ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിന് ഇവിടുത്തെ നിർമ്മാതാക്കൾകൊണ്ടുവരുന്ന ന്യായീകരണം പ്രേക്ഷകന്റെ താഴേക്കിടയിലുള്ള ആസ്വാദന നിലവാരമാണ്. യഥാർത്ഥത്തിൽ അവർ തന്നെയുണ്ടാക്കിയെടുത്തതാണ് ഈ സ്ഥിതി വിശേഷം. അതിനുശേഷം തങ്ങളുടെ ദൗർബല്യം നമ്മളെക്കാൾദുർബലമായ മറ്റൊരുകക്ഷിയിലടിച്ചേൽപിച്ച് ഊർ രക്ഷപെടുവാൻ ശ്രമിക്കുന്നു എന്നു മാത്രം.

ദൗർബല്യങ്ങൾ വളരെയുള്ള ഒരു സമൂഹത്തെ വീണ്ടും ദുർബലമാക്കുകയാണ് ഇന്നത്തെ സ്വപ്ന വിൽപനക്കാരായ നിർമ്മാതാക്കളും സംവിധായകരും കൂടിചെയ്യുന്നത്. പ്രേക്ഷകനെ ചൂഷണം ചെയ്താണ് ഇവർ നൂറും നൂറമ്പതും ദിനേ വിളയിക്കുന്നത്. "സമൂഹത്തിന്റെ സാംസ്കാരിക നിലവാരം പ്രതിഫലിപ്പിക്കുന്ന കണ്ണാടികളാണ് കലകൾ എങ്കിൽ ഈ കണ്ണാടികളിൽ കൂടി കാണുന്ന സ്വന്തം മുഖം സമൂഹം ഒരല്പം സാവകാശത്തോടെ പരിശോധിക്കുന്നതുനന്നായിരിക്കും." വിശ്വവിഖ്യാതനായ ചലച്ചിത്രകാരൻ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ വാക്കുകളാണിവ.

ആധുനിക യുഗത്തിൽ പരിഷ്കൃതർ എന്നറിയപ്പെടുവാൻ ചലച്ചിത്രാവബോധവും വേണം എന്നാണ് "ഹെർബർട്ട് റീഡ്" എഴുതിയിരിക്കുന്നത്. പക്ഷേ ഇൻഡ്യയിലെ ഉന്നത വിദ്യാഭ്യാസമുള്ളവർ പോയിട്ട് ജഡ്ജിങ്ങ് കമ്മററിയിലെ അംഗങ്ങൾക്കോ സെൻസർ ബോർഡിലിരിക്കുന്നവർക്കു പോലുമോ സിനിമയെക്കുറിച്ച് വ്യക്തമായ ഒരു ധാരണയെങ്കിലും ഇല്ലെന്നുള്ളതാണു സത്യം. ചലച്ചിത്ര പഠനം ഒരു അനിവാര്യതയാണെന്നു മനസ്സിലാക്കി നമ്മുടെ വിദ്യാഭ്യാസത്തിൽ അതു കൂടി ഉൾപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

സിനിമ അടിസ്ഥാനപരമായും ഒരുദൃശ്യകലയാണ്. സംഗീതം സംഭാഷണം തുടങ്ങി എന്തും ദൃശ്യതലത്തെ പരിപോഷിപ്പിക്കുവാൻ വേണ്ടി മാത്രമേ ഉപയോഗിക്കാവൂ.

ഏതെങ്കിലും ഭാഷയിലെ സിനിമകണ്ടാസ്വദിക്കുവാൻ നമ്മൾ ആ ഭാഷ അറിഞ്ഞിരിക്കണമെന്നില്ല. എന്നാൽ സ്വന്തമായൊരു വ്യക്തിത്വവും വ്യാകരണവുമുള്ള (ഇതുവരേയും പരിപൂർണ്ണമായി എഴുതിത്തീർന്നിട്ടില്ലെങ്കിലും) ഈ കല മനസ്സിലാക്കണമെങ്കിൽ സിനിമയുടെ ഭാഷ നമ്മൾ നിർബന്ധമായും പഠിച്ചിരിക്കണം.

ഒരു കലഎന്നും ഒരു ഏകമനസ്സിന്റെ സൃഷ്ടിയാണ്. അതുകൊണ്ട് സിനിമ ഒരു കലയാകണമെങ്കിൽ അത് ഒറ്റ ചലച്ചിത്രകാരന്റെ (സംവിധായകന്റെ) സൃഷ്ടിയായിരിക്കണം. അതുകൊണ്ടുതന്നെ ഒരു സംഘം ആളുകളുടെ കൂട്ടായ യത്നത്തിന്റെ ഫലമായുണ്ടാകുന്ന സിനിമയെ ഒരു വ്യവസായമെന്നു വിളിക്കാനാണ് ഇവിടുത്തെ ആസ്വാദകനിഷ്ടം. മലയാളത്തിലെ ജനസമ്മിതിയാർജിച്ച ഒരു സംവിധായകൻപറയുന്നതിങ്ങനെയാണ്. സംവിധായകൻ മുതൽ ലൈററ്ബോയ് വരെ എല്ലാവർക്കും തുല്യ പ്രാധാന്യം കൽപിക്കുന്ന അദ്ദേഹം ഈ സംരംഭം സംവിധായകന്റെ മാത്രം സൃഷ്ടിയെന്നു പറഞ്ഞ് അഹങ്കരിക്കുന്ന തരത്തിലുള്ളയാളല്ലാത്രേ. ഇത്രയും പറഞ്ഞ സംവിധായകൻ

സ്റ്റാറുകൾ മുതൽ ലൈറ്റ്ബോയ് വരെ എല്ലാവർക്കും തുല്യവേതനം കൊടുക്കണമെന്നുകൂടി അദ്ദേഹത്തിനു പറയാമായിരുന്നു. 'അമേരിക്കൻ' സിനിമയുടെ പ്രവാചകനും പ്രചാരകനും പ്രയോക്താവുമായ ജോനാസ് മേകാസ്, താൻ "സിനിമയുടെ അതിരുകൾക്കപ്പുറത്ത് ചില ചുവടുകൾ വെയ്ക്കാൻ ശ്രമിച്ചിട്ടുണ്ട്" എന്നു പറഞ്ഞപ്പോഴും ഈ മലയാള സംവിധായകന്റെയത്ര വിനയാന്വിതനായിരുന്നോ എന്ന് എനിക്കു സംശയം.

"കിഴക്കുണരും പക്ഷി" എന്ന ചിത്രത്തെപ്പറ്റി എന്റെ ഒരു സുഹൃത്തിനോട് അഭിപ്രായം ചോദിച്ചപ്പോൾ ഇങ്ങനെ പറയുകയുണ്ടായി "എഡിറ്റിംഗ് മോശമാണ്. ബാക്കിയെല്ലാം നന്നായിട്ടുണ്ട്." ഛായാഗ്രഹണം അപാരമല്ലെന്നും, എഡിറ്റിങ്ങ് മോശമാണെന്നും അഭിനയം ഒപ്പിച്ചെടുത്തതെന്നും സംവിധാനത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടിയിരുന്നുവെന്നുമുള്ള ഉപരിനിരൂപണങ്ങൾ നടത്തുന്ന "സിനിമാ പണ്ഡിതന്മാ"രുള്ള നമ്മുടെ നാട്ടിൽ ഇതിൽനിന്നും വ്യത്യസ്തമായൊരഭിപ്രായപ്രകടനം പ്രതീക്ഷിക്കേണ്ടതില്ല. നല്ലസിനിമയുണ്ടായാൽമാത്രമേ നല്ലനിരൂപണങ്ങൾ ഉണ്ടാവൂ എന്നതു ശരിതന്നെ. നേരെമറിച്ച് നല്ല നിരൂപണങ്ങളുണ്ടായാൽ നല്ല സിനിമകളുമുണ്ടാകുമെന്ന വസ്തുത മറക്കാതിരിക്കുക.

നമ്മുടെ ചലച്ചിത്രങ്ങളുടെ അധഃപ്തനത്തിന് മറ്റൊരു കാരണം ഇവിടത്തെ സെൻസർബോർഡ് തന്നെയാണ്. ഉദാഹരണത്തിന് ഏതെങ്കിലും സിനിമയിലെ ഒരു രംഗത്തിൽ ചുംബനം അത്യാവശ്യം അനിവാര്യമാണെങ്കിൽക്കൂടി സെൻസർബോർഡിന്റെ കത്രിക വെറുതെയിരിക്കില്ല. ഭാരത സംസ്കാരത്തിനു യോജിക്കാത്തതാണുപോലും. ഇതുകേട്ടാൽ തോന്നും ഭാരതീയരാരും ഇതുവരെ ചുംബിച്ചിട്ടേയില്ലെന്ന്. നേരെമറിച്ച് "ആദിപാപം" പോലുള്ള ചിത്രങ്ങൾ മാത്രം മുഴുവൻ തകൃതിയായോടുന്നു. നിഷ്കളങ്കരായ കൊച്ചുകുട്ടികൾ പോലും ഇത്തരം അശ്ലീലങ്ങൾ കണ്ടാസ്വദിക്കുന്നു. വികൃതമായ സെക്സിൽ കൂടി ജനങ്ങളെ ചൂഷണം ചെയ്ത് പണമുണ്ടാക്കുവാനുള്ള ഒരുപാധിയാണിത്തരം ചിത്രങ്ങൾ എന്നറിഞ്ഞിട്ടുകൂടി അതിന്റെ പ്രദർശനം നിരോധിക്കാൻ സെൻസർബോർഡിനു കഴിയുന്നില്ല. എന്തുദ്ദേശത്തോടുകൂടി സെക്സ് അവതരിപ്പിച്ചു എന്നതുമാത്രമാണ് നോക്കേണ്ടത്. നല്ല ഉദ്ദേശവും ചീത്ത ഉദ്ദേശവും തമ്മിൽ എങ്ങനെ തിരിച്ചറിയുമെന്ന്. അതിന് ബോർഡംഗങ്ങൾക്ക് സിനിമാബോധവും അതിൽ അഗാധമായ ജ്ഞാനം ഉണ്ടായിരിക്കണം.

ഇന്ന് അവാർഡുകമ്മറ്റികളിലും ചലച്ചിത്രബോധമില്ലാത്ത പലരും കയറിക്കൂടുന്നു. ഇതിന് വേണ്ടുവോളം ഉദാഹരണങ്ങൾ നമുക്കുള്ളതിൽ "യക്ഷ" ദേശീയ അവാർഡിന് പരിഗണിക്കാതെ പോയതിനെക്കുറിച്ചു അതിന്റെ സംവിധായകനോട് സത്യസന്ധമായ വാക്കു ചോദിച്ചപ്പോൾ മറുപടി, "എനിക്കവാർഡുതരുവാൻ യോഗ്യതയുള്ള ആരാണ് കമ്മറ്റിയിൽ ഉള്ളത്". അതുകൊണ്ടുതന്നെയാണ് ആ ചിത്രം ദേശീയ അവാർഡുകളെ ... 1991 ലെ സംസ്ഥാന അവാർഡ് നിർണ്ണയം തന്നെയെടുക്കാം. ആരെയൊക്കെയോ തൃപ്തിപ്പെടുത്തുവാനുള്ള ഒരു വിഫലശ്രമമാണ് കമ്മിറ്റിയംഗങ്ങൾ നടത്തിയിരിക്കുന്നത്. ഏറ്റവും നല്ലചിത്രമായിരുന്നു "കടവ്". അത് തിരക്കഥ എഴുതി സംവിധാനം ചെയ്ത എം. ടി. വാസുദേവൻ നായർക്കാണ് മികച്ച തിരക്കഥാകൃത്തിനുള്ള അവാർഡു കിട്ടി. ഏറ്റവും മികച്ച തിരക്കഥ; ഏറ്റവും നല്ല ചിത്രം നിർമ്മിച്ച സംവിധായകനല്ലേ ഏറ്റവും മികച്ച സംവിധായകൻ? പകരം മറ്റു പല ചിത്രങ്ങളിൽ നിന്നും ആശയം കടമെടുത്ത് സംവിധാനം നിർവ്വഹിച്ച ആൾ മികച്ച സംവിധായകനുമായി.

ആധുനിക ചിത്രകാരന്മാരെയും, കവികളെയും കഥാകൃത്തുക്കളെയും എല്ലാം മനസ്സിലാക്കുവാൻ വേണ്ടി അവരുടെ തലത്തിലേയ്ക്കുയരുവാൻ നമ്മൾ ശ്രമിക്കാറുണ്ട്. അതിന്റെ ഒരു ശതമാനം ശ്രമമെങ്കിലും ചലച്ചിത്രലോകത്തേക്ക് തിരിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകയാണ്.

ജയശങ്കർ പി. നായർ,
ഒന്നാംവർഷ ആംഗലേയ സാഹിത്യം.





കരോളിൻ ഇതാ ഞാൻ വരുന്നു. വീണ്ടും നിന്റെ ഓർമ്മകൾക്കുകഴിയുമോ അഞ്ചുവർഷം പുറകോട്ടു സഞ്ചരിക്കാൻ ? ഡിസംബറിലെ തണുത്തുറഞ്ഞ ആ രാത്രിയിലേക്ക് ഒരിക്കൽകൂടി യാത്രയാകാൻ നിനക്കാവുമോ ? നീ പോകണം...പോയേ മതിയാവൂ... അന്നു ഞാൻ വന്നപ്പോൾ അവരും എന്റെ കൂടെയുണ്ടായിരുന്നു. അല്ല അവരുടെകൂടെ ഞാനും ഉണ്ടായിരുന്നു. പക്ഷെ കരോളിൻ ഇന്നു ഞാൻ മാത്രമേയുള്ളൂ ... നീ കണ്ടിരുന്നുവോ അവരെ... ആ നല്ല യുവാക്കളെ ? ഇല്ല നീ കണ്ടിരിക്കില്ല. നീ കണ്ടത് എന്നെ മാത്രം. നിന്നെ രക്ഷിക്കാമെന്നു വാഗ്ദാനം ചെയ്ത ശരത്തിനെമാത്രം. അവർ നിന്നെയും കണ്ടിരിക്കില്ല. പക്ഷെ കണ്ടിരിക്കാം മറ്റൊരു കരോളിനെ. 'രക്ഷിക്കണേ' എന്ന് ശബ്ദമില്ലാതെ കേണ മറ്റൊരു കരോളിനെ. ഒരു പക്ഷെ അവർ വാഗ്ദാനം ചെയ്തിരിക്കാം, രക്ഷിക്കാമെന്ന്." കാരണം അവർ മറ്റേതോ ലോകത്തായിരുന്നു. മദ്യത്തിന്റെ ലോകത്തിൽ. പക്ഷെ പ്രിയ കരോളിൻ ഒരു സേവകനാകാൻ ഞാനിഷ്ടപ്പെടുന്നില്ല.

ഇതാ ഇപ്പോഴും നന്നായി മഞ്ഞു പെയ്യുന്നുണ്ട്. അന്നും നന്നായി മഞ്ഞുപെയ്തിരുന്നു. അന്ന് തണുപ്പുതാങ്ങാൻ ശക്തിയില്ലായിരുന്നതുകൊണ്ട് ഈ കാറിന്റെ തന്നെ ബാക്ക് സീറ്റിൽ ഇരുന്ന് ഗ്ലാസുപൊക്കിവെച്ചത് എന്റെ ഓർമ്മയിലേക്ക് അരിച്ചുകയറുന്നു. പക്ഷെ കരോളിൻ ഇന്നു ഞാൻ ശക്തിമാനാണ്. എന്തും താങ്ങാൻ എനിക്കാവും. അതുകൊണ്ട് സ്റ്റിയറിംഗിൽ പിടിച്ചിരിക്കുന്ന ഈ കൈകൾ ഗ്ലാസ്സുയർത്താൻ ഞാനുപയോഗിക്കുന്നില്ല. ഇന്ന് എനിക്ക് തണുപ്പുതാങ്ങാനുള്ള ശക്തിയുണ്ട്. അന്ന് ഈ സീറ്റിൽ ഇരുന്നത് പ്രേംകുമാറായിരുന്നു. അവനും തണുപ്പിന്റെ ആധിക്യം അനുഭവിക്കാൻ സന്നദ്ധനായിരുന്നില്ല. സത്യജയ്യും, ജോജോയും, പ്രദീപും സന്നദ്ധനായിരുന്നില്ല. അവർക്കറിയാമായിരുന്നു ലക്ഷ്യം. പക്ഷെ എനിക്കറിയില്ലായിരുന്നു. പതിവുപോലെ ഒരു പിക്നിക്കാവുമെന്നു കരുതിയ ഞാൻ വിഡ്ഢിയായി. സ്ട്രീറ്റുലൈറ്റുകളെ പിന്നിലാക്കിക്കൊണ്ടു ചീറിപ്പാഞ്ഞ കാറിൽ മഞ്ഞുപൊതിഞ്ഞ ഗ്ലാസ്സിനിടയിലൂടെ റോഡരികിലെ കടകളിൽ തൂക്കിയിട്ടിരുന്ന നക്ഷത്രങ്ങളുടെ ഭംഗിയാസ്വദിച്ചും നോക്കി ഞാനിരുന്നു. പലയിടത്തും നിർത്തി സിഗരറ്റും മദ്യവും വാങ്ങി. വീണ്ടും ചീറിപ്പാഞ്ഞുകൊണ്ടിരുന്നു ആ വാഹനം. സിഗരറ്റിന്റെ പുക എന്നെ നിരന്തരം ശല്യപ്പെടുത്തിയിട്ടും അതുതന്ന് ഞാൻ പറഞ്ഞില്ല. കാരണം അവരുടെ ഉല്ലാസകേളിക്ക് ഞാൻ വിലങ്ങുതടിയാകരുതല്ലോ ! "ശരത് ഡ്രൈവ് ചെയ്യുന്നോ " ? —ജോജോ അങ്ങിനെ ചോദിച്ചപ്പോഴെല്ലാം നിരന്തരം ഉരുവിട്ടു കാണാപ്പാഠമാക്കിയതുപോലെ ഞാൻപറഞ്ഞു. ' അയാം സോറി ' ഞാനറിയാം ഞാൻ വലിക്കില്ലാ കുടിക്കില്ലാ...ന്ന് പക്ഷെ എന്തോ ഓരോ സിഗററ്റ് കത്തിക്കുമ്പോഴും മറ്റുള്ളവർക്ക് ലൈറ്റർ നീട്ടി കത്തിച്ചുകൊടുക്കുമ്പോഴും ഓരോ പെഗ്ഗ് പരസ്പരം ഒഴിച്ചുകൊടുക്കുമ്പോഴും അവൻ ചോദിക്കും. ആ സ്ഥിരംപല്ലവി. " ആ നമ്പൂരി പേക്കനെ വെറുതെവിടടാ ...... വടുകാ " —പ്രേംകുമാർ പരിഹസിക്കും. ഒരിക്കലും ഇംഗിതങ്ങൾക്ക് വഴങ്ങിയിട്ടില്ലെങ്കിലും എവിടെ പിക്നിക്കിനുപോയാലും ഞാനുണ്ടാവണം അത് അവരുടെ നിർബ്ബന്ധമാണ്. അന്നും കരോളിൻ .... അതുതന്നെയാണ് സംഭവിച്ചത്. രാത്രിയുടെയാമം കൂടിക്കൂടിവരുകയായിരുന്നു. കറുത്ത സത്വങ്ങളെപ്പോലെ വഴിയിറമ്പിൽ പടർന്നുനിന്നിരുന്ന വൻവൃക്ഷങ്ങൾ പുറകോട്ടുപായുന്നത് നോക്കി ഞാനിരുന്നു. മെയിൻറോഡിൽനിന്നുവിട്ടു, വലതുവശത്തേക്കുതിരിഞ്ഞപ്പോൾ കുറ്റാക്കുറ്റിരുട്ടായിരുന്നു. ടാറില്ലാത്തവഴിയാണെന്ന് ഇതാ കരോളിൻ ഇപ്പോൾ ഞാൻ ഓർക്കു. ആ വഴിയിലേക്കു തിരിയുകയാണ്. പക്ഷെ എന്തോ എന്റെ വണ്ടി കുലുങ്ങുന്നില്ല. വഴിനന്നാക്കിയതുകൊണ്ടോ ? വേഗതകുറച്ചതുകൊണ്ടോ ? അറിയില്ല. അന്നുകാണാതിരുന്ന ഒരു വഴിവിളക്ക് തെളിച്ചം പിതറി നില്ക്കുന്നുണ്ട് ഇവിടെ ഈ തിരിവിൽ. കരോളിൻ ഈ പ്രകാശം എന്റെ ഹൃദയത്തിലേക്കാഴ്ന്നിറങ്ങുന്നതുപോലെ. എന്റെ വാഹനം മുന്നോട്ടുതന്നെ ഒരിക്കൽ ഒരിക്കൽമാത്രം സഞ്ചരിച്ചപാതയിലൂടെ ഇതാ വീണ്ടും ഞാൻ യാത്ര ചെയ്യുന്നു. ഇന്നെനിക്കു ലക്ഷ്യമറിയാം. ഈ വലിയ വൃക്ഷത്തിന്റെ ചുവട്ടിലാണ് പ്രേംകുമാർ കാർ നിർത്തിയത്. ഇവിടെത്തന്നെ പാർക്കുചെയ്യട്ടെ കരോളിൻ എന്റെ വാഹനം ? അന്നു ഡോറുതുറന്നിറങ്ങിയപ്പോൾ ആദ്യംകണ്ട വെളിച്ചം നിന്റെ വീട്ടിൽനിന്ന് അല്ല നിന്റെ യജമാനത്തിയുടെ വിഹാരകേന്ദ്രത്തിൽനിന്നായിരുന്നു. ഇപ്പോഴും ആ വെളിച്ചംതന്നെയാണ് ഞാൻ കാണുന്നത്. അന്ന് ആദ്യം കേട്ട ശബ്ദം നിന്റെ തേങ്ങലായിരുന്നു പക്ഷെ ഇന്ന് അത് കേൾക്കുന്നില്ലല്ലോ ? മരങ്ങൾക്കിടയിൽ വളഞ്ഞുപുളഞ്ഞു നീണ്ടു കരിമൂർഖനെപ്പോലെയുള്ള വഴിയിലൂടെ നാലുപേരുടെയൊപ്പം നടന്നപ്പോൾ എന്റെ ഹൃദയമിടിക്കുന്നുണ്ടായിരുന്നു. പക്ഷെ കരോളിൻ ഇന്ന് എന്റെ ഹൃദയമിടിപ്പ് സാധാരണപോലെയാണ്. എന്റെ കാലുകൾ വിറയ്ക്കുന്നില്ല. ശരത് നമ്മൾ പോകുന്നതെങ്ങോട്ടെന്ന് അറിയോ ? ന്ന് ജോജോ ചോദിച്ചപ്പോൾ ഞാൻ മൂകനായിരുന്നു. സ്വർഗ്ഗത്തിലേക്കെന്ന് പ്രദീപ് പറഞ്ഞപ്പോൾ സത്യജയ് ശബ്ദമില്ലാതെ ചിരിച്ചത് ഞാൻ കണ്ടിരുന്നു. പക്ഷെ അവരുടെ കോഡുഭാഷ മനസ്സിലാക്കാൻ ഞാൻ പ്രാപ്തനായിരുന്നില്ലാ. പ്രേംകുമാറാണ് വാതിൽതുറന്ന് ആദ്യം അകത്തുകടന്നത്. പുറകേ സത്യജയ്യും, പ്രദീപും, ജോജോയും. അല്പം മടിച്ചെങ്കിലും ഏറ്റവും പിന്നേ ഞാനും. വയ്ക്കോലും പൊള്ളലും മാത്രമുപയോഗിച്ചു നിർമ്മിച്ച ആ വീട്ടിനുള്ളിൽ എയർകണ്ടീഷന്റെ സുഖമുണ്ടായിരുന്നു. പക്ഷെ ഞാൻ

വിയർപ്പിൽ കുതിരുകയായിരുന്നു. ഞങ്ങൾ സോഫയിലിരുന്നപ്പോൾ പ്രേംകുമാർ ഒരു കർട്ടൻ നീക്കി അകത്തെമുറിയിലേക്കു പോയി. അല്പം കഴിഞ്ഞപ്പോൾ ആല്ബവുമായി മറ നീക്കിവന്ന ആ പെൺകുട്ടിയുടെ മുഖവും വേഷവും കരോളിൻ സത്യം പറയട്ടെ എനിക്കോർമ്മയില്ല. ഹൃദ്യമായി ചിരിച്ചുകൊണ്ടാവണം അവൾ സഞ്ജയിന്റെ കയ്യിൽ അതേല്പിച്ച് അകത്തേക്കുപോയി. പലരീതിയിൽ പോസുചെയ്ത് നിൽക്കുന്ന കുമാരപെൺകുട്ടികളുടെ ഫോട്ടോകൾക്കിടയിൽ കരോളിൻ നിന്റെ കണ്ണോടാം പേരിയ മുഖം എന്റെ ഹൃദയത്തിൽ മുറിപ്പാടുകൾ വീഴ്ത്തുന്നതു ഞാനറിഞ്ഞു. മദ്യത്തിന്റെ ലോകത്തിൽ നിന്നുകൊണ്ട് എന്റെ കൂട്ടുകാർ ഓരോന്നായി 'സെലക്ട്' ചെയ്തപ്പോൾ എനിക്കുമനസ്സിലായി ആ വീടിന്റെ അകത്തളങ്ങളിലെ ചൂടും കുളിരും. അന്നാദ്യമായി എന്റെ കൂട്ടുകാരുടെ ഇംഗിതത്തിനു ഞാൻ വഴങ്ങി. അങ്ങനെ കരോളിൻ....ആദ്യമായി....നിന്നെ ഞാൻ കണ്ടു. നിന്റെ ശരീരത്തിൽ നോക്കാതെ നിന്റെ നിറഞ്ഞുതുളുമ്പിയ മിഴികളിൽ നോക്കി നിന്റെ ചുണ്ടുകളിൽ.... ആത്മാവുതിർത്തിയ നൊമ്പരങ്ങളുടെ കഥകൾകേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ ഹൃദയത്തിൽ വീണ മുറിപ്പാടുകളിൽ നിന്നും രക്തം വാർന്നൊഴുകുന്നുണ്ടായിരുന്നു. ബന്ധുക്കളുടെ തന്നെ വഞ്ചനയുടെ കൂരമ്പുകളിൽ കുരുങ്ങിപിടയുന്ന ആയിരം കരോളിൻമാരുടെ നിലയ്ക്കാത്ത തേങ്ങൽ എന്റെ കർണ്ണപുടങ്ങളിൽ മാറ്റൊലികൊള്ളുന്നുണ്ടായിരുന്നു.

നിന്റെ തേങ്ങലുകൾക്കിടയിലെപ്പോഴോ.... നിന്റെ ശിരസ്സ് എന്റെ മടിയിലേക്കുചാഞ്ഞത് നീ ഓർക്കുന്നോ? നിന്റെ മുടിയിഴകളിൽ തലോടിക്കൊണ്ട് ശരത് പറഞ്ഞത് നീ ഓർക്കുന്നോ? ഇതാ അഞ്ചുവർഷത്തിനുശേഷം നീ ഈ അറയിൽ തന്നെയെങ്കിൽ നിന്നെക്കാണുവാൻ വീണ്ടും വരാമെന്നു പറഞ്ഞ, നിനക്കിഷ്ടമെങ്കിൽ ഒരുജീവിതം തരാമെന്നുപറഞ്ഞ ശരത് ഈ വാതിലിന്റെ മുമ്പിൽവന്നിരിക്കുന്നു! കരോളിൻ ഇന്നെനിക്കു കഴിവുണ്ട്. സമൂഹത്തെ പേടിക്കുന്ന പഴയ പേടിത്തൊണ്ടനല്ല ഇന്ന് ശരത്. ഇതാ വാതിൽ തുറന്നു ഞാൻ പ്രവേശിക്കുന്നു. സോഫയിലിരിക്കാതെ ഞാൻ അകത്തു വരുന്നു. നിന്റെ യജമാനത്തിയുടെ മേശപ്പുറത്തു കിടന്ന ആല്ബം ഞാൻ മറിച്ചുനോക്കുകയാണ്. നിന്നെത്തേടി എന്റെ മിഴികൾക്ക് അധികം അലയേണ്ടിവന്നില്ല. നിന്റെ പഴയ ഫോട്ടോ മാറിയിരിക്കുന്നു. ! പകരം പുഞ്ചിരിക്കുന്ന വശീകരണമന്ത്രമുരുവിടുന്ന കണ്ണുകളുമുള്ള പുതിയ ഫോട്ടോ! അന്നെനിക്കു വഴി കാണിച്ചുതന്ന പെൺകുട്ടിയാണോ എന്നറിയില്ല ... എന്നെ നിന്റെ മുറിയിലേക്കുകൊണ്ടുവരികയാണ്. എന്നെ ഒറ്റയ്ക്കാക്കിയിട്ട് അവൾ നടന്നുപോകുമ്പോൾ അന്നു തോന്നിയ ഭയം ഇന്നെനിക്കില്ല. കട്ടിലിൽ പുറംതിരിഞ്ഞിരിക്കുന്ന കരോളിൻ .... നിന്റെ മുടിയിഴകളുടെ നീളം വർദ്ധിച്ചിരിക്കുന്നു! "കരോളിൻ" മൃദുസ്വരത്തിൽ ഞാൻ വിളിച്ചു. അവൾ പതുക്കെ തിരിഞ്ഞു. "ശരത്"? നിർവ്വികാരമായ മിഴികളോടെ അവൾ ചോദിക്കുന്നു.

"അതെ...കരോളിൻ നീ...മറന്നില്ലേ?"

"എനിക്കറിയാമായിരുന്നു വരുമെന്ന്"

"അപ്പോൾ നീയെല്ലാം ഓർക്കുന്നുവോ? എന്നെപ്പോലെ?"

"ആദ്യത്തെ അനുഭവം മറക്കാനാവില്ലല്ലോ ശരത് ഇഷ്ടംപോലെ ചെയ്തോളൂന്നു പറഞ്ഞപ്പോഴും ഒരാങ്ങളയെപ്പോലെ എന്റെ ശിരസ്സിൽ തലോടിയ ശരത്തിനെ മറക്കാനാവുമോ എനിക്ക്."

മിഴികളിലേക്ക് ഇരച്ചുകയറുന്ന ജലകണങ്ങൾ അവളെ പഴയ കരോളിനാക്കുന്നത് ഞാൻ കണ്ടു. "നീ വരുന്നുവോ?" —ഞാൻ ചോദിച്ചു. അവളുടെ കണ്ണുകളിൽ ഒരു പുതിയ ശക്തി ഉയർന്നെഴുന്നേല്ക്കുന്നു. ശാന്തമായി അവൾ പറയുന്നു "ഇല്ല."

"വൈ ?"

"ഈ കാലാവസ്ഥയോട് ഞാനിഴുകിച്ചേർന്നിരിക്കുന്നു. ശരത് ഇതിനുപുറത്തൊരു ലോകവുമായി ബന്ധപ്പെടാൻ എനിയ്ക്കാവില്ല. ശരത് സമാധാനമായിപ്പൊയ്ക്കൂ. ഒരു വിവാഹം കഴിച്ച് സുഖമായി ജീവിക്കൂ. ഒരു പെങ്ങളെപ്പോലെ ഞാൻ പ്രാർത്ഥിക്കാം ശരത്തിന്റെ നന്മയ്ക്ക്." —അവൾ പറഞ്ഞു. അവൾ ചിരിച്ചില്ല...കരഞ്ഞില്ല. പക്ഷെ... ആ മുഖത്ത് എല്ലാവികാരങ്ങളുമുണ്ടായിരുന്നു. ഒരിക്കൽക്കൂടി ആ കണ്ണുകളിൽ നോക്കി തിരിഞ്ഞുനടന്നു. "നില്ക്കൂ" വാതിൽ കടന്നപ്പോൾ അവൾ വിളിച്ചു. ഞാൻ നിന്നു. എന്റെ വലതുകൈയ്യുടെ പെരുവിരലിൽ രണ്ടു കൈകൊണ്ടും പിടിച്ചുയർത്തി. ലിപ്സ്റ്റിക്കിടാത്ത ചുണ്ടുകൾ പുറംകൈയ്യിൽ ചേർത്തുവച്ചു. പതുക്കെ ചുംബിച്ചു. കണ്ണുകളിൽ ചേർത്തുവച്ചു. പിന്നെ തിരിഞ്ഞുനടന്നു. കട്ടിലിൽ പുറംതിരിഞ്ഞിരുന്നു. ഞാൻ യാത്രയാകുന്നു. കരോളിൻ...... ഇനിയും അഞ്ചുവർഷത്തിനുശേഷം ഞാൻ വരില്ല. കാരണം അന്ന് എന്റെയൊപ്പം ഒരു പക്ഷെ ... ഉണ്ടാകാം മറ്റൊരു കരോളിൻ .....

രാജേഷ് കുമാർ കെ. ആർ
രണ്ടാംവർഷ ഗണിതശാസ്ത്രം

Accees
REXIN HOUSE
432-A N.S.S. BUILDINGS
M.C. ROAD
KOOTHATTUKULAM - 686662

DEALERS IN

ALL KINDS OF Rexin Plastic Sheetings Upholstery Materials Water Proof Canvas Tarpaulins Rubber Sheets Polyurethene Sheets Latex Foam Sheets Etc.

*With Best Compliments of :-*

JO - FREEZ ENGINEERS
REFRIGERATOR SERVICE STATION
Koothattukulam & Kuravilangad

*With Best of:-*

REMYA TRAVELS
*Koothattukulam*

# SCHOOL OF AIRLINES AND TRAVEL MANAGEMENT

Warriam Road, Cochin – 16·

Announces the following Diploma courses.

* **Airline Ticketing and Travel Management**

  IATA syllabus based 4 months course in Airline ticketing. Fare constructions and other formalities.

* **Air Cargo Management.**

  2 months course- syllabus based on Airlines cargo Freight calculations, Airline procedures and other formalities

* **Air Hostess Training**

  3 months course - Voice modulation, Grooming, Inflight services, Airport Procedures etc....

Experienced and Foreign trained faculty who has long standing experience with Air–India handle the classes.

Eligibility — Pre–degree completed.

For more details contact


SATM

**SCHOOL OF AIRLINES AND TRAVEL MANAGEMENT**

35/1148, Warriam Road,
Cochin - 16, Phone : 365 755

SATM–Your ticket to success!

ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ ആദരാഞ്ജലികൾ



വേരറ്റുപോയ
വേർപാടുകൾക്ക്
ആർദ്രമായ
അശ്രുകണങ്ങളോടെ...

ഓരോ നിമിഷവും
ഒരു വേർപാടാണ്.
ഓരോ വേർപാടും
ഒരു നഷ്ടവും.
ഓരോ മഴത്തുള്ളിയും നഷ്ടപ്പെട്ട
കാർമേഘത്തിന്റെ കഥയാണ്.
ഓരോ പുഴയും നഷ്ടപ്പെട്ട ഒരു
മഴത്തുള്ളിയുടേയും
കഥയാണ്.........
ഇവരുടെ നഷ്ടമായ
ആത്മാവിന്
ആദരാഞ്ജലികൾ..........

**സി. അച്യുതമേനോൻ**



ഏറ്റെടുത്ത അധികാരത്തെ
പൂർണ്ണമായും വിനിയോഗിച്ച,
സത്യത്തെ സത്യമായിത്തന്നെ
വിളിച്ചുപറഞ്ഞ, മലയാളിയുടെ
ബൗദ്ധിക പുരോഗതിക്കുവേണ്ടി
പ്രവർത്തിക്കുകയും മലയാളിയെ
ചിന്തിപ്പിക്കുകയും ചെയ്ത കേരള
രാഷ്ട്രീയത്തിലെ ഈ ഏകാന്തപഥികന്
ആദരാഞ്ജലികൾ... ...

**സത്യജിത് റായ്**




നടപ്പാതയുടെ ഇതിഹാസത്തിൽ നിന്ന് ഉയിർകൊണ്ട ഉജ്ജ്വലനക്ഷത്രം, ബംഗാളിലെ മനുഷ്യ ജീവിതങ്ങളിലൂടെ ഇന്ത്യൻ മനുഷ്യാവസ്ഥയെ കാവ്യമയമായ സ്വന്തം ഹൃദയ രക്തത്തിൽ ചാലിച്ച് സത്യത്തെ ഉത്തരങ്ങളാക്കി3-ാം കണ്ണായ ക്യാമറയിലൂടെലോകത്തിനുകാട്ടികൊടുത്ത റേ ജീവിച്ചിരുന്ന ഏററവും വലിയ ഇന്ത്യൻ മനുഷ്യരിലൊരാളായിരുന്നു. നല്ല സിനിമ കുറേ സംസ്കൃതമനസ്സുകൾ മാത്രം ആസ്വദിച്ചാൽ പോരെന്നും സാധാരണക്കാർ കൂടി പഠിക്കണമെന്നും റേ ശഠിച്ചു. തെരുവിന്റെ സംഗീതംകൊണ്ട് റേയുടെ ചിത്രങ്ങൾ ആർജ്ജിച്ച ശക്തി അതിനുവേണ്ടിയായിരുന്നു. ലോക ചലച്ചിത്രത്തിന്റെ അത്യുന്നതങ്ങൾ കീഴടക്കിയ റേ, നിന്റെ പാത നിനക്ക്, നിന്റെ കാലം നിനക്ക് മാത്രം.

**ചിത്തിര തിരുന്നാൾ ബാലരാമവർമ്മ**



**ഇ**താ ഒരു രാജാവ്
സവർണ്ണ സിംഹാസനത്തിനും
ചരിത്രത്തിനുമപ്പുറം പ്രജകളിൽ
ജീവിക്കുന്ന ഒരു രാജാവ് മാറി
വരുന്ന
ഓരോ വഴിയോരക്കാഴ്ചകളിലും
വെറുമൊരു
കാഴ്ചക്കാരനാകാതെ എല്ലാ
മുഹൂർത്തങ്ങളിലും
യാഥാർത്ഥ്യത്തിന്റെ സ്പർശന
മറിഞ്ഞ രാജാവ്.
പഴമയുടെ ഹൃദയ ലാളിത്യവും
പേറി
ആധുനികതയുടെ സങ്കീർണ്ണതകളി
ലേയ്ക്ക്
സംക്രമിച്ച രാജാവേ നിന്റെ
സ്മരണകൾ ... ——
നീണാൾ വാഴട്ടെ.



പേരറിയാത്ത വേർപാടുകൾക്ക് മുൻപിൽ അശ്രുധാരയോടെ...

**വിക്ടർ ലീനസ്**

**മ**രണത്തിന്റെ കഥകളെഴുതി
മരണത്തിന്റെ കൂട്ടുകാരനായിമാറിയ
ലീനസ്.
മരണം നിന്നെ കൂട്ടിക്കൊണ്ട്
പോകുന്നതിന്
മുൻപേ നിലനിൽപ്പിനെക്കുറിച്ചുള്ള
ബോധം നിന്നിൽ ഉണ്ടാകേണ്ടിയിരുന്നു.
ബോധപൂർവ്വം നീ അവനിൽ നിന്ന്
ഒഴിഞ്ഞു മാറേണ്ടിയിരുന്നു.

**വിജയൻ കരോട്ട്**

**അ**ശോകന്റെ അശ്വതിക്കുട്ടിയേയും
ചന്തയിൽ പൂടി വിൽക്കുന്ന
പെണ്ണിനേയും
നുണയൻ നാണുവിനേയും ചെമ്മീൻ
കെട്ടും കൈ
മലയാളിക്ക് നൽകി മരണത്തിന്റെ
മർമ്മരങ്ങൾ-
ക്കപ്പുറം വിജയൻ കരോട്ടും
കടന്നുപോയി.

**ഡി. വിവേകാനന്ദൻ**

**കേ**രളത്തിന്റെ രാഷ്ട്രീയ
സാഹിത്യ പ്രവർത്തന മേഖല
കളിൽ
വ്യക്തിമുദ്രപതിപ്പിച്ച
വിവേകാനന്ദൻ
പ്രഗത്ഭനായ അഭിഭാഷകൻ കൂടി
ആയിരുന്നു.

**മുത്തയ്യ**

**മ**ലയാളത്തിന്റെ അഭ്രപാളികളിൽ
നൂറുകണക്കിന് കഥാപാത്ര-
ങ്ങൾക്ക് ജീവൻ നൽകിയ
മുത്തയ്യയ്ക്ക് മദ്രാസിലെ ഒരു
വാടക വീട്ടിൽ
പട്ടിണിയും ദുരിതവുംമൂലം മരി
ക്കേണ്ടിവന്നു.

**ആലുംമൂടൻ**

**ചി**രി നഷ്ടപ്പെട്ട മലയാളിയെ
ചിരിപ്പിക്കാൻ ശ്രമിച്ച ആലും
മൂടനേയും മരണം ചിരിച്ചുകാട്ടി.
ചിരിമാഞ്ഞ മലയാളിയുടെ മന
സ്സിന്റെ മരവിച്ച മൂലകളിൽ
ആലുംമൂടൻ പാഷാണം വർക്കി
യായും, കാസർകോഡ് കാദർ
ഭായിയായും, മൂട്ടയായും പുനർ
ജനിക്കുമോ ?




* കേട്ട പാട്ടും
കേൾക്കാത്ത പാട്ടും
ശൂന്യം.
കേൾക്കുന്നതല്ലേ
ഹൃദ്യം.

* തിരുമുടി പോയി
ഇരുമുടിയും
ഇനി വാർമുടിമാത്രം.

* മുമ്പേ നടന്നയാ –
ളെന്നെനോക്കിച്ചിരി –
ച്ചില്ലെങ്കിലും,
പിൻതുടർന്നു കാൽപാടുകൾ.

* കാമിനിക്കു മുന്നിൽ
വയസ്യൻ – വയസൻ.

* പകൽ വെട്ടത്തിലിറങ്ങി നടപ്പോൾ
ഇരുളിൽ താനെ നടക്കില്ല.
ഇരുളിൽ കൂടി നടന്നുപഠിച്ചവ–
നറിയാം പകലും – പയ്യാരോം.

* ക്യാമറ കണ്ണടച്ചപ്പോൾ
എന്റെ കണ്ണു തുറന്നു ഞാൻ.

* സുഖവും സംതൃപ്തിയുമെന്നിൽനി
ന്നൊന്നെ പറിയകന്നു ;
ശേഷിച്ചതീ നഷ്ട സ്വപ്ന–
ങ്ങൾ മാത്രം.

ബി. കെ. മനോജ്,
മൂന്നാം വർഷ മലയാളം.

ആശംസകൾ !!
സ്വർണ്ണാഭരണങ്ങൾക്ക്
സ്വപ്ന ജൂവലറി
കൂത്താട്ടുകുളം

വിശ്രമവേളകൾ ആനന്ദകരമാക്കുവാൻ നിങ്ങൾക്ക് ഒരു
വൃന്ദാവനം വേണ്ടയോ ?

സന്ദർശിക്കുക !

★ കടമ്പൻചിറ നേഴ്സറി ★

കോഴ

എല്ലാവിധ ഫല വൃക്ഷത്തൈകളും
അലങ്കാരച്ചെടികളും വിൽക്കപ്പെടും.

*With Best Compliments from:-*

**Solidaire HALLWYN**

**NATIONAL ELECTRONICS**

M. C. Road

KOOTHATTUKULAM

**സ്റ്റാർലൈൻ സ്റ്റുഡിയോ**
**&**
**വീഡിയോവിഷൻ**

**പള്ളിക്കവല, കുറവിലങ്ങാട്.**

നിങ്ങളുടെ ജീവിതത്തിലെ സുവർണ്ണ നിമിഷങ്ങൾക്ക് നിറം പകരുവാൻ
നിങ്ങൾക്കായിതാ **സ്റ്റാർലൈൻ സ്റ്റുഡിയോ.**

കൂടാതെ 45 മിനിററിനുള്ളിൽ Black & White പാസ്പോർട്ട് സൈസ് ഫോട്ടോകൾ.

# ദേശീയോദ്ഗ്രഥനത്തിന്റെ പ്രസക്തി

"നാനാത്വത്തിൽ ഏകത്വം". ആർഷഭാരതം സംഭാവന ചെയ്ത മഹനീയ ആദർശങ്ങളിലൊന്ന്. ഇതിൽനിന്നും ശക്തിയും ഓജസ്സും ഉൾക്കൊണ്ടുകൊണ്ട് പുരാണികകാലം മുതൽക്കേ ഇന്ത്യയിൽ നിലനിന്നിരുന്ന വിവിധ ജാതി, മതവർഗ്ഗങ്ങളിൽപ്പെട്ട ജനങ്ങൾ 1947 ആഗസ്റ്റ് 15-ാം തിയതി അടിമത്വത്തിന്റെ ചങ്ങല പൊട്ടിച്ചെറിഞ്ഞു. ലോകത്തിനാകെത്തന്നെ മാതൃകയായിക്കൊണ്ട് അഹിംസ എന്ന ആദർശാധിഷ്ഠിതമായ സമരമുറയിൽ അടിയുറച്ചു നിന്നുകൊണ്ട് നാം ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്നും കെട്ടുകെട്ടിച്ചു. സ്വാതന്ത്ര്യസമരത്തിൽ ആവേശഭരിതരായ ജനങ്ങൾ, ഇന്ത്യയുടെ നാലുദിക്കിലും അധിവസിക്കുന്ന വിഭിന്ന സാംസ്കാരികതലങ്ങൾ പുലർത്തുന്ന ജനങ്ങൾ, വ്യത്യാസങ്ങളെല്ലാം മറന്നുകൊണ്ട് മഹാത്മജിയെന്ന ആ യുഗപുരുഷന്റെ നേതൃത്വത്തിൻ കീഴിൽ ഒറ്റക്കെട്ടായി അണിനിരന്നു. ആയിരമായിരം കൈകളിൽ ത്രിവർണ്ണപതാക ഉയർന്നുപൊങ്ങിയപ്പോൾ, ആയിരമായിരം കണ്ഠങ്ങളിൽനിന്ന് 'ഭാരത് മാതാ കീ ജയ്' എന്ന മുദ്രാവാക്യം അഷ്ടദിക്കും മുഴങ്ങുമാറുച്ചത്തിൽ ഉയർന്നുപൊങ്ങിയപ്പോൾ തകർന്നു വീണത് വിദേശ മേധാവിത്വത്തിന്റെ കോട്ടകൊത്തളങ്ങളായിരുന്നു.

എന്നാൽ അന്നും വിഭാഗീയമായ ചിന്താഗതികൾ ഇന്ത്യയിൽ പുഴുക്കുത്തുകൾ പോലെ കാണാമായിരുന്നു. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ഇംഗ്ലീഷുകാരുടെ കുടിലതന്ത്രത്തിന് വശംവദരായി പോയ നമുക്ക് ഇന്ത്യയെ വിഭജിക്കേണ്ടി വന്നു. തീരാ വൈമനസ്യത്തോടെയായിരുന്നു നമ്മുടെ ദേശീയ നേതാക്കൾ വിഭജനം അംഗീകരിച്ചത്. അതോടെ പ്രശ്നങ്ങളെല്ലാം തീർന്നെന്ന് എല്ലാവരും കരുതി. എന്നാൽ അതൊരു തുടക്കം മാത്രമായിരുന്നു. നാടിന്റെ വിവിധഭാഗങ്ങളിൽ വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഏകോദര സഹോദരങ്ങളെപ്പോലെ ജീവിച്ചവർ ആയുധമെടുത്ത് പരസ്പരം കൊലവിളി നടത്തി. പണിയായുധങ്ങൾ മാരകായുധങ്ങളായി. പവിത്രമായ ഭാരതഭൂമി ആയിരക്കണക്കിന് നിരപരാധികളുടെ ചുടുനിണത്താൽ നനഞ്ഞു കുതിർന്നു. ബാലാരിഷ്ടതകൾ വിട്ടുമാറിയിട്ടില്ലായിരുന്ന സ്വതന്ത്ര ഭാരതഭൂമിക്ക് അന്നൊരു കരുത്തനായ നേതാവുണ്ടായിരുന്നു. മറ്റാരുമല്ല, സാക്ഷാൽ ഗാന്ധിജി തന്നെ. ഇന്ത്യയിൽ സ്വാതന്ത്ര്യദിനാഘോഷങ്ങൾ പൊടിപൊടിക്കുമ്പോൾ അദ്ദേഹം പശ്ചിമബംഗാളിൽ പരസ്പരം പോരടിക്കുന്ന ഹിന്ദു-മുസ്ലീം വിഭാഗങ്ങളെ സമാധാനിപ്പിക്കാൻ യത്നിക്കുകയായിരുന്നു. എന്നാൽ നിർഭാഗ്യകരമെന്നുപറയട്ടെ ഒരു മതഭ്രാന്തൻ തന്നെ ആ ധന്യജീവൻ കവർന്നെടുത്തു.

പിന്നീട് കുറേക്കാലത്തേക്കെങ്കിലും വർഗ്ഗീയ ലഹളകൾ കെട്ടടങ്ങിയിരിക്കുകയായിരുന്നു. പക്ഷെ അവ ചാരംമൂടിക്കിടന്ന കനൽക്കട്ടപോലെയായിരുന്നു എന്നാണ് കഴിഞ്ഞകുറേ വർഷങ്ങളായി ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ കാണിക്കുന്നത്. പഞ്ചാബിലും കാശ്മീരിലും അത് ആളിക്കത്തുന്നു. ഗുജറാത്തിലും, ബീഹാറിലും, ഉത്തർപ്രദേശിലും എന്നുവേണ്ട ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും അത് ഇടിത്തീപോലെ നിപതിക്കുന്നു. എന്തിനേറെപ്പറയുന്നു മതസൗഹാർദ്ദത്തിന് പേരുകേട്ട, സംസ്കാരസമ്പന്നരുടെ നാടെന്നഭിമാനിക്കുന്ന കേരളംപോലും മതഭ്രാന്തിന്റെ ബലിക്കല്ലിൽ നിരപരാധികളെ ബലിയർപ്പിച്ചില്ലേ? മതസൗഹാർദ്ദത്തിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ മതസൗഹാർദ്ദറാലികൾ നടത്തേണ്ട നിലയിൽവരെ നാം ചെന്നെത്തിയില്ലേ? ആലോചിച്ചുനോക്കിയാൽ തികച്ചും ലജ്ജാകരം എന്നേ നമുക്കു പറയാനാവൂ.

എന്താണ് ഇത്തരം ലഹളകൾ പൊട്ടിപ്പുറപ്പെടാനുള്ള കാരണം. വിദേശിയരുടെ കുടിലതന്ത്രം എന്നുപറഞ്ഞ് കൈകഴുകാനായിരിക്കും നമ്മിൽ പലരും താൽപര്യപ്പെടുക. ചിലപ്പോൾ നാം മറ്റു മതങ്ങളിൽപെട്ടവരുടെ നേർക്ക് ചൂണ്ടുവിരൽ നീട്ടിയേക്കാം. എന്നാൽ ബാക്കിയുള്ള മൂന്നു നാലുവിരലുകളും നമ്മുടെ നേരെയാണ് തിരിഞ്ഞിരിക്കുന്നത്. അന്യമതസ്ഥരെ കുറ്റപ്പെടുത്താനൊരുങ്ങുംമുമ്പ് നാം നമ്മിലേക്കുതന്നെ തിരിഞ്ഞുനോക്കുക. അവരോടൊക്കെ സഹിഷ്ണുതയോടെ പെരുമാറാൻ നമുക്ക് കഴിയുന്നുണ്ടോ? സ്വന്തം മതത്തിൽ അഭിമാനം കൊള്ളാനും മറ്റുമതങ്ങളിൽപ്പെട്ടവരെ താഴ്ത്തിക്കെട്ടാനുമല്ലേ നമ്മിൽ പലർക്കും താൽപര്യം? വർഗ്ഗീയ ലഹളകളുടെ കാരണം അന്വേഷിച്ച് 'പാഴൂർ പടിപ്പുര' വരെ പോകേണ്ടതില്ല. ഇതുതന്നെയാണ് അതിനുള്ള കാരണം. അന്യമതങ്ങളോടുള്ള നമ്മുടെ സഹിഷ്ണുതക്കുറവ്.

പഞ്ചാബിലും മറ്റും ഒരു പറ്റം ഭീകരർ ആയുധമെടുത്ത് ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും തുരങ്കം വച്ചുകൊണ്ടിരിക്കുന്നു. അത്യന്തം സങ്കടത്തോടെ മാത്രമേ ഏതൊരു ദേശസ്നേഹിക്കും കാണാൻ കഴിയൂ. പഞ്ചാബിലെ ന്യൂനപക്ഷം മാത്രം വരുന്ന സിക്കുഭീകരർ എ. കെ. 47' കളുമായി നാട്ടിലുടനീളം പാഞ്ഞുനടന്ന് നിരപരാധികളെ വെടിവച്ചു വീഴ്ത്തുന്നത് അന്നാട്ടിലെ ഭൂരിഭാഗം സിക്കുകാരും അനുകൂലിക്കുന്നില്ല. രാജ്യത്തിന്റെ ധാന്യക്കലവറയിലേക്ക് ഒരു വലിയ അളവ് സംഭാവന ചെയ്യുന്ന അവർക്ക് രാജ്യത്തിന്റെ മാനം രക്ഷിക്കാൻ കണ്ണിലെണ്ണയുമൊഴിച്ച് അതിർത്തികളിൽ കാവലിരിക്കുന്ന പഞ്ചാബിന്റെ വീരമക്കൾക്ക് ഒരിക്കലും ഭാരതത്തിനെതിരെ ആയുധമെടുക്കാൻകഴിയില്ല. പഞ്ചാബികളുടെ മനസ്സിന്റെ ഉള്ളറകളിലേക്കിറങ്ങിച്ചെന്ന് അവരുടെ വികാരങ്ങൾ ശരിക്കുമനസ്സിലാക്കാൻ ദന്തഗോപുരനിവാസികളാ

യ നമ്മുടെ രാഷ്ട്രീയനേതാക്കൾക്ക് കഴിഞ്ഞിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ദ്രവണപ്പെട്ട അവരുടെ ആത്മാഭിമാനത്തെ പൂർണ്ണം ചെയ്യുകയാണ് ഒരുകൂട്ടം ഭീകരർ ചെയ്യുന്നത്. ഭരണഘടനയുടെ ചട്ടക്കൂടിനകത്തുനിന്നുകൊണ്ട് പരമാവധി സമാധാനങ്ങളെ രാജ്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ ഏറ്റവും തന്ത്രപ്രധാനമായിരിക്കും അത്.

സ്വാതന്ത്ര്യാനന്തരകാലം മുതൽ ഇന്ത്യയെ വിഷമിപ്പിക്കുന്ന മറ്റൊന്നാണ് കാശ്മീർപ്രശ്നം. കാശ്മീരിനെ പാക്കിസ്ഥാനിൽ ലയിപ്പിക്കാൻ അല്ലെങ്കിൽ ഇന്ത്യയിൽ നിന്നും അടർത്തിമാറ്റാൻ പാക്കിസ്ഥാൻ ഉൾപ്പെടെയുള്ള ചില രാഷ്ട്രങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നു. ബംഗ്ലാദേശിന്റെ ജനനത്തോടെ അവർ ഇതിനുള്ള ശ്രമങ്ങൾ പൂർവ്വാധികം ശക്തിയായിരുന്നു. ഇന്ത്യയുമായി ലയിച്ചനാളുകളിൽ കാശ്മീരിലെ ജനങ്ങൾക്ക് പാക്കിസ്ഥാനേക്കാളേറെ ആഭിമുഖ്യം ഇന്ത്യയോടായിരുന്നു. എന്നാൽ നിർഭാഗ്യമെന്നേ പറയേണ്ടൂ ഈ ആഭിമുഖ്യം അനുദിനം കുറയുകയായിരുന്നു. കാശ്മീർ ജനതയുടെ ആവശ്യങ്ങൾ എന്തെന്ന് മനസ്സിലാക്കാനോ, അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനോ ജവഹർലാൽ നെഹ്റുവിന് ശേഷമുള്ള നേതാക്കൾക്ക് കഴിഞ്ഞില്ല. അതിനുശ്രമിച്ചിട്ടില്ലെന്നുള്ളതാകണം കൂടുതൽ ശരി. ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ ഉന്നമനത്തിനായി ഗവ: അനുവദിച്ചതുക അർഹതപ്പെട്ടവർക്ക് ലഭിച്ചില്ല. അതിനുമുമ്പുതന്നെ അവ ഉദ്യോഗസ്ഥന്മാരുടെ കീശകളിൽ കുടുങ്ങിപ്പോയിരുന്നു. ഇവയെല്ലാം കണ്ട്, അനുഭവിച്ചറിഞ്ഞ യുവാക്കൾ മെല്ലെ തീവ്രവാദത്തിലേക്ക് തിരിയാൻ തുടങ്ങി. സ്വതന്ത്രമായ ഒരു രാഷ്ട്രം അവർ അഭിലഷിച്ചു. ഭരണഘടനയുടെ 370-ാം വകുപ്പുപോലും അവരെ തൃപ്തരാക്കുന്നില്ല. ഫലമോ, കാശ്മീരിലെ പ്രശാന്തസുന്ദരമായ താഴ്വരകൾ വെടിയൊച്ചകളാൽ മുഖരിതമായിരിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിൽ അവിടെ കരിങ്കൊടികളുയരുന്നു. ഇന്ത്യൻ പതാകയ്ക്കുപകരം പാക്കിസ്ഥാൻ പതാക ഉയർന്നുപറക്കുന്നു. ഈ ദുരവസ്ഥയ്ക്ക് ആരാണുത്തരവാദികൾ? പാക്കിസ്ഥാനേക്കാളേറെ ഇന്ത്യയെ സ്നേഹിച്ച കാശ്മീരികളോ? അതോ അവരെ പൂർണ്ണമായി അവഗണിച്ച നാമോ?

ആസാമിലെയും മിസോറാമിലെയുമൊക്കെ പ്രശ്നങ്ങൾ ഭാഗികമായി പരിഹരിക്കപ്പെട്ടുകിലും രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന വിഘടനവാദം നമ്മിൽ ആശങ്കയുണർത്തുന്നു. ഒറീസയിലെ ചില പ്രമുഖനേതാക്കൾപോലും വിഘടനവാദത്തിനനുകൂലമായി സംസാരിക്കുമ്പോൾ തമിഴ്നാട്ടിലെ ഭീകരചെയ്തികളെ അപലപിക്കാൻ നമുക്കെന്തവകാശം? ജാതിയുടെയും മതത്തിന്റെയും പേരുപറഞ്ഞ് രാഷ്ട്രീയമായി മുതലെടുപ്പ് നടത്തുന്നവർക്ക് അവയുടെ പേരിൽ ജനങ്ങൾ കലഹിക്കരുതെന്ന് പറയാൻ ധാർമ്മികമായി എന്തവകാശമാണുള്ളത്? ഇന്ത്യൻ ഭരണഘടനയുടെമൂലക്കല്ലുകളിലൊന്നായ മതേതരത്വത്തെ പുച്ഛത്തോടെ വീക്ഷിക്കുന്നവരല്ലേ നമ്മിലധികവും.


'മണ്ണിന്റെ മക്കൾ' വാദവും, ഭാഷാഭ്രാന്തും ഇന്ന് ഇന്ത്യയെ ഒരു പ്രതിസന്ധിയുടെ വക്കിലെത്തിച്ചിരിക്കുന്നു. ഇന്ത്യയെ ഒന്നായി കാണാൻ സാധിക്കാത്തവർക്കേ മേൽപറഞ്ഞ വിഷയങ്ങൾ അനാവശ്യമായി കുത്തിപ്പൊക്കാൻ സാധിക്കൂ. ഭാഷയുടെ പേരിൽ ഭാരതീയരെ വേർതിരിച്ചു കാണുന്നവനും, സ്വന്തംമണ്ണിൽ അന്യസംസ്ഥാനക്കാരനെ പച്ചപിടിക്കാൻ അനുവദിക്കാതിരിക്കുന്നവനും ദേശീയോദ്ഗ്രഥനത്തിനല്ല, പ്രത്യുത ദേശീയ അധഃപതനത്തിനാണ് വഴിതെളിയിക്കുന്നത്. പ്രാദേശിക വിഷയങ്ങൾ സങ്കുചിത താൽപര്യങ്ങൾക്കുവേണ്ടി ദേശീയതയ്ക്കെതിരെ ഉപയോഗിക്കുന്നവരും മറ്റൊന്നിനുമല്ല കാരണക്കാരായി തീരുന്നത്. രാജ്യനന്മയ്ക്കുവേണ്ടിയും ജനങ്ങളുടെ ഐക്യത്തിനു വേണ്ടിയും അഹോരാത്രം യത്നിച്ച ഗാന്ധിജിയുടെ പ്രതിമയല്ല, മറിച്ച് അദ്ദേഹത്തെ വെടിവച്ചുകൊന്നയാളുടെ പ്രതിമയാണ് തെരുവുകളിൽ സ്ഥാപിച്ച് ഹാരാർപ്പണം നടത്തേണ്ടതെന്ന ചില മതഭ്രാന്തന്മാരുടെ ജല്പനങ്ങൾ ഇന്ത്യയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിലേക്കല്ലേ വിരൽ ചൂണ്ടുന്നത്?

ഭാരതം അനേകം കഷണങ്ങളായി ചിതറിത്തെറിക്കണമെന്നാഗ്രഹിക്കുന്ന ചില വിദേശശക്തികളുടെ കറുത്ത കൈകൾ ഇന്നു കാണുന്ന വിഘടനവാദപ്രവർത്തനങ്ങളിൽ ഉണ്ടെന്നുള്ള വസ്തുത സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ കൈവരിച്ച പുരോഗതി പല രാഷ്ട്രങ്ങളെയും അസൂയാലുക്കളാക്കി. സ്വാതന്ത്ര്യത്തിന്റെ ആദ്യനാളുകളിൽ ഒരല്പം ഭക്ഷണത്തിനുവേണ്ടി അവരുടെ മുമ്പിൽ കൈനീട്ടിയ നാം പിന്നീട് ഭക്ഷ്യോൽപാദനരംഗത്തും, വ്യവസായിക രംഗങ്ങളിലും ഒരു കുതിച്ചുചാട്ടം തന്നെ നടത്തി. സാങ്കേതികരംഗങ്ങളിൽ നാം കൈവരിച്ച മികവ് ഇന്ത്യയിൽ ഒരു ഉപഭോഗരാജ്യത്തെ ദർശിച്ച പാശ്ചാത്യരാജ്യങ്ങളുടെ പ്രതീക്ഷകൾക്കേറ്റ ഒരു കനത്ത ആഘാതമായിരുന്നു. ഏതുവിധേനയും ഇന്ത്യയിലെ ജനങ്ങളെതമ്മിലടിപ്പിച്ച് പുരോഗതി തടയുകയും അയൽരാജ്യങ്ങളുമായുള്ള നമ്മുടെ ബന്ധം വഷളാക്കി അവരുടെ ആയുധങ്ങൾക്ക് പറ്റിയ ഒരു വിപണി കണ്ടെത്തുകയുമാണ് ഇന്ന് ചില ദുഷ്ടശക്തികളുടെ ലക്ഷ്യം.

ഇത്രയും നാളത്തെ അനുഭവങ്ങൾക്കുശേഷം നാം ഒരു പാഠവും പഠിച്ചില്ല. തീവ്രവാദത്തിന്റെയും മതമൗലികവാദത്തിന്റെയും ബലിക്കല്ലുകളിൽ അനുദിനം ഒഴുകുന്ന നിരപരാധികളുടെ നിണം ഇനിയും നമ്മുടെ മരവിച്ചുപോയ മനസ്സിനെ ഉണർത്തിയിട്ടില്ല. അനേകമനേകം ധീരയോദ്ധാക്കൾ മർദ്ദനങ്ങൾക്ക് വിധേയരായി, തങ്ങളുടെ ജീവൻ ബലിയർപ്പിച്ച് നേടിത്തന്ന സ്വാതന്ത്ര്യത്തിന്റെ വില നാം ഇനിയും ശരിക്ക് മനസ്സിലാക്കിയിട്ടില്ല. അതിനുശ്രമിച്ചിട്ടില്ല. എന്നാലിതാ അതിനു സമയമായി ഇന്ത്യയിലെ വളർന്നുവരുന്ന പുത്തൻതലമുറക്ക് നമ്മുടെ മഹത്തായ സ്വാതന്ത്ര്യ സമരചരിത്രവും, സാംസ്കാരികപാരമ്പര്യവും അതിന്റെ തനിമ ഒട്ടും നഷ്ടപ്പെടാതെ പകർന്നുനൽകുക. 'നാനാത്വത്തിൽ ഏകത്വം' ദർശിച്ചുകൊണ്ട് അവർ വളർന്നുവരട്ടെ. 'ഒരേയൊരിന്ത്യ ഒരൊറ്റ ജനത' എന്നതാകട്ടെ നമ്മുടെ മുദ്രാവാക്യം. മൺമറഞ്ഞുപോയ സ്വാതന്ത്ര്യസമരസേനാനികൾക്കും ദേശീയനേതാക്കൾക്കും നൽകാൻകഴിയുന്ന ആദരവാകുന്ന തങ്കനൂലിൽ കോർത്ത പുഷ്പഹാരമായിരിക്കും അത്.

—ജയ്സൺ സെബാസ്റ്റ്യൻ

രണ്ടാംവർഷബോട്ടണി.



To the Paradise of Churidars
VETTOOR COMPLEX, NEAR K.S.R.T.C. BUS STAND
ETTUMANOOR PIN-686 631
ADVTS.




സാഹസികപ്രവർത്തനങ്ങളുടെ ലോകം



മേജർ
ജെയിംസ് തോമസ്



SU/O സനൽ കുമാർ



U/O ജോസഫ് മാത്യു
ജനുവരി 1993 ൽ
[illegible]



U/O വർക്കി ജോബി



U/O പോൾസൺ
ജോസഫ്



Sgt. രാജേഷ് റാം
ടി.കെ.



കോട്ടയം ബ്ലഡ് ബാങ്കിൽ നമ്മുടെ
കേഡറ്റുകൾ രക്തദാനം ചെയ്യുന്നു



എൻ.സി.സി. കേഡറ്റുകൾ
സൈക്കിൾ പര്യടനം നടത്തുന്നു




**ഞാൻ** മിറാൻഡാ ഫെർണാണ്ടസ് !

എന്നെ ഒരുപക്ഷെ നിങ്ങൾ അറിയില്ലായിരിക്കും. ഇത്രനാളും ഞാൻ നീണ്ടു കിടക്കുന്ന മണലാരണ്യങ്ങളിലൂടെ സഞ്ചരിക്കുകയായിരുന്നു.

യുഗങ്ങളായി എൻെറ ഈ നീണ്ടയാത്ര തുടങ്ങിയിട്ട്. ഈ മണൽക്കാടുകളിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചില്ലേ എന്ന് നിങ്ങൾ ചോദിക്കാം.

ശരിയാണ് ഞാൻ ശ്രമിച്ചിരുന്നു. പക്ഷേ മോചനം നേടാനാവാത്ത ഈ തിരച്ചിലിനിടയിൽ എനിക്ക് കുറെ സത്യങ്ങളെ നേരിൽ കാണേണ്ടിവന്നു. ഇല്ല, ഇവിടെ നിന്നു രക്ഷയില്ല.
എവിടെ നോക്കിയാലും മണൽക്കാടുകൾ മാത്രം ! ആദ്യമൊക്കെ എല്ലാം വിചിത്രമായി തോന്നിയിരുന്നു. കാരണം ഞാൻ ജീവിച്ചതും, പ്രതീക്ഷിച്ചിരുന്നതുമായ, ഒരു ലോകമായിരുന്നില്ല ഇത്. തികച്ചും വ്യത്യസ്തമായ പാതകൾ ! മറൊരു കാര്യം പറയാൻ ഞാൻ വിട്ടുപോയി.
നിങ്ങൾ എല്ലാവരും എന്നെ അറിയും. കാരണം നിങ്ങളാണ് എൻെറ ഈ യാത്രയ്ക്കു കാരണക്കാർ ! എന്നാൽ എല്ലാവരും അറിയില്ലെന്നു ഭാവിച്ച്–തിരക്കുനടിച്ച് കടന്നു പോവുകയാണ്. പക്ഷേ ഇപ്പോഴും എൻെറ കാതിൽ ആരുടെയൊക്കെയോ ശബ്ദം മുഴങ്ങുന്നുണ്ട്.

“ മീറാ, ഓ മീറാ ! നീയെന്തിനിങ്ങനെ അലയുന്നു ? നീയിവിടെ വരൂ ! മീറാ, ഇങ്ങു പോരൂ നോക്ക് ഇതു ഞാനാണ്, നിൻെറ ആര്യപുത്രൻ ! ”

നീണ്ടു നിവർന്ന മണൽപരപ്പിൽ,
പൊന്തി നില്ക്കുന്ന കൂടാരത്തിനരികെ നി
ൽക്കുകയായിരുന്ന ഞാൻ പൊട്ടിച്ചിരിച്ചു.

“ അതെയ്ക്കു തൊറിപ്രഭോ, ഞാ
നങ്ങളുടെ അടുത്തുതന്നെയുണ്ട്. അങ്ങയു
ടെ നൻമയ്ക്കുവേണ്ടി, അന്തഃപുരത്തിലി
രുന്ന് ഇവരം പൂജചെയ്യുകയാണ്, നോക്കൂ !
ഇതെൻെറ അന്തഃപുരത്തിൻെറ ഭാഗങ്ങളാ
ണ്. ” പുട്ടുപൊള്ളുന്ന വെയിലിനേയും,
മണലിനേയും കുറിച്ച്, അസ്ഥാനത്തായ
പ്രതീക്ഷകളും പേറി, വീണ്ടും ഞാൻ പ്ര
യാണം തുടങ്ങി എങ്ങോട്ടെന്നില്ലാത്ത യാത്ര.
ഉള്ളിൽ നിന്ന് ഉയർന്നുകേട്ട പൊട്ടി
ച്ചിരി എൻെറ കാലുകൾക്ക് കടിഞ്ഞാ
ണിട്ടു.
‘ ഇത് അഭിനവ രാജാക്കൻമാരുടെ
പർച്ചയാണോ ’ ?

ആരോ നടന്നു വരുന്നതുകണ്ട് ഞാൻ കാത്തു നിന്നു ഗോർബിയങ്കിൾ !
എൻെറ മനസ്സു മന്ത്രിച്ചു.

‘ഓ ! തമാ ! നീയായിരുന്നോ ഇത് ? ’
അങ്കിൾ ആരാഞ്ഞു
‘ അതെ, അവസാനം തകർന്നടിയുന്ന ഈ നാട്ടിലുമെത്തി ! ’ ‘ ഇല്ല തമാ, നിനക്കറിയില്ലാഞ്ഞാണ്, നിനക്കറിയോ വെള്ളംതിളച്ച് നീരാവിയായി മാറിക്കഴിഞ്ഞ് ആ നീരാവിതന്നെ വീണ്ടും മഴയായി, വെള്ളമായി മാറുന്നില്ലേ ? അതുപോലെയാണ് ഞങ്ങളുടെ പ്രത്യയ ശാസ്ത്രവും, അതുനടപ്പിലാക്കുന്നഈ നാടും ഒരിക്കലും മരണമില്ലാതെ....
അവിടെ ‘തമ’ എന്ന ഞാൻ നിശബ്ദയാകുകയായിരുന്നു. കാരണം ‘ആണ്ടിൻെറ പുരുഷൻ’ നൽകിയ മറുപടികൾ കനത്തതായിരുന്നു. മുടികൾ കൊഴിഞ്ഞ തലയിൽ കൈ തടവിക്കൊണ്ട് നേതാവ് വേഗത്തിൽ, യാത്ര പോലും ചൊല്ലാതെ നടന്നുമറഞ്ഞു.

“ അവർക്ക് വലിയ വലിയ കാര്യങ്ങൾ ചെയ്യാനുണ്ടല്ലോ. പിന്നെ എവിടെ സമയം ? ’ എൻെറ ആത്മഗതം അല്പം ഉറക്കെയായിപ്പോയി. എങ്കിലും എനിക്കറിയും ഇവരെ മനസ്സിലാക്കാൻ കഴിയുന്നില്ലല്ലോ. ഞാൻ ആലോചിച്ചു. പെട്ടെന്ന് എൻെറ ചുററുമൊരു പൊട്ടിച്ചിരി വ്യാപിച്ചു.

" അനസൂയാ മുൻപ് എന്നെ പരിഹസിച്ച നീയാണോ ഇപ്പോഴും ഒന്നും മനസ്സിലാകാതെ നിൽക്കുന്നത്? ഇത്ര ദൂരം സഞ്ചരിച്ചിട്ടും നീ ...... "

" പ്രഭോ, അങ്ങ് കഴിഞ്ഞുപോയ കാലത്തിലെ എന്നെയാണ് കാണുന്നത് " ഈ യാത്രക്കിടയിൽ എല്ലാം കണ്ടും, കേട്ടും എന്റെ ഓർമ്മശക്തിപോലും നശിച്ചുവോ എന്നു ഞാൻ ഭയക്കുന്നു.

എന്റെ ചുറ്റും നിറഞ്ഞുനിന്നിരുന്ന ശബ്ദം നിലച്ചു. ഞാൻ നിന്നിരുന്ന ഭാഗത്ത്, ഉയർന്നു നിൽക്കുന്ന ആ സൗധത്തിനുള്ളിലേക്ക് അറിയാതെ കണ്ണുകൾ കടന്നുചെന്നു. അവിടെ കൈകളിൽ മധുചഷകങ്ങളുമായി നിരന്നിരിക്കുന്ന 'മഹാന്മാർ'! 'ഒരു ശക്തിയുടെ നാശത്തിന് മറ്റൊരു ശക്തിക്ക് ജന്മം നൽകുന്നവർ '

വേണ്ട അതു കാണാതിരിക്കുകയാണു നല്ലത്. പിന്നെ–പിന്നെ പതുക്കെ വളരെ പതുക്കെ, കനമേറിയ ചുവടുകൾ പെറുക്കി വച്ച്, നീണ്ടുനിവർന്നു കിടക്കുന്ന പാതയിലൂടെ ഞാൻ നടന്നു.

നേതാജി നഗർ !

എസ്. എൻ. ഡിപ്പോയിലെ വഴികളിൽ തണൽ വിരിച്ചു നിൽക്കുന്ന വേപ്പുമരങ്ങൾ അവയിൽ കൂടുകെട്ടുന്ന അടയ്ക്കാക്കുരുവികൾ

സുഭാഷ് പാർക്കിലെ പുൽപ്പരപ്പിൽ തളർച്ചയോടെ ഞാനിരുന്നു. എന്റെ തളർച്ച ശരീരത്തിനല്ലന്നു ഞാനറിഞ്ഞു. അപ്പുറത്ത് 'ജീ ബ്ലോക്കി'ലെ ഭവനങ്ങൾ വേപ്പു മരങ്ങൾക്കുകീഴെ തണൽത്തേടി ഇരിക്കുന്നു. ഞാൻ സഞ്ചരിച്ച വഴികളെപ്പറ്റി അപ്പോൾ ഓർമിച്ചു. നിറയെ എരുക്കുകൾ വളർന്നുനിൽക്കുന്ന നദീതടങ്ങളിലൂടെ ... അസ്ഥികൂടങ്ങൾ ചിതറികിടക്കുന്ന പ്രദേശങ്ങളിലൂടെ തലപ്പാവുകെട്ടി, സ്വജാതിരക്ഷകരായി, കൂട്ടക്കുരുതിനടത്തുന്നവർക്കിടയിലൂടെ–

പരിപാവനമായ ക്ഷേത്രത്തെ, പടക്കോപ്പുകളുടെ കലവറയാക്കിമാറ്റിയ പ്രദേശങ്ങളിലൂടെ– ഒടുവിൽ–

എല്ലാം മറന്ന് ഇപ്പോഴിവിടെ എത്തി

ഈ യാത്രക്കിടയിൽ ഞാൻ എന്റെ ജ്യേഷ്ഠനെയും കണ്ടുമുട്ടി.

എന്റെ ജ്യേഷ്ഠന്റെ പേരു പറഞ്ഞ് മതവർഗ്ഗീയത കുത്തിപ്പൊക്കുവാൻ ശ്രമിക്കുന്ന ജ്യേഷ്ഠന്റെ – എന്റെ നാട്ടിൽ വച്ച് അവിടെ വച്ചാണ് ഞാൻ 'ഇന്നത്തെ' നിലയിലായത്. അല്ല – ആക്കിയത്

അതുപോട്ടെ, എന്നോടു ജ്യേഷ്ഠൻ പറഞ്ഞതെന്തെന്നറിയാമോ? യുഗങ്ങൾക്കപ്പുറത്തുനിന്ന് എന്റെ പ്രിയ ജ്യേഷ്ഠന്റെ ശബ്ദം കാതിൽ മുഴങ്ങി.

' അനുജത്തി ! നരകം കാണിച്ച, വിശ്വസിച്ച ധർമ്മങ്ങളെവിടെ? നീ അന്നു ലോകത്തിനായിനേടിയ വരങ്ങൾ എവിടെ? നാം ഇരുവരും ഒന്നിച്ച്, അന്നു വിഭാവനം ചെയ്ത നാടെവിടെ? അവയെല്ലാം–എല്ലാം നമ്മോടൊപ്പം മരിച്ചുകഴിഞ്ഞു അനുജത്തി! ' പക്ഷേ – പക്ഷേ, അങ്ങേയ്ക്കറിയില്ലേ എന്റെ ഘാതകർ? ആരാലും ശ്രദ്ധിക്കപ്പെടാതെ, അന്തഃപുരത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ഒതുങ്ങികഴിഞ്ഞിരുന്ന എന്നെ എന്തിനായി ഉണർത്തി? എന്നെ എന്തിനായിട്ടീ, മണൽക്കാടുകളിലൂടെ അലഞ്ഞുതിരിയാൻ, അനശ്വരത്വംനേടിത്തന്നു?

" അനുജത്തി ! നീയോ, ഞാനോ അറിഞ്ഞുലഭിച്ചതല്ല ഈ ജന്മം. ചരിത്രം നമുക്ക്നേടിത്തന്നതാണ്. നിന്റെയാ പ്രത്യേകവ്യക്തിത്വം നിനക്ക് അനശ്വരത്വം നേടിത്തന്നു. നീ പലപ്പഴും വിചാരിച്ചു, നിന്നെ ആരുമറിയില്ലന്ന്. പക്ഷേ ചരിത്രത്തിൽ അന്നും, ഇന്നും നീ 'തിളങ്ങി' നിന്നിരുന്നു എന്ന കാര്യം നീ അറിഞ്ഞില്ല. ' 'ഒരിക്കൽ നീ എനിക്കുപോലും യഥാർത്ഥപാത ഏതെന്നു കാണിച്ചു തന്നില്ലേ? '

അതേ ജ്യേഷ്ഠാ, ഞാൻ തന്നെ എന്റെ വേദനകൾക്കു കാരണമായി, എനിക്കു മടുത്തു. യുഗങ്ങളായി ഞാനീ യാത്ര തുടങ്ങിയിട്ട്. ഇത്രനാളും എനിക്കിത്ര മടുപ്പുതോന്നിയില്ല. പക്ഷേ ഇപ്പോൾ...ഒഴുകിപ്പടരുന്ന രക്തക്കളങ്ങൾ !

ആകാശം മൂടുന്ന പുകപടലങ്ങൾ !

ആർത്തട്ടഹസിക്കുന്ന രാക്ഷസ വൃന്ദങ്ങൾ !

ഇവയ്ക്കിടയിലൂടെയുള്ള പ്രയാണത്തിനിനിയും അന്ത്യം കണ്ടെത്തേണ്ടിയിരിക്കുന്നു.

'ധർമ്മയുദ്ധത്തിനു കളമൊരുങ്ങിയ മണ്ണിൽ തുടങ്ങിയ യാത്ര. ഞാൻ കണ്ടയുദ്ധങ്ങളുടെയെല്ലാം പേര് 'ധർമ്മയുദ്ധ'മെന്നായിരുന്നു' എന്നതാണ് ഏറ്റവും രസകരം.

ഞാൻ പഞ്ചനദികളുടെ, ആയിരംതടാകങ്ങളുടെ, സപ്താത്ഭുതങ്ങളുടെ– എല്ലാ–

നാട്ടിലൂടെയും. എന്തെല്ലാമോ തേടിയലഞ്ഞു. തേടിയതെന്തോ അതു ലഭിച്ചില്ല.

അവസാനം ഞാൻ ഇവിടെയും വന്നു. ഇവിടെ ജ്യേഷ്ഠൻെറ പേരിൽ ഇവർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ — ഇതുമിനി കണ്ടു നിൽക്കുക വയ്യ.

എനിക്കീ മനുഷ്യർ മരിക്കാനുള്ള സ്വാതന്ത്ര്യം പോലും നൽകുന്നില്ല. എൻെറ പേർ പറഞ്ഞ് ഇവർ മുതലെടുക്കുന്നു. എൻെറ പേരുച്ചരിച്ച് ഭർത്താക്കൻമാർ ഭാര്യമാരെ വഞ്ചിക്കുന്നു. "പ്രഭോ, അങ്ങയ്ക്കറിയുമോ. എനിക്കു മോചനം നൽകുമോ? നഷ്ടപ്പെട്ട തൻെറ കഴിവിനെ, ശക്തിയെ പുണ്യതയെ, ധർമ്മത്തെ — ഓർത്ത് ജ്യേഷ്ഠൻ നിസ്സഹായനായി നിൽക്കുന്നതു കണ്ട് ഞാൻ തിരിഞ്ഞു നടക്കാൻ ഭാവിച്ചു. പെട്ടെന്ന്, വളരെ പെട്ടെന്ന് ഭീമാകാരനായ ഒരു കഴുകൻ എൻെറ അരികിൽ പറന്നു വന്നു. അവൻെറ ചുണ്ടുകളിൽ നിന്ന് ചുടു രക്തം ഒഴുകുന്നുണ്ടായിരുന്നു.

അവൻ എൻെറ നേർക്ക് താണുതാണു വന്നു. നിശ്ചേഷ്ടയായ് നിന്ന എൻെറ കണ്ണുകളിലേക്ക് ആ ചുണ്ടുകൾ കൊത്തിയിറക്കി. രണ്ടു കണ്ണുകളിലേക്കും— പിന്നെ—പിന്നെ ചോര ഒലിക്കുന്ന ചുണ്ടുകൾ കൊണ്ട് എൻെറ കരളും അവൻ കൊത്തിപ്പറിച്ചു.

വേദനയാൽ പുളഞ്ഞ ഞാൻ അലറിക്കരയുവാൻ ഭാവിച്ചു. എന്നാൽ എനിക്ക് അതിനുള്ള ശബ്ദമില്ലായിരുന്നു. ചൂഴ്ന്നെടുത്ത എൻെറ കണ്ണുകൾ ക്ഷേത്രനിർമ്മിതിയ്ക്കായി സ്ഥാപിച്ച തറക്കല്ലിൽ കൊണ്ടുവച്ചു.

ആ കണ്ണുകൾ രക്താഭിഷിക്തമായി.

ആ ചോരയിൽ നിന്ന് ഉടലെടുക്കുന്ന ക്ഷേത്രത്തെ ഞാൻ മനസ്സിൽ കണ്ടു.

ഇന്ന്—

ഡൽഹിയിലെ ഈ തിരക്കിനിടയിൽ പലതും നഷ്ടപ്പെട്ട ഞാൻ എത്തിച്ചേർന്നിരിക്കുന്നു.

സുഭാഷ്പാർക്കും എനിക്കു ശാന്തി തന്നില്ല.

രക്തം പൊട്ടിയൊലിക്കുന്ന ശരീരവുമായി ഞാൻ അലഞ്ഞു നടന്നു. എന്നിട്ടും ഞാൻ മരിച്ചില്ല ഞാൻ എത്തിപ്പെട്ടത്, ഒരു മാർബിൾ തറക്കുമുൻപിലാണ്. അതിൽ കറുത്തലിപികൾകൊണ്ട് എഴുതിയിരിക്കുന്നു.

'ഹേ റാം' !

'എൻെറ ജ്യേഷ്ഠാ,' അങ്ങയുടെ നാമത്തിനു മുൻപിൽ, രൂപത്തിനു മുൻപിൽ ഞാനിതാ എത്തപ്പെട്ടിരിക്കുന്നു'. ഇവിടെ ശബ്ദമില്ല. വഴക്കില്ല. ഒന്നുമില്ല.

—ശാന്തിയൊഴിച്ച്—

ആ ശവകുടീരത്തിനു മുൻപിൽ മുട്ടുകുത്തവേ അറിയാതെ ഞാൻ ആ അദൃശ്യരൂപത്തോടു മന്ത്രിച്ചു.

'ഞാൻ മിറാൻഡാ ഫെർണാണ്ടസ്''— എന്നെ സ്വീകരിച്ചാലും!

ഷിജി മോൾ. എ. സി.
ഒന്നാംവർഷ മലയാള സാഹിത്യം.





# കാലചക്രം തിരിയുമ്പോൾ

മൂല്യച്യുതിയുടെ മാനുഷിക, ധാർമ്മികമൂല്യങ്ങളുടെ ഇന്നത്തെ ജീർണ്ണതയിൽ അവയെ ഉപാസിച്ചവർ എന്ന നിലയിലും, ആ മൂല്യങ്ങളുടെ ഉൽകട ശില്പം മനസിന്റെ കാണാപ്പുറങ്ങളിൽ സൂക്ഷിക്കുന്നവർ എന്നനിലയിലും, നമുക്ക് വേദനാകരമാണ്. പാടിപ്പഴകിയ ഒരു പല്ലവിയാണ്, ധാർമ്മിക മൂല്യച്യുതി. പക്ഷെ അതിന്റെ പ്രസക്തി അനുദിനമെന്നോണം വളർന്നു വരുന്നു. അതിനാൽ പഴകുന്ന മൂല്യങ്ങളുടെ വേരുകളിലേക്ക് തിരിയുന്നത് വീണ്ടും പ്രസക്തമായിരിക്കുന്നു.

## സാമൂഹ്യ സാമ്പത്തിക പൊളിച്ചെഴുത്തുകൾ

ധാർമ്മിക അധഃപതനത്തിന്റെ കൂട്ടുത്തരവാദിത്വം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മേൽ കെട്ടിവയ്ക്കാൻ എന്നും ശ്രമം നടന്നിട്ടുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളും കീഴടക്കിയ ഈ അപചയത്തിന്റെ തുടക്കം വ്യക്തിജീവിതത്തിന്റെ സ്വകാര്യതയിൽ നിന്നാണ്. സാമൂഹ്യവും സാമ്പത്തികവുമായ മണ്ഡലങ്ങളിൽ വന്ന പുതിയ വേദാന്തങ്ങൾ ഇതിന് ഉത്തേജകമായി. തൽഫലമായി കൂട്ടുകുടുംബങ്ങൾ അസ്തമിച്ചു. ആധുനിക കുടുംബങ്ങൾ വളർന്നു. കുടുംബ ബന്ധങ്ങളുടെ തകർച്ചയുടെ തുടക്കം ഇവിടെനിന്നാരംഭിക്കുന്നു. കൂട്ടുകുടുംബത്തിന്റെ വൈവിദ്ധ്യം നിറഞ്ഞ, അനുഭവസമ്പന്നതയും, സാമൂഹികബോധവും ന്യൂക്ലിയർ കുടുംബങ്ങൾക്ക് നൽകാനായില്ല. ജനാധിപത്യം പണാധിപത്യമായി മാറിയ ആധുനികരാഷ്ട്രീയ പരിണതയിൽ പണത്തിനായുള്ള നെട്ടോട്ടം കടൽ കടന്ന് സ്വപ്നങ്ങൾവിരിയുന്ന മണൽ പരപ്പിൽ ജീവിതത്തിന്റെ മരുപ്പച്ചതേടിയവർക്ക്, പണവും അധികാരവും തീർത്ത ദന്ത ഗോപുരങ്ങളിലേറാൻ വെമ്പൽ കൊണ്ടപ്പോൾ കുടുംബവും, കുടുംബബന്ധങ്ങളും മണൽ പരപ്പിൽ മരീചികയായി അലിഞ്ഞു. വിദേശ ഡ്രാഫ്റ്റുകളിൽ പിതൃത്വത്തിന്റെ അർത്ഥം അറിഞ്ഞ യുവതലമുറ "വേരുകളില്ലാത്ത ഊരിൽ" അലയുന്നവരായി അവർക്ക് കുടുംബബന്ധങ്ങളുടെ കെട്ടുപാടുകൾ പുരാണങ്ങളിൽ തിരയേണ്ടി വന്നു. ഫലമോ ഉൾകാഴ്ച നഷ്ടപ്പെട്ട യുവതലമുറ പാശ്ചാത്യ വൽക്കരണത്തിന്റെ പിടിയിലമർന്നു. ആഡംബര ഭ്രമത്തിൽ മുഴുകിയ അവരുടെ ഏകാന്തതയിൽ മയക്ക് മരുന്നിന്റെ താരാട്ടുയർന്നു. നാം വിലയ്ക്ക് വാങ്ങിയ പതനമാണിത്. അമിത പാശ്ചാത്യവത്കരണത്തിൽ കടൽകടന്നെത്തിയതെന്തിനോടുമുള്ള ആഭിമുഖ്യം, സ്വന്തം മൂല്യങ്ങളോടെ പുറം തിരിഞ്ഞ് നിൽക്കാൻ നമ്മെ പ്രേരിപ്പിച്ചു. "വെട്ടിപ്പിടിക്കാനുള്ള വെമ്പലിൽ മുന്നേറിയപ്പോൾ കാൽ ചുവട്ടിലെ മൂല്യങ്ങളുടെ അടിവേരുകൾ പിഴുതെറിയപ്പെടുന്നത് ഇക്കൂട്ടർ അറിയുന്നില്ല.

## മതവും രാഷ്ട്രീയവും

കഴിഞ്ഞ ഒരു പതിറ്റാണ്ടായി നമ്മുടെ രാജ്യം അതീവ ഗുരുതരമായ വെല്ലുവിളിയെനേരിടുന്നു. 'വർഗ്ഗീയത എന്ന വിപത്തിനെ' ഒരു മത വിഭാഗംമറ്റൊരു മത വിഭാഗത്തിന്റെ അവകാശത്തെ ഇല്ലാതാക്കാനുള്ള നീക്കത്തിനെ വർഗ്ഗീയത എന്നുപറയാം ഈ കാലഘട്ടത്തിൽ മതം വഹിക്കേണ്ട പങ്കിനു കൂടുതൽ പ്രാധാന്യം കാണാം. എന്തുകൊണ്ട്? അടുത്തകാലത്തായി മതം രാഷ്ട്രീയത്തിൽ ഇടപെടുന്നു അതു നമ്മുടെ രാജ്യത്തിനു ആപത്താണ്. മതം ആത്മീയ കാര്യങ്ങളിലും രാഷ്ട്രീയം രാഷ്ട്രീയകാര്യത്തിലും നില്ക്കണം. അതോടൊപ്പംഎല്ലാ പൗരനും തുല്യതയും കൊടുക്കണം.

വി. സതീഷ്
രണ്ടാം വർഷസാമ്പത്തിക ശാസ്ത്രം.

# विज्ञान से लाभ और हानि

By Shajimon K. N.
Ist Dc. Physics

आज का युग विज्ञान का है। जीवन के प्रत्येक क्षेत्र में विज्ञान का बडा प्रभाव होता जा रहा है। संसार का हर राष्ट्र विज्ञान की दिशा में अग्रसर होने का प्रयत्न कर रहा है। विज्ञान ने सारे क्षेत्र में अपना अधिकार स्थापित किया है।

रेल, मोटोर, हवाई जहाज, बिजली की बत्तियाँ, रेडियो, टेलिविजन, टेलिफोण आदि आधुनिक साधन विज्ञान की देन है। आज मनुष्य चिडिया की तरह आकाश में उड सकता है। विज्ञान की सहायता से आज कल वैज्ञानिकों ने शून्याकाश में विजय पायी है। चद्रमा पर आदमी पहुँच चुका है। अमेरिका और रूस वैज्ञानिक उन्नति में सब से आगे हैं। भारत भी इस पर विजय पा रहा है।

हवाई जहाज विज्ञान की एक देन है। रइट भाईयों ने इसका आविष्कार किया है। अब कई तरह के हवाई जहाज हैं। लन्दन, मोस्को, रोम आदि स्थानों पर जाना अब घंटों की बात है। बिजली हमारे घरों को प्रकाशित करती है, भोजन पकाती है, मशीनों को चलाती है रेडियो, टेलिविषन आदि मनोरंजन के साधन हैं। सैंकडों दूर होने वाली बातों को इन माध्यमों के द्वारा हम देख और सुन सकते हैं।

इलाज के क्षेत्र में भी विज्ञान ने विजय पायी। वैज्ञानिक उपकरणों के द्वारा कई बीमारियों का इलाज होता है। इंजेक्षन और ओपरेशन विज्ञान की देन है। विज्ञान की सहायता से मनुष्य ने अपने जीवन को सुख और शांतिपूर्ण बनाया है। इसप्रकार विज्ञान से कई फायदा मिलते हैं।

विज्ञान से कई लाभ होते हैं। लेकिन उसके द्वारा अभिशाप भी होता है। अणुबम इसका एक उदाहरण है। इसके आविष्कार ने जपान के हिरोषिमा और नागसाकी के मानवराशी का नाश कर दिया। अब वे कठिन परिश्रम करके आगे बढ़ रहे हैं।

अगर मनुष्य सुख शांति से जीना चाहते हैं तो विज्ञान के दुरुपयोग से हट जाना चाहिए। विज्ञान को मानव केलिए उपयोगी कार्य करना चाहिए।

विज्ञान मानव केलिए अभिशाभ नहीं है, पर दान है। इस वरदान का दुरुपयोग कभी नहीं करना चाहिए। वैज्ञानिक आविष्कारों का सदुपयोग करें तो भूमि स्वर्ग बन जाएगी।

# कर्म का फल

By Sreekanth R.
Ist P.D.C. IInd group

1. रात में जो चांद मुझको देखकर हँसता रहा।
लगता ऐसा वे मुझे उपहास से भरता रहा।।
जब से मैं भू पर अपना स्थान ऊँचा दिखलाया।
तब से मेरा ऐसा उपहास चांद ने मुझको दिखलाया।।

2. होगा यह फल मेरे मन को देना चांद मुझको सदा।
होगा कह फल मेरे अपने मन के दु ख भी हो सदाः।
जगता हूँ मैं अभी इससे बचने के लिए।
जगता हूँ मैं इससे बहाना मिलने के लिए॥

3. मैं हूँ एक अहँभावी व्यक्ति जो अभी नीचे गिरा।
मैं वही हूँ शब्द से जो माँ को मुरझाया दिया॥
जब से मैं ने कार्य दूषित शुरु किया तब से मुझे।
तब से लगता कि मुझे सब दृष्टि घृणा की देखता ।।
अब से आप दया करके खूब करे काम अच्छे भले।
तब मिलेगा आप सब को नियत मेरा फल परे।।

# महिलाओं की उन्नति

By Priya G. Kunnappallil
Ist B.Com.

इस काल में स्त्री और पुरुष का महत्व एक जैसा है। दोनों एक गाडी के दो पहिए के समान है। एक के बिना दूसरा आगे नहीं बढ़ सकता।

पुराने जमाने में स्त्रियों की शिक्षा पर अंकुश रखा गया था। उनकी जलदी से जलदी शादी करके विदा कर दिया जाता था। नारी को पराया धन माना जाता था। मुसलिम स्त्रियों को बुरखा पहनना पड़ता था। उन्हें घर से बाहर निकलना मना था। वे घर का काम करती थी और बच्चों को संभालती थी। इसप्रकार स्त्रियों की आजादी, छीन ली गई थी। उनके भाई पति कुछ भी कर सकते थे। उनपर कोई रोक न था।

स्त्रियाँ जन्म से ही पिंजरे में बन्द पंछी थीं। उसे कभी आजाद नहीं किया गया।

अब से सब रीति-रिवाज बदल गये हैं। पुरुष और स्त्री के राष्ट्र में तुल्य स्थान दिया गया है। इस युग में नारी ने इस दुनिया के सामने अपना महत्व स्पष्ट कर दिया है। अब स्त्री रसोई और घर से निकलकर बडे आफिसों में काम करने लगी है। जो कार्य पहले पुरुष ही कर सकते थे, वे काम अब स्त्री भी सफलतापूर्वक संभालने लगी है। वे पुरुषों से भी ऊँचे पद पर पहूँचने लगी हैं। नारी ने शिक्षा हासिल कर के उन्नति की लम्बी सीढ़ी चढ़ी है।

इस युग में शिक्षा के क्षेत्र में भारतीय महिलाओं से अधिक प्रगति पश्चिम तथा पूर्व के देश की नारियों ने की है। वहाँ की स्त्रियों हर एक क्षेत्र में भाग लेती है। उन्हें देखकर ही यहाँ की नारी भी पुरुषों के जैसे हर एक क्षेत्र में भाग लेने लगी है। विदेशी महिलाओं की प्रगति के कारण ही भारतीय महिलाओं की शिक्षा दी जा रही हैं। भारतीय सरकार ने स्त्रियों केलिए शिक्षा की सुविधाएँ प्रदान की है। अब गांवों में पढ़े लिखे लोगों को भेजकर वहाँ की महिलाओं की शिक्षा दी जा रही हैं। पुराने विचारों को भूल कर स्त्री शिक्षा का प्रचार बहुत तेज़ी से किया जा रहा है।

इस देश की प्रगति में रुकावट का कारण यही है कि यहाँ स्त्रियाँ पढ़ी लिखी नहीं है। इस देश की उन्नति तब होगी जब यहाँ की, हर एक स्त्री को आगे बढ़ने की सहायता मिले। हर एक स्त्री को सुरक्षित होने का मौका दिया जाए। इस देश की उन्नति तब हो सकेगी जब यहाँ की नारी घर से निकलकर अपने पैरों पर खडा होना सीखेगी। वे पुरुषों पर आश्रित होना छोडकर अपनी कमाई से पेट भरना महसूस करके अपना जीवन सुख से बिताने का परिश्रम करेंगी। इस युग में स्त्री-समाज स्वतंत्र होकर हमारे सामने प्रस्तुत हुई है। राष्ट्र और समाज की संस्थाओं में महिलाओं को भाग लेने, मत प्रकट करने और नेतृत्व करने का अधिकार मिला है। वह अब अकेली नहीं है। उसके लिए कई संस्थाएँ भी आरंभ कर दी गई है।

इस युग में स्त्रियों को अब पुरुष के साथ आगे बढ़ने का हक मिला है। नये युग में महिलाओं की सर्वतोमुखी उन्नति हुई है और होती रहेंगी।

# आज देश को क्या हो रहा है?

By Gijo Mathew
Ist Dc Maths

आज देश को क्या हो रहा है?
भारत का अस्तित्व कहाँ खो रहा है?
मनुष्य अपने से ही दूर हो रहा है,
आज देश को क्या हो रहा है?

यहाँ कभी उड़ती थी चिड़िया सोने की,
जहाँ शान होती थी शक्ति वीर सलोने की,
जहाँ चाँदनी होती थी चन्द्रमा की,
वहाँ इतना अंधकार क्यों हो रहा है?
आज देश को क्या हो रहा है?

जहाँ पर्याप्त होती थी ऐश्वर्य,
जहाँ समृद्धि थी खुशहाली की,
जहाँ समृद्धि थी विशालता की,
वहाँ मानव दो पैसों को क्यों रो रहा है?
आज देश को क्या हो रहा है?

जहाँ पैदा होती थी कभी वीरांगनाएँ,
जो देश केलिए अपनी जान गवाएँ
तो अब उस नारी को क्यों जलाया जा रहा है?
आज देश को क्या हो रहा है?

जहाँ न कभी हिन्दू–मुसलमान होते थे,
जहाँ न कभी मतभेद, वेद, कुरान में होते थे।
जहाँ कभी दिल की आवाज को आज़ानों में बताते थे,
जहाँ कभी प्यार के मोती को माला में पिरोते थे।
तो फिर बढ़ी धर्म विवाद क्यों हो रहा है?
आज देश को क्या हो रहा है?

जहाँ जन्म लिया था कभी कृष्ण ने,
जहाँ विजय पाई थी अहिंसा ने,
जहाँ हार माई थी घृणा ने,
तो फिर मनुष्य, जाति को ले, क्यों रो रहा है?
आज देश को क्या हो रहा है?

भारत अपना अस्तित्व खो रहा है,
मनुष्य अपने से दूर हो रहा है
बुद्धि की गुणता को क्यों खो रहा है?
आज देश को क्या हो रहा है?




പ്ലാററുഫോമിലെ സിമൻറ് ബെഞ്ചിൽ ചാഞ്ഞുകിടന്ന് സിഗരററ് പുക മുകളിലേക്ക് വലിച്ചൂതി, അവ ഗതികിട്ടാതെ അലയുന്നത് നോക്കി കാണുകയായിരുന്നു അയാൾ.

പ്ലാററുഫോമിൽ തിരക്കു തീരെകുറവായിരുന്നു. ഓ ! ട്രെയിൻ വരാൻ ഇനിയും സമയം ബാക്കിയാണ്. അപ്പോഴേക്കും വന്നെത്തിയാൽ മതിയല്ലൊ ? ഒരു ചായ കുടിക്കാൻ സമയമുണ്ട്. സമീപത്തുള്ള റെസ്റ്റോറൻറിൽ കയറി ചായ കുടിച്ച് ഇറങ്ങുമ്പോഴാണ് അവിചാരിതമായി എതിരെ വരുന്ന കന്യാസ്ത്രീകളെ കണ്ടത്.

അവരുടെ മുമ്പിൽ അയാൾക്കെന്നോ പരിചിതമായിരുന്ന ഒരു മുഖമായിരുന്നു. അവ്യക്തതയുടെ മൂടൽ മഞ്ഞിൽ, മറവിയുടെ ഇടനാഴിയിൽ, അയാൾ കുഴങ്ങി. തലയ്ക്കുമീതെ ഓർമ്മകളുടെ കുമിളകൾ കാററിലൂടെ ഒഴികിനടന്നു. അവയ്ക്കെല്ലാമിടയിൽ ആ മുഖം അയാൾക്കേറെ പരിചിതമാവുകയായിരുന്നു.

വെള്ള ശിരോവസ്ത്രവും, നെഞ്ചിൽ ക്രൂശിതരൂപവും വഹിച്ചു നിൽക്കുന്ന ഇവർക്ക് പണ്ടത്തെ കണ്ണുകളിൽ വികാരജ്വാലയുമായി ഒലിവുമരത്തിനുകീഴിൽ കാത്തുനിന്നിരുന്ന ഒരു പെൺകുട്ടിയുടെ മുഖവുമായി സാമ്യമുണ്ടോ ? ഉണ്ട് തീർച്ച !

ആ നിശ്ചയം, തീരങ്ങളിൽ അടിഞ്ഞുകിടന്നിരുന്ന കൃത്യമായ ഓർമ്മകളുടെ ചരട് അഴിക്കുവാൻ അയാളെ പ്രേരിതനാക്കി.

കന്യാസ്ത്രീയുടെ കണ്ണുകളിൽ പരിചിതഭാവത്തിൻേറയും, അപ്രതീക്ഷിത കണ്ടുമുട്ടലിൻെറയും ആഗമനം വിളിച്ചറിയിച്ചത് മുഖത്തുപരന്ന സ്തോഭങ്ങളായിരുന്നു.

‘‘ എൻെറ മണവാട്ടി ലെബാനോനിൽ നിന്ന്
എൻെറ കൂടെ വന്നാലും
ലെബാനോനിൽ നിന്ന് എൻെറ കൂടെ വന്നാലും
അമാനാ മലമുടിയും, സെനീർ മലമുടിയും,
ഹെർമോനും
സിംഹങ്ങളുടെ ഗുഹകളും, പുള്ളിപുലികളുടെ
കുന്നുകളും വിട്ടുപോരിക ’’

വർഷങ്ങൾക്കുമുമ്പേ പറഞ്ഞ വാക്കുകൾക്ക് ഭേദമാനം സംഭവിച്ചിട്ടില്ലെന്നോ തിരകൾ തീരങ്ങളെ പുണർന്നിട്ടും എഴുതിവച്ചവ മാഞ്ഞുപോയില്ലെന്നോ ? അവിശ്വസനീയതയുടെ തുരുത്തിൽ അയാൾ അലഞ്ഞു.

‘‘ സി... സിസ്സി.... ’’ ചൂണ്ടുവിരൽ കന്യാസ്ത്രീക്കു നേർക്കുനീട്ടി അയാൾ വിളിച്ചു. കന്യാസ്ത്രീയുടെ മുഖത്തെ പരിഭ്രമഭാവത്തിനുപകരം ആശ്ചര്യമായ നിഴൽപോലെ പടർന്നു.

‘‘ സിസ്സി.... ’’ വീണ്ടും വിളി
‘‘ അല്ല അല്ല സിസ്റ്റർ സിസ്സിലിയാ ഫെലിക്സ് ’’

നേർത്തതായിരുന്നു സ്വരം. അയാളിൽ നടുക്കം ചുററിക്കയറി. സിസ്സി ഫെലിക്സ്, സിസ്റ്റർ സിസ്സിലിയാ ഫെലിക്സായി വർഷങ്ങൾക്കുശേഷം തൻെറ മുമ്പിൽ പുനരുജ്ജീവിച്ചിരിക്കുന്നു.

ഇല്ല ! വിശ്വസിക്കുവാൻ സാധിക്കുന്നതേയില്ല. വർഷങ്ങൾ എത്ര പിന്നിട്ടു.

കുന്നിൻ മുകളിലുള്ള കലാലയം ഓർമ്മയിലെത്തി.

സിസ്സി ഫെലിക്സിൽ നിന്ന് സിസ്റ്റർ സിസ്സിലിയാ ഫെലിക്സിലേക്കുള്ള അന്തരം ! സിസ്സി ഫെലിക്സ്, മറെറതോ പദവികൾ അലങ്കരിച്ചിരിക്കുകയായിരിക്കുമെന്നായിരുന്നു ധാരണ ! പക്ഷേ....!

നിശബ്ദവും, ഏറെക്കുറെ ശൂന്യവുമായ പ്ലാററുഫോമിൽ അയാൾ പതറി. മററ് കന്യാസ്ത്രീകൾ ഇരുവരെയും കടന്നു പൊയ്ക്കഴിഞ്ഞിരുന്നു. ‘‘ വരൂ .... ’’ ഒഴിക്കില്ലാത്ത നിമിഷങ്ങളുടെ അന്ത്യത്തിൽ അയാൾ ശബ്ദിച്ചു. അയാൾ മുമ്പേ നടന്നു. സിമൻറ് ബെഞ്ചിൽ സ്ഥാനം ഉറപ്പിച്ചിരിക്കുന്ന കന്യാസ്ത്രീകളെ പകച്ചു നോക്കി സിസ്സി പിന്തുടർന്നു.

ഇരുവർക്കും ഓർമ്മിക്കാൻ പലതുമുണ്ടായിരുന്നു. ചോദിക്കാനും, പറയാനും എന്നാൽ എല്ലാററിനും ആദിയും, അന്ത്യവും നഷ്ടമായി.
ഒരേ ബെഞ്ചിൽ അകന്നിരുന്ന് സിസ്സി ആരാഞ്ഞു
‘‘ ജീവൻ തനിച്ചാ....? ’’

വെളുത്ത ഫ്രെയിമുള്ള കണ്ണട, കഴുത്തിൽ ചുററിയിരുന്ന ഷോളിൻെറ അഗ്രം കൊണ്ട് തുടച്ച് അയാൾ മറുപടി നൽകി.

‘‘ ഞാൻ എന്നും തനിച്ചായിരുന്നു. ’’ ആ മറുപടി സിസ്സിയെ നിശബ്ദയാക്കി.

തിരക്കു കുറഞ്ഞ പ്ലാററുഫോമിൽ സിസ്സിയിൽ നിന്നുതിർന്ന നിശ്വാസം അലക്ഷ്യമായി കേഞ്ഞു നടന്നു.

എതിർവശത്തുള്ള പ്ലാററുഫോമിൽ ഉപവിഷ്ടരായിരിക്കുന്ന ദമ്പതികളിലായിരുന്നു, ജീവൻെറ ദൃഷ്ടികൾ ! എന്തൊക്കെയോ സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ട്. അവർ സന്തുഷ്ടരാണ്. ഓർമ്മകളിൽ നിന്ന് രക്ഷപ്പെടാനുള്ള ജീവൻെറ ആഗ്രഹമായിരുന്നു ദമ്പതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ശ്രമം.

എന്നാൽ.... !

എസ്കർഷനു പോയപ്പോൾ പുഴയുടെ തീരത്തു കൂടാരം കെട്ടി താമസിച്ചിരുന്ന പഴയ

കാലം. മനസ്സിലേക്ക് ഇരച്ചെത്തി കൂടാരത്തിനു ള്ളിൽ കത്തിച്ചുവച്ചിരുന്ന ചുവന്ന മെഴുകുതിരിയുടെ വെളിച്ചത്തിൽ സോളമന്റെ ഉത്തമഗീതം വായിച്ച സിസ്സി മെഴ്സിക്കും.

"" അയാളുടെ കാലുകൾ തങ്കപ്പാദുകങ്ങളിലുറപ്പിച്ച
വെണ്ണക്കൽ സ്തംഭങ്ങളാണ്
അയാളുടെ രൂപം ലെബനോനു സദൃശം
ദേവദാരുക്കളെ പോലെ ഉൽകൃഷ്ടം
അയാളുടെ സംസാരം മധുരതരം
മൊത്തത്തിൽ അയാൾ മനോഹരൻ
ജെറുശലേം പുത്രിമാരേ
ഇതാണെന്റെ പ്രിയതമൻ. ഇതാണെന്റെ
സ്നേഹിതൻ ""

വായിച്ചുകഴിഞ്ഞ് സിസ്സി ആവശ്യപ്പെട്ടു. "" തുടർന്നു ജീവൻ വായിക്കൂ "" "" എന്റെ പ്രിയേ, നീ
തിർസായെപ്പോലെ സുന്ദരിയാണ്.
ജെറുശലേമിനെപ്പോലെ മനോഹരി
പതാകകളേന്തിയ സൈന്യത്തെപ്പോലെ ഭയങ്കരി
എന്നിൽ നിന്നു നിന്റെ കണ്ണുകൾ പിൻവലിക്കൂ.
അവ എന്നെ അസ്വസ്ഥനാക്കുന്നു.
ഗിലെയാദ് മലഞ്ചെരിവിലൂടെ ഇറങ്ങിവരുന്ന കോലാട്ടിൻ പറ്റം പോലെയാണ് നിന്റെ കേശം.
കഴുകിവരുന്ന പെണ്ണാട്ടിൻകൂട്ടംപോലെയാണ് നിന്റെ പല്ലുകൾ. അവയെല്ലാം ഇരട്ടക്കുട്ടികളുള്ള
അവയ്ക്കൊന്നും കുട്ടികൾ നഷ്ടപ്പെടുന്നില്ല.
മൂടുപടത്തിനു പിന്നിൽ നിന്റെ കവിൾത്തടങ്ങൾ മാതളപ്പഴത്തിന്റെ മുറികൾ പോലെയാണ്... ....""

"" ജീവൻ എവിടേയ്ക്കാണ് ... ? "" സിസ്സിയുടെ ചോദ്യം.

ഓർമ്മകളുടെ ഗതിവേഗം നഷ്ടമായി. ഓർമ്മകൾ മുറിഞ്ഞു. തിരിനാളം അണഞ്ഞു.

വർത്തമാനകാലത്തിന്റെ അന്ധകാരം

"" മരിക്കത്തേയ്ക്കുമല്ല ""

""പിന്നെ ? "" ' ഒരാളെ കാത്തിരിക്കുകയാണ്''
മറുപടി തൃപ്തയാക്കിയോ എന്നറിയില്ല. തുടർന്നൊന്നും ചോദിച്ചില്ല. പകരം പറഞ്ഞുതുടങ്ങിയത് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും, സഹപാഠികളെക്കുറിച്ചുമാണ്.

"" അത്ഭുതം തോന്നുന്നു. അല്ലേ ജീവൻ ? അപ്രതീക്ഷിതമായ ഒരു കണ്ടുമുട്ടൽ. എന്താണു പറയേണ്ടതെന്നോ, എങ്ങനെയെന്നോ അറിഞ്ഞുകൂടാത്ത അവസ്ഥ. എന്താ ഇതിനു പറയുക ? ""

""ഒരുമിച്ച് പഠിച്ചിരുന്നവർ എല്ലാം വഴി പിരിഞ്ഞു. ജീവൻ ഓർക്കുന്നോ, ഒരു അജയിനെ ? കണ്ണുകളിൽ വിഷാദവുമായി സദാസമയവും അലഞ്ഞു തിരിഞ്ഞിരുന്ന അജയ് ? ""

ജീവൻ സിസ്സിയുടെ നേർക്കു മുഖം തിരിച്ചു.

"" മരിച്ചുപോയി. ബോറിയലിന് ഞാൻ പോയിരുന്നു. പിന്നെ സോണിയാ 'ഫിലിപ്പ്'. അജിതാ, ഫ്രാൻസിസ് അവരൊക്കെ ഓർക്കുന്നുണ്ടാവുമോ ?""

"" എന്ത് ? "" "" എന്ന് ചോദിക്കണമെന്ന് ജീവൻ തുനിഞ്ഞതാണ്.

"" എങ്ങനെ ഓർക്കാൻ ? "" സിസ്സി സ്വയം ഉത്തരം കണ്ടെത്തുകയായിരുന്നു. "" അവരവരുടേതായ ജീവിതത്തിന്റെ തിരക്കുകൊണ്ടാവും. ""

അന്നെല്ലാം ജീവിതത്തിന് ഒഴുക്കുണ്ടായിരുന്നു, വേഗതയുണ്ടായിരുന്നു "" എന്തിനാണ് ഇതെല്ലാം സിസ്സി ആവർത്തിക്കുന്നതെന്ന് ജീവൻ ചിന്തിച്ചു സ്വന്തം ഭൂതകാലം തനിക്ക് തുറക്കാതിരിക്കാനാവും.

"" പണ്ടും എല്ലാം ഒളിക്കാൻ സിസ്സിക്ക് സാമർത്ഥ്യമുണ്ടായിരുന്നു "" പറയാതിരിക്കാൻ ജീവനു സാധിച്ചില്ല. സിസ്സി കയ്പുകലർന്ന ചിരിയുതിർത്തി ! സിസി തിരുത്തി "" അല്ല, "" സിസിലിയാ ""
സിസി സിസ്റ്റർ മെഴ്സി ""
മറ്റൊരു മറുപടി സമ്മാനിക്കാൻ സിസി നിസ്സഹായയായിരുന്നു.

പറഞ്ഞ പേരുകൾക്കിടയിൽ, പറയാത്ത രണ്ട് പേരുകളുണ്ട് ' ജീവൻ തോമസ്', സിസി മെഴ്സിക്ക് '
"" ജീവൻ പ്രീസ്"...... "" കടിച്ചമർത്തിയ സ്വരത്തിൽ ജീവൻ മനസിലാക്കി.

പ്ലാറ്റ്ഫോമിൽ തിരക്കു വർദ്ധിക്കുന്നത് അയാളറിഞ്ഞു. കുട്ടികളുടെ കരച്ചിൽ മാതാപിതാക്കളുടെ ശാസന !

എതിർവശത്തേക്ക് ജീവൻ ദൃഷ്ടികൾ മാറ്റി. ദമ്പതികളുടെ ഇരിപ്പിടം ശൂന്യം.

"" കുറെമുമ്പുവരെ ഞാൻ കരുതിയിരുന്നു കന്യാവ്രതം വാഗ്ദാനവും. കന്യാസ്ത്രീ എന്ന പദവിയും ദൈവദത്തമാണെന്ന്.

"" ഇപ്പോൾ ....? "" പൂർത്തിയാക്കാൻ അനുവദിക്കാത്ത ആകാംക്ഷ മുറ്റിയ ചോദ്യം.

പണ്ടെപ്പോഴോ കവിതയുടെ കരിക്കിൻ വെള്ളം കുടിച്ച് നടന്നവർക്കും അല്പം തന്റേതുണ്ടെങ്കിൽ ഇതു കിട്ടുമെന്ന്.

സിസിയുടെ നടുക്കം ജീവൻ കണ്ടു. 'ശരിയാണ്'. "" നിഷേധിക്കാനാവാത്ത സത്യത്തെ സിസി അടുത്തറിയുകയായിരുന്നു.

"" അമാനാ മലമുടിയും, സെനീർ മലമുടിയും ഹെർമോനും സിംഹങ്ങളുടെ ഗുഹകളും പുള്ളിപ്പുലികളുടെ കുന്നുകളും വിട്ടുപോരിക എന്ന് ജീവൻ എന്നോടു പറഞ്ഞപ്പോൾ എനിക്കതു നിറവേറാനായില്ല. അതുകൊണ്ട് എനിക്കിതുവേണ്ടി വന്നു. സിസിയെ എനിക്കുവേണമായിരുന്നു. അല്ലെങ്കിൽ, അവളെ കാത്തുസൂക്ഷിക്കാൻ വേണ്ടി ഞാൻ സിസിലിയാ ആയി, സിസ്റ്റർ സിസിലിയാ ""

""ഇന്നും ഞാൻ പണ്ടുപറഞ്ഞതു ആവർത്തിക്കുന്നു എന്നോടൊപ്പം പോരിക. വെള്ള ശിരോവസ്ത്രവും കുപ്പായവും വലിച്ചെറിഞ്ഞ് ""

' ജീവൻ "" അനൗൺസ്മെന്റിൽ സിസ്റ്റർ സിസിലിയാ എന്ന സിസിയുടെ സ്വരം അമർന്നു ""ജീവിതത്തിനും മരണത്തിനുമിടയിലുള്ള ഇടവേളയിൽ അപ്രസക്തമായി കണ്ടുമുട്ടിയവരാണ് നാം. വിചാരിക്കാതെ......''

"" മഴയോടൊപ്പമാണ് ട്രെയിൻ വന്നുനിന്നത് മറ്റു കന്യാസ്ത്രീകൾ അവരുടെ സമീപത്തെത്തി അവർക്കിടയിൽ സിസി ചേർന്നപ്പോഴാണ് മറന്നുപോയ ഒരു ചോദ്യം ജീവൻ ആരാഞ്ഞത്. ""

"" എവിടേയ്ക്കാണ് ? ""

സിസി ഉത്തരം നല്കിയില്ല.

നിശ്ചേഷ്ടനായി നടന്നകലുന്ന സിസിയെ നോക്കി നിന്നു. അയാളെ കടന്ന് യാത്രക്കാർ പോയ്ക്കൊണ്ടിരുന്നു.

ആളൊഴിയുകയും നിറയുകയും ചെയ്യുന്ന പ്ലാറ്റ്ഫോമിൽ സിസിയോട്, ഇനിയും എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നറിയാതെ മറന്നു ജീവൻ നിന്നു.

(—വിനായക് നിർമ്മൽ)

—ബിജു സെബാസ്റ്റ്യൻ
(രണ്ടാം വർഷ പ്രീഡിഗ്രി)

# ഇംഗ്ലീഷിൽ നട്ടം തിരിയുന്ന കുട്ടികൾ



**കോ**ട്ടയത്തുവച്ചായിരുന്നു ആ കണ്ടുമുട്ടൽ!

കോട്ടയം റബ്ബർ ബോർഡ് ചെയർമാനെ കാത്ത് വിസിറ്റിംഗ് റൂമിലിരിക്കുമ്പോഴാണ് 'ഹല്ലോ ഗുഡ്മോർണിംഗ്' 'ആന്റി' എന്ന വിളി. പരിചിതമല്ലാത്ത ശബ്ദം കേട്ട് ഞാൻ തിരിഞ്ഞുനോക്കി. ഒരു കൊച്ചുകുട്ടിയാണ്. കൂടി വന്നാൽ നാല് വയസ്സ്.

തിരിച്ചും ഞാൻ പ്രതികരിക്കാതിരുന്നില്ല. കുട്ടിയുടെ മുഖത്ത് സംതൃപ്തിയുടെ തിളക്കം. ആ കുട്ടി എന്നോട് നല്ല അടുപ്പം കാണിച്ചു. അല്പനിമിഷങ്ങൾക്കുള്ളിൽ ഞങ്ങൾ നല്ല സുഹൃത്തുക്കളായി. പക്ഷെ പിരിയാൻനേരം മാതാപിതാക്കളുടെ നിർബന്ധത്തിനുവഴങ്ങി 'സീയു' എന്നുപറഞ്ഞ് അവരുടെ കൈകളിലൂടെ പതുക്കെ നടന്നു നീങ്ങി.

ഞാനാലോചിക്കുകയായിരുന്നു. എന്തിനിങ്ങനെ കൊച്ചുകുട്ടികളെക്കൊണ്ട് ഇംഗ്ലീഷ് പറയിപ്പിക്കുന്നു ! അതും ഒന്നും തിരിച്ചറിയാൻ പോലും ആവാത്ത പ്രായത്തിൽ. കുട്ടികൾ തത്തപറയുംപോലെ ഇംഗ്ലീഷ്, പറയുന്നതുകേൾക്കാൻ ( അർത്ഥമറിയാതെയാണ് പറയുന്നതെന്നോർക്കണം) മാതാപിതാക്കൾ കൊതിക്കുന്നുണ്ടാവണം. അതിലുപരി നാലുപേരുടെ മുമ്പിൽനിന്ന് ഞെളിയാമല്ലോ. വ്യക്തമായി മനസ്സിലാകത്തക്കരീതിയിൽ നമ്മുടെ ഭാഷയിൽ വാക്കുകളുണ്ടല്ലോ. എന്നിട്ടും മലയാളം സംസാരിപ്പിക്കാൻ ഇന്നത്തെ മാതാപിതാക്കൾക്കു കഴിയുന്നില്ല. വളരെ ഹൃദ്യമായി 'വരട്ടെ, വീണ്ടും കാണാം' എന്നു കുട്ടികളെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്ന എത്ര മാതാപിതാക്കൾ ഇന്നുണ്ട് ?

അഞ്ചു വയസ്സ് തികയണ്ട, അതിനുമുമ്പേ കുട്ടികളുടെ തലയിൽ ഭാരമായി. അവർക്കു യഥേഷ്ടം തുള്ളിച്ചാടാനോ കൂട്ടുകാരുമായി വഴക്കടിക്കാനോ കഴിയുന്നില്ല. അല്ലെങ്കിൽ അതിനുള്ള അവസരം മാതാപിതാക്കൾ അവർക്കു നല്കുന്നില്ല. രാവിലെ മുതൽ വൈകുന്നേരം വരെ ക്ലാസിൽ. അതിനുശേഷം പ്രത്യേക ട്യൂഷൻ ക്ലാസുകൾ. ഓരോ സബ്ജക്ടിനും വെവ്വേറെ ട്യൂഷൻ ടീച്ചേഴ്സ്. ഇവിടെ, സ്കൂളുകളിൽ, കോളേജുകളിൽ മാതാപിതാക്കൾ തമ്മിലാണ് മത്സരം. തന്റെ കുട്ടി ഏതുമേഖലയിലും മുമ്പിലായിരിക്കണം എന്ന ചിന്ത എല്ലാവരുടെ ഉള്ളിലും മുന്നിട്ടു നില്ക്കുന്നു. കുട്ടികളുടെ കലാപരവും, കായികവും, മാനസികവും ബൗദ്ധികവുമായ വളർച്ചയല്ല അവരുദ്ദേശിക്കുന്നത്. അതല്ലെങ്കിൽ അവർ ആഗ്രഹിക്കുന്നത് നല്ല മാർക്കു വാങ്ങിയ കുട്ടിയുടെ അമ്മ, അച്ഛൻ എന്ന പേർസമ്പാദിക്കാൻ അവർ ഇളം കുഞ്ഞുങ്ങളെ കരുവാക്കുന്നു. മറ്റു കുട്ടികൾ മാർക്കു വാങ്ങുമ്പോൾ ഒരുതരം അസൂയ. മാർക്കുവാങ്ങിയ കുട്ടി തീരെ പാവപ്പെട്ടതാണെങ്കിൽ സ്വന്തംകുട്ടിയുടെ 'നേരെ' നിനക്കെന്താണു കുറവ്. തിന്നാനില്ലേ, ഉടുക്കാനില്ലേ പിന്നെന്തുകൊണ്ടു പഠിച്ചുകൂടാ. ' ചിലപ്പോൾ ശകാരത്തിനു പുറമേ നല്ല അടിയും കിട്ടും.

ഈ സമയം കുട്ടികൾ വീർപ്പുമുട്ടുകയാണ്. മാതാപിതാക്കളുടെ ആഗ്രഹപൂർത്തീകരണത്തിനായി അവർ സ്വയംശപിച്ചുകൊണ്ട് പഠിക്കുന്നു. കുട്ടികൾക്ക് അല്പസമയത്തേക്കെങ്കിലും വിശ്രമം കൊടുക്കാത്ത മാതാ പിതാക്കളും ചുരുക്കമല്ല. ശനി, ഞായർ ദിവസങ്ങളിലാണെങ്കിൽ മറ്റു ദിവസങ്ങളിലേക്കാൾ കൂടുതൽ സമയം ട്യൂഷൻ, സ്പെഷ്യൽ ട്യൂഷനും സ്പെഷ്യൽ

കോച്ചിങ്ങും ശരിയുത്തരങ്ങളിലാണല്ലോ.

നല്ലവണ്ണം പഠിക്കുന്ന കുട്ടികൾപോലും ട്യൂഷനും കോച്ചിങ്ങും തേടിവരുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് 'മോനിട്ടറിംഗ് ആൻഡ് കൺട്രോൾ' സ്കൂൾ അധികൃതർക്കും അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും അപ്പുറത്ത് രക്ഷാകർത്താക്കളുടെയും ട്യൂഷൻ മാസ്റ്ററുടെയും ചുമതലയായി.

ആവശ്യക്കാരന് ഔചിത്യം വേണ്ട എന്ന ചൊല്ല് ശരിയാകാം. അവനവന്റെ കാര്യം വരുമ്പോൾ വിശ്വാസവും വസ്തുനിഷ്ഠതയും കുറയുന്നതു മനസ്സിലാക്കാം. പക്ഷേ ഒരു സമൂഹത്തിലെ വിദ്യാഭ്യാസ സമ്പ്രദായം പരാജയമാണെന്ന് തോന്നിയിട്ടും അതിനെ വെറുതെവിടുന്നത് പരാജയ ബോധം ആവർത്തിച്ചു കാട്ടുന്നതിന് തുല്യമാണ്. സ്വന്തം മകനെയോ മകളെയോ മാത്രം സംരക്ഷിക്കാൻ സ്വകാര്യട്യൂഷന്റെയും കോച്ചിങ്ങുസ്ഥാപനങ്ങളുടേയും വാതുക്കൽ ചെന്നുമുട്ടുന്നതും പരാജയം നേരിട്ടതിനാലാണ്. അത്രയുമെങ്കിലും സമ്മതിച്ചുകൊടുക്കാൻ നമ്മെപ്പോലുള്ളവർ തയ്യാറാവണം.

സ്വകാര്യസ്കൂളുകളുടെ കാര്യം പറയുമ്പോൾ ഗവ. സ്കൂളുകളിലെ അധ്യാപകർക്കുപുച്ഛമാണ്. മാതൃകാജനങ്ങൾ, 'നിങ്ങളുടെ കുട്ടികളെ നിങ്ങൾ ഗവൺമെന്റ് സ്കൂളുകളിലയയ്ക്കു' എന്നു പറയുമ്പോൾ അവരുടെ കുട്ടികൾ മാനേജുമെന്റ് സ്കൂളുകളിലെ റാങ്ക്ഹോൾഡർ ആയിരിക്കും. എത്ര തൻമയത്വമായാണവർ ആ കാര്യം അവതരിപ്പിക്കുന്നത്. കേരളത്തിലെ കോളേജുകളിലെ മിക്കവാറും കുട്ടികൾക്കും 'മലയാളം' എഴുതാനറിയില്ല. എന്ന വസ്തുത നാമറിയുമ്പോൾ ഞെട്ടേണ്ട ആവശ്യമില്ല. കാരണം ഈ ഭൂമി കുറേക്കാലം ബ്രിട്ടീഷ് കോളനിയായിരുന്നല്ലൊ. തന്നെയുമല്ല നമ്മൾ അനുകരണ സ്വഭാവമുള്ളവരാണ്. തനതായൊരു സൃഷ്ടിയിലും ഇവർ തൽപരരല്ല. സ്വന്തംവീട്, സ്വന്തംപണം എന്നൊക്കെ പറയുന്നതുപോലെ ആരുടേയും സ്വന്തമല്ല വിദ്യാഭ്യാസവും. വിദ്യാഭ്യാസത്തിന് ഒരു സാമൂഹ്യശ്രമത്തിലൂടെയുള്ള സാമൂഹ്യ പ്രക്രിയ എന്ന നിലയിലേ നിലനിൽപ്പും വളർച്ചയും സാധ്യമാകൂ. സാമൂഹ്യവും വ്യക്തിപരവുമായ വളർച്ചയുടെ അസ്ഥിവാരമുറപ്പാക്കാനുള്ള പരിശ്രമങ്ങൾക്ക് ആക്കവും ഒതുക്കവും ബലവും നൽകാനുള്ള പരിശ്രമങ്ങളാണ് വിദ്യാഭ്യാസമെന്നത്. ഏതോ ഒരു ചതുരുപായ പരമ്പരയുടെ ഭാഗമാണ് വിദ്യാഭ്യാസമെന്നുതോന്നൽ അർത്ഥശൂന്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കും.

കുട്ടികളെ തീറ്റുന്നതും പോറ്റുന്നതും മാതാപിതാക്കളാണ്. എന്നാൽ അവരിൽ എന്തും അടിച്ചേൽപിക്കാമെന്ന വ്യാമോഹം പാടില്ല. കുട്ടികൾക്ക് സ്വന്തം വിശപ്പറിയണമെങ്കിൽ എപ്പോഴും അവരെക്കൊണ്ടു വയറുനിറയെ തീറ്റിച്ചാൽ മതിയാവില്ല. ഇഷ്ടമുള്ള ഭക്ഷണം ഇഷ്ടമുള്ളപ്പോൾ കഴിക്കാനുള്ള സ്വാതന്ത്ര്യം പോലെ ഇഷ്ടമുള്ളത് ചെയ്യാനും പഠിക്കാനുമുള്ള സ്വാതന്ത്ര്യം കൂടിവേണം.

(കുട്ടികൾ ഏതെങ്കിലും വിഷയത്തിൽ മോശമാണെങ്കിൽ എന്തുകൊണ്ട് എന്ന ചോദ്യം രക്ഷാകർത്താവിന്റെ പക്കൽ നിന്നുതിരുന്നത് സ്വാഭാവികമാണ്. എന്നാൽ ഇത് വിനിയോഗിക്കുന്ന രക്ഷാകർത്താക്കളുടെ എണ്ണം മാസ്റ്റർമാരുടെ എണ്ണത്തിന് ഒപ്പമെങ്കിലും എത്തിയിരുന്നെങ്കിൽ ! ഇങ്ങനെ പറയുമ്പോൾ അദ്ധ്യാപകരിൽ ചിലർക്കെങ്കിലും പരിഭവം തോന്നിയേക്കാം.)

ഞങ്ങളുടെ ക്ലാസുകളിൽ കുട്ടികളെ കുത്തിനിറച്ച് ഇരുത്തിയിരിക്കയാണെന്നും പഠിപ്പിക്കാൻ സൗകര്യം പോലുമില്ലെന്നും പലതും സഹിച്ചാണ് ഞങ്ങൾ കുട്ടികളെ പഠിപ്പിക്കേണ്ടതെന്നും ചില അധ്യാപകരെങ്കിലും പറഞ്ഞേക്കാം. എന്നാൽ ഇതേക്ലാസിൽ പഠിക്കുന്ന തന്റെ മക്കൾക്ക് വീട്ടിൽ ചെല്ലുമ്പോൾ സംശയ നിവൃത്തി വരുത്തി കൊടുക്കുന്നു. സ്വന്തം മക്കളെ തന്റെ സ്കൂളിൽ പഠിപ്പിക്കാതെ അന്യർ പഠിപ്പിക്കുന്ന സ്കൂളിൽ ചേർത്തിട്ട് സ്വന്തം സ്കൂളിന്റെ കുറ്റം പറഞ്ഞുകൊണ്ടു നടക്കുന്നതുംശരിയല്ല.

മാർക്കുകൾ വർഷാന്ത്യത്തിൽ 'കൂട്ടപ്പടി' വാങ്ങിയാലും എൻജിനീയറിംഗ് മെഡിക്കൽ എൻട്രൻസ് പരീക്ഷകളിൽ വീഴ്ച പതനം. ഇവിടെ ആർക്കാണുമിടുക്ക് ! പരീക്ഷയ്ക്ക് കൂടുതൽ മാർക്കു കിട്ടാൻ പണിപ്പെടുന്ന ട്യൂഷൻമാസ്റ്റർക്കോ അതോ കുട്ടിയ്ക്കോ !

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേട്ടറിവുകളല്ലാ; കണ്ടറിവുകളാണ് ആവശ്യം. സ്വയം കണ്ടും കേട്ടും വായിച്ചും, അറിഞ്ഞും സ്വന്തമാക്കിയവ ഒരുവൻ കഴിക്കുന്ന ആഹാരത്തെ രക്തധമനികളിലൂടെ പായുന്നരക്തത്തിന്റെ ഭാഗമാക്കുന്നതുപോലുള്ള നടപടികളും രീതികളുമാണ് നല്ല വിദ്യാഭ്യാസം കിട്ടാൻ ശീലിക്കേണ്ടത്. മറ്റുള്ളവരുടെ സഹായം കൂടാതെ കുട്ടികളുടെ ബുദ്ധിശാലിമയോടെ വികസിക്കട്ടെ. താങ്ങാനാളുണ്ടെങ്കിലല്ലേ തളർച്ച കൂടൂ !

സിന്ധു. പി. എം.
(രണ്ടാംവർഷ ജന്തുശാസ്ത്രം)



# തമ്പുരാട്ടിക്കുട്ടി

അനാഥമന്ദിരത്തിന്റെ വാർഷികം. അന്നാണ് അവൾ എന്റെ തമ്പുരാട്ടിക്കുട്ടി, എന്റെ താളത്ത് അന്ന്...

" രാമാ നിന്നു നന്നിനാ... വാരമു...
രാമാ നിന്നു നന്നിനാ... "

ശാസ്ത്രീയ സംഗീതത്തിന്റെ മാസ്മരലോകത്തിൽ ഞാൻ, അതെ സംഗീതമായിരുന്നു. തനിക്കെല്ലാം സംഗീതം എന്റേതന്നു ശ്രദ്ധിച്ച നിമിഷം അനാഥാലയത്തിന്റെ നിറഞ്ഞ സദസ്സ് എല്ലാകണ്ണുകളും തന്നിൽ സംഗീതം എന്നിൽ ലയിച്ചപ്പോൾ എന്റെ കണ്ണുകൾ കൂമ്പിയിരുന്നു...
എങ്കിലും ഞാൻ കണ്ടു. ഏകദേശം 60 കുട്ടികൾ അവരെല്ലാം തന്നെ ശ്രദ്ധിക്കുന്നു... പക്ഷെ അവർക്കിടയിൽ ഒരുപെൺകുട്ടി... വെളുത്ത നിറമുള്ള... മെലിഞ്ഞ നീണ്ടമുടിയുള്ള... പെൺകുട്ടി... അന്നവൾക്ക് നാലുവയസ്സായിരുന്നു...
എല്ലാവരും തന്നെ ശ്രദ്ധിക്കുമ്പോൾ... കണ്ണുകൾ ഇറുകെയടച്ച്... അവൾ മാത്രം ഏതോലോകത്തെന്ന പോലെ...

കച്ചേരി തീർന്നു... നിറയെ കരഘോഷം... പക്ഷെ അപ്പോഴും ഞാൻ ശ്രദ്ധിച്ചു... വെളുത്ത പെൺകുട്ടി... പക്ഷെ അവൾ മാത്രം വെറുതെയിരിക്കുന്നു.

ഞാൻ സദസ്സിലേക്ക് ഇറങ്ങിച്ചെന്നു. അവളുടെ അടുത്തേക്ക് അവൾ ചിരിച്ചു. നിരയൊത്ത വെളുത്ത കുഞ്ഞിപ്പല്ലുകൾ...
" കുട്ടിയുടെ പേരെന്താ ?... " അവൾ മിണ്ടിയില്ല
" തമ്പുരാട്ടിക്കുട്ടീന്നാ " അടുത്തിരുന്ന കുട്ടി പറഞ്ഞു... ' അതെന്താ അങ്ങനെ ? '

" അതേ... എന്റമ്മ ഏതോ തമ്പുരാട്ടിയായിരുന്നത്രേ... അതാത്രേ എന്നെ തമ്പുരാട്ടിക്കുട്ടീന്നു വിളിക്കുന്നേ... അച്ഛൻ അമ്മേ ഉപേക്ഷിച്ചൂന്നാ സിസ്റ്റർ പറഞ്ഞത്. പക്ഷേങ്കി അച്ഛനൊരിക്കൽ വരുത്രേ... എന്നെക്കൊണ്ടുപോവാൻ... "

" മോൾടെ അമ്മയിപ്പോ എവിടാ... "
" അമ്മ... അമ്മ രാത്രിയിൽ ഞാനുറങ്ങുമ്പോ മാത്രേ എന്റെ അടുത്തുവരൂ... കാരണം അമ്മ മരിച്ചൂന്നാ ഇവർ പറയുന്നേ... പക്ഷെ ഞാനെന്നും അമ്മേ കാണാറുണ്ട് രാത്രി... നിറയെ മുല്ലപ്പൂക്കൾ ചൂടിയാ... അമ്മ എന്റടുത്തുവരുന്നേ... സത്യാട്ടോ പക്ഷേങ്കി സിസ്റ്ററും ഇവരും സമ്മതിക്കില്ല്യാ "

" തമ്പുരാട്ടിക്കുട്ടി എന്റൊപ്പം വരുന്നോ... ? "
" എനിക്കിഷ്ടാ പക്ഷെ സിസ്റ്ററിനപ്പോ ആരാ ഉളളത് ഞാൻ മാത്രേ എന്റെ സിസ്റ്ററിനുള്ളൂ "
" എങ്കിൽ ഞാൻ തമ്പുരാട്ടിക്കുട്ടീടെ സിസ്റ്ററിനെക്കാണാം... "

ഞാൻ സിസ്റ്ററിനടുത്തേക്കു നടന്നു....
സംഗീതം മാത്രം കൂടെയുള്ളതനിക്ക്... അവൾകൂടിയുണ്ടെങ്കിൽ... അതെ തമ്പുരാട്ടിക്കുട്ടീം.

" എനിക്കു സമ്മതക്കുറവൊന്നുമില്ല പക്ഷെ അവളുടെ അച്ഛൻ എന്നെങ്കിലും വന്നു... അപ്പോൾ അവളെ തിരികെ നല്കണം... അതവളുടെ അമ്മയുടെ ആഗ്രഹമായിരുന്നു...
അങ്ങനെയെങ്കിൽ... !
" ശരി സിസ്റ്റർ... "
അന്നാണ് തമ്പുരാട്ടിക്കുട്ടി എന്റെ സംഗീതമായത്
" നീ... ദാ... ധനിസാ... സനീ... സസ... ധമധാ... "
സംഗീതത്തിന്റെ ആദ്യപാഠങ്ങൾ കേട്ടവൾ പൊട്ടിച്ചിരിച്ചു... തല്ല്യ രസാട്ടോ ഇങ്ങനെ...
" മധസാ ധാ സ ധസരിഗാ മ ധനിസാ "

മുത്തുമണികൾ വീണുടയുന്ന സ്വരം. എത്ര വേഗമായിരുന്നു അവളെന്റൊപ്പമെത്തിയത്.
" മായമാളവം" ഇങ്ങനിരുന്നു പാടാൻ എനിക്കെന്തിഷ്ടാന്നോ...

മഹാഗണപതിം മനസാ സ്മരാമി .......
മഹാഗണപതിം... " അടർന്നു വീഴുന്ന മുത്തുമണികൾ.
ഒരു അങ്ങനെ ഇനി ഞാൻ പാടാം
" വസിഷ്ഠ വാമദേവാദി വന്ദിതാം
മഹാഗണപതിം... "

അവൾ പൊട്ടിച്ചിരിച്ചു മനോഹരമായി. അവൾക്കിപ്പോൾ പതിനാറുവയസ്സുതികഞ്ഞിരിക്കുന്നു. ഒരിപ്പോൾ അവൾ പറഞ്ഞു. " മാമാ എനിക്കിപ്പോൾ തോന്നുന്നു ഞാൻ എന്റമ്മയെപ്പോലാന്ന് "
ഞാൻ ചിരിച്ചു വെറുതെ

ആരോ കോളിംഗ്ബെൽ അമർത്തുന്നു ...
" മോളേ ആരാന്നു നോക്കൂ ? " അവൾ പുറത്തേക്കു നടന്നു. " ഹായ് സിസ്റ്റർ " അവളുടെ സന്തോഷം അകത്തിരുന്നു ഞാൻ കേട്ടു മുറിക്കു വെളിയിൽ വരുന്നതിനു മുൻപുതന്നെ അവർ അകത്തുവന്നു.
സിസ്റ്ററും അവർക്കൊപ്പം ഒരു മധ്യവയസ്കനും.
" മോളേ സിസ്റ്ററിനു കുടിക്കാനെന്തെങ്കിലും...? "
അവൾ അകത്തേക്കു നടന്നു.

അപരിചിതനെ ഞാൻ നോക്കി. സിസ്റ്റർ മുഖവുരയില്ലാതെ കാര്യത്തിലേക്കുവന്നു. വാക്കുകൾ ഇടറുന്നതായെനിക്കു തോന്നി
" ഇത്....ഇത്.... ഞാൻ പറഞ്ഞിരുന്ന, തമ്പുരാട്ടിക്കുട്ടിയുടെ അച്ഛൻ തമ്പുരാട്ടിക്കുട്ടിയെ.........

' രാമാ നിന്നു നന്നിനാ വാരമു
രാമാ നിന്നു നന്നിനാ ?

അറിയാതെ എന്റെയുള്ളിൽ മുഴങ്ങി എന്റെ തമ്പുരാട്ടിക്കുട്ടി..........അവൾ....
" സിസ്റ്റർ ചായ " അവൾ രണ്ടാൾക്കും നല്കി
" മോളേ ഇത് ഇത് " വാക്കുകൾ പിന്മാറാതിരിക്കാൻ ഞാൻ ശ്രമിച്ചു.

അവൾ അപരിചിതനെ തുറിച്ചുനോക്കി
' ഇതു നിന്റച്ഛൻ.... നീ....പറഞ്ഞുപറഞ്ഞ, നിന്നെത്തേടിയെത്തിയ നിന്റച്ഛൻ '
അവളുടെ കണ്ണുകൾ നിറയുന്നതു ഞാൻ കണ്ടു.

ഞാൻ അപരിചിതനോടു പറഞ്ഞു " ഇവൾ തമ്പുരാട്ടിക്കുട്ടി ഇവളാണെന്റെ എല്ലാം എന്റെ രാഗം എന്റെ താളം എന്റെ പല്ലവി ഇവൾ സംഗീതമാണ് ഇവളെ എന്റെ തമ്പുരാട്ടിക്കുട്ടിയെ നിങ്ങൾ വളർത്തണം. സംഗീത ദേവതയായി "
അയാളുടെ കണ്ണുകൾ നിറയുന്നതു ഞാൻ കണ്ടു.
എങ്കിലും ഇന്നെന്റെ തമ്പുരാട്ടിക്കുട്ടി പോയി..... എന്റെ എല്ലാം.... ഇല്ല....അവൾക്കെന്നെ പിരിയാനാവില്ല.. അവൾ സംഗീതമാണ്

" സ്വാമിനാഥ പരിപാലയശുമാം
സ്വപ്രകാശ വല്ലീശ ഗുരു ഗുഹദേവ
സേനശാ "

അവൾ എന്റൊപ്പമുണ്ട് എന്റെ സംഗീതമായി.

രാജേഷ് തങ്കൻ
മൂന്നാംവർഷ കെമിസ്ട്രി.

## അപ്സര ഇലക്ട്രിക്കൽസ്

M. C. റോഡ്

**കൂത്താട്ടുകുളം**

ബജാജിന്റെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും വയറിങ്ങ് സാധനങ്ങളും ലഭിക്കുന്നു.

L. P. C. പമ്പ് സെററുകളുടെ അംഗീകൃതവ്യാപാരി

BIRLA YAMAHA GENERATOR തവണവ്യവസ്ഥയിൽ ലഭിക്കുന്നു.



# SCIENCE ACADEMY

## ( Lab-attached )

വലിയ വീട്ടിൽ കവല, **കുറവിലങ്ങാട്**

4th Optional

IGroup, II Group ക്ളാസ്സുകളിൽ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് MATHEMATICS ,' BIOLOGY എന്നീ വിഷയങ്ങളിൽ ഒന്ന് പ്രൈവററായി പഠിച്ച് യൂണിവേഴ്സിററി പരീക്ഷ എഴുതുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നു.

II P. D. C, FAILD BATCH

മാർച്ചു മാസത്തിലേക്ക് പരീക്ഷ എഴുതുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ള SESSION CLASSES ഉടൻ ആരംഭിക്കുന്നു.

TUITION CLASSES FOR COLLEGE GOING STUDENTS **ആരംഭിച്ചു കഴിഞ്ഞു. അഡ്മിഷൻ തുടരുന്നു**

**I P D C** ENGLISH, CHEMISTRY, PHYSICS, MATHEMATICS..

**II P D C** BIOLOGY, AND ACCOUNTANCY.

**B A, BSc, B Com.** ENGLISH, CHEMISTRY, PHYSICS MATHEMATICS & ACCOUNTANCY

സയൻസു വിഷയങ്ങൾക്ക് മികച്ച ലാബറട്ടറി സൗകര്യം ലഭ്യമാണ്

M. B. B. S., ENGG. ENTRANCE COACHING CLASSES **ഉടൻ ആരംഭിക്കും. ക്ളാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെടും.**

Regular advance coaching ക്ളാസുകളിലേക്ക് മുൻകൂട്ടി പേര് രജിസ്ററർ ചെയ്യാവുന്നതാണ്. I P. D. C., II P. D. C. College going students ന്റെ സൗകര്യാർത്ഥം ക്ളാസുകൾ നടത്തപ്പെടും. അദ്ധ്യാപന രംഗത്തും എൻട്രൻസ് കോച്ചിംഗ് രംഗത്തും പഴക്കവും തഴക്കവും അനുഭവജ്ഞാനവുമുള്ള പ്രമുഖരുടെ സേവനം ലഭ്യമാകും.

PRINCIPAL.

# ന്യായാധിപൻ



ഇന്ത്യയെപ്പോലെ തന്നെ ഭരണം ഒരു പരമ്പരാഗതവ്യവസായമായി മാറിയ ഒരു രാജ്യത്താണ് സംഭവം നടന്നത്.

ദാരിദ്ര്യരേഖയുടെ വളരെ താഴെ ( അഗാധ ഗർത്തത്തിൽ " എന്നു വേണമെങ്കിൽ പറയാം ) കിടക്കുന്ന ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾക്ക് വ്യക്തമായ പേരുകളൊന്നുമില്ലാതിരുന്നതിനാൽ, പേരെഴുതുക വിഷമകരമാണ്. ആഹാരമൊന്നും ലഭിക്കാതിരുന്നതിനാൽ നാളേറെ കഴിഞ്ഞപ്പോൾ ടിയാൻ അവശനായി. അയാൾ അയൽവാസിയുടെ കിണററിൽ ചാടി (അദ്ദേഹത്തിന് " നിരാഹാരസമരം വഴി ആരോഗ്യപോഷണം " എന്ന ഗാന്ധിയൻ സിദ്ധാന്തം അറിയില്ലായിരുന്നു എന്നു വേണം കരുതാൻ ) ആത്മഹത്യക്കു ശ്രമിച്ചു. സാഹിത്യഭാഷയിൽ ആസ്തിത്വ ദുഃഖം മൂലമുള്ള ആത്മഹത്യാ ശ്രമം !

ഇഷ്ടനെ നല്ലവരായ ജനങ്ങൾ കയ്യോടെ പിടിച്ചു. പിന്നെ കയ്യോടെ തന്നെ കോടതിയിൽ ഹാജരാക്കി. ജനസ്നേഹിയായ കോടതി ആത്മഹത്യാശ്രമത്തിന് കേസെടുത്തു. ഇനിതനിക്ക് എന്തെങ്കിലും പറയുവാനുണ്ടോ എന്ന് മഹാമനസ്കനായ ന്യായാധിപന്റെ ചോദ്യം. പ്രതി : യുവറോണർ ! ( അഭ്യസ്തവിദ്യൻ — അതും ഇംഗ്ളീഷിൽ തപാൽ ബിരുദം നേടിയവൻ ആയിരുന്നു പ്രതി എന്ന് ജനസംസാരം ഉണ്ട്. ) പട്ടിണികിടന്ന് ഗതിയില്ലാതായപ്പോൾ ചാകാം എന്നുവച്ചു. അതിനും സമ്മതിക്കില്ലാച്ചാ !! എന്നെ ഇവിടെ നിന്ന് ഇറക്കിവിടുന്ന ദിവസം തൊട്ട് ഞാൻ വീണ്ടും പട്ടിണിയാകും. സുഖകരമായി മരിക്കുവാൻ, എളുപ്പം മരിക്കുവാൻ ഞാൻ തെരഞ്ഞെടുത്ത വഴി ഏതായാലും ബഹു: കോടതി തടഞ്ഞു. ഇനി ഇതാ ഞാൻ കോടതിയുടെ അറിവോടും സമ്മതത്തോടും കൂടി പട്ടിണി കിടന്നു മരിക്കേണ്ടിവരുന്നു. ഇഞ്ചിഞ്ചായുള്ള മരണം. ഒന്നുകിൽ എനിക്കു സർക്കാർ ചെലവിനു തരണം. അല്ലെങ്കിൽ എനിക്കിഷ്ടമുള്ള രീതിയിൽ എന്നെ മരിക്കുവാൻ അനുവദിക്കുക. അതിനുള്ള ചെലവ്, എന്നെ തടഞ്ഞു എന്ന കുററത്തിനു ശിക്ഷയായി കോടതി വഹിക്കണം.... "

പബ്ലിക് പ്രോസിക്യൂട്ടർ ന്യായാധിപന്റെ ചെവിയിൽ മന്ത്രിച്ചു.

" ഹുസൂർ, ഇവനു ചെലവിനുകൊടുക്കുക മീൻസ് ഏതാവത് ദാരിദ്ര്യവാസികൾക്കൊക്കെ വേണ്ടി വരും. ദാററീസ് എബൗട്ട് ടെൻറി ക്രോർസ് പീപ്പിൾസ്, ഇംപോസിബിൾ ! "

ന്യായാധിപൻ നിർനിമേഷനായി ശ്വാസം അടക്കിയിരുന്നു. പിന്നെ വിധി പ്രഖ്യാപിച്ചു.

" പ്രതിയെ ഇഷ്ടാനുസരണം ആത്മഹത്യ ചെയ്യുവാൻ അനുവദിച്ചിരിക്കുന്നു. മാത്രമല്ല ആത്മഹത്യാച്ചെലവ് സർക്കാർ വഹിക്കേണ്ടതുമാണ് !! "

അനിൽകുമാർ,
ഒന്നാംവർഷ ഫിസിക്സ്.



# വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ എന്തിനു വേണ്ടി?

**മൂല്യത്തകർച്ചയെ** നേരിട്ടുകൊണ്ടിരിക്കുന്ന ഭാരതീയ വിദ്യാഭ്യാസത്തെക്കുറിച്ച് അതിവിപുലമായ രീതിയിൽ ചർച്ചകളും സെമിനാറുകളും ആസൂത്രണം ചെയ്യുന്ന ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കും വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കും വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയും രാഷ്ട്ര നിർമ്മാണത്തിനു വേണ്ടിയും അനുഷ്ഠിക്കാവുന്ന സേവനങ്ങളെപ്പറ്റി നമുക്ക് ചിന്തിക്കാം —— ....

1964–66 കാലഘട്ടത്തിൽ ഭാരതീയ വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായ ഒരു പഠനത്തിനുശേഷം രൂപകല്പന ചെയ്യപ്പെട്ട 'കോഠാരി കമ്മീഷൻ' റിപ്പോർട്ടിൽ പറയുന്നത് "ഭാരതത്തിന്റെ ഭാവി അതിന്റെ ക്ലാസ്സ്മുറികളിൽ രൂപപ്പെട്ടു വരുന്നു." എന്നാണ്. കമ്പ്യൂട്ടർ യുഗത്തിൽ ജീവിക്കാൻ തയ്യാറെടുക്കുന്ന നമ്മുടെ സമൂഹത്തിന്റെ ഭാവി നിർണ്ണയിക്കേണ്ടത് അല്ലെങ്കിൽ ജീവിത നിലവാരം ഉയർത്തിക്കൊണ്ടുവരേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന അഭ്യസ്ഥവിദ്യരായ യുവതലമുറയായിരിക്കണം.

ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയുടെ ജനസംഖ്യ ഏകദേശം 86 കോടിയാണ് ഇത് ലോകജനസംഖ്യയുടെ 15 ശതമാനത്തോളം വരും. ഈ സംഖ്യയിൽ പകുതിയും ഇരുപതുവയസ്സിൽ താഴെയുള്ളവരാണ്. അതുകൊണ്ട് ഭാവിയിൽ രാഷ്ട്ര നിർമ്മാണത്തിൽ യുവജനങ്ങൾക്കുള്ള പങ്ക് സുവ്യക്തമാണല്ലോ. ഇവർ വിദ്യാസമ്പന്നരായിരിക്കേണ്ടതും രാഷ്ട്ര നന്മയ്ക്കായി പ്രവർത്തനനിരതരായിരിക്കേണ്ടതും സമൂഹത്തിന്റെ ആവശ്യമാണ്

സ്വാതന്ത്ര്യത്തിന്റെ 44 വത്സരങ്ങൾ പിന്നിട്ടപ്പോൾ നമ്മുടെ രാജ്യത്തെ ഏകദേശം 7 കോടി കുട്ടികൾക്ക് മാത്രമാണ് പഠന സൗകര്യങ്ങൾ എത്തിക്കാൻ സാധിച്ചതെന്ന് 'കോഠാരി കമ്മീഷൻ' റിപ്പോർട്ടുചെയ്യുന്നു. ഇവർക്കായി 5 ലക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 20 ലക്ഷത്തോളം അദ്ധ്യാപകരാണ് പ്രവർത്തിയെടുക്കുന്നത്. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് രാഷ്ട്ര ജനസംഖ്യയുടെ പകുതിയോളം വരുന്ന യുവജനങ്ങൾക്ക് തൃപ്തികരമായ രീതിയിൽ വിദ്യാഭ്യാസസൗകര്യം നേടിക്കൊടുക്കുന്നതിൽ നാം പരാജയപ്പെട്ടു എന്നാണ്. പിന്നിടുന്ന ഓരോ യുഗപ്പിറവിയും സമ്മാനിക്കുന്ന ജനസംഖ്യാവർദ്ധനവ് നമ്മെ ഭയപ്പെടുത്തുന്നു എന്നത് സത്യം മാത്രമാണ്. ഈ സ്ഥിതിവിശേഷത്തിന് ഒരു പ്രതിവിധി കാണുന്നതോടൊപ്പം നിലവിലിരിക്കുന്ന വിദ്യാഭ്യാസനയം എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെക്കുറിച്ചും ഗഹനമായ ഒരു വിചിന്തനം അനിവാര്യമായിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതിനായി പ്രവർത്തിക്കാൻ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ അല്ലെങ്കിൽ സംഘടനകൾ പ്രതിജ്ഞാ ബദ്ധരായിരിക്കണം.

ഏതൊരു രാഷ്ട്രത്തിന്റെയും വിധിനിർണ്ണയിക്കുന്നതിൽ യുവാക്കൾക്കുള്ള പങ്ക് മഹനീയമാണ് പക്ഷേ നിർഭാഗ്യവശാൽ ഭരണസംവിധാനത്തിൽ യുവജനങ്ങൾക്കുള്ള പ്രാതിനിധ്യം വളരെക്കുറച്ചുമാത്രമാണ്. ലോകത്തു നടന്നുകൊണ്ടിരിക്കുന്ന ദ്രുതമാറ്റത്തിന് നേരേ മുഖംതിരിച്ച് പഴമയുടെ ഊരാക്കുടുക്കിലകപ്പെട്ട് യാഥാസ്തികരായിനിലനിൽക്കുന്ന 'വൃദ്ധജനങ്ങൾ' ആണ് നമ്മെ ഭരിക്കുന്നത്. കാലഹരണപ്പെട്ട മൂല്യബോധവും പഴകിയ വിജ്ഞാനവും പാകം ചെയ്ത് പ്രദാനം ചെയ്യുന്നതിൽ ഇവർ ബദ്ധശ്രദ്ധരാണ്. ഇന്ത്യൻ സർവ്വകലാശാലകളിൽ അധികവും നയിക്കപ്പെടുന്നത് ഇങ്ങനെയുള്ള 'പഴമക്കാരാ'ൽ ആണെന്നുള്ളത് ഖേദകരമാണ്. ആദിമകാലങ്ങളിൽ സർവ്വകലാശാലകളിൽ വിദ്യാർത്ഥിപ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചപ്പോൾ പുച്ഛിച്ചുതള്ളിയ ഈ 'ഭരണവർഗ്ഗം'. കാല

ക്രമത്തിൽ ആ ശംഖനാദത്തിനു മുന്നിൽ അടിപതറി എങ്കിലും പ്രാതിനിധ്യലഭ്യതയ്ക്കുശേഷവും നിലനിൽക്കുന്ന സർവ്വകലാശാലകളിലെ അപാകതകൾ പരിഹരിക്കുന്നതിൽ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ വിജയിച്ചോ എന്നു സംശയമാണ്.

ചേര – ചോളൻമാരുടെ കാലത്തെ ഭരണവ്യവസ്ഥിതി 'ജനാധിപത്യമായിരുന്നോ' എന്ന വിഷയത്തെ അധികരിച്ച് പഠനം നടത്താൻ നമ്മുടെ സർവ്വകലാശാലകളിൽ സ്വാതന്ത്ര്യമുണ്ട്. പക്ഷേ കഴിഞ്ഞുപോയ വർഷങ്ങളിൽ, ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ നമ്മുടെ ഭാരതത്തിൽ 'ജനാധിപത്യം' ഏതുരീതിയിലാണ് 'വ്യഭിചരിക്കപ്പെട്ടത്' എന്നു പഠിക്കാൻ വിദ്യാർത്ഥികൾക്ക് അനുവാദമില്ല. കൂടാതെ അമേരിക്കയിൽ, ദക്ഷിണാഫ്രിക്കയിൽ നിലനിന്ന അടിമത്തത്തെക്കുറിച്ച് നാം ഗവേഷണം നടത്തുമ്പോൾ 'സ്വതന്ത്ര ഇൻഡ്യയിൽ' അടിമ – ഉടമ ബന്ധം നിലനിൽക്കുന്നോ എന്ന് പഠിക്കാൻ സ്വാതന്ത്ര്യമില്ല. ഈ അവസ്ഥാവിശേഷം തൂത്തെറിയാതെ നമ്മുടെ വിദ്യാഭ്യാസരംഗവും രാഷ്ട്രവും രക്ഷപെടില്ല. ഈ വൈരുദ്ധ്യത്തിനെതിരെ ശബ്ദമുയർത്താൻ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ തയ്യാറാവണം.

നമ്മുടെ രാഷ്ട്രത്തിൽ ഭൂരിപക്ഷം യുവജനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറത്താണ്. എന്ന വസ്തുത ഖേദപൂർവ്വം സ്മരിക്കപ്പെടേണ്ട വാർത്തയാണ്. കാരണം 65% ജനങ്ങളും ദാരിദ്ര്യ രേഖയ്ക്ക് താഴെ സ്ഥിതി ചെയ്യുന്നതുകൊണ്ട് ഓരോരുത്തരും അവരുടെ നിലനിൽപിനാണ് വിദ്യാഭ്യാസത്തേക്കാൾ മുൻതൂക്കം നൽകുന്നത്. അതുകൊണ്ട് നമ്മുടെ കുട്ടികൾ വിജ്ഞാനത്തിന്റെ അക്ഷയ ഖനിയിലേക്ക് ഇറങ്ങാൻ തുടങ്ങുന്ന കാലത്തുതന്നെ തൊഴിൽശാലകളിലും ഫാക്ടറികളിലും 'പ്രാഥമികവിദ്യാഭ്യാസം' തേടുന്നു. ഇങ്ങനെ വിദ്യാഭ്യാസ സൗകര്യം നഷ്ടപ്പെടുന്ന സമൂഹത്തിന്റെ ചുമതലകൂടി വിദ്യാസമ്പന്നരായ ന്യൂനപക്ഷത്തിന്റെ ചുമലിലേറ്റപ്പെടുന്നു.

സർവ്വകലാശാലാ സെനറ്റിൽ പ്രാതിനിധ്യം ഉണ്ടായിരുന്നിട്ടുകൂടി മൂല്യബോധവുമായി പൊരുത്തപ്പെട്ടു മുന്നോട്ടുപോകാൻ പ്രേരിപ്പിക്കുന്നതിൽ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ പരാജയപ്പെടുന്നു. ഇവിടെ കാര്യക്ഷമതയും നേതൃത്വവുമുള്ള വിദ്യാർത്ഥി സംഘടനകൾക്ക് അല്ലെങ്കിൽ പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കാൻ ധാരാളമുണ്ട്. വിദ്യാർത്ഥി സംഘടനകളുടെ സ്ഥായിയായ മുഖം പ്രക്ഷോഭണാത്മകമാണ്. അതു മാറ്റണമെന്ന് അഭിപ്രായപ്പെടേണ്ട കാര്യവുമില്ല. ആദ്യമായി വിദ്യാർത്ഥികളെ അവകാശ സംരക്ഷണത്തിന് സമര മുഖങ്ങളിലേക്ക് കൈപിടിച്ചാനയിച്ചത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയാണ്. വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ അതിന്റെ പ്രക്ഷോഭണാത്മകത നിലനിർത്തണമെന്ന് ഉദ്ദേശം ആവശ്യപ്പെട്ടെങ്കിലും സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ പുറകോട്ടാകരുതെന്ന് വിവക്ഷിച്ചിരുന്നു.

ഇന്നത്തെ വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ പൊള്ളയായ 'മുദ്രാവാക്യവിജ്ഞാനം' മാത്രം വിളമ്പാതെ ഒരു അവധിക്കാല ക്ലാസ്സ് ആസൂത്രണം ചെയ്യുന്നതിലൂടെ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കാതെപോയ വിഷയങ്ങളെക്കുറിച്ച് എന്തുകൊണ്ട് സഹപാഠികളെ, യുവജനങ്ങളെ ബോധവാൻമാരാക്കിക്കൂടാ? അതോടൊപ്പം തന്നെ അറിവിന്റെ സമ്പത്ത് നഷ്ടപ്പെട്ടതിന്റെ വേദനയുമായി കഴിഞ്ഞുകൂടുന്ന വൃദ്ധജനങ്ങൾക്കായി വയോജന-വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാലകൾ ബോധവൽക്കരണ സെമിനാറുകൾ മുതലായവ ഏറ്റെടുത്ത് നടത്തുകയും ഇതിലൂടെ സമൂഹത്തിന്റെ സമൂലപരിവർത്തനത്തിനായി പ്രവർത്തിക്കാനും വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്കു കഴിയും.

വിദ്യാർത്ഥി സംഘടനകൾക്ക് ഇന്ന് സമൂഹത്തിലുള്ള സ്വാധീനമുപയോഗിച്ച് പ്രവർത്തനമണ്ഡലങ്ങൾ വർദ്ധിപ്പിച്ച് കലാസാഹിത്യ സാംസ്കാരിക മേഖലകളിൽ പരിവർത്തനത്തിനായി യത്നിക്കാൻ കഴിയണം. ഇങ്ങനെയൊരുമുഖം വിദ്യാർത്ഥി പ്രസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന ആ സുന്ദര സുദിനം എന്ന് സംജാതമാകുന്നോ അന്ന് വിദ്യാർത്ഥിയും അവരുടെ പ്രസ്ഥാനങ്ങളും, സമൂഹവും ഈ രാഷ്ട്രവും പുരോഗതിയുടെ പടവുകൾ അനായാസം കീഴടക്കും തീർച്ച.

രാജേഷ് കുമാർ. കെ. കെ.
രണ്ടാംവർഷ ആംഗലേയ സാഹിത്യം.

# ഒരു സമരത്തിന് 37208.00 രൂപാ !.........

നമ്മുടെ കോളേജുകളിൽ ഒരു വർഷം 200 അദ്ധ്യയനദിവസങ്ങളാണല്ലോ യൂണിവേഴ്സിറ്റി വിഭാവനം ചെയ്യുന്നത്. എന്നാൽ മിക്കവാറും എല്ലാ കോളേജുകളിലും സമരങ്ങൾ മൂലവും മറ്റും പല ദിവസങ്ങളിലും അദ്ധ്യയനദിവസങ്ങൾ നഷ്ടപ്പെടാറുണ്ട്. സമരങ്ങളിൽ നല്ലതല്ലാത്തതും അനാവശ്യവും നിരവധിയുമാണ്. ഒരുമാതൃ കോളേജിൽ സമരംമൂലം ഒരു ദിവസം അദ്ധ്യയനം നഷ്ടപ്പെട്ടാൽ ഉണ്ടാകുന്ന പ്രത്യക്ഷവും പരോക്ഷവുമായ സാമ്പത്തിക നഷ്ടത്തെക്കുറിച്ച് കോളേജിലെ 10% അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ച് ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ താഴെക്കൊടുക്കുന്നു.

## യാത്രാ നഷ്ടം

ഈ കോളേജിലെ വിദ്യാർത്ഥികൾ ഒരു ദിവസം ആകെ 54880 കി. മീ. ബസ്സ് യാത്ര ചെയ്യുന്നുണ്ട്. അതായത് ഒരാൾ ശരാശരി 21.99കി. മീ. ഇതിനുപുറമേ 4768 കി. മീ. കാൽനടയായും യാത്രചെയ്യുന്നു. ഇവിടത്തെ അദ്ധ്യാപകരാകട്ടെ ഒരു ദിവസം ശരാശരി 35 കി. മീ. വീതം ആകെ 3605 കി. മീ. വാഹനയാത്രയും 134 കി. മീ. കാൽനടയാത്രയും ചെയ്യുന്നുണ്ട്. യാത്രായിനത്തിൽ വിദ്യാർത്ഥികൾക്ക് ആകെ 1581 രൂപയും അദ്ധ്യാപകർക്ക് 1008 രൂപയും ചിലവാകുന്നു. അങ്ങനെ ഇവിടുത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി ആകെ 2589 രൂപ ചിലവഴിച്ച് 63387 കി. മീ യാത്രചെയ്യുന്നത് സമര ദിവസങ്ങളിൽ നിഷ്പ്രയോജനമായിത്തീരുന്നു.

## ഉച്ചഭക്ഷണനഷ്ടം

നമ്മുടെ കോളേജിലെ 82% വിദ്യാർത്ഥികൾ ഉച്ചഭക്ഷണം കൊണ്ടുവരുന്നവരാണ്. സമര ദിവസം പത്തരയോടുകൂടി ക്ലാസ്സ് വിടുന്നു. ശരിക്ക് വിശപ്പ് തുടങ്ങുന്നതിനുമുമ്പ്, പതിനൊന്ന് മണിക്കു മുമ്പ് വരെ പൊതിച്ചോറ് ഉണ്ണേണ്ടിവരുന്നതിനാൽ ഒരാൾ ശരാശരി **19.71%** ഉച്ചഭക്ഷണം നഷ്ടപ്പെടുത്തുന്നു. ഇങ്ങനെ 20 ശതമാനത്തോളം പൊതിച്ചോറ് നഷ്ടപ്പെടുത്തുന്നതു വഴി 2454 രൂപയാണ് നഷ്ടപ്പെടുന്നത്.

## മറ്റനുബന്ധ നഷ്ടങ്ങൾ

ഉച്ചഭക്ഷണം, വണ്ടിക്കൂലി എന്നിവയ്ക്ക് പുറമേ കാപ്പി, ചായ, മറ്റ് പാനീയങ്ങൾ, മിഠായി, ഷോപ്പിംഗ്, സിനിമാ തുടങ്ങിയ കാര്യങ്ങൾക്കായി ഒരു വിദ്യാർത്ഥി ഒരു ദിവസം ശരാശരി 1.64 രൂപ വീതം ആകെ 4084 രൂപ ചിലവഴിക്കുന്നു. എന്നാൽ സമരദിവസം ഈ വക ചിലവ് ശരാശരി 3.15 രൂപയായി വർദ്ധിച്ച് 7868 രൂപയാകുന്നു. ഇങ്ങനെ സമരംകൊണ്ടുമാത്രം വിദ്യാർത്ഥികൾ നഷ്ടപ്പെടുത്തുന്ന തുക 3784 രൂപ കണ്ട് വർദ്ധിക്കുന്നു.

## പഠന നഷ്ടം

ഈ കോളേജിലെ 84.62% വിദ്യാർത്ഥികളുടെ (2112) പഠനത്തെ സമരം പ്രതികൂലമായി ബാധിക്കുന്നു. 45.51% പേരുടെ (1136) സ്വയം, ശിക്ഷണത്തെ സമരം തകർക്കുന്നു. ഇതിനും പുറമേ 36.54% വിദ്യാർത്ഥികൾക്ക് (912) മാനസ്സിക വ്യഥ, നഷ്ടബോധം പഠനത്തോടും കോളേജിനോടും തന്നെ താൽപര്യക്കുറവ് എന്നിവ വരുത്തിവയ്ക്കുന്നു. അദ്ധ്യാപകരിൽ 100% പേരുടെയും അദ്ധ്യാപനത്തെ സമരം പ്രതികൂലമായി ബാധിക്കുന്നു. 40% അദ്ധ്യാപകർക്ക് മാനസ്സിക വ്യഥക്കും, നഷ്ടബോധത്തിനും കാരണമാവുകയും ചെയ്യുന്നു.

## സമരത്തോടുള്ള വിദ്യാർത്ഥികളുടെ മനോഭാവം

നമ്മുടെ കോളേജിലെ 80.13% വിദ്യാർത്ഥികളും (2000) ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ മാത്രം സമരം മതി എന്ന അഭിപ്രായക്കാരാണ്. 10.90% പേർ (272) കാര്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും വല്ലപ്പോഴും ഒരോ സമരം വേണം എന്ന് അഭിപ്രായപ്പെടുന്നു. 7.05% വിദ്യാർത്ഥികൾ (176) ഒരു കാരണവശാലും സമരത്തെ അനുകൂലിക്കാത്തപ്പോൾ 1.92% വിദ്യാർത്ഥികൾ (48) കാരണം ഇല്ലെങ്കിൽ പോലും മിക്കപ്പോഴും സമരം വേണം എന്ന് വാദിക്കുന്നവരാണ്.

## സമര ദിവസം വിദ്യാർത്ഥികൾ എങ്ങനെ സമയം ചെലവഴിക്കുന്നു ?

73.44% വിദ്യാർത്ഥികൾ (1808) കോളേജുവിട്ടാൽ ഉടൻ വീട്ടിലേക്ക് പോകുമ്പോൾ 8.97% പേർ (224) സിനിമക്ക് പോകുന്നു. 5.77 ശതമാനം വിദ്യാർത്ഥികൾ (144) ലൈബ്രറിയിൽ സമയം വിനിയോഗിക്കുന്നു. 0.64 ശതമാനംപേർ (16) ഒരു പള്ളിയിലേക്ക് പോകുന്നു.

## യഥാർത്ഥത്തിൽ ആവശ്യമുള്ള സമരം എത്ര ശതമാനം ?

നമ്മുടെ കോളേജിൽ നടക്കുന്ന സമരങ്ങളിൽ എത്ര ശതമാനം ആണ് യഥാർത്ഥത്തിൽ ആവശ്യമായിട്ടുള്ളത് എന്നതിനെക്കുറിച്ച് അദ്ധ്യാപകരും വിദ്യാർത്ഥികളും വ്യത്യസ്ത അഭിപ്രായക്കാരാണ്. ആകെ സമരങ്ങളിൽ 25.74 ശതമാനംസമരങ്ങൾ യഥാർത്ഥത്തിൽ ആവശ്യമാണ് എന്ന് വിദ്യാർത്ഥികൾ പൊതുവെ അഭിപ്രായപ്പെടുമ്പോൾ അദ്ധ്യാപകരാകട്ടെ 3.8 ശതമാനംസമരം മാത്രമേ ന്യായീകരണം അർഹിക്കുന്നുള്ളു എന്ന പക്ഷക്കാരാണ്. ഇത് കാണിക്കുന്നത് ഇവിടെ നടക്കുന്ന സമരങ്ങളിൽ അദ്ധ്യാപകരുടെ അഭിപ്രായത്തിൽ 96.20 ശതമാനവും വിദ്യാർത്ഥികളുടെ അഭിപ്രായത്തിൽ 74.26 ശതമാനവും ഒഴിവാക്കാവുന്നതും ഒഴിവാക്കേണ്ടതുമാണ് എന്നാണല്ലോ.

**നഷ്ടം:-** പ്രത്യക്ഷവും പരോക്ഷവും

അദ്ധ്യാപകരുടെ യാത്രച്ചെലവ് (1008 രൂ.) വിദ്യാർത്ഥികളുടെ യാത്രച്ചെലവ് (1581 രൂപ), പൊതിച്ചോറ് നഷ്ടം (2454 രൂപ), സമര ദിവസം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന അധികച്ചെലവ് (3784 രൂപ), കാന്റീന് ഉണ്ടാകുന്ന നഷ്ടം (1000 രൂപ) എന്നിങ്ങനെ ഒരു ദിവസത്തെ സമരം 9827 രൂപയുടെ പ്രത്യക്ഷനഷ്ടം വരുത്തിവയ്ക്കുന്നു. ഇതിന് പുറമേ ഈ കോളേജിലെ അദ്ധ്യാപകരുടെ ഒരു അദ്ധ്യയന ദിവസത്തെ ശമ്പളം ( 24381 രൂപ ) കോളേജിന്റെ ഒരു ദിവസത്തെ വാടക (3000 രൂപ) എന്നിങ്ങനെ 27381 രൂപയുടെ പരോക്ഷ നഷ്ടവും ഉണ്ടാകുന്നു. ഇങ്ങനെ സമരം മൂലം ഒരു അദ്ധ്യയനദിവസം നഷ്ടപ്പെട്ടാൽ ആകെ 37208 രൂപയുടെ നഷ്ടം സംഭവിക്കുന്നു. പഠന നഷ്ടം വേറെയും.

** ( ഇക്കണോമിക്സ് അസോസിയേഷന്റെയും, പ്ലാനിംഗ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രൊഫസർ എൻ. കെ. തോമസ്സ് (സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം) ശ്രീ. റി. റി. മൈക്കിൾ (ഇക്കണോമിക്സ് വിഭാഗം) എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പഠനം. ) **




ലോകത്തെയാകെ അതിശയിപ്പിച്ചുകൊണ്ട് ഇന്ത്യയുടെ ആഭ്യന്തര വാണിജ്യം കുതിച്ചുയരുകയാണ്. വളരെ വിലയേറിയ സാധനങ്ങൾ നാട്ടിൻപുറത്തുകാർക്ക് കൂടി പ്രിയങ്കരമാവുകയാണ്. ഓരോ കമ്പനിയും അവരുടെ വിററുവരവും ലാഭവും പ്രസിദ്ധപ്പെടുത്തുമ്പോൾ നാം അന്തംവിട്ടു നില്ക്കാറുണ്ട്. 'ഈശ്വരാ ആരാണ് ഇതുമുഴുവൻ വാങ്ങിക്കൂട്ടിയത്?' അതിശയിച്ചിട്ട് കാര്യമില്ല. സത്യമാണ് അവർപറയുന്നത്. അനുദിനം വർദ്ധിച്ചുവരുന്ന ഈ വമ്പിച്ച ജനപ്രീതിക്ക് എന്താണ് കാരണം? ഈ അന്വേഷണത്തിനിടയിൽ ഒരു കാര്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് രാജ്യത്തെ വാണിജ്യ ഉല്പന്നങ്ങളുടെ പരസ്യങ്ങൾ 9.5 ഇരട്ടിയാണ് വർദ്ധിച്ചത്. അതെ ! ഭാരതീയന്റെ മനസ്സിൽ ശക്തമായ സ്വാധീനം ചെലുത്താൻ ഇന്ന് പരസ്യങ്ങൾക്ക് സാധിക്കുന്നുണ്ട്.

പരസ്യങ്ങൾ ചെലുത്തുന്ന അത്ഭുതാവഹമായ സ്വാധീനത്തെപ്പററി ചിന്തിച്ച് ചെല്ലുമ്പോഴാണ് ആർഷഭാരത സംസ്കാരത്തിൽ ഊററംകൊണ്ട് തലയുയർത്തി നടക്കുന്ന ഭാരതീയരുടെ ശിരസ്സിനെ കീഴോട്ടാക്കുന്ന ലജ്ജാകരമായ ആ രഹസ്യത്തിന്റെ മറനീക്കപ്പെടുന്നത്. വേദസൂക്തങ്ങളും ശാന്തിമന്ത്രങ്ങളും ഉരുവിട്ട് കഴിഞ്ഞിരുന്ന ഭാരതീയരുടെ നാവിൽനിന്ന് ഇന്ന് ഗോൾഡൻ ഗേററിന്റെയും നിവ്യായുടേയും ക്ലോസപ്പിന്റെയും മററും പരസ്യവാചകങ്ങളാണ് അടർന്നുവീഴുന്നത്. പാഞ്ചാലിയെയും അഹല്യയെയും കുന്തിയെയുമെല്ലാം മനസ്സിൽ ധ്യാനിച്ചുനടന്നിരുന്ന അവരുടെ സ്വപ്നങ്ങൾക്ക് ഇന്ന് നിറംപകരുന്നത് കിമ്മികാതറും മമതാ കുൽക്കർണിയും സോനുവും മററുമാണ്. പണംകിട്ടുമെന്നായാൽ പരസ്യങ്ങൾക്ക് പരസ്യമായി തുണിയഴിക്കാൻ മടിക്കാത്ത സ്ത്രീകളേയും അവരുടെ നഗ്നതയുടെ നിറപ്പകിട്ടിന് ഉല്പന്നത്തിന്റെ ഗുണത്തെക്കാളും സ്ഥാനം കല്പിക്കുന്ന സ്ത്രീ പുരുഷന്മാരെയുമാണ് ഇന്ത്യയുടെ ചീഞ്ഞ് നാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സ്ഥിതി ഇന്ന് ഉൾക്കൊള്ളുന്നത്.

നമ്മുടെ സാംസ്കാരികാന്തരീക്ഷം ഇത്ര മോശമായിട്ടും അതിന്റെ ഗൗരവമാരും മനസ്സിലാക്കാത്തതെന്താണ്? ഈ ചോദ്യത്തിനുത്തരമന്വേഷിച്ച് ചെല്ലുമ്പോൾ മററൊരു തലത്തിലേയ്ക്ക് കടക്കാതെ വയ്യ. മധ്യവർഗ്ഗത്തിനിടയിൽ ചെറിയ ഒരു കാലഘട്ടംകൊണ്ട് വന്നിരിക്കുന്ന വമ്പിച്ച ഇലക്ട്രോണിക്സ് വിപ്ലവമാണ് സാംസ്കാരികാധഃപതനത്തിനു നേരെയുള്ള അശ്രദ്ധയ്ക്ക് മറെറാരു കാരണം. ടി. വി., സിനിമ, മാഗസിനുകൾ ഇവയിലൂടെ വലുതായ ലൈംഗികവിജ്ഞാന വിസ്ഫോടനമാണ് സംഭവിക്കുന്നത്. നീലചിത്രങ്ങൾ, വീഡിയോ കാസററുകൾ, കാമോദ്ദീപക പ്രസിദ്ധീകരണങ്ങൾ ഇവ ഒന്നൊന്നായി മധ്യവർഗ്ഗത്തിനിടയ്ക്ക് സുലഭമാവുകയാണ്. ഗർഭനിരോധന മാർഗ്ഗങ്ങളുടെ പരസ്യം ഷാമ്പുവിന്റെയും റെയ്മണ്ട്സിന്റെയുമിടയിൽ കണ്ട് ശീലിച്ച സമൂഹത്തിന് പരസ്യങ്ങളിലെ സ്ത്രീ വേഷങ്ങൾ ശ്രദ്ധിക്കാൻ സമയമെവിടെ? അതിന്റെ ആവശ്യമെന്ത്? അതെ! അവർ ഇത് ഒരിക്കലും കാര്യമായി എടുക്കുകയില്ല. ഇതിനെയും സമൂഹത്തിന്റെ ഒരു ഭാഗമായി യാന്ത്രികമായി അവർ കണക്കാക്കുന്നു. അല്ലാതെ ബോധപൂർവ്വമായ ഒരു നിസ്സംഗതയല്ല.

കൺമഷിമുതൽ കംപ്യൂട്ടർവരെ വില്ക്കാൻ സ്ത്രീയെ പ്രദർശന വസ്തുവാക്കുന്നതിൽ നാം ശക്തിയായി പ്രതികരിക്കണം. ഒരു സ്ത്രീ തന്റെ ശരീരത്ത് ബാററി വഹിക്കുന്ന പരസ്യമാണ് 'എവറെഡി'ക്കുള്ളത്. വളരെ മോശമായ ഒരു പരസ്യമാണിത്. എങ്കിലും ഇന്ത്യയിൽ ഏററവും കൂടുതൽ വില്ക്കുന്ന ബാററി 'എവറെഡി'യാണ്. എന്തുകൊണ്ടെന്നാൽ പരസ്യങ്ങൾക്കായി എന്നും ശരീരത്ത് വഹിക്കാനും എന്നും ശരീരത്തുനിന്നും മാററാനും മോഡലുകൾ 'എവർറെഡി'യാണെന്നതുതന്നെ. പുരുഷന്മാരുടെ ഷർട്ടായ വിവാൾഡിയുടെ പരസ്യത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന പുരുഷന്റെ ഗ്ലാമർ പോയതോടെ ഷർട്ടിന്റെ വില്പനയിടിഞ്ഞു. പക്ഷേ സ്ത്രീ ബട്ടൺസിടാതെ ഷർട്ട് ധരിച്ചുകൊണ്ട് പരസ്യത്തിലെത്തിയപ്പോൾ വിവാൾഡിയുടെ വില്പന സമ്പൂർണ്ണ സാക്ഷരതനേടിയ കേരളത്തിൽ പോലും കുതിച്ചുയർന്നു എന്നത് ലജ്ജാകരമായ വസ്തുതയാണ്.

സ്ത്രീകളെ ആദരിക്കേണ്ടതിന്റെയാവശ്യകത ചെറുപ്പംമുതൽ വിദ്യാഭ്യാസത്തിലൂടെ വ്യക്തമാക്കാൻ എല്ലാ സർക്കാരും ആത്മാർത്ഥമായിത്തന്നെ പരിശ്രമിക്കുന്നുണ്ട് എന്നിട്ടും അവയൊന്നും ഉദ്ദേശിക്കുന്ന 'ഫലം' പുറപ്പെടുവിക്കുന്നില്ല. കാര

ണമെന്താണ്?

'സ്ത്രീയെ മാതാവായും ശക്തിസ്വരൂപിണിയായും ദേവിയായും സങ്കല്പിച്ചുപോന്ന പുണ്യഭൂമിയാണ് ഭാരതം' എട്ടാം ക്ലാസ്സിലെ മലയാളം പുസ്തകത്തിലെ ഒരു വാചകമാണിത്. ഇളം തലമുറയ്ക്ക് ഇത് പഠിക്കാനായി നല്കിയിട്ട് ഒരു [illegible] മാത്രം ധരിച്ച് നില്ക്കുന്ന യുവതിയുടെ പടമുള്ള പരസ്യം കണ്ടിട്ട് ബോംബെ ഡൈയിംഗ് ടവ്വല്‍ വാങ്ങാന്‍ കടകളില്‍ കൂട്ടുനില്ക്കുന്ന മുതിര്‍ന്നതലമുറയാണിവിടെയുള്ളത്.

സാരിക്കുചേരുന്ന ബ്ലൗസില്ല എന്നകാരണം പറഞ്ഞ് ബ്ലൗസില്ലാതെ സാരിമാത്രം ധരിച്ച് ഒരു പാര്‍ട്ടിയില്‍ പങ്കെടുക്കാനെത്തിയ മോഡല്‍ നയനാ ബല്‍സാവറെ കണ്ടപ്പോള്‍ കാമാസക്തിമൂത്ത് അവളെ വിവാഹം കഴിക്കാനാഗ്രഹം പ്രകടിപ്പിച്ച് പുറകെകൂടിയ അഹമ്മദ് അക്തറെ ലക്ഷങ്ങളുടെ ഭൂരിപക്ഷത്തിന് വീണ്ടും ലോകസഭയിലേയ്ക്ക് തിരഞ്ഞെടുത്തവരാണ് നമ്മള്‍.

ലിപ്സണ്‍, സണ്‍സില്‍ക്ക്, ക്ലിയറാസില്‍ ബട്ടാബോസ്സാരി എന്നിവരുടെ മോഡലായ നവീന ടെന്‍ഡറുടെ തൊലിയുടെ ഭംഗി പരസ്യങ്ങളിലൂടെ കണ്ട് അവളെ തന്റെ പുതിയചിത്രമായ 'പത്താര്‍ കി ഫൂലി'ലേയ്ക്ക് നായികയായി നിര്‍ദ്ദേശിച്ച 'സല്‍മാന്‍ഖാന്റെ' ആരാധകരാണ് നാം.

ക്ലസ്സിപോര്‍, കൊച്ചുപെണ്ണിന്റെ വയറില്‍ ചുംബിക്കുന്ന ഭാഗം വിവേകത്തോടെ ദൂരദര്‍ശന്‍ മുറിച്ചുകളഞ്ഞതറിഞ്ഞ് 'ഞെട്ടി'പ്പോയ തകഴിയോടൊപ്പം 'ഞെട്ടി'യവരാണ് നാം.

ഈ സ്വഭാവ വിശേഷങ്ങളോടുകൂടിയ സമൂഹത്തിന്, കടുത്ത അച്ചടക്കം പാലിക്കുന്ന തമിഴ് നാട്ടിലെ ബ്രാഹ്മണ കുടുംബങ്ങളിലേയും യാഥാസ്ഥിതികതയുടെ തണലില്‍ ഇന്നും കഴിയുന്ന പഞ്ചാബിലെ ശുദ്ധ സര്‍ദാര്‍ കുടുംബങ്ങളിലേയും ഹൈദ്രാബാദിലെ പവിത്രങ്ങളായ രാജകുടുംബങ്ങളിലേയും പെണ്‍കുട്ടികള്‍പോലും പണത്തിനും പ്രശസ്തിക്കുമായി എന്തും ചെയ്യുവാന്‍ തയ്യാറായി മോഡലിംഗ് രംഗത്തേയ്ക്ക് കടന്നുവന്നിരിക്കുന്ന അത്യന്തം ആപത്കരമായ കാഴ്ചകാണാന്‍ സമയമെവിടെ?

സമുദായത്തിന്റെ വേലിക്കെട്ടുകള്‍ പൊളിച്ച് സ്ത്രീകള്‍ ഈ ആപത്തിലേയ്ക്ക് എടുത്തുചാടാന്‍ മടിക്കാത്തത് എന്തുകൊണ്ടാണ്? പല കാരണങ്ങള്‍ നമുക്ക് എടുത്തുകാട്ടാം. പണം കിട്ടുമെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയില്‍ ഒരു പുതിയ വരുമാനമാര്‍ഗ്ഗമായി സ്ത്രീകള്‍ മോഡലിംഗിനെ കണ്ടാല്‍ അത്ഭുതപ്പെടേണ്ടതില്ല. മോഡല്‍ രംഗത്ത് അല്പം ശരീരസൗന്ദര്യം കാട്ടിയാല്‍ ആരേയും മയക്കുന്ന സിനിമാലോകത്ത് കയറിപ്പറ്റാമെന്ന ഒരു ധാരണ ഹിന്ദിനാടുകളില്‍ പടര്‍ന്നുപിടിച്ചിട്ടുണ്ട്. ഇതില്‍ കുറേയൊക്കെ സത്യവുമുണ്ട് തമിഴ് സിനിമയിലെ പ്രശസ്തതാരം ചാന്ദ്നി ബോംബെ മോഡലിംഗ് രംഗത്തുനിന്നെത്തിയതാണ്. മോഡലിംഗിലൂടെ തന്റെ മാദകസൗന്ദര്യം പ്രകടിപ്പിച്ചുതുടങ്ങിയ മാളവികാതിവാരിക്ക് ഇപ്പോള്‍ ഹിന്ദിസിനിമാരംഗത്ത് നിന്നും തുടര്‍ച്ചയായ ക്ഷണങ്ങള്‍. ടോക്സിനോസ് കോളജ് വിദ്യാര്‍ത്ഥിനികള്‍ക്കിടയില്‍ പടര്‍ന്നു പിടിച്ചിരിക്കുന്ന ആപത്കരമായ ഒരു പുതിയ അഭിനിവേശത്തില്‍ നിന്ന് ഇന്ന് മോഡലുകള്‍ ലക്ഷക്കണക്കിന് ആരാധകരെ സൃഷ്ടിക്കുന്നു. ഈ ആരാധകസംഘം ഇന്ന് അവര്‍ക്ക് താങ്ങും തണലുമായി രൂപാന്തരപ്പെടുന്നു. അങ്ങനെ അവര്‍ 'ഗ്ലാമര്‍' താരങ്ങളാവുന്നു.

ഇതിനിടയില്‍ 'കുപ്പയിലെ മാണിക്യം' പോലെ ജ്വലിക്കുന്ന തന്മീക്ഷയുള്ള സ്ത്രീകളെയും നമുക്കു കാണാം. പതിനായിരങ്ങളില്‍ ഒന്നായി മാറിയിരിക്കുന്ന അവരെ മനസ്സിലാക്കുവാന്‍ ഒരു ശ്രമവും ഇവിടെ നടത്തുന്നില്ല. ഒരു സംഭവം ഇതാ. ബ്രിട്ടീഷ് ടി. വി. യില്‍ എം. എം. പരിപാടി അവതരിപ്പിച്ച് 'ഏഷ്യന്‍ മാഫ് ദി ഇയര്‍' അവാര്‍ഡ് നേടിയ ഇന്ത്യക്കാരി ലിസാ തന്‍സീസിന്റെ മുഖത്തെ നിഷ്കളങ്കഭാവം കണ്ടപ്പോള്‍ ഇന്ത്യന്‍ വ്യാപാരികളുടെ കച്ചവടക്കണ്ണ് ഉയര്‍ന്നു. ലക്ഷങ്ങളുടെ ബലത്തില്‍ മോഡലിംഗിലൂടെ മേനികൊഴുപ്പ് കാട്ടാന്‍ അവര്‍ക്ക് ക്ഷണം കിട്ടി. ഒരു സുഗന്ധ വ്യഞ്ജനക്കമ്പനിയും ഇന്ത്യന്‍ കൊക്കക്കോളാ നിര്‍മാതാക്കളുമായാണ് പണച്ചാക്കുമായി ആദ്യം എത്തിയത് അവര്‍ എങ്ങിനെയാണ് പ്രതികരിച്ചതെന്നോ ''നോട്ടുകള്‍ കൂമ്പാരം കൂടിയാലും മേനികൊഴുപ്പ് കാട്ടാന്‍ കടുത്ത ദാരിദ്ര്യത്തില്‍ പോലും ഞാന്‍ സമ്മതിക്കയില്ല. ഇങ്ങനെ ചിന്തിക്കുന്ന എത്ര യുവതികളുണ്ട് നമ്മുടെ നാട്ടില്‍ ?

പമീലയ്ക്കും, രേഖയ്ക്കും, കിമ്മികാതര്‍ക്കും, സോനുവിനും മാറും പകരം ഗാന്ധാരിയും കുന്തിയും ഊര്‍മ്മിളയും സീതയുമെല്ലാം നമ്മുടെ സാംസ്കാരികാന്തരീക്ഷത്തിന്റെ തലപ്പത്ത് വരുന്ന ആ നല്ല നാളയിലേക്കുള്ള മടക്കയാത്ര എന്നാണ് ? എന്തായാലും അധികം വൈകില്ല തീര്‍ച്ച. കാരണം കൃത്രിമത്വത്തിന്റെ ഈ പുക പടലം ഇനിയും ഉയരാന്‍ ഇന്ത്യയിലെ ചിന്തിക്കുന്ന യുവാക്കള്‍ അനുവദിക്കില്ല. നാം ശക്തരാണ്. സ്ത്രീയെ പ്രദര്‍ശന വസ്തുവാക്കുന്നതിനെ നാം തടയും. അതിനു ശ്രമിക്കുന്ന എല്ലാ കുത്തക കമ്പനികളുടേയും ഉല്‍പന്നങ്ങള്‍ നാം ബഹിഷ്ക്കരിക്കും. സ്ത്രീയെ പ്രദര്‍ശിപ്പിക്കുകയല്ല സ്നേഹിക്കുകയും പരിപാലിക്കുകയും ഓമനിക്കുകയും ബഹുമാനിക്കുകയുമാണ് വേണ്ടതെന്ന് നാം ലോകത്തിനു പറഞ്ഞുകൊടുക്കും.

ചുററിനുമുള്ള സ്ത്രീകളില്‍ അമ്മയെ കണ്ടുകൊണ്ട് ഈ മഹത്തായ വിപ്ലവത്തിന് തുടക്കം കുറിക്കാം. എന്നിട്ട് ആയിരം ശക്തിമതികളും ശക്തന്മാരുമായി നമുക്ക് ഉറക്കെ ഉദ്ഘോഷിക്കാം- നമ്മുടെ പ്രവര്‍ത്തിപഥം ഇതാ തുറന്നുകിടക്കുന്നു. നമ്മുടെ കണ്ണുകള്‍ പൊട്ടിത്തകരും വരെ നമുക്ക് ഉരുവിടാം '' മാതൃദേവോ ഭവ ''

ഷാജന്‍. സി. മാത്യു,
ഒന്നാംവര്‍ഷ ബി. എ. മലയാളം.

22ct സ്വർണ്ണാഭരണങ്ങൾക്കും വെള്ളി ആഭരണങ്ങൾക്കും

വിശ്വസ്തതയാർജിച്ച ഒരു സ്ഥാപനം

**Prince**
**jewellers**

മാർക്കററ് ജംഗ്ഷൻ

**കടുത്തുരുത്തി**

മനസിനിണങ്ങിയ റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക്

കടുത്തുരുത്തിയിലെ ഏകസ്ഥാപനം

★ **പൂരം** ★

**കടുത്തുരുത്തി**

മാർക്കററ് ജംഗ്ഷൻ

Propriet or John P. U.

enterprize a NAYAX enterprize a NAYAX enterprize a NAYAX enterprize a NAYAX enterprize a N

GURUPRASAD · BOOKS ·

ಗುರುಪ್ರಸಾದ್ ಬುಕ್ಸ್

## ഇന്നലെയുടെ പിന്നാലെ ....

**അഭൂതപൂർവ്വകമായൊരിരുട്ടിന്** ആ രാത്രി ആവാഹിക്കുകയായിരുന്നു. ആകാശത്തിൽ നക്ഷത്രങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. കമ്പനിയിൽനിന്ന് നിർഗ്ഗമിക്കുന്ന അജ്ഞാതവാതകങ്ങളിലൂടെ അരിച്ചെത്തിയിരുന്ന മെർക്കുറിബൾബിന്റെ പ്രകാശംപോലും അങ്ങോട്ടെത്താൻ അറച്ചുനില്ക്കുന്നതായിതോന്നി. കുഷ്ഠം പിടിപെട്ട മേഘത്തിന്റെ പ്രതിബിംബംപോലും നദിയിലെങ്ങും ഉണ്ടായിരുന്നില്ല.

“ ഇനിയിപ്പോ ആരുവരാനാ. ഷിഫ്റ്റുകഴിഞ്ഞ് തൊഴിലാളികൾ എത്താനെങ്കിൽ നാഴികകൾ ഇനിയും ചെറുതാകണം”.

പാച്ചുപിള്ള നദിയിലേക്ക് താന്നു കിടന്നിരുന്ന കൈതയുടെ തണ്ടിൻമേൽ തോണി തളച്ചു. പതിയെ തോണിത്തട്ടിന്മേൽ മലർന്നുകിടന്നുകൊണ്ട് നഗ്നമായ ആകാശത്തിൽ എന്തോ തിരയുവാൻ തുടങ്ങി. കിഴക്കൻ വെള്ളത്തിന്റെ മരണപ്പാച്ചിൽ തോണിയെ ചാഞ്ചാട്ടമാട്ടിയിരുന്നു. മാറിൽ മയങ്ങുന്ന കുഞ്ഞിന്റെ മേനിയിൽ അമ്മമീട്ടുന്ന മൃദുതാളംപോലെ ആ ചാഞ്ചാട്ടവും അയാളുടെ ചിന്തകൾക്ക് ഊഷ്മളതം പകർന്നു.

അയാളുടെ ചിന്തകൾ കർമ്മബന്ധത്തിലേയ്ക്കു തിരിയുകയായിരുന്നു. ഉച്ചയ്ക്ക് ഇതുപോലെ അയാൾ തെച്ചോട്ടിൽ അസ്ഥികൾ അസ്ഥികളിലേക്കൊട്ടി ചുരുണ്ടുകിടക്കുകയായിരുന്നു.

“ പാച്ചുപിള്ളേ ... ”

കോൺട്രാക്ടർ രാഘവനുണ്ണിയുടെ ഗർജ്ജനം.

അയാൾ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ് കോൺട്രാക്ടറുടെ ഭീതിദമായ മുഖത്തേയ്ക്ക് നോക്കി.

“ ഞാൻ വിചാരിച്ചു അപ്പനും മകനും ഒരുമിച്ച് ചത്തുവെന്ന്. എവിടെയായിരുന്നെടോ താൻ ... ?, ആരോടു ചോദിച്ചിട്ടാടോ വള്ളമിറക്കിയത് ... ? നിനക്കൊക്കെ തോന്നുമ്പോൾ തോന്നിയപോലെ ചെയ്യാനൊന്നും അല്ല നിന്നെയൊക്കെ നിയമിച്ചിരിക്കുന്നത്. ഈയിടെയായി താൻ ആകെ ശരിയല്ല. —— നിന്റെ കർമ്മദോഷം അല്ലാതെന്തു പറയാൻ.”

രാഘവനുണ്ണിയുടെ ആക്രോശം പാച്ചുപിള്ളയുടെ ശുഷ്കിച്ച അസ്ഥികളിൽ നിന്നും മജ്ജയിലേയ്ക്കു ആഴ്ന്നിറങ്ങി.

മകനെക്കുറിച്ചോർത്തപ്പോൾ തന്റെ കർമ്മദോഷമാണതിനു കാരണമെന്നോർത്തപ്പോൾ, ആദ്യം അയാൾ ഒന്നുഞെട്ടിയെങ്കിലും ആത്മാവിൽനിന്നുള്ള ഒരു നേർത്ത തേങ്ങലായി അതുമാറി. അകലെ മലമുകളിൽ ഗർജ്ജിക്കുന്ന മേഘത്തേക്കാൾ തീവ്രമായിരുന്നത്.

“ എന്താടോ താൻ കിനാവുകാണുകയാണോ?.”

വീണ്ടും രാഘവനുണ്ണിയുടെ കണ്ഠസ്വരം.

“ നിക്ക് തീരെ സുഖമില്ലായിരുന്നോ മോനേ ”

“ മിണ്ടാതിരിടെ, നിന്റെയൊരസുഖം. എടാ, നിനക്കിപ്പം മതിയായോ. മകനെ കോളേജിലയക്കണ്ടായെന്നു ഞാൻ പറഞ്ഞതല്ലായിരുന്നോ. കുലത്തൊഴിൽ പഠിച്ചിട്ടുവേണം കോളേജിപഠിക്കാൻ.

എന്താ നിന്റെ തൊഴിലിനൊരു കൊഴപ്പം. നാട്ടുകാരു പറേണതെന്താന്ന്, അല്ല നിന്നോടുതന്നെ അവൻ പറഞ്ഞതല്ലേ? എടാ എം. എ. പാസ്സായലത്തേ തല്ലൂന്നാ ചൊല്ല്. അവൻ ചത്തതു നന്നായി. നിനക്കും നാടിനും.”

‘എന്താണു നിന്റെ തൊഴിലിനൊരു കുഴപ്പം. രാപകൽവള്ളംതുഴഞ്ഞു നേടിയതെന്തെന്ന് എനിക്കല്ലേ അറിയൂ. ആ തൊഴിൽ തന്നെ എന്റെ മകനെ പഠിപ്പിക്കണമെന്നായിരുന്നോ നാട്ടുകാരുടെ നിർബന്ധം. അവനെ കോളേജിലയച്ചു പഠിപ്പിച്ചാൽ കമ്പനിയിൽ എന്തെങ്കിലും ജോലി ശരിയാക്കിത്തരാമെന്നു അവിടത്തെ സാറന്മാർ പറഞ്ഞതു കേട്ടതാണോ. എന്റെ കർമ്മദോഷം.’

എന്തോ അയാൾക്കറിയില്ലായിരുന്നു. തന്റെ മകൻ പ്രതീക്ഷകൾക്കൊത്തുയരുന്നതയാൾ നേരിൽ കണ്ടതാണു. പിന്നെ...... പിന്നെയെന്താണു സംഭവിച്ചത്.

മഴയുടെ ചാറലിനു ശക്തിയേറിയിരുന്നില്ലെങ്കിലും അകലെ മലമുകളിൽ ഇടിമുഴക്കം ശക്തമാവുകയായിരുന്നു. അയാൾ തന്റെ കൈപ്പടംകൊണ്ട് കണ്ണിന്റെ മുക

ട്ടിൽ ഒരു മറയായി പിടിച്ചു ആകാശത്തിലേയ്ക്കു ഉററുനോക്കിയെങ്കിലും ശീതക്കാററിൽ തെന്നി നീങ്ങുന്ന മഴമേഘങ്ങളും അയാൾക്കദൃശ്യമായിരുന്നു.

അയാൾ പിന്നെയും ചിന്തിക്കുകയായിരുന്നു. 'എവിടെയായിരുന്നു അതിന്റെ തുടക്കം'

'ആദ്യരാത്രിയെക്കാൾ മധുരം അ...' എന്ന് അവൻ അയൽപക്കത്തെ നവവധുവിനോട് പറഞ്ഞതാണോ ? അതോ ഗുരുപത്നിയെ വഴിയിൽ തടഞ്ഞുനിർത്തി അശ്ലീലത്തിൽ അഭിഷേകം ചെയ്തതോ ——?

'അതെ, അവിടെയായിരുന്നുവെന്നു തോന്നുന്നു. പിന്നെയെന്തൊക്കെയാണു സംഭവിച്ചത്'. 'ചേയ്' ഓർക്കാൻപോലും ലജ്ജതോന്നുന്നു.

അവന്റെ അക്രമത്തിനു വിധേയമാകാത്ത ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 'ഭ്രാന്തിക്കല്ല്യാണി'. അവർനേരെവരുമ്പോൾ അവൻ വഴിമാറിപ്പോകുമായിരുന്നു.

ഭ്രാന്താണെന്നു നാട്ടുകാർ എല്ലാം പറഞ്ഞെങ്കിലും പാച്ചുപിള്ളമാത്രം അതു വിശ്വസിക്കാതിരുന്നതും അതുകൊണ്ടാണ്.

നാട്ടുകാർ എത്രത്തോളം അവനെ വെറുത്തുവോ അത്രത്തോളം പാച്ചുപിള്ള അവനെ സ്നേഹിക്കുകയായിരുന്നു. എന്നാൽ അന്നുവൈകുന്നേരം എന്താണ് അവൻ തന്നോടു പറഞ്ഞത്.

'നീ എന്തിനാടാ എന്നെ സൃഷ്ടിച്ചത്' ' പാച്ചുപിള്ളയ്ക്ക് ഒരിക്കലും സഹിക്കാവുന്നതായിരുന്നില്ല അത്. അയാൾ വള്ളത്തിൽനിന്നും തുഴക്കോലെടുത്ത് അവന്റെ മുതുകിനാഞ്ഞുവെട്ടി. അതു പുരുഷാരത്തിനുള്ള പച്ചക്കൊടിയായിരുന്നോ...? വെട്ടേററയവൻ ആററുതീരത്തിലൂടെ ഭ്രാന്തുപിടിച്ച നായയെപ്പോലെ പാഞ്ഞു. പുറകെ പുരുഷാരവും കല്ലും കവണിയുമായി അവനെ നായാടി. അഴിമുഖത്തെത്തിയ അവൻ കായലിലേയ്ക്ക് എടുത്തുചാടി.

നനഞ്ഞ ആകാശത്തിനു കീഴെ കാലന്റെ കറുത്ത വാൾമിന്നി.

കമ്പനിയിൽ നിന്നുയർന്ന നീണ്ടചൂളംവിളി അയാളുടെ ചിന്തകൾക്ക് കടിഞ്ഞാണിട്ടു. മഴ തിമർത്തുപെയ്യാൻതുടങ്ങിയിരുന്നു. നദിയുടെ ഒഴുക്കിന്റെ ശക്തി മഴയുടെ ഇരമ്പലിൽ അലിഞ്ഞു ചേരുകയായിരുന്നു.

അയാൾ വള്ളത്തിന്റെ പിടിയിൽ കൈകളൂന്നി സാവധാനത്തിൽ എഴുന്നേററിരുന്നു. എന്തുചെയ്യണമെന്നുനിശ്ചയമില്ലാത്തവനേപ്പോലെ അയാൾ എന്തൊക്കെയോ കാട്ടിക്കൂട്ടി. വിചാരം കൈവിട്ട വികാരം പോലെ ആ തോണി താഴോട്ടു കുതിക്കുകയായിരുന്നു. ഇരുട്ടായിരുന്നെങ്കിലും ഇപ്പോൾ അയാൾക്ക് വഴികാണാൻ ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. അഴിമുഖത്തെത്തിയപ്പോൾ അയാൾ എങ്ങിനേയോ തോണി പിടിച്ചു നിറുത്തി.

'' അതെ ഇവിടെ വച്ചായിരുന്നു'' ഒരു ഞെട്ടലോടെ അയാളോർത്തു. എന്താണു ചെയ്യേണ്ടതെന്നറിയാതെ അയാൾ വിഷാദിച്ചിരുന്നു.

പൊടുന്നനവെ ആരോ വിളിക്കുന്നതായി അയാൾക്കുതോന്നി. അയാൾ തല ഉയർത്തി, ചെവി വട്ടം പിടിച്ച് വീണ്ടും ശ്രദ്ധിച്ചു. അച്ഛാ ——കൊല്ലല്ലേ —— കൊല്ലല്ലേ ——'

അതെ തന്റെ മകന്റെ ശബ്ദം.

'അച്ഛാ... എനിക്കു ഭ്രാന്തില്ലച്ഛാ... '

അയാളുടെ വിഷാദപൂർണ്ണമായ മുഖം തെല്ലൊന്നു വിടർന്നു. അടുത്തനിമിഷം ശബ്ദംകേട്ട ദിക്കിലേക്കയാൾ എടുത്തുചാടി കിഴക്കൻവെള്ളത്തിന്റെ കുത്തൊഴുക്കിനെ ഭേദിച്ചുകൊണ്ടയാൾ അതിവേഗം നീന്തി. ഇടയ്ക്കയാൾ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു.

' മകനേ.... എന്റെ മകനേ... .. നിന്നെ എനിക്ക് വേണം.'

പൊടുന്നനവെ എന്തോ അയാളുടെ കൈയ്യിൽ തടഞ്ഞു. 'അതെ, തന്റെ മകൻ' അയാൾ മകനെ നെഞ്ചോടു ചേർത്തമർത്തി. വീണ്ടും തുഴയാൻനോക്കി. പക്ഷേ മകൻ അച്ഛനോടൊപ്പംവരാൻ കൂട്ടാക്കാതെ ഉറച്ചു നിന്നു. വളരെ ബദ്ധപ്പെട്ട് അയാൾ അവനെ കോരിയെടുത്തു. ഒരു കൈകൊണ്ടയാൾ തിരിച്ചു തുഴഞ്ഞു.

മഴയുടെ ഇരമ്പലിനെ ഭേദിച്ചുകൊണ്ടെത്തുന്ന കിഴക്കൻ വെള്ളത്തിന്റെ ഹുങ്കാരം അയാളുടെ കർണ്ണപുടങ്ങളിൽ പ്രതിധ്വനിച്ചില്ല.

അപ്പോഴേയ്ക്കും അയാൾ തളർന്നിരുന്നു. പിന്നെയെല്ലാം മകന്റെ ഇഷ്ടത്തിനുവിട്ടു. അവൻ ശരവേഗത്തിൽ താഴോട്ടു നീങ്ങി. അയാൾ എല്ലാം മറന്നു മകനെ വലിഞ്ഞു മുറുക്കിയിരുന്നു.

രാത്രി മുഴുവൻ മഴ തുടങ്ങുകയായിരുന്നു..

രാവിലെ വഴിതടഞ്ഞു ഒഴുകുന്ന ഒരു തടിക്കഷണത്തെ മുക്കുവർ തള്ളിമാററിയപ്പോൾ അവർ കണ്ടു. ആ തടിക്കഷണത്തിന്റെ ഒററത്തെ നെഞ്ചോടുചേർത്തു പിടിച്ചു കിടക്കുന്ന പാച്ചുപിള്ളയുടെ മരവിച്ച ശരീരം.

വെള്ളത്തിൽ ആഴ്ന്നു കിടന്നിരുന്നെങ്കിലും ആ മിഴികൾ അർദ്ധനിമീലിതങ്ങൾ മാത്രം ആയിരുന്നു. പുലർകാല സൂര്യപ്രഭയിൽ പുൽക്കൊടിയിലെ ഹിമകണം പോലെ ആ മിഴികൾ തിളങ്ങിയിരുന്നു.

ഷാജിമോൻ ജോസഫ്
മൂന്നാം വർഷ മലയാളം.

# STATEMENT OF OWNERSHIP

| | | |
|---|---|---|
| Place of Publication | : | Kuravilangad |
| Periodicity of its Publication | : | Annual |
| Publisher's name | : | Prof. T. M. Devasia |
| Address | : | Principal DevamathaCollege,Kuravilangad |
| Nationality | : | Indian |
| Printer's Name | : | Nayana Printers Arayankavu |
| Nationality | : | Indian |
| Editor's Name | : | Seji V. U. Vettickalil |
| Address | : | Devamatha College, Kuravilangad |
| Nationality | : | Indian |
| Ownership | : | Devamatha College, Kuravilangad |

I, Prof. T. M. Devasia, hereby declare that the Particulars given above are true to the best of my Knowledge and belief.

Sd/-

10 th APRIL 1992. Publisher

---




I longed for November to come
When my dream would come true-
It was fast approaching.
Our long awaited tour.
A wake and slumberous-
I dream't about it.
The sun peeped through the craggy ridges,
Stretching his beams through the dewdrops of dawn,
Filling the valley with colour and fragrance.
My dreams were taking wings-
Our trip ticking at my door,
But on the eve of our trip,
I became bedridden.
And my castles tumbled down,
My friends were sorry for me
Yes, every one of them,
And they went sad, leaving me behind,
To my fearful solitude.
I started counting days
When my friends would be back,
All I could wish was to hear their tales,
And have a little trip in my mind
A little trip in my mind............

Ravisankar P. C.
Final B. A. English

**ഇനി ഒരുവാക്ക്.**

ദേവമാതായുടെ താളുകൾ
ഇവിടെ തീരുന്നില്ല
കണ്ടതും കാണാനിരിക്കുന്നതും
കാണാതെ പോയതും
എത്രയോ ഏറെ............
അതുകൊണ്ടുതന്നെ
പൂർണ്ണത അവകാശപ്പെടുന്നില്ല
ഈ സംരംഭം പൂർത്തിയാക്കുവാൻ
സമയാസമയങ്ങളിൽ വേണ്ട
നിർദ്ദേശം തന്ന ബഹു : പ്രിൻസിപ്പാൾ
ചാക്കോസാർ, ഫിലിപ്പ്സാർ
മാഗസിൻ ചിത്രീകരണം നിർവ്വഹിച്ച
ഹരീഷ്. എസ്.
ലേ-ഔട്ടിന് സഹായിച്ച
രാജു. വി., മുകുന്ദൻ, കെ. എം.
ഗോപി. സി. കെ., വിനോദ്കുമാർ,
നയനാ പ്രിന്റേഴ്സിലെ ജീവനക്കാർ............
അങ്ങനെ കൃതജ്ഞത അർഹിക്കുന്നവരുടെ
നിര നീളുകയാണ്.
വിമർശനങ്ങൾക്കായി
കാത്തിരിക്കുന്നവരോട്,
ഒരു പുഷ്പം പറിച്ചെടുക്കുന്ന
ലാഘവത്തോടെ
ഇതിനെ കാണരുതേ.............
എന്ന അപേക്ഷയോടെ,
ഈ യാത്രയിൽ ഏൽക്കേണ്ടിവന്ന
വേദനകളും, ദുഃഖങ്ങളും
ഉള്ളിൽ ഒതുക്കിക്കൊണ്ട്,
" ദേവമാതാ '92 "
നിങ്ങളെ
ഏൽപ്പിക്കുന്നു.

സ്നേഹപൂർവ്വം,

നിങ്ങളുടെ
എഡിറ്റർ
സജി. വി. യു.

ഫ്ലോറൻ ബേക്കറി

ആശംസകൾ



# ഫ്ലോറൻ

## ബേക്കറി


വടക്കേകവല, കുറവിലങ്ങാട്

**കൂൾബാർ, കോഫിബാർ**

**ഐസ്ക്രീം പാർലർ & കോൾഡ് സ്റ്റോറേജ്**

**ടീപാർട്ടി ഓർഡറുകൾ സ്വീകരിച്ച് ഭംഗിയായി ചെയ്തുകൊടുക്കുന്നതാണ്**

എല്ലാവിധ ബേക്കറി ഫുഡുകൾക്കും.......



....when you are at Sharma's
ശർമ്മാസ്
കോളജ്
ഏററുമാനൂർ
ഫോൺ: 406
H.